# ഏതാനും പ്രത്യയശാസ്ത്ര പ്രശ്നങ്ങളെപ്പറ്റിയുള്ള പ്രമേയം

*(2012 ഏപ്രിൽ 4-9 തീയതികളിൽ കോഴിക്കോട് ചേർന്ന സി.പി.ഐ (എം) 20-ാം പാർടി കോൺഗ്രസ് അംഗീകരിച്ചത്)*

## I

## ആമുഖം

1.1 മുതലാളിത്തത്തിന്റെ ഇപ്പോഴത്തെ ആഗോള പ്രതിസന്ധി അതിന്റെ പല പ്രത്യക്ഷീ ഭാവങ്ങളിൽ 1930കളിലെ മഹാമാന്ദ്യത്തേക്കാൾ കൂടുതൽ തീവ്രമാണ്. അത് മുതലാളിത്തത്തിന്റെ അടിച്ചമർത്തുന്നതും ചൂഷണം ചെയ്യുന്നതുമായ സഹജസ്വഭാവത്തെ ഒരിക്കൽകൂടി അതിശക്തമായി പ്രകടിപ്പിച്ചിരിക്കുന്നു. ഈ പ്രതിസന്ധി ലോക ജനതയുടെ വിപുലമായ ഭൂരിപക്ഷത്തിന്റെമേൽ കൂടുതൽ വലിയ ദുരിതങ്ങൾ അടിച്ചേൽപിക്കുന്നു. സാമ്രാജ്യത്വം സ്വന്തം നിലനിൽപും പങ്കും മറച്ചുവെയ്ക്കാൻ പ്രത്യയശാസ്ത്രപരമായ എല്ലാ യത്നങ്ങളും ചെയ്തിട്ടും മാനവരാശിക്കുനേരെയുള്ള ഈ കടന്നാക്രമണത്തിൽ ലോക മുതലാളിത്തത്തെ അത് നയിക്കുകയാണെന്ന് ഈ പ്രതിസന്ധി വർധമാനമായ തോതിൽ തെളിയിക്കുന്നു. അങ്ങനെ ആഗോള മേധാവിത്വത്തിനുള്ള സാമ്രാജ്യത്വത്തിന്റെ ത്വരയാണ് മാനവരാശിക്ക് പൂർണമായ വിമോചനവും സ്വാതന്ത്ര്യവും പുരോഗതിയും നിഷേധിച്ചുകൊണ്ടിരിക്കുന്നതിന്റെ പ്രഭവകേന്ദ്രം.

1.2 സോവിയറ്റ് യൂണിയന്റെ തകർച്ചയെ തുടർന്ന് വർഗ്ഗശക്തികളുടെ സാർവ്വദേശീയ ബലാബലത്തിൽ സാമ്രാജ്യത്വത്തിന് അനുകൂലമായി മാറ്റമുണ്ടായി എന്ന നിഗമനത്തിൽ 1992 ജനുവരിയിൽ സിപിഐ (എം)ന്റെ 14-ാം കോൺഗ്രസ് എത്തിയിട്ട് ഇപ്പോൾ രണ്ട് പതിറ്റാണ്ടായിരിക്കുന്നു. ഈ സംഭവവികാസങ്ങൾ രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾക്ക് ലോക വ്യാപകമായിത്തന്നെ ഇടയാക്കി. മാർക്സിസവും സോഷ്യലിസവും മൃതമായിരിക്കുന്നു എന്ന സാമ്രാജ്യത്വത്തിന്റെ രോഗ കാരണ നിർണയത്തോടെയുള്ള രൂക്ഷമായ പ്രത്യയശാസ്ത്രാക്രമണം ഈ മാറ്റങ്ങളോടൊപ്പമുണ്ടായി. അതോടൊപ്പം മുതലാളിത്തം 'ശാശ്വത'മാണെന്നും മാനവ സാമൂഹ്യ പരിണാമത്തിന്റെ ആവശ്യമാണ് അതെന്നും അവകാശവാദം ഉയർന്നു.

1.3 ഈ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ, സംശയിക്കപ്പെട്ടതുപോലെ, എല്ലാ മേഖലകളിലും ഈ സാമ്രാജ്യത്വ കടന്നാക്രമണം അതിരൂക്ഷമായിട്ടുണ്ട്. ഈ കടന്നാക്രമണത്തോടൊപ്പം സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ മേധാവിത്വവും നടമാടുന്നു. അതിന്റെ നീർച്ചുഴിയിലേക്ക് ലോകത്തെ എല്ലാ രാജ്യങ്ങളെയും അത് വലിച്ചടുപ്പിച്ചിരിക്കുന്നു.

1.4 അങ്ങനെ മാനവ വിമോചനത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള നമ്മുടെ യത്നങ്ങളുടെ അഭേദ്യഭാഗമായി ഇന്നത്തെ ലോക സംഭവവികാസങ്ങളെയും അവ ലോക സ്ഥിതിയെ, അതായത് വർഗ്ഗശക്തികളുടെ സാർവദേശീയ ബലാബലത്തിന്റെ സന്തുലനത്തെ എങ്ങനെ ബാധിക്കുന്നു, അവ നമ്മുടെ രാജ്യത്ത് നമ്മുടെ തന്ത്രപ്രധാന വിപ്ലവ ലക്ഷ്യം കൈവരിക്കുന്നതിനുള്ള നമ്മുടെ സമരങ്ങളുടെ മുന്നേറ്റത്തെ എങ്ങനെ ബാധിക്കുന്നു എന്നതിനെയും കുറിച്ച് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് വിശകലനം നടത്താൻ നാം ബാധ്യസ്ഥരാണ്.

1.5 ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെയും അതിനാൽ നമ്മുടെ ജനങ്ങളുടെ മോചനത്തെയും വഴി തെറ്റിക്കുമെന്ന് ഗുരുതരമായി ഭീഷണിപ്പെടുത്തിക്കൊണ്ട് അന്നത്തെ അവിഭക്ത കമ്യൂണിസ്റ്റ് പാർടിയെ പിടികൂടിയ റിവിഷനിസ്റ്റ് പാളിച്ചയ്ക്കെതിരായി നടന്ന രൂക്ഷമായ സമരത്തിന്റെ ഫലമായി കെട്ടിപ്പടുക്കപ്പെട്ടതാണ് കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്). ഇന്ത്യൻ വിപ്ലവത്തിന്റെ തന്ത്രവും അടവുകളും എന്നതിനെ കേന്ദ്രമാക്കിയുള്ള തീവ്രമായ ഉൾപ്പാർട്ടി പ്രത്യയശാസ്ത്ര സമരത്തിനും ഇന്ത്യയിലെ ഭരണവർഗ്ഗങ്ങളുടെ ഘടനയും സ്വഭാവവും സംബന്ധിച്ച ശരിയായ വിലയിരുത്തലിനും ശേഷം റിവിഷനിസത്തോട് നിർണായകമായി വഴി പിരിഞ്ഞുകൊണ്ട് സിപിഐ (എം) രംഗപ്രവേശം ചെയ്തു. മാർക്സിസം-ലെനിനിസത്തിന്റെ വിപ്ലവകരമായ അടിസ്ഥാന പ്രമാണങ്ങൾ ഉയർത്തിപ്പിടിക്കാനും മൂർത്തമായ ഇന്ത്യൻ സാഹചര്യങ്ങളിൽ അവ പ്രയോഗിക്കാനും പ്രതിജ്ഞാബദ്ധമാണ് അത്.

1.6 അധികം താമസിയാതെ സിപിഐ (എം) ന് ഇടതു സാഹസിക വരട്ടുതത്വവാദ പാളിച്ചയെ നേരിടേണ്ടിവരികയും ഇന്ത്യൻ കമ്യൂണിസ്റ്റ് പ്രസ്ഥാനത്തെ വഴിതെറ്റിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ഈ പ്രവണതയുമായി ഒരിക്കൽകൂടി മൽപ്പിടുത്തം നടത്തുകയും വേണ്ടിവന്നു. ഈ പ്രത്യയശാസ്ത്ര പോരാട്ടത്തിനൊപ്പം ഭീഷണമായ ശാരീരിക ആക്രമണങ്ങളെ

നേരിടുകയും അവയെ അതിജീവിക്കുകയും ചെയ്യേണ്ടിവന്നു. ഇവയിൽ നമ്മുടെ പല സഖാക്കളും രക്തസാക്ഷികളായി.

1.7 ഈ പാളിച്ചകൾക്കെതിരായ പോരാട്ടത്തിലെ വിജയവും ഇന്ത്യൻ ജനതയുടെ മഹിമയാർന്ന ഉശിരൻ സമരങ്ങളുടെ (1) പൈതൃകവും കൂടിച്ചേർന്ന് സിപിഐ (എം)നെ രാജ്യത്തെ ഏറ്റവും ശക്തവും മുൻനിരയിലുള്ളതുമായ കമ്യൂണിസ്റ്റ്ഇടതു ശക്തിയാക്കി മാറ്റി. ഈ പ്രത്യയശാസ്ത്ര പോരാട്ടങ്ങളിലെ നമ്മുടെ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് നിലപാടുകളുടെ ശരിമ ഇത് അതിശക്തമായി സമർത്ഥിച്ചു.

1.8 പ്രത്യയശാസ്ത്രപരമായ പാളിച്ചകൾക്കെതിരായ സിപിഐ (എം)ന്റെ സമരവും മാർക്സിസം–ലെനിനിസത്തിന്റെ വിപ്ലവകരമായ ഉള്ളടക്കത്തെയും തൊഴിലാളിവർഗ സാർവദേശീയതയെയും ഉയർത്തിപ്പിടിക്കാനുള്ള അതിന്റെ ഉറച്ച യത്നവും ആധാരമാക്കിയത് എല്ലാതരം പാളിച്ചകളോടും തുടർച്ചയായി അടരാടിക്കൊണ്ടായിരുന്നു–ആഭ്യന്തരമായും സാർവ്വദേശീയമായും ഇത്തരം പാളിച്ചകൾ പ്രത്യക്ഷപ്പെട്ടു. പലപ്പോഴും അത് അക്കാലത്തെ സാർവ്വദേശീയ കമ്യൂണിസ്റ്റ് അതികായന്മാരായ സോവിയറ്റ്–ചൈനീസ് പാർടികളോടും പ്രത്യയശാസ്ത്രപരമായി ഏറ്റുമുട്ടിക്കൊണ്ടായിരുന്നു. ഇത്തരം പ്രത്യയശാസ്ത്ര സമരങ്ങളാണ് ഏറ്റവും ശക്തമായ കമ്യൂണിസ്റ്റ് ഇടതുപക്ഷ ശക്തിയായി ഉയർന്നുവരാൻ മാത്രമല്ല, ഇന്ത്യയിലെ ദേശീയ രാഷ്ട്രീയത്തിൽ സമ്മർദ്ദവും സ്വാധീനവും ചെലുത്താൻ മാത്രം കെൽപുനേടാനും നമ്മുടെ പാർടിയെ പ്രാപ്തമാക്കിയത്.

1.9 ബർദ്വാൻ പ്ലീനം (1968) മുതൽ പ്രശ്നങ്ങളോട് ഇത്തരത്തിൽ പ്രത്യയശാസ്ത്രപരമായി ഏറ്റുമുട്ടുന്നത് നമ്മുടെ പാർടിയുടെ തന്ത്രപരമായ ലക്ഷ്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്നതിന് അവശ്യ ഘടകമായിത്തീർന്നു. പഴയ സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും സോഷ്യലിസം പൊളിച്ചടുക്കപ്പെട്ടതിനെ തുടർന്ന് 14–ാം കോൺഗ്രസ് അംഗീകരിച്ച ''ചില പ്രത്യയശാസ്ത്ര പ്രശ്നങ്ങളെക്കുറിച്ച്'' എന്ന പ്രമേയത്തെ തുടർന്ന് പിന്നീടുണ്ടായ മാറ്റങ്ങളെ അപഗ്രഥിച്ചുകൊണ്ട് 2000ൽ നമ്മുടെ പാർടി പരിപാടി കാലോചിതമാക്കപ്പെട്ടു. സോവിയറ്റ് യൂണിയന്റെ തകർച്ചയ്ക്കും സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ ഉയർച്ചയ്ക്കും ശേഷമുണ്ടായ പുതിയ ലോക സ്ഥിതിയെക്കുറിച്ചുള്ള നമ്മുടെ വിശകലനം പിന്നീട് നടന്ന പാർടി കോൺഗ്രസുകളിൽ ഇതിനെ തുടർന്ന് സമ്പുഷ്ടമാക്കപ്പെട്ടു.

1.10 സാമ്രാജ്യത്വ ആഗോളവൽക്കരണം മാനവരാശിയുടെമേൽ ഇതിനുമുമ്പുണ്ടായിട്ടില്ലാത്ത തോതിൽ ദുരിതങ്ങൾ അടിച്ചേൽപിക്കുമ്പോൾ, ഈ കടന്നാക്രമണത്തിനെതിരായ ജനകീയ ചെറുത്തുനിൽപ്പും ഉയർന്നുവരികയാണ്. ഇത് ഇന്നത്തെ ലോക സ്ഥിതിയിൽ, പ്രത്യേകിച്ച് ലാറ്റിനമേരിക്കയുടേതിൽ, വ്യക്തമായി പ്രകടിപ്പിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെ ഉയർന്നുവരുന്ന സമരങ്ങൾ ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ഉയർന്നുവരുന്നു. വാൾസ്ട്രീറ്റ് പിടിച്ചെടുക്കൽ പ്രസ്ഥാനത്തിലും അതിനേക്കാൾ ശ്രദ്ധേയമായി, യൂറോപ്പിൽ ജനങ്ങളുടെ ഉപജീവനത്തിനുനേരെ സാമ്രാജ്യത്വ നവലിബറൽ ആഗോളവൽകരണ കടന്നാക്രമണങ്ങൾക്കെതിരെ നടക്കുന്ന ചെറുത്തുനിൽപുകളിലും. ഇപ്പോഴത്തെ ആഗോള മുതലാളിത്ത പ്രതിസന്ധിയിലും മാന്ദ്യത്തിലും ഇത് കൂടുതൽ തീവ്രമായിരിക്കുന്നു. ഭാവിയിലെ വിപ്ലവ സമരങ്ങളുടെ കെട്ടുറപ്പിനും മുന്നോട്ടുള്ള ഗതിക്കും ഉറച്ച അടിത്തറ പാകുന്നത് തൊഴിലാളിവർഗത്തിന്റെയും മറ്റ് ചൂഷിത ജനവിഭാഗങ്ങളുടെയും ഉപജീവനനിലവാരത്തെ കാർന്നുതിന്നുന്നതിനെതിരായ ഇത്തരത്തിൽ വളർന്നുവരുന്ന സമരങ്ങളാകുന്നു.

1.11 ഇന്നത്തെ സാർവദേശീയ വർഗശക്തികളുടെ ബലാബലത്തിൽ മൂലധനവാഴ്ചയ്ക്കെതിരായ കടന്നാക്രമണത്തിന്റെ നിലവാരത്തിലേക്ക് ഈ സമരങ്ങളെ ഉയർത്തുന്ന കടമ പല വെല്ലുവിളികളെയും മറികടന്നുകൊണ്ടു വേണം ഏറ്റെടുക്കാൻ. മൂലധനവാഴ്ചയ്ക്കെതിരായി വർഗപരമായ കടന്നാക്രമണം തുടങ്ങുന്നതിലേക്ക് അത്തരം സമരങ്ങളെ രൂക്ഷമാക്കുന്നതിന്റെ വിജയം തീർച്ചയായും ആശ്രയിക്കുന്നത് തൊഴിലാളിവർഗ നേതൃത്വത്തിൽ വർഗസമരത്തിനു മൂർച്ച കൂടുന്നതിനെയാണ്. ഇത് സാധ്യമാകുന്നത് വിപ്ലവസമരത്തിന്റെ 'ആത്മനിഷ്ഠഘടകം' ശക്തിപ്പെടുകയും കെട്ടുറപ്പുള്ളതാകയും ചെയ്യുമ്പോഴാണ്. അതായത്, സ്വാതന്ത്ര്യത്തിനും വിമോചനത്തിനുമായുള്ള എല്ലാ വിഭാഗം ചൂഷിത ജനങ്ങളുടെയും സമരത്തിലെ വർഗഐക്യം തൊഴിലാളിവർഗ നേതൃത്വത്തിൽ ശക്തിപ്പെടുകയും കെട്ടുറപ്പു നേടുകയും ചെയ്യുമ്പോഴാണ്.

1.12 ഈ സ്ഥിതിഗതികളിൽ, പ്രത്യേകിച്ച് ശീഘ്രഗതിയിൽ സംഭവവികാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ, മാനവമോചനത്തിനായി വർഗസമരങ്ങളെ ശക്തിപ്പെടുത്തുക എന്ന ഏകലക്ഷ്യത്തോടെ, ഈ സംഭവവികാസങ്ങളിലൂടെ പ്രത്യയശാസ്ത്രങ്ങളുടെയും വെല്ലുവിളികളുടെയും ശാസ്ത്രീയമായ മാർക്സിസ്റ്റ്–ലെനിനിസ്റ്റ് അപഗ്രഥനത്തിലൂടെ നാം നമ്മുടെ വിപ്ലവപരമായ നിശ്ചയദാർഢ്യത്തെ ശക്തിപ്പെടുത്തേണ്ടത് പ്രധാനമാണ്.

# II

# ആഗോളവൽക്കരണ കാലഘട്ടത്തിലെ സാമ്രാജ്യത്വത്തിന്റെ പ്രവർത്തനം

**2.1** മാർക്സിസം–ലെനിനിസത്തെയും 'മൂർത്തമായ സ്ഥിതിഗതികളെ മൂർത്തമായി അപഗ്രഥിക്കുക' എന്ന അതിന്റെ അഭേദ്യമായ ഉപക രണത്തെയും ഉറച്ച് ഉയർത്തിപ്പിടിക്കുമ്പോൾ തന്നെ, സിപിഐ എം ഇന്നത്തെ മൂർത്തമായ സ്ഥിതിഗതികളിൽ സാമ്രാജ്യത്വത്തിന്റെ പ്രവർത്തനത്തെയും ഇന്ത്യയിൽ അതുണ്ടാക്കുന്ന ആഘാതത്തെയും വിലയിരുത്തുന്നു. നമ്മുടെ തന്ത്രപരമായ ലക്ഷ്യങ്ങളെ മുന്നോട്ടുകൊണ്ടുപോകുന്ന ശരിയും ഉചിതവുമായ അടവുകൾ തയ്യാറാക്കുന്നതിനു അവസാനം പറഞ്ഞത് അത്യന്താപേക്ഷിതമാണ്.

**2.2** ആഗോളവൽക്കരണത്തെ അതിന്റെ സാകല്യത്തിൽ മനസ്സിലാക്കേണ്ടതാണ്. മാർക്സ് കാണിച്ചുതന്നതുപോലെ, മുതലാളിത്തത്തിന്റെ ആന്തരികഗതിശാസ്ത്രം മൂലധനം ഒരു പിടി കൈകളിൽ സഞ്ചയിക്കപ്പെടുകയും കുന്നുകൂടുകയും ചെയ്യാൻ ഇടയാക്കുന്നു. ഈ പ്രവണതയുടെ വികാസത്തിന്റെ ശാസ്ത്രീയ വിശകലനത്തിന്റെ അടിസ്ഥാനത്തിലാണ്, കുത്തകമുതലാളിത്തത്തിൻെറ ഘട്ടത്തിൽനിന്ന് സാമ്രാജ്യത്വത്തിന്റെ ഉദയവും വളർച്ചയും ലെനിൻ തിരിച്ചറിഞ്ഞത്. സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുള്ള ലെനിന്റെ വിശകലനമാണ് – മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടം – തൊഴിലാളിവർഗ വിപ്ലവത്തിലേക്ക് 1917ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിലേക്ക്, മാനവരാശിയുടെ ചരിത്രത്തിൽ ആദ്യമായി, നയിച്ച വർഗസമരങ്ങളെ മൂർഛിപ്പിക്കുന്നതിനുള്ള ശരിയായ വിപ്ലവകരമായ തന്ത്രത്തിനും അടവിനുമുള്ള അടിത്തറ പാകിയത്.

**2.3** സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിനുള്ളിലെ ആഗോളവൽക്കരണത്തിന്റെ ഇപ്പോഴത്തെ ദശ മൂലധനത്തിന്റെ വൻതോതിലുള്ള കുന്നുകൂട്ടലിനും കേന്ദ്രീകരണത്തിനും ഇടയാക്കി. അങ്ങനെ കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കിടയിൽ അന്തർദേശീയ ധനമൂലധനത്തിന്റെ നേതൃത്വത്തിലുള്ള സഞ്ചയത്തിനും ഇടയാക്കി. (2) ലാഭം പരമാവധി വർധിപ്പിക്കാനായുള്ള തത്രപ്പാടിൽ ലോകത്തിനുചുറ്റും ഒരു കെട്ടുപാടുമില്ലാതെ ചുറ്റാനുള്ള സ്വാതന്ത്ര്യം മൂലധനത്തിന് ലഭിക്കുന്ന തരത്തിലുള്ള ലോകത്തിന്റെ പുനഃക്രമീകരണത്തിന് ഇത് ഇടയാക്കി. ഇത് തന്നത്താൻ മൂലധനത്തിന്റെ ഒഴുക്കിനുള്ള എല്ലാ നിയന്ത്രണങ്ങളും ഒഴിവാക്കാനുള്ള വ്യവസ്ഥകൾ ചുമത്തുന്നു. അതാണ് ധനഉദാരവൽക്കരണത്തിന്റെ അന്തഃസത്ത. ഇതോടൊപ്പമുള്ള സാമ്പത്തിക പരിഷ്കാരങ്ങൾക്കുള്ള നവലിബറൽ കടന്നാക്രമണം, ദേശരാഷ്ട്രങ്ങളുടെ, വിശേഷിച്ച് വികസ്വര രാജ്യങ്ങളിലെ, സാമ്പത്തികവും അതിനാൽ രാഷ്ട്രീയവുമായ പരമാധികാരത്തെ ഗൗരവമായി ഭീഷണിപ്പെടുത്തുകയും തകിടം മറിക്കുകയും ചെയ്യുന്നു.

**2.4** മുമ്പ് നാം കണ്ടിരുന്നതുപോലെ, ചരിത്രത്തിൽ ഒരു പുതിയ ഘട്ടം ഉയർന്നുവരുന്നത് ആ ഘട്ടം തന്നെ അതിന്റെ നിലനിൽപിനിടയിൽ സ്ഥിരമായി നിലനിൽക്കുമെന്നോ ഒരു മാറ്റത്തിനും വിധേയമാകുകയില്ലെന്നോ അർഥമാക്കുന്നില്ല. കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിൽ സോഷ്യലിസംപോലെ, സോഷ്യലിസത്തിൽ തൊഴിലാളിവർഗ ഭരണകൂടത്തിന്റെ പ്രവർത്തനംപോലെ, അല്ലെങ്കിൽ, എന്തിന്, സാമ്രാജ്യത്വഘട്ടത്തിൽ– അങ്ങനെ ഓരോ ഘട്ടത്തിലും– ഗണപരമായ മാറ്റങ്ങളുടെ ഫലമായി ഗുണപരമായി പുതിയൊരു ദശയിലേക്കു നയിക്കുന്ന പല ദശകളും ഉയർന്നുവരുന്നു. ചരിത്രത്തിൽ ഒരു ഘട്ടത്തിന്റെ കാലയളവ്, അതിനാൽ ഒരു രേഖീയ പ്രക്രിയയോ 'വൺവേ ട്രാഫിക്കോ' അല്ല. സാമ്രാജ്യത്വത്തിന്റെ ഇപ്പോഴത്തെ ദശ സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിൽ ധനമൂലധനത്തിൻെറ സ്വഭാവവും മേധാവിത്വപരമായ പങ്കും സംബന്ധിച്ച ലെനിനിസ്റ്റ് നിർണയത്തെ തള്ളിക്കളയുകയല്ല, സാധൂകരിക്കുകയാണ് ചെയ്യുന്നത്.

**2.5** ആഗോളവൽക്കരണത്തിന്റെ ഇപ്പോഴത്തെ ദശ, വർഗശക്തികളുടെ രാഷ്ട്രീയ ബലാബലം സാർവദേശീയമായി അതിനു അനുകൂലമായി മാറിയ ഘട്ടത്തിൽ ഉരുത്തിരിഞ്ഞുവരുമ്പോൾ, പരമാവധി ലാഭത്തിനായുള്ള അതിന്റെ അന്വേഷണം തുടരാൻ, ജനങ്ങളുടെ ജനകീയ സമരങ്ങൾ ഫലപ്രദമായ ചെറുത്തുനിൽപ് സംഘടിപ്പിച്ച രാജ്യങ്ങളിലൊഴികെ സാമ്രാജ്യത്വത്തെ അനുവദിക്കുന്നു. ഇത്തരം അന്വേഷണം അതിഭീമമായ തോതിൽ മൂലധനസഞ്ചയത്തിനും അന്തർദേശീയ ധനമൂലധനം (ഐഎഫ്സി) അതിൻെറ നില കൂടുതൽ ഉറപ്പിക്കുന്നതിനും ഇടയാക്കുന്നു. ഇത് ശീതയുദ്ധാനന്തര ലോകമുതലാളിത്തത്തിന്റെ സവിശേഷ ലക്ഷണങ്ങളിൽ ഒന്നാകുന്നു. സോവിയറ്റ് യൂണിയനിലെയും കിഴക്കൻ യൂറോപ്പിലെയും പ്രതിവിപ്ലവവും ആഗോള മൂലധനക്കമ്പോളത്തിന്റെ പിടിയിലേക്കുള്ള അതിന്റെ തിരിച്ചുവരവും മൂലധനസഞ്ചയത്തിന്റെ തോതിനെ ഗണ്യമായി സഹായിച്ചിരിക്കുന്നു. കൂടാതെ, ആഗോളമുതലാളിത്തത്തിൽ വന്ന ഘടനാപരമായ മാറ്റങ്ങളും അവയ്ക്ക് പിന്തുണയാ

യി വിശേഷിച്ച് വിവര-വിനിമയ മേഖലയിൽ വന്ന സാങ്കേതിക മുന്നേറ്റങ്ങളും ഉൽപാദനത്തെ പുതിയ സ്ഥലങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനും ബിസിനസ് നടത്തിപ്പ് പ്രകൃതിവിഭവങ്ങൾ ധാരാളമായുള്ളതും കൂലിച്ചെലവ് കുറഞ്ഞതുമായ സ്ഥലങ്ങളിലേക്ക് പുനഃസ്ഥാപിക്കുന്നതിനും ഇടയാക്കി. ഇത്തരത്തിൽ ലാഭത്തെ പരമാവധിയാക്കുന്നത് മൂലധന സഞ്ചയത്തിന്റെ നിലവാരം ഉയർത്തുന്നതിനെ വൻതോതിൽ സഹായിച്ചു.

**2.6** എന്നാൽ, ലെനിന്റെ കാലത്തേതിൽനിന്ന് വ്യത്യസ്തമായി നിർദിഷ്ടമായ ദേശരാഷ്ട്രങ്ങളുടെ നിർദിഷ്ടമായ തന്ത്രപര താൽപര്യങ്ങൾ നിറവേറ്റുന്നതിനു മാത്രമല്ല ഐഎഫ്സി പ്രവർത്തിക്കുന്നത്, അന്തർദേശീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാണ്. വികസിത മുതലാളിത്ത ദേശരാഷ്ട്രങ്ങൾ തങ്ങളുടെ നിർദിഷ്ട താൽപര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തുടർന്നും ശ്രമിക്കുമ്പോൾ, ഐഎഫ്സി പ്രവർത്തിക്കുന്നത് തീവ്രമായ സാമ്രാജ്യത്വങ്ങൾ തമ്മിലുള്ള കിടമത്സരംകൊണ്ട് വിള്ളലുണ്ടാകാത്ത ഒരു ലോകത്തിലാണ്. അത് പ്രവർത്തിക്കുന്നത് താൽക്കാലികമായെങ്കിലും അത്തരം കിടമത്സരത്തെ മയപ്പെടുത്താൻ ശ്രമം നടക്കുന്ന ലോകത്തിലാണ്. അന്താരാഷ്ട്ര ധനമൂലധനത്തിന്റെ സ്വഭാവം തന്നെ ലോകമാകെ തടസ്സമെന്യെ പ്രവർത്തിക്കാനുള്ള അതിന്റെ യത്നങ്ങളെ നിർവചിക്കുന്നു. ഈ കണക്കുക്കൂട്ടലിനനുസരിച്ച് ലെനിൻ ധനമൂലധനത്തെയും സാമ്രാജ്യത്വത്തെയും കുറിച്ചു നടത്തിയ വിശകലനത്തിനു അപ്പുറത്തേക്ക് ലോകം നീങ്ങിയതായി പലപ്പോഴും തെറ്റായി വാദിക്കപ്പെടുന്നു. അതിനാൽ സാമ്രാജ്യത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിശകലനം ഇന്ന് കാലഹരണപ്പെട്ടിരിക്കുന്നു എന്നും അതിനാൽ അപ്രസക്തമാണെന്നും വാദിക്കപ്പെടുന്നു.

**2.7** ധനമൂലധനത്തിന്റെ ഉയർന്നു വരവിനെ, ബാങ്കിങ് മൂലധനവും വ്യാവസായിക മൂലധനവും ഒത്തുചേരുന്നതിനെ വിശകലനംചെയ്തുകൊണ്ട് ലെനിൻ, അദ്ദേഹത്തിന്റെ കാലത്ത് ഈ പ്രതിഭാസത്തിന്റെ പ്രത്യാഘാതത്തെ മൂർത്തമായി വിശകലനംചെയ്തു; മുതലാളിത്തം ഗുണപരമായ മാറ്റത്തിന് വിധേയമായി എന്നും ധനമൂലധനത്തിന്റെ പരമ്പരാഗതമായ പങ്കിനും അപ്പുറമുണ്ടായ ഈ മാറ്റം ഒരു പുതിയ ഘട്ടത്തിന്റെ–സാമ്രാജ്യത്വത്തിന്റെ–ഉയർന്നു വരവിന് ഇടയാക്കി എന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തി. ഇതിന് സവിശേഷമായ അഞ്ച് ഘടകങ്ങളുണ്ട് **(3)** ഇവയിൽ ഒന്നായിരുന്നു സാമ്രാജ്യത്വ കേന്ദ്രങ്ങൾ തമ്മിൽ തമ്മിലുള്ള കിടമത്സരം; തങ്ങളുടെ ലാഭം പരമാവധിയാക്കുന്നതിനുവേണ്ടി ലോകത്തിന്റെ പുനർ വിഭജനത്തിനായുള്ള പരിശ്രമത്തിൽ ഇത് സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള യുദ്ധങ്ങൾക്കിടയാക്കി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ നടന്ന രണ്ട് ലോക യുദ്ധങ്ങൾ ഇത് സംശയാതീതമായി സ്ഥിരീകരിക്കുന്നു. അങ്ങനെ, 'സാമ്രാജ്യത്വ ശൃംഖലയിലെ ദുർബലമായ കണ്ണി പൊട്ടിച്ചു'കൊണ്ട്, റഷ്യൻ വിപ്ലവത്തിൻെറ മുന്നേറ്റത്തെ സഹായിക്കുന്നതിന് തന്റെ കാലഘട്ടത്തിലെ വർഗശക്തികളുടെ അന്താരാഷ്ട്ര ബലാബലം കൃത്യമായി തിട്ടപ്പെടുത്താൻ ലെനിൻ, 'മൂർത്തമായ സാഹചര്യങ്ങളുടെ മൂർത്തമായ വിശകലനം' എന്ന തന്റെ തന്നെ അലംഘനീയ തത്വം പ്രയോഗിക്കുകയാണുണ്ടായത്.

**2.8** എന്നാൽ, സാമ്രാജ്യത്വഘട്ടത്തിൽ, ധനമൂലധനത്തിന്റെ ഉയർന്നുവരവോടുകൂടി, 'മുതലാളിത്ത കുത്തകകളുടെ ''വ്യാപാര ഇടപാടുകൾ'' ധനാധിപത്യവാഴ്ചയുടെ അധീശത്വത്തിന് അനിവാര്യമായും ഇടയാക്കും' എന്ന് തുളച്ചുകയറുന്ന വ്യക്തതയോടെ ലെനിൻ മുൻകൂട്ടി കണ്ടു. ധനമൂലധനത്തിന്റെ അധീശത്വത്തോടുകൂടിയ സാമ്രാജ്യത്വത്തെ അദ്ദേഹം നിർവചിച്ചത് മുതലാളിത്തത്തിന്റെ പരമോന്നത ഘട്ടം എന്ന നിലയിലാണ്. അതിൽ മൂലധനത്തിന്റെ മറ്റെല്ലാ രൂപങ്ങൾക്കുംമേൽ ധനമൂലധനത്തിന്റെ മേൽക്കോയ്മ സ്ഥാപിക്കപ്പെടുന്നു. 'മൂലധനത്തിന്റെ കയറ്റുമതി' എന്ന ഘടകത്തെ കൂടുതൽ വിശകലനം ചെയ്തുകൊണ്ട് ഭാവിയെ സംബന്ധിച്ച് ലെനിൻ ഇങ്ങനെ ദീർഘദർശനം ചെയ്യുന്നു: ''അങ്ങനെ അക്ഷരാർത്ഥത്തിൽതന്നെ, ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കുംമേൽ ധനമൂലധനം അതിന്റെ വല വീശിയിരിക്കുന്നു എന്ന് പറയാവുന്നതാണ്.'' വീണ്ടും, ''സാമ്രാജ്യത്വത്തിന്റെ സവിശേഷ ലക്ഷണം വ്യവസായ മൂലധനമല്ല, മറിച്ച്, ധനമൂലധനമാണ്.'' **(4)**

**2.9** അങ്ങനെ, സാമ്രാജ്യത്വത്തിന്റെ ഘട്ടത്തിൽ ധനമൂലധനത്തിന്റെ അധീശത്വത്തെയും നേതൃത്വത്തെയും സംബന്ധിച്ച് മാത്രമല്ല, ലെനിൻ മുൻകൂട്ടി കാണുന്നത്; മറിച്ച് ലാഭം പരമാവധിയാക്കുന്നതിനായുള്ള പരിശ്രമത്തിൽ ധനമൂലധനത്തിന്റെ നേതൃത്വത്തിൽ മൂലധനത്തിന്റെ എല്ലാ രൂപങ്ങളെയും വലയിൽപെടുത്താൻ ഈ പ്രക്രിയ ഇടയാക്കും എന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ആയതിനാൽ, സാമ്രാജ്യത്വത്തെ സംബന്ധിച്ച ലെനിന്റെ വിശകലനമല്ല അസാധുവാക്കപ്പെട്ടത് എന്ന് വ്യക്തമാണ്. ലെനിൻ ദീർഘവീക്ഷണത്തോടെ വിശകലനം ചെയ്യുകയും മതിപ്പ് കാണുകയും വിലയിരുത്തുകയും ചെയ്ത, അതിന്റെ ഭാവിവികാസ ഗതിക്രമങ്ങളെ മുൻകൂട്ടി കാണുകയും ചെയ്ത, അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ സമൂർത്ത സാഹചര്യങ്ങളാണ് അസാധുവാക്കപ്പെട്ടത്. സാമ്രാജ്യത്വത്തിൻകീഴിൽ അന്താരാഷ്ട്ര ധനമൂലധനം വഹിക്കുന്ന നേതൃത്വപരവും അധീശത്വപരവുമായ പങ്കിനെ സംബന്ധിച്ച

ലെനിന്റെ പ്രവചനം ഇന്ന് സംശയാതീതമായി ശരിവയ്ക്കപ്പെട്ടിരിക്കുന്നു. ഓരോ രാജ്യത്തിലെയും തന്ത്രപരമായ വിപ്ലവ ലക്ഷ്യങ്ങളെ മുന്നോട്ടുപോകുന്നതിനായി സാമ്രാജ്യത്വത്തിന്റെ ഇപ്പോഴത്തെ ഘട്ടത്തിൽ ധനമൂലധനം വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശകലനം നടത്തുകയും മതിപ്പ് കാണുകയും വിലയിരുത്തുകയും ചെയ്യുന്നതിന് അങ്ങനെ ഇന്നത്തെ മാർക്സിസ്റ്റ്–ലെനിനിസ്റ്റുകൾ ബാധ്യസ്ഥരായിരിക്കുന്നു.

**2.10** എന്നാൽ, അന്താരാഷ്ട്ര ധനമൂലധനത്തിന്റെ ഈ പ്രബലമായ അധീശത്വം സാമ്രാജ്യത്വ ശക്തികൾക്കിടയിലുള്ള വൈരുദ്ധ്യങ്ങൾ ഇല്ലാതാക്കുമെന്ന് ധ്വനിപ്പിക്കുന്നില്ല. ഇവ നിലനിൽക്കുന്നുണ്ട് എന്നുമാത്രമല്ല, മുതലാളിത്തത്തിന്റെ അടിസ്ഥാന നിയമം അസമമായ വികസനമായിരിക്കെ ഭാവിയിൽ അവ രൂക്ഷമാകുമെന്ന് തീർച്ചയുമാണ്. ഇന്നത്തെ ലോകത്തിലെ വിഭവങ്ങൾക്കുമേലുള്ള താൽപര്യസംഘട്ടനത്തെ അഥവാ ലോകത്തെ പുന:ക്രമീകരിക്കുന്നതിനുള്ള ശ്രമത്തെ–പ്രത്യേക സ്വാധീനമേഖലകൾ സൃഷ്ടിക്കുന്നതിനായുള്ള പുതിയ ഒരു പുനർവിഭജനത്തെ–അവയുടെ ഭാവിയിലെ ആപേക്ഷികമായ ശക്തി പ്രതിഫലിപ്പിക്കുമെന്നിരിക്കെ ഇത് മുതലാളിത്ത കേന്ദ്രങ്ങൾ തമ്മിലുള്ള താൽപര്യ സംഘട്ടനങ്ങൾക്ക് ഇടയാക്കുന്നു. വിവിധ സാമ്രാജ്യത്വശക്തികൾ തമ്മിലുള്ള ഭാവിയിലെ കറൻസി യുദ്ധങ്ങളിലും ഇത് പ്രകടമായേക്കാം. സാമ്രാജ്യത്വത്തിന് നേട്ടമുണ്ടാകുന്നതിനായി സോഷ്യലിസ്റ്റ് രാജ്യങ്ങളുടെയും വികസ്വര രാജ്യങ്ങളുടെയും നാണയങ്ങളുടെ (കറൻസി) വിനിമയമൂല്യം വർധിപ്പിക്കുന്നതിന് ഇത്തരം സംഘട്ടനങ്ങൾ അവയ്ക്കുമേൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുന്നു.

**2.11** മുതലാളിത്തത്തിൻകീഴിൽ മിച്ചമൂല്യം അതിന്റെ ഉൽപാദനപ്രക്രിയയിൽ മാത്രമേ ഉൽപാദിപ്പിക്കാൻ കഴിയൂ. ഇവ എങ്ങനെ സ്വായത്തമാക്കപ്പെടുകയും വിന്യസിക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളത് കൂടുതൽ പണ പ്രവാഹത്തെ സൃഷ്ടിച്ചേക്കും. അന്താരാഷ്ട്ര ധനമൂലധനത്തിന്റെ അനുശാസനങ്ങൾക്കുകീഴിൽ ഉൽപാദനപ്രക്രിയയിലൂടെ തട്ടിയെടുക്കപ്പെടുന്ന മിച്ചം വീണ്ടും ഇങ്ങനെ വിവിധ രീതികളിൽ വിന്യസിക്കപ്പെടുന്നു. അതിനുപുറമെ, ഊഹക്കച്ചവടത്തിലൂടെ കോർപ്പറേറ്റുകളുടെ വിപണി മൂലധനവൽക്കരണം വിപുലപ്പെടുത്തുന്നതിനുള്ള പുതിയ ധന ഉപകരണങ്ങളുടെ സൃഷ്ടിയിലൂടെ പണപ്രവാഹങ്ങൾക്കുള്ള മാർഗങ്ങൾ വളരെയേറെ വിപുലമാക്കപ്പെടുന്നു. അങ്ങനെ 'കുമിളകൾ' സൃഷ്ടിക്കപ്പെടുന്നു; അത് താൽക്കാലികമായി സമ്പദ്ഘടനയെ ഊതിവീർപ്പിക്കുന്നു; പക്ഷേ ഇവ അനിവാര്യമായും പൊട്ടിച്ചിതറുമ്പോൾ സമ്പദ്ഘടന പ്രതിസന്ധിയിൽ അകപ്പെടുന്നു.

**2.12** ഇന്ന് അന്താരാഷ്ട്ര ധനമൂലധനം ലാഭം പരമാവധിയാക്കുന്നതിനുള്ള അതിന്റെ പരിശ്രമത്തിൽ വ്യാവസായിക മൂലധനവുമായും മൂലധനത്തിന്റെ മറ്റ് രൂപങ്ങളുമായും കൂട്ടിക്കെട്ടപ്പെടുന്നു. മൂലധന സഞ്ചയത്തിന്റെയും ലാഭം പരമാവധിയാക്കലിന്റെയും തലങ്ങൾ പിന്നെയും വലിയതോതിൽ വർദ്ധിപ്പിക്കുന്നതിനായി പുതിയ കടന്നാക്രമണങ്ങൾ കെട്ടഴിച്ചുവിടുന്നതിന് ഇപ്പോൾ അന്താരാഷ്ട്ര ധനമൂലധനം പൊതു ലക്ഷ്യബോധത്തോടെ നയിക്കുന്നു.

**2.13** അന്താരാഷ്ട്ര ധനമൂലധനത്തിന്റെ കൽപ്പനകൾ അനുസരിച്ച് ലാഭം പരമാവധിയാക്കുന്നതിനുവേണ്ടി ഇങ്ങനെ ലോകത്തെ പുനഃക്രമീകരിക്കുന്നതിനെയാണ് നവലിബറലിസം എന്ന് വിശേഷിപ്പിക്കുന്നത്. ചരക്കുകൾക്കും മൂലധനത്തിനും അതിർത്തികൾ മുറിച്ചു കടക്കുന്നതിനുള്ള നിയന്ത്രണങ്ങൾ നീക്കംചെയ്യുന്ന നയങ്ങളിലൂടെയാണ് ഒന്നാമതായി അത് പ്രവർത്തിക്കുന്നത്. ആഭ്യന്തര അപ വ്യവസായവൽക്കരണം ഉളവാക്കിക്കൊണ്ട്, വിശിഷ്യാ വികസ്വരരാജ്യങ്ങളിൽ, വ്യാപാര ഉദാരവൽക്കരണം തദ്ദേശീയ ഉൽപാദകരെ പുറംതള്ളുന്നു. ഉൽപാദനത്തെയും വാണിജ്യ ഇടപാടുകളെയും രാജ്യത്തിനുപുറത്ത് കുടിയിരുത്തുന്നതുമൂലം വികസിത രാജ്യങ്ങളിലും ഇത് സംഭവിക്കുന്നു. ഇങ്ങനെതന്നെ, മൂലധന പ്രവാഹങ്ങളുടെ ഉദാരവൽക്കരണം ബഹുരാഷ്ട്ര കോർപ്പറേഷനുകൾക്ക് വിദേശങ്ങളിൽ ആഭ്യന്തര ഉൽപാദന ആസ്തികൾ (നമ്മുടെ പൊതുമേഖലയെപ്പോലെ) സ്വായത്തമാക്കാൻ അവസരം നൽകുന്നു; ഇത് മൂലധന സഞ്ചയത്തെ വളരെയേറെ വിപുലമാക്കുന്നു.

**2.14** ലോക സമ്പദ്ഘടനയിൽ മൊത്തം ചോദന നിലവാരം താഴ്ത്തുന്നതിന് ഇടയാക്കുന്ന ധനപരമായ അച്ചടക്കത്തിന്റെപേരിൽ സർക്കാർ ചിലവുകൾ നിയന്ത്രിക്കുന്നതുപോലെയുള്ള നാണ്യച്ചുരുക്ക നയങ്ങൾ (ചൂതാട്ടപരമായ ലാഭം പെരുപ്പിക്കുന്നതിന് അന്താരാഷ്ട്ര ധനമൂലധനത്തിന് അളവറ്റതോതിൽ പണലഭ്യത ഉണ്ടാക്കിക്കൊണ്ട്) അടിച്ചേൽപിക്കുന്നത്; വികസ്വര രാജ്യങ്ങളിലെ കർഷക ജനതയ്ക്കെതിരായി വ്യാപാര വ്യവസ്ഥകളിൽ മാറ്റം വരുത്തുന്നത്; വികസ്വര രാജ്യങ്ങളിൽ കൂടുതൽ പ്രകടമായി പ്രാബല്യത്തിൽ വരുന്ന വിധത്തിൽ വർദ്ധിച്ചതോതിൽ സ്വകാര്യവൽക്കൃതമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യസേവനങ്ങൾ പ്രദാനംചെയ്യുന്നതിൽനിന്ന് സർക്കാർമേഖല ആഗോളാടിസ്ഥാനത്തിൽ പൂർണ്ണമായി പിന്മാറുന്നത്; ലാഭം പരമാവധിയാക്കുന്നതിനായി പൊതു സേവനങ്ങളുടെ വളരെയധികം പു

ത്തൻമേഖലകൾ തുറന്നുകൊടുക്കുന്നത്-എന്നിവയാണ് മൂലധന സഞ്ചയം സുദൃഢമാക്കുന്നതിനുള്ള മറ്റു മാർഗങ്ങൾ. ബൗദ്ധിക സ്വത്തവകാശങ്ങളും അറിവിനു മേലുള്ള കുത്തക നിയന്ത്രണത്തിന്റെ മറ്റ് രൂപങ്ങളും അറിവിന്റെ ഉൽപ്പാദനത്തിന്റെയും പുനരുൽപ്പാദനത്തിന്റെയും മേലുള്ള നിയന്ത്രണത്തിലൂടെ വമ്പിച്ച ലാഭങ്ങളെ സൃഷ്ടിക്കുന്നു. ഇങ്ങനെ, സമകാലിക സാമ്രാജ്യത്വത്തിന്റെ പുതിയ സവിശേഷത, ലാഭം പരമാവധിയാക്കുന്നതിനായി ഇതുവരെ നിലവിൽ ഇല്ലാതിരുന്ന പുതിയ മാർഗങ്ങൾ ബലംപ്രയോഗിച്ച് തുറന്നുകൊടുക്കലാണ്.

2.15 സാമ്രാജ്യത്വത്തിന്റെ ഈ പുതിയ ഘട്ടം വികസ്വര രാജ്യങ്ങളിലെ വൻകിട ബൂർഷ്വാസിയിലെ വളരെ വലിയ വിഭാഗത്തെ അതിന്റെ കൂട്ടാളികളാക്കിയിരിക്കുന്നു. ഈ രാജ്യങ്ങളിൽ പലതിലും അപകോളനിവൽക്കരണത്തിനായുള്ള പോരാട്ടം തദ്ദേശീയ ബൂർഷ്വാസിയുടെ നേതൃത്വത്തിലായിരുന്നു നടന്നത്; സ്വാതന്ത്ര്യാനന്തരം അവ താരതമ്യേന സ്വയംഭരണ മുതലാളിത്ത വികസനപാത പിന്തുടരാനാണ് ശ്രമിച്ചത്. ഇന്ത്യയിലെപ്പോലെ തദ്ദേശീയ ഭൂപ്രഭുത്വവുമായി കൂട്ടുകെട്ടിൽ ഏർപ്പെടുകയും വിദേശ ധനമൂലധനവുമായി അനുരഞ്ജനത്തിലാവുകയും ചെയ്യുമ്പോൾതന്നെ ഒരളവോളം സ്വതന്ത്രമായ മുതലാളിത്ത വികസനപാത പിന്തുടരാനാണ് അത് ശ്രമിച്ചത്; വിദേശ നയത്തിൽ ചേരിചേരായ്മ പിന്തുടർന്നത് സാമ്രാജ്യത്വവുമായി വിലപേശൽ നടത്താൻ സോവിയറ്റ് യൂണിയനെ ഉപയോഗിക്കുന്നതിന് അതിനെ പ്രാപ്തമാക്കി. എന്നാൽ, ഇത്തരം വാഴ്ചകളുടെ സഹജമായ ആഭ്യന്തര വൈരുദ്ധ്യങ്ങൾക്കൊപ്പം സോവിയറ്റ് യൂണിയന്റെ പതനവും ലാഭം പരമാവധിയാക്കുന്നത് തുടരുന്നതിന് ഈ സമ്പദ്ഘടനകൾക്കുള്ളിലേക്ക് കടന്നു കയറാൻ ശ്രമിക്കുന്ന അന്താരാഷ്ട്ര ധനമൂലധനത്തിന്റെ ഉയർന്നുവരവും കൂടിച്ചേർന്ന് വികസ്വര രാജ്യങ്ങളിലെ ബൂർഷ്വാസിയുടെ കാഴ്ചപ്പാടിനെയാകെ മാറ്റിമറിച്ചു. താരതമ്യേന സ്വയംഭരണപരമായ നിലപാടിൽനിന്ന് വികസ്വര രാജ്യങ്ങളിലെ തദ്ദേശീയ ഭരണവർഗ്ഗങ്ങൾ, താൽപര്യ സംഘട്ടനങ്ങളുടേതായ ചില മേഖലകൾ ഉണ്ടായിരുന്നിട്ടുപോലും, അന്താരാഷ്ട്ര ധനമൂലധനവുമായി കൂടുതൽ സഹകരിച്ചുകൊണ്ട് മുതലാളിത്ത വികസന പതയിലൂടെ മുന്നേറുന്നതിന് ആക്കംകൂട്ടിയിരിക്കുകയാണ്; അങ്ങനെ അവ നവലിബറലിസത്തെ വരിച്ചിരിക്കുന്നു.

2.16 മുതലാളിത്തത്തിന്റെ ചരിത്രത്തിലുടനീളം, രണ്ടുവിധത്തിലാണ് മൂലധനസഞ്ചയം നടക്കുന്നത്. ഒന്ന് അതിന്റെ ഉൽപാദനപ്രക്രിയ ഇതൾ വിടർത്തുന്നതിലൂടെ മൂലധന വിപുലീകരണ (കൈക്കലാക്കൽ)ത്തിന്റെ സാധാരണ ഗതിതന്ത്രത്തിലൂടെ; രണ്ടാമത്തേത്, ബലപ്രയോഗത്തിലൂടെയും തനി കൊള്ളയടിക്കലിലൂടെയുമാണ് (ബലപ്രയോഗത്തിലൂടെയുള്ള പിടിച്ചെടുക്കൽ). മൂലധനത്തിന്റെ ആദിമ സഞ്ചയം എന്ന നിലയിലാണ് അതിന്റെ മൃഗീയതയെ മാർക്സ് നിർവചിച്ചത്. ആദിമ സഞ്ചയം ചരിത്രപരമായ ഒരു സംവർഗം (കാറ്റഗറി) എന്ന നിലയിൽ പലപ്പോഴും തെറ്റായി വ്യാഖ്യാനിക്കപ്പെടാറുണ്ട്-ആദിമം വിപരീതം ആധുനികം എന്ന നിലയിൽ. മാർക്സിനെ സംബന്ധിച്ചിടത്തോളം, അതുകൊണ്ടുതന്നെ മാർക്സിസ്റ്റുകളെ സംബന്ധിച്ചിടത്തോളവും, ആദിമസഞ്ചയം അപഗ്രഥിക്കാവുന്ന ഒരു സംവർഗമാണ്; മുതലാളിത്തത്തിന്റെ സാധാരണഗതിയിലുള്ള ഗതിതന്ത്ര നിയമത്തോടൊപ്പം അത് ചരിത്രപരമായി സഹവർത്തിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ ആദിമ സഞ്ചയ പ്രക്രിയ നേരിട്ടുള്ള കോളനിവൽക്കരണം ഉൾപ്പെടെ പല രൂപങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ആദിമ സഞ്ചയത്തിന്റെ ആക്രമണോത്സുകത, ഏത് കാലഘട്ടത്തിലും പ്രത്യക്ഷമായും വർഗ്ഗശക്തികളുടെ അന്താരാഷ്ട്ര ബലാബലത്തെയാണ് ആശ്രയിച്ചിരിക്കുന്നത്. അത് ഇത്തരത്തിലുള്ള മുതലാളിത്ത മൃഗീയതയുടെ മൂർത്തീഭാവത്തെ അനുവദിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്നു. സമകാലിക സാമ്രാജ്യത്വത്തിന്റെ ഇപ്പോഴത്തെ ദശയിൽ ആദിമ സഞ്ചയത്തിന്റെ മൃഗീയത ഇത്തരത്തിൽ തീക്ഷ്ണമാകുന്നത് ലോക ജനതയിലെ, വികസ്വര രാജ്യങ്ങളിലെയും വികസിത രാജ്യങ്ങളിലെയും മഹാഭൂരിപക്ഷം വരുന്ന വിഭാഗത്തെ കടന്നാക്രമിക്കുന്നു.

2.17 മുതലാളിത്ത ലോകത്തുടനീളം, വിശിഷ്യാ ഇന്ത്യയെപ്പോലെയുള്ള വികസ്വര രാജ്യങ്ങളിൽ, പൊതുമേഖലയുടെ ഓഹരി വിറ്റഴിക്കലിനും സ്വകാര്യവൽക്കരണത്തിനും ഇടയാക്കുന്ന ഇത്തരം കൈയേറ്റങ്ങൾ പൊതു ആസ്തികളുടെ പിടിച്ചടക്കലിലൂടെയുള്ള സ്വകാര്യ മൂലധന സഞ്ചയമല്ലാതെ മറ്റൊന്നുമല്ല. വെള്ളം, ഊർജ്ജം എന്നിവപോലെയുള്ള പൊതു ഉപഭോഗസാമഗ്രികളും വിദ്യാഭ്യാസം, ആരോഗ്യം എന്നിങ്ങനെയുള്ള പൊതു സേവനങ്ങളും സ്വകാര്യ മൂലധന സഞ്ചയത്തിന്റെ മണ്ഡലങ്ങളായി വലിയതോതിൽ മാറിക്കൊണ്ടിരിക്കുകയാണ്. ഖനിജ വിഭവങ്ങളുടെമേലുള്ള നിയന്ത്രണം സ്വകാര്യമേഖലയ്ക്കാകുന്നതും വർദ്ധിച്ചുവരികയാണ്. ബഹുരാഷ്ട്ര വിത്ത് കമ്പനിക്കും വിപണനകമ്പനികൾക്കുമായി കാർഷികരംഗം വലിയതോതിൽ തുറന്നുകൊടുത്തുകൊണ്ടിരിക്കുന്നത് വികസ്വരരാജ്യങ്ങളിലെ സ്വയാശ്രിത കൃഷി തീർത്തും നശിപ്പിക്കപ്പെടുന്നതിനിടയാക്കുന്നു; ഇത് കർഷക ജനസാമാന്യത്തെ കടുത്ത ദുരിതങ്ങളിലേക്ക് തള്ളിവീഴ്ത്തുന്നു. വ്യാപാര ചുങ്കങ്ങൾ

നീക്കംചെയ്യുന്നതും സ്വതന്ത്ര വ്യാപാരക്കരാറുകൾ അടിച്ചേൽപിക്കുന്നതും പല വികസ്വര രാജ്യങ്ങളിലും അപവ്യവസായവൽക്കരണത്തിനിടയാക്കുന്നു. മൂലധനത്തിനുള്ള ചലനസ്വാതന്ത്ര്യത്തിൽനിന്ന് വ്യത്യസ്തമായി, വികസിത രാജ്യങ്ങളിലെ കർക്കശമായ ആഭ്യന്തര കുടിയേറ്റ നിയമങ്ങൾ രൂക്ഷമായ ചൂഷണത്തിനും അടിച്ചമർത്തലിനും ഇടയാക്കുമ്പോൾ, ലാഭം പരമാവധിയാക്കുകയും ചെയ്യുന്നു. വനങ്ങൾ, ഖനികൾ, വെള്ളം തുടങ്ങി എല്ലാവർക്കും അവകാശപ്പെട്ട പൊതു വിഭവങ്ങൾ സ്വകാര്യസ്വത്തെന്ന നിലയിൽ ഏറ്റെടുക്കുന്നത് വർദ്ധിച്ചുവരികയാണ്.

**2.18** മുതലാളിത്തത്തിൻകീഴിൽ ഭരണകൂടം, അതിന്റെ രൂപം എന്തുതന്നെയായാലും, ബൂർഷ്വാ സർവാധിപത്യം തന്നെയായിരിക്കും. സമകാലിക സാമ്രാജ്യത്വത്തിൻകീഴിൽ, അന്താരാഷ്ട്ര ധനമൂലധനത്തിന്റെ താൽപര്യങ്ങൾ മുന്നോട്ടുകൊണ്ടുപോവുക എന്ന അതിന്റെ ഇപ്പോഴത്തെ ആവശ്യങ്ങൾക്ക് അനുസൃതമായി ഭരണകൂടത്തിന്റെ പങ്കിൽ മാറ്റം വരുന്നു. ഈ ഭരണകൂടം പലപ്പോഴും പ്രവർത്തിക്കുന്നത് അന്താരാഷ്ട്ര ധനമൂലധനത്തിന്റെ ആജ്ഞകൾക്കനുസരിച്ചാണ്. ആയതിനാൽ, സാമൂഹ്യ ഉത്തരവാദിത്വങ്ങളും ജനങ്ങളോടുള്ള ബാധ്യതകളും ഭരണകൂടം കൈവെടിയുന്നതിന്റെ അർത്ഥം സാമ്പത്തിക പ്രവർത്തനങ്ങളിൽനിന്നും ഭരണകൂടം പിന്മാറുന്നുവെന്നല്ല. അന്താരാഷ്ട്ര ധനമൂലധനത്തിന്റെ താൽപര്യങ്ങൾ നിർലജ്ജം സംരക്ഷിക്കുന്നതിനായി ഭരണകൂടത്തിന്റെ പങ്ക് മാറുകയാണ്. ഈ പ്രക്രിയയിൽ, ഭരണകൂടം അതിന്റെ സാമൂഹ്യ ഉത്തരവാദിത്വങ്ങൾ കൈവെടിയുന്നുവെന്ന് മാത്രമല്ല, ജനാധിപത്യ സ്ഥാപനങ്ങളെ തകർക്കുകയും നിയമനിർമ്മാണപ്രക്രിയക്കുമേലുള്ള ജനങ്ങളുടെ പരമാധികാരത്തെ അട്ടിമറിക്കുകയും അമിതാധികാര സ്വഭാവം വർദ്ധമാനമായ തോതിൽ സ്വീകരിക്കുകയും ചെയ്യുന്നു.

**2.19** സ്വകാര്യ മൂലധന സഞ്ചയപ്രക്രിയയുടെ ഇത്തരത്തിലുള്ള കടന്നുകയറ്റം വൻതോതിലുള്ള അഴിമതിക്ക് ഇന്നേവരെ അറിയപ്പെടാതിരുന്ന വഴികൾ തുറന്നിരിക്കുകയാണ്. അഴിമതി ആരോപണങ്ങളെ തുടർന്ന് വികസിത രാജ്യങ്ങളിലെയും വികസ്വര രാജ്യങ്ങളിലെയും പല ഭരണാധികാരികളും നിലംപതിച്ചു. (5) സാമ്രാജ്യത്വ ആഗോളവൽക്കരണത്തിൻകീഴിൽ നവലിബറൽ പരിഷ്കരണങ്ങൾ സൃഷ്ടിച്ച ഇത്തരം പുത്തൻ മാർഗങ്ങൾ മൂലമാണ് മുഖ്യമായും വമ്പൻ അഴിമതികളിലൂടെ ഇന്ത്യയിൽ വൻതോതിലുള്ള കൊള്ള നടക്കുന്നത്.

**2.20** മൂലധന സഞ്ചയത്തിന്റെ രണ്ട് പ്രക്രിയകളും ഒരേസമയം സമാന്തരമായി പ്രവർത്തിക്കുമ്പോൾതന്നെ, മുതലാളിത്തത്തിന്റെ 'കൈവശപ്പെടുത്തലിലൂടെയുള്ള മൂലധന സഞ്ചയം' എന്ന പ്രക്രിയയിൽനിന്ന് വ്യതിരിക്തമായി 'ബലം പ്രയോഗിച്ചുള്ള പിടിച്ചെടുക്കലിലൂടെയുള്ള മൂലധനസഞ്ചയം', സമകാലിക സാമ്രാജ്യത്വത്തിന്റെ അതിപ്രധാന സവിശേഷതയായി മാറിയിരിക്കുകയാണ്.

# III
# നവലിബറൽ ആഗോളവൽക്കരണത്തിന്റെ നിലനിർത്താനാവായ്മയും മുതലാളിത്ത പ്രതിസന്ധിയും

**3.1** സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ ഇത്തരത്തിലുള്ള ഉയർച്ച, നമ്മുടെ പാർടി പ്രമേയങ്ങളിൽ നാം വിശകലനം ചെയ്തിട്ടുള്ളതുപോലെ, നിലനിർത്താനാവാത്തതാണ്. മാത്രമല്ല, മുതലാളിത്തത്തിന് ചൂഷണരഹിതമോ പ്രതിസന്ധി രഹിതമോ ആയ വ്യവസ്ഥിതിയാകാൻ കഴിയില്ല എന്ന മാർക്സിന്റെ വിശകലനത്തിന്റെ പ്രസക്തി വ്യക്തമാക്കുന്ന നമ്മുടെ 14–ാം പാർടി കോൺഗ്രസിന്റെ പ്രമേയത്തിലെ ധാരണ നമ്മുടെ പാർടി പരിപാടിയിൽ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുമുണ്ട്. മുതലാളിത്തത്തിന്റെ ഈ മൗലികമായ രണ്ട് സവിശേഷതകളെയുമോ അതിൽ ഏതെങ്കിലും ഒന്നിനെയോ ഇല്ലാതാക്കാൻ ഒരുവിധത്തിലുള്ള പരിഷ്കരണത്തിനും കഴിയില്ല. കാരണം; മുതലാളിത്ത ഉൽപാദനപ്രക്രിയയിൽതന്നെ വേർപെടുത്താനാവാത്തവിധം കെട്ടുപിണഞ്ഞ് സ്ഥിതി ചെയ്യുന്നവയാണ് ഈ സവിശേഷതകൾ. അതിൽനിന്ന് ഉണ്ടാകുന്നതാണ് ഉൽപാദനത്തിന്റെ സാമൂഹ്യസ്വഭാവവും കൈവശപ്പെടുത്തലിന്റെ വ്യക്തിഗത സ്വഭാവവും തമ്മിലുള്ള അതിന്റെ അടിസ്ഥാന വൈരുദ്ധ്യം. മുതലാളിത്തത്തിന് 'മാനുഷികമുഖം' ഉണ്ടാക്കുന്ന പരിഷ്കാരം സംബന്ധിച്ച് സോഷ്യൽ ഡമോക്രസി പരത്തുന്ന എല്ലാ വ്യാമോഹങ്ങളെയും അത് സ്വയം നിഷേധിക്കുകയാണ്.

**3.2** തൊഴിലിന്റെ സ്വഭാവവും ഘടനയും– കായികമോ മാനസികമോ (ബുദ്ധിപരമോ) ഏതു തൊഴിലായാലും– ഈ ചൂഷണ പ്രക്രിയയിൽ വലിയ മാറ്റമൊന്നും വരുത്തുന്നില്ല. തൊഴിലാളിവർഗത്തിന്റെ (കായികജോലി ചെയ്യുന്ന) സ്വഭാവം മാർക്സിന്റെ കാലത്തേതിൽനിന്ന് ആധുനിക കാലഘട്ടമായപ്പോഴേക്ക് വളരെയേറെ മാറിയിട്ടുണ്ടെന്നും കായികജോലി ചെയ്യുന്നവരുടെ അനുപാതം മാർക്സിന്റെ കാലത്തേതിനെ അപേക്ഷിച്ച് എടുത്തുപറയത്തക്കവി

ധത്തിൽ കുറഞ്ഞിട്ടുണ്ടെന്നും അതിനാൽ മാർക്സിന്റെ വിശകലനത്തിന് ഇനിയൊട്ടും സാധുതയില്ലെന്നും ഉള്ള വാദഗതിയുടെ യുക്തിരാഹിത്യത്തെയാണ് ഇത് തുറന്നുകാണിക്കുന്നത്. മുതലാളിത്ത ഉൽപാദനപ്രക്രിയയിൽ അധ്വാനശക്തി ഉൽപാദനം നടത്തുന്നിടത്തോളം കാലം, അത് ചൂഷണം ചെയ്യപ്പെടുന്നു; അതാണ് മിച്ചമൂല്യത്തിന്റെയും അതുവഴി ലാഭത്തിന്റെയും പ്രഭവസ്ഥാനം– അതാണ് മുതലാളിത്തത്തിന് മുഖ്യ നിദാനം.

**3.3** പക്ഷേ മാനസികമായ (ബുദ്ധിപരമായ) ജോലി ചെയ്യുന്നവരുടെ അനുപാതം വർധിക്കുന്നതോടുകൂടി, തങ്ങൾ ഇപ്പോൾ ചൂഷണം ചെയ്യപ്പെടുന്നവരല്ലെന്നും മുതലാളിത്തത്തിന്റെ ''പങ്കാളികൾ''ആണെന്നും ഉള്ള മിഥ്യാധാരണ അവരിൽ ചില വിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കപ്പെടുന്നു. ചൂഷണം ചെയ്യപ്പെടുന്നവരുടെ വർഗഐക്യത്തെ തകർക്കുന്ന അവസരത്തിൽത്തന്നെ, ഇവരിൽ ചില വിഭാഗങ്ങൾ അത്തരം വ്യാമോഹങ്ങൾക്ക് ഇരയായിത്തീരുകയും അങ്ങനെ നവലിബറലിസത്തെ താങ്ങിനിർത്തുകയും ചെയ്യുന്നു. ഈ പ്രവണതയെ പ്രത്യയശാസ്ത്രപരമായി വെല്ലുവിളിക്കുകയും നേരിടുകയും ചെയ്യേണ്ടതുണ്ട്.

**3.4** അതെന്തായാലും ഇന്നത്തെ നവലിബറൽ കടന്നാക്രമണം, അതിനെ ഭംഗുരമാക്കുന്ന പ്രവണതകളെയും ഉണ്ടാക്കിയിട്ടുണ്ട്. ഈ കാര്യം സ്ഥാപിക്കുന്നതിനായി, ആഗോളവൽക്കരണത്തിന്റെ രണ്ട് പ്രധാന സവിശേഷതകൾ ഊന്നിപ്പറയേണ്ടതായിട്ടുണ്ട്. ഒന്നാമത്, ഈ പ്രക്രിയയോടൊപ്പം, ഓരോ രാജ്യത്തിനകത്തും ധനികരും ദരിദ്രരും തമ്മിലും വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിലും ഉള്ള വർധിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക അസമത്വങ്ങളും ഉണ്ടാകുന്നുണ്ട്. **(6)** രണ്ടാമത്, ''തൊഴിലില്ലാത്ത വളർച്ച'' എന്ന പ്രതിഭാസത്തിനാണ് ആഗോളവൽക്കരണം ജന്മം നൽകിയിട്ടുള്ളത്. പരമാവധി ലാഭ സംഭരണത്തിന്റെ സഞ്ചാരപഥം, മനുഷ്യാധ്വാനത്തെ മാറ്റി പകരം, മനുഷ്യവിഭവശേഷി വികസിപ്പിക്കുന്നതിനേക്കാൾ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനായി കൂടുതൽ നിക്ഷേപം നടത്തുന്നതിനാണ് അനിവാര്യമായും ശ്രമിക്കുന്നത് എന്നതാണ് അതിനുകാരണം. ഈ കാലയളവിൽ ആഗോളതലത്തിൽ ജിഡിപി വളർച്ചയേക്കാൾ എല്ലായ്പ്പോഴും താഴ്ന്നതായിരുന്നു തൊഴിൽ വളർച്ച. **(7)** ഈ രണ്ട് സവിശേഷതകളും കൂട്ടിച്ചേർത്തുവെച്ചാൽ, ലോകജനസംഖ്യയിൽ മഹാഭൂരിപക്ഷത്തിന്റെയും വാങ്ങൽക്കഴിവ് ഇടിഞ്ഞുകൊണ്ടിരിക്കുകയാണ് എന്നാണ് ലഭിക്കുന്ന അർഥം.

**3.5** ഉൽപാദിപ്പിക്കപ്പെട്ടവ വിൽക്കപ്പെടാതിരിക്കുമ്പോൾ മിച്ചമൂല്യം ലാഭമാക്കി മാറ്റാൻ കഴിയാത്തതുകാരണം മുതലാളിത്തം അനിവാര്യമായും പ്രതിസന്ധിയിലേക്ക് മുതലക്കൂപ്പ് കുത്തുന്നു. സാമ്രാജ്യത്വത്തിന്റെ ഈ ആഗോളവൽക്കരണ ദശയിൽ അത്തരം പ്രതിസന്ധി വിവിധ രൂപങ്ങളിൽ ആവർത്തിച്ചാവർത്തിച്ച് ഉണ്ടായിക്കൊണ്ടേയിരിക്കും. **(8)** ഇത് മുതലാളിത്തത്തെ നിലനിൽക്കാനാവാത്തതാക്കിത്തീർക്കുന്നു. പ്രതിസന്ധി ഘട്ടത്തെ അഭിമുഖീകരിക്കുമ്പോൾ, മുതലാളിത്തത്തിന്റെ സ്ഥിരം സ്വഭാവത്തിന്നനുസരിച്ച്, ഈ പ്രതിസന്ധിയെ വിവിധ മാർഗങ്ങളിലൂടെ മറികടക്കുന്നതിന് മുതലാളിത്തം ശ്രമിക്കുന്നു. ഈ പ്രക്രിയയ്ക്കിടയിൽ മുതലാളിത്തത്തിന് ഒരു വർത്തമാനകാല പ്രതിസന്ധിയെ താൽക്കാലികമായി തരണം ചെയ്യാൻ കഴിഞ്ഞേക്കാം. എന്നാൽ അത് ഭാവിയിലെ കൂടുതൽ അഗാധമായ പ്രതിസന്ധിയ്ക്കുള്ള അടിത്തറയിടുകയാണ് അനിവാര്യമായും ചെയ്യുക.

**3.6** ഈ പരിതഃസ്ഥിതിയിൽ തങ്ങളുടെ ലാഭനിലവാരം നിലനിർത്തുന്നതിനും വിപുലപ്പെടുത്തുന്നതിനുമായി മുതലാളിത്തം ഒരു മാർഗം തിരഞ്ഞെടുത്തു – വായ്പയെടുക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചുകൊണ്ട് അവരുടെ വാങ്ങൽക്കഴിവ് വർധിപ്പിക്കുകയായിരുന്നു അത്. അങ്ങനെ ജനങ്ങൾ ചെലവഴിയ്ക്കുന്നതു വഴി തങ്ങളുടെ ലാഭ സമ്പാദന നിലവാരം നിലനിർത്തി. എന്നാൽ ഈ വായ്പകൾ തിരിച്ചടയ്ക്കേണ്ട ഘട്ടം വരുമ്പോൾ അധമർണരിൽ മഹാഭൂരിപക്ഷത്തിന്റേയും സാമ്പത്തിക സ്ഥിതി ഇടിഞ്ഞ പശ്ചാത്തലത്തിൽ, അനിവാര്യമായും തിരിച്ചടവിൽ വീഴ്ച സംഭവിയ്ക്കും. അമേരിക്കയിൽ സംഭവിച്ചത് ശരിക്കും ഇതുതന്നെയാണ്. ഈയിടെയുണ്ടായ സബ്പ്രൈം വായ്പാ പ്രതിസന്ധി വ്യാപകമായ പണം തിരിച്ചടവ് വീഴ്ചയിലേക്ക് നയിക്കുകയും അത് ലോകമുതലാളിത്ത വ്യവസ്ഥയെ വിഴുങ്ങുകയും ചെയ്തു. **(9)**

**3.7** എന്നുതന്നെയല്ല, ഉയർന്ന ലാഭം തേടുന്ന മൂലധനം, പുതിയ പുതിയ ചരക്കുകൾ തുടർച്ചയായി ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുകയും അതിലൂടെ തങ്ങളുടെ വിപണിയിടപാടുകൾ വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മാർക്സ് പറഞ്ഞിട്ടുള്ളതുപോലെ, ''ഉൽപാദനം ആളുകൾക്കു വേണ്ട ഉൽപന്നങ്ങൾ ഉണ്ടാക്കുക മാത്രമല്ല, ഉൽപന്നങ്ങൾക്കുവേണ്ട ആളുകളെ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്''. **(10)** അന്താരാഷ്ട്ര ധനമൂലധനത്തിന്റെ നിയമം അനുസരിച്ച്, ലാഭം പരമാവധിയാക്കിത്തീർക്കുന്നതിനുവേണ്ടി ചൂതാട്ടസ്വഭാവമുള്ള മേഖലകൾ വൻതോതിൽ വികസിപ്പിക്കുന്നതിനായി മുതലാളിത്തം പുതിയ ധനപരമായ

ചരക്കുകളെ ഉൽപാദിപ്പിക്കുന്നു. നാശം വരുത്തിവെച്ചതും ഇന്നത്തെ പ്രതിസന്ധി ഉണ്ടാക്കി വെച്ചതുമായ ഇത്തരം ചരക്കുകളിലൊന്ന് ''ഡെറിവേറ്റീവുകളു''ടെ വ്യാപാരമാണ്. (11)

**3.8** മുതലാളിത്ത വ്യവസ്ഥയിൽ അന്തർലീനമായിട്ടുള്ള സ്വഭാവമായ, എന്തു ചെയ്തും ലാഭം പരമാവധി വർധിപ്പിക്കുന്നതിനുള്ള രോഗനിദാനപരമായ ഈ ത്വരയാണ് (ഏതെങ്കിലും ചിലരുടെ വ്യക്തിപരമായ ആർത്തിയോ അഥവാ നിയന്ത്രണ സംവിധാനങ്ങളുടെ ദൗർബല്യമോ അല്ല) ഇന്നത്തെ പ്രതിസന്ധിയുടെ മൂലകാരണം.

**3.9** നേടിയ ലാഭം വിപുലീകരിച്ചുകൊണ്ടിരിക്കുന്ന ഉൽപാദനത്തുറകളിൽ വീണ്ടും നിക്ഷേപിച്ചിരുന്നുവെങ്കിൽ, അതിന്റെ ഫലമായി ഉണ്ടാകുന്ന തൊഴിൽസൃഷ്ടിയിലൂടെ ജനങ്ങളുടെ വാങ്ങൽക്കഴിവ് വർധിക്കുമായിരുന്നു; അത് മൊത്തത്തിലുള്ള ഡിമാൻഡ് വർധിയ്ക്കുന്നതിന്നിടയാക്കുമായിരുന്നു; അതിന്റെ ഫലമായി വ്യവസായവൽക്കരണത്തിനും യഥാർത്ഥ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും അത് ഉത്തേജനം നൽകുമായിരുന്നു- അതായത് വികസനത്തിലൂടെയുള്ള മൂലധന സഞ്ചയവും അങ്ങനെ അതിന്റെ കൈവശപ്പെടുത്തലും നടക്കുമായിരുന്നു. പക്ഷേ, അന്താരാഷ്ട്ര ധനമൂലധനത്തിന്റെ അതിഭീമമായ സഞ്ചയം, അമിതമായ ലാഭം ആർജിക്കുന്നതിനുള്ള വ്യഗ്രതയ്ക്കിടയിൽ, ഈ പ്രക്രിയയ്ക്കപ്പുറം പരമാവധി ലാഭം ഉണ്ടാക്കുന്നതിനുള്ള ചൂതാട്ട സ്വഭാവമുള്ള പുതിയ തുറകൾ നിരന്തരം ആരാഞ്ഞുകൊണ്ടിരിക്കുന്നു.

**3.10** ചുരുക്കിപ്പറഞ്ഞാൽ, ആഗോളവൽക്കരണത്തിൻെറകീഴിൽ, ലോകജനസംഖ്യയിൽ മഹാഭൂരിപക്ഷത്തിന്റെയും വാങ്ങൽക്കഴിവ് കുത്തനെ ഇടിഞ്ഞുകൊണ്ടിരിക്കുമ്പോൾ, വളരെ വേഗത്തിൽ ലാഭം ഉണ്ടാക്കുന്നതിനുള്ള ത്വരയോടുകൂടി, ധനമൂലധനം, പലിശ കുറഞ്ഞ (സബ്പ്രൈം) വായ്പകൾ നൽകിക്കൊണ്ടും ഊഹാധിഷ്ഠിതമായ ''കുമിളകൾ'' ഉണ്ടാക്കിക്കൊണ്ടും കൃത്രിമമായി വാങ്ങൽക്കഴിവ് വിപുലമാക്കുക എന്ന ഊഹാധിഷ്ഠിതമായ മാർഗമാണ് തിരഞ്ഞെടുക്കുന്നത്. ഇത്തരം വായ്പകൾ കൊടുക്കുന്നതിലൂടെ ലാഭമുണ്ടാക്കപ്പെടുന്നുണ്ട്. എന്നാൽ തിരിച്ചടയ്ക്കേണ്ട ഘട്ടം വരുമ്പോൾ വീഴ്ച സംഭവിക്കുന്നു. അത് വായ്പയെടുത്തവരെ നശിപ്പിക്കുകയും വ്യവസ്ഥയെത്തന്നെ വികലമാക്കിത്തീർക്കുകയും ചെയ്യുന്നു. ഇപ്പോഴത്തെ ആഗോള മുതലാളിത്ത പ്രതിസന്ധിയ്ക്ക് ഇടവരുത്തിക്കൊണ്ട്, ഇതാണ് ശരിക്കും അതിഭീമമായ അളവിൽ സംഭവിച്ചത്.

**3.11** ശക്തമായ ഒരു രാഷ്ട്രീയ ബദലിന്റെ അഭാവത്തിൽ, മുതലാളിത്തം ഈ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെട്ടെന്നുവരാം. എന്നാലത് ചൂഷണം കൂടുതൽ തീക്ഷ്ണമാക്കിക്കൊണ്ടും ആദിമ മൂലധനസഞ്ചയം കൂടുതൽ രൂക്ഷമാക്കുന്ന പ്രക്രിയയിലൂടെയും ആയിരിക്കും. ഇന്നിപ്പോൾ എല്ലാ മേഖലകളിലും പ്രകടമായിട്ടുള്ള സാമ്രാജ്യത്വ കടന്നാക്രമണ ത്വര അതാണ് കാണിക്കുന്നത്.

**3.12** ഇന്നു ഇതൾ വിടർത്തിക്കൊണ്ടിരിക്കുന്നത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്ന പ്രതിസന്ധികളുടെ അത്തരമൊരു പ്രക്രിയ തന്നെയാണ്. മുതലാളിത്ത ഭരണകൂടത്തിൻെറ സ്വഭാവമനുസരിച്ച്, ഈ പ്രതിസന്ധിയ്ക്ക് പ്രാഥമികമായും കാരണക്കാരായ അതേ ധനപരമായ ഭീമന്മാർക്ക്, അമ്പരപ്പിക്കുന്ന വിധം വലിയ തുകയുടെ രക്ഷപ്പെടുത്തൽ സഹായം നൽകിക്കൊണ്ട്, പ്രതിസന്ധിയെ തരണം ചെയ്യാനാണ് അത് ശ്രമിച്ചത്. ഉയിർത്തെഴുന്നേൽപ്പ് നടത്തുന്നതിനും വമ്പിച്ച ലാഭം ഉണ്ടാക്കുന്നതിനും ഇത് ധനഭീമന്മാരെ അനിവാര്യമായും അനുവദിച്ചു (12) അതേ അവസരത്തിൽത്തന്നെ, അത്തരം രക്ഷപ്പെടുത്തൽ സഹായം നിർവഹിക്കാൻ ആവശ്യമായ പണത്തിനുവേണ്ടി വമ്പിച്ച അളവിൽ വായ്പകൾ വാങ്ങാൻ നിർബന്ധിതമാകുന്ന മുതലാളിത്ത രാജ്യങ്ങളിലെ ഗവൺമെന്റുകൾക്കുമേൽ അത് നടുവൊടിക്കുന്ന ഭാരം കയറ്റിവെയ്ക്കുകയും ചെയ്യുന്നു. മുതലാളിത്തം അതിൻെറ യഥാർത്ഥ സ്വഭാവത്തിന്നനുസരിച്ച്, വമ്പിച്ച അളവിൽ രാജ്യങ്ങളുടെമേൽ വായ്പാ ബാധ്യത വരുത്തിവെയ്ക്കുമ്പോൾത്തന്നെ ലാഭം ഉണ്ടാക്കുന്നതിനുള്ള തുറകളെ സംരക്ഷിക്കുകയും യഥാർത്ഥത്തിൽ വിപുലപ്പെടുത്തുക തന്നെയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കോർപ്പറേറ്റുകളുടെ പാപ്പരത്തത്തെ രാജ്യങ്ങളുടെ പാപ്പരത്തമായി മാറ്റിത്തീർക്കുന്നു; യൂറോപ്യൻ യൂണിയനിലെ പല രാജ്യങ്ങളെയും അമേരിക്കയെത്തന്നെയും അത് ബാധിച്ചിട്ടുണ്ട്.

**3.13** മുതലാളിത്തത്തിന്റെ യഥാർത്ഥ സ്വഭാവത്തിന്നനുസരിച്ചു തന്നെ, പരമാധികാര രാജ്യങ്ങളുടെ ഈ പാപ്പരത്തത്തിന്റെ ഭാരം, തൊഴിലാളിവർഗത്തിന്റെയും അധ്വാനിക്കുന്ന ജനങ്ങളുടെയും (13) മേലുള്ള അഭൂതപൂർവമായ ഭാരത്തിന്റെ രൂപത്തിൽ അവരുടെ തലയിൽ കെട്ടിയേൽപ്പിക്കപ്പെടുന്നു. ഇത്തരം വായ്പകൾ തിരിച്ചടയ്ക്കുന്നതിന് പണം കണ്ടെത്തുന്നതിനുവേണ്ടി, ചെലവുചുരുക്കലിന്റെ പേരിൽ, തൊഴിലാളിവർഗവും അധ്വാനിക്കുന്ന ജനവിഭാഗങ്ങളും ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും കുത്തനെ വെട്ടിക്കുറയ്ക്കുന്ന വിധത്തിലുള്ള ''ചെലവുചുരുക്കൽ നടപടികൾ'' കെട്ടിയേൽപ്പിക്കപ്പെടുന്നു. അങ്ങനെ, ജനങ്ങളുടെ മേലുള്ള ചൂഷണം കൂടുതൽ രൂക്ഷമാക്കിക്കൊണ്ട്, ഈ പ്രതി

സന്ധിയിൽനിന്ന് രക്ഷപ്പെടുവാൻ മുതലാളിത്തം ഒരിക്കൽക്കൂടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

3.14 ആഗോള മുതലാളിത്തത്തിന്റെ ഈ ശ്രമം തന്നെ, കൂടുതൽ അഗാധമായ പ്രതിസന്ധിയ്ക്കുള്ള വിത്തുകൾ സ്വയം പാകിക്കൊണ്ടിരിക്കുന്നുണ്ട്. അത് ഇപ്പോൾത്തന്നെ ആരംഭിച്ചുകഴിഞ്ഞു. തൊഴിലില്ലായ്മ കുത്തനെ വർദ്ധിപ്പിക്കുകയും ജനങ്ങളുടെ വാങ്ങൽ കഴിവ് കുത്തനെ ഇടിച്ചു താഴ്ത്തുകയും ചെയ്യുന്ന ഇത്തരം ചെലവുചുരുക്കൽ നടപടികളുടെ ഫലമായി, മാന്ദ്യത്തിന്റെ പരിതഃസ്ഥിതി കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. (14)

3.15 അതെന്തായാലും നേരത്തേ സൂചിപ്പിച്ചപോലെ, പ്രതിസന്ധി എത്രമാത്രം മൂർച്ഛിച്ചതാണെങ്കിൽത്തന്നെയും മുതലാളിത്തം ഒരിക്കലും താനേ തകരുകയില്ല. മുതലാളിത്തത്തിൻകീഴിൽ നിലനിൽക്കുന്ന ഉൽപാദനബന്ധങ്ങളും ഉൽപാദനശക്തികളുടെ വളർച്ചയും തമ്മിലുള്ള സന്തുലനം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി, ഉൽപാദനശക്തികളിലെ ഒരു ഭാഗത്തെ നശിപ്പിച്ചുകൊണ്ട്, ഓരോ പ്രതിസന്ധിയിൽനിന്നും മുതലാളിത്തം കൂടുതൽ ശക്തമായി ഉയർന്നുവരുന്നു എന്ന മാർക്സിൻെറ വിശകലനം അനുസ്മരിക്കുക. ചൂഷണത്തെ കൂടുതൽ രൂക്ഷമാക്കിത്തീർക്കുന്ന ഒരു പ്രക്രിയയാണിത്.

3.16 അതുകൊണ്ട് മുതലാളിത്തത്തെ കീഴ്പ്പെടുത്തേണ്ടതുണ്ട്. മൂലധനത്തിന്റെ വാഴ്ചക്കെതിരായി രാഷ്ട്രീയ കടന്നാക്രമണം തൊടുത്തുവിടുന്നതിന് ജനകീയ സമരങ്ങളിലൂടെ വർഗസമരത്തെ രൂക്ഷമാക്കിത്തീർക്കുവാൻ കെൽപ്പുള്ള തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൽ സമൂഹത്തിലെ ഭൗതികശക്തിയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനെയാണ്, അത് നിർണായകമായ വിധത്തിൽ ആശ്രയിച്ചു നിൽക്കുന്നത്. ഈ ഭൗതികശക്തിയെയും അതിന്റെ കരുത്തിനെയും കെട്ടിപ്പടുക്കുന്നതാണ് ''ആത്മനിഷ്ഠ ഘടകം'' – അതിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായും അത്യന്താപേക്ഷിതമാണ്. ''വസ്തുനിഷ്ഠ'' ഘടകം (പ്രതിസന്ധിയുടെ മൂർത്തമായ പരിതഃസ്ഥിതി) വിപ്ലവകരമായ മുന്നേറ്റത്തിന് എത്രമാത്രം അനുകൂലമാണെങ്കിൽത്തന്നെയും, ''ഈ ആത്മനിഷ്ഠ ഘടകത്തെ'' ശക്തിപ്പെടുത്താതെ, മൂലധനത്തിന്റെ വാഴ്ചക്കെതിരായ വിപ്ലവകരമായ കടന്നാക്രമണമായി അതിനെ മാറ്റിത്തീർക്കാനാവില്ല.

3.17 അതതു രാജ്യങ്ങളിലെ ''ആത്മനിഷ്ഠ ഘടക''ത്തെ ശക്തിപ്പെടുത്തുന്നതിനും അങ്ങനെ വിപ്ലവകരമായ പരിവർത്തന പ്രക്രിയയെ മുന്നോട്ടുകൊണ്ടുപോകുന്നതിനുമായി, വർഗസമരങ്ങളെ മൂർച്ഛിപ്പിക്കുന്നതിനും ഈ യഥാർത്ഥ പരിതഃസ്ഥിതികളെ നേരിടുന്നതിന്നും വേണ്ടി, തൊഴിലാളിവർഗത്തിന് നിരവധി ഇടക്കാല മുദ്രാവാക്യങ്ങളും നടപടികളും അടവുകളും കൈക്കൊള്ളേണ്ടിവരും.

## IV
## സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവും

4.1 അന്താരാഷ്ട്ര വർഗശക്തികളുടെ ബലാബലത്തിൽ സാമ്രാജ്യത്വത്തിന് അനുകൂലമായ ദിശാമാറ്റം ഉണ്ടായതിനെത്തുടർന്ന്, അമേരിക്ക, അതിന്റെ മൂന്ന് പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടിയെടുത്തുകൊണ്ട് തങ്ങളുടെ ആഗോള അധീശാത്വം കൂടുതൽ ദൃഢീകരിക്കുന്നതിനുള്ള ഉദ്യമത്തിൽ വ്യാപൃതമായി.

4.2 ബാക്കിയുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങളെ ഇല്ലാതാക്കുക എന്നതായിരുന്നു അതിൽ ഒന്നാമത്തെ ലക്ഷ്യം. അപകോളണിവൽക്കരണത്തെത്തുടർന്ന് രൂപംകൊണ്ട ചേരിചേരാ പ്രസ്ഥാനത്തിന് നിദാനമായ മൂന്നാംലോക ദേശീയതയെ തോൽപ്പിച്ചോ കൂട്ടത്തിലേയ്ക്കെടുത്തോ, നിർവീര്യമാക്കിത്തീർക്കുക എന്നതായിരുന്നു രണ്ടാമത്തേത്. ലോകത്തിനുമേൽ പൊതുവിലും തങ്ങളുമായി മൽസരിക്കുമെന്ന് കരുതുന്നവരുടെമേൽ പ്രത്യേകിച്ചും വ്യക്തവും അസന്ദിഗ്ധവുമായ, സൈനികവും സാമ്പത്തികവുമായ മേധാവിത്വം സ്ഥാപിക്കുക എന്നതായിരുന്നു അവസാനത്തേത്.

4.3 ഈ പുതിയ ലോകവ്യവസ്ഥ, എല്ലാ മേഖലകളിലും (15) പ്രാവർത്തികമാക്കപ്പെടും വിധത്തിലാണ് ആസൂത്രണം ചെയ്യപ്പെട്ടിരുന്നത്. ഇത്, ഒരു വശത്ത്, ഇറാക്കിനുമേൽ ഏകപക്ഷീയമായ യുദ്ധവും സൈനിക അധിനിവേശവും കെട്ടഴിച്ചുവിടുന്നതിലേക്ക് നയിച്ചു. മറുവശത്താകട്ടെ, അമേരിക്കയുടെ സൈനികയന്ത്രത്തെ ശക്തിപ്പെടുത്തുന്നതിലേക്കും നയിച്ചു. (16) അതേ അവസരത്തിൽത്തന്നെ സാമ്രാജ്യത്വത്തിന്റെ ആഗോളയുദ്ധയന്ത്രം എന്ന നിലയിൽ നാറ്റോവിനെ ശീതയുദ്ധത്തിന്റെ അവസാനത്തോടെ (അതിന്റെ നിലനിൽ

പ്പിന്റെ ആവശ്യം തന്നെ ഇല്ലാതായിക്കഴിഞ്ഞിരുന്നു) കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്തു. (17)

4.4 ചോദ്യം ചെയ്യപ്പെടാത്ത തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുന്നതിനും തുടർന്ന് നിലനിർത്തുന്നതിനുംവേണ്ടി, സാമ്രാജ്യത്വത്തിന്, ലോക സാമ്പത്തിക വിഭവങ്ങളെ (പ്രത്യേകിച്ചും ഇന്ധനവിഭവങ്ങളെ, അതിലും പ്രത്യേകിച്ച് എണ്ണസ്രോതസ്സുകളെ) തങ്ങളുടെ നിയന്ത്രണത്തിൻകീഴിൽ കൂടുതൽ കൂടുതൽ കൊണ്ടുവരേണ്ടത് ആവശ്യമായിരുന്നു. (18) അതുകൊണ്ടാണ് പശ്ചിമേഷ്യയിൽ അവരുടെ അധിനിവേശം ഉണ്ടായത്. പശ്ചിമേഷ്യയിലെയും മധ്യേഷ്യയിലെയും എണ്ണ–പ്രകൃതിവാതക സ്രോതസ്സുകളുടെമേൽ സാമ്പത്തിക നിയന്ത്രണം സ്ഥാപിക്കുക എന്ന അമേരിക്കൻ തന്ത്രത്തെ സംബന്ധിച്ചിടത്തോളം അഫ്ഗാനിസ്ഥാന് മർമ്മ പ്രധാന സ്ഥാനം തന്നെയുണ്ട്. (19) ഈ മേഖലയിലെ ഭരണങ്ങളെയും രാഷ്ട്രീയത്തേയും നിയന്ത്രിക്കേണ്ടത് അമേരിക്കക്ക് ആവശ്യമായി വന്നതിന്റെ പ്രത്യക്ഷത്തിലുള്ള അനന്തരഫലമാണ്, ഇസ്രയേലിനെ സൈനികമായി താങ്ങിനിർത്തുന്നതും പശ്ചിമേഷ്യൻ പ്രതിസന്ധിയെ ശാശ്വതമാക്കി നിലനിർത്തുന്നതും. ഈ മേഖലയിലെ വിഭവങ്ങളുടെ മേൽ നിയന്ത്രണം സ്ഥാപിക്കുന്നതിനുവേണ്ടി ''ഭരണമാറ്റം'' സംഘടിപ്പിക്കുന്നത് സാമ്രാജ്യത്വത്തിന്റെ ന്യായമായ അവകാശമാണ് എന്ന വാദം അവർ ഉയർത്തിപ്പിടിക്കുന്നത് അതിനുവേണ്ടിയാണ്.

4.5 ടുണീഷ്യ, ഈജിപ്ത്, യെമൻ തുടങ്ങിയ രാജ്യങ്ങളിൽ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ പിന്തുണയുള്ളതോ അഥവാ അമേരിക്കൻ സാമ്രാജ്യത്വത്താൽ താങ്ങിനിർത്തപ്പെടുന്നതോ ആയ അമിതാധികാര സ്വേച്ഛാധിപത്യ വാഴ്ചകൾക്കെതിരായി ജനങ്ങൾ കലാപം നടത്തുന്നതാണ് ''അറബ് വസന്ത''ത്തിൽ കണ്ടത്. ജനാധിപത്യത്തിനും സിവിൽ സ്വാതന്ത്ര്യങ്ങൾക്കും മെച്ചപ്പെട്ട ജീവനോപാധികൾക്കുംവേണ്ടിയുള്ള ജനങ്ങളുടെ ത്വരയാണ് ഇതിൽ പ്രതിഫലിച്ചു കണ്ടത്. ഈ മേഖലയിലെ തങ്ങളുടെ ഏറ്റവും വിശ്വസ്തരായ ചില സഖ്യകക്ഷികളെ നഷ്ടപ്പെട്ടതിനാൽ, അമേരിക്കൻ സാമ്രാജ്യത്വം പുതിയതായി ഉയർന്നുവരുന്ന വാഴ്ചകളുടെമേൽ സ്വാധീനവും നിയന്ത്രണവും നേടുന്നതിനായി ലിബിയയിൽ എന്നപോലെ സൈനികമായും അഥവാ ബഹ്റീനിൽ സൗദി അറേബിയയുടെ ഇടപെടലിന്നെന്നപോലെ പിന്തുണ നൽകിയുമൊക്കെ ഈ മേഖലയിൽ നഗ്നമായി ഇടപെടുകയാണ്. ഇത്തരം സംഭവവികാസങ്ങൾ കൂടുതൽ വിടർന്നു വരുന്നതോടെ, സാമ്രാജ്യത്വ ശക്തികൾ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ഈ മേഖലയിൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇറാൻ, തുർക്കി, സിറിയ തുടങ്ങിയ പശ്ചിമേഷ്യൻ ശക്തികളും തങ്ങളുടെ മേഖലാതല സ്വാധീനത്തിന്റെ നിലയിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്.

4.6 എവിടെയൊക്കെ ഭരണമാറ്റം നടപ്പാക്കുന്നതിൽ സാമ്രാജ്യത്വം വിജയിച്ചിട്ടുണ്ടോ, അവിടെയൊക്കെ അത് ഇടമുണ്ടാക്കിക്കൊടുത്തത് തീവ്ര വലതുപക്ഷത്തിനാണ്; പലപ്പോഴും മത തീവ്രവാദ ശക്തികൾക്കാണ്. അതാവട്ടെ ചിട്ടയായി ഇടത് പുരോഗമന ശക്തികളെ ആക്രമിച്ചുകൊണ്ടാണ് എന്ന് ഓർത്തിരിക്കേണ്ടതാണ്. ഒടുക്കം പറഞ്ഞവർ കലർപ്പില്ലാത്തതും മാറ്റമില്ലാത്തതുമായ സാമ്രാജ്യത്വവിരുദ്ധ ശക്തിയെയാണ് പ്രതിനിധീകരിക്കുന്നത് എന്നതിനാൽ അവരെ ദുർബലപ്പെടുത്തുക, എന്നും സാമ്രാജ്യത്വത്തിന്റെ ഒരു പ്രഖ്യാപിത ലക്ഷ്യമാണ്. സാമ്രാജ്യത്വവും മതമൗലികവാദ ശക്തികളും ഇടതുപക്ഷ ശക്തികളെ ദുർബലപ്പെടുത്തുന്നതിനായി പ്രവർത്തിക്കുന്നു. ഇറാഖിൽ അമേരിക്ക നടത്തിയ അധിനിവേശം അവിടത്തെ മതപരമായ അകൽച്ചയെ മൂർച്ഛിപ്പിക്കുകയും ആ സമൂഹത്തിന്റെ മതനിരപേക്ഷ ബന്ധങ്ങളെ നശിപ്പിക്കുകയും ചെയ്തു. മുമ്പ് എണ്ണയുടെ നിയന്ത്രണം തിരിച്ച് പിടിക്കുന്നതിനായി ഇറാനിൽ അമേരിക്ക ഷാ വാഴ്ചയെ അവരോധിച്ചത് കമ്യൂണിസ്റ്റുകാരെയും പുരോഗമന ദേശീയവാദികളെയും ചിട്ടയായും ഭീകരമായും അടിച്ചമർത്തുന്നതിന് ഇടയാക്കി. അത് ഇസ്ലാമിക പുരോഹിത വിഭാഗത്തിനുമാത്രം മുഖ്യപ്രതിപക്ഷമായി വളർന്നുവരുന്നതിന് അവസരം നൽകി. അഫ്ഘാനിസ്ഥാനിൽ അന്നത്തെ സോവിയറ്റ് യൂണിയന്റെ പിന്തുണയോടെ നിലനിന്നിരുന്ന പുരോഗമന ശക്തികളുടെ ഭരണത്തെ തകിടം മറിക്കാൻ നടത്തിയ നീക്കം മുജാഹിദീൻ–താലിബാൻ–ഒസാമ ബിൻ ലാദൻ അവിശുദ്ധ സഖ്യം രൂപപ്പെടുന്നതിലേക്ക്– അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ തന്നെ ശത്രുവായി അത് വളരുന്നതിലേക്ക്– നയിച്ചു. ഇപ്പോഴത്തെ 'അറബ് വസന്ത' സംഭവവികാസങ്ങൾ നടന്ന രാജ്യങ്ങളിൽ പലതിലും അത്തരം അപകട സാധ്യതകൾ ആസന്നമാണെന്ന് തോന്നുന്നു.

4.7. സാമ്രാജ്യത്വത്തിന്റെ ഏകധ്രുവ ലോകക്രമം അടിച്ചേൽപ്പിക്കൽ നടപടിക്ക് ശക്തമായ പ്രത്യയശാസ്ത്ര ആക്രമണത്തിന്റെ പിൻബലമുണ്ട്. സാമ്രാജ്യത്വം ജനാധിപത്യത്തെ സ്വതന്ത്ര വിപണിയുമായി തുല്യപ്പെടുത്തുന്നു. ഈ മൂടുപടമുപയോഗിച്ചും ഒപ്പംതന്നെ ജനാധിപത്യ സങ്കൽപനം ഉയർത്തിപ്പിടിക്കാനെന്ന പേരിലും സാമ്രാജ്യത്വാധിപത്യത്തെ എതിർക്കുകയും സ്വതന്ത്ര വിപണികളെ അടിച്ചേൽപിക്കുന്നതിനെയും നവലിബറൽ സാമ്പത്തിക പരിഷ്കാ

രങ്ങളെയും വെല്ലുവിളിക്കുകയും ചെയ്യുന്ന അത്തരം വാഴ്ചകൾക്കെതിരെ അത് രാഷ്ട്രീയമായും സൈനികമായും ഇടപെടുകയും ചെയ്യുന്നു.

**4.8** സാമ്രാജ്യത്വം ''മനുഷ്യാവകാശങ്ങൾ'', സാർവത്രിക മൂല്യങ്ങൾ എന്നൊക്കെ വിളിക്കപ്പെടുന്നതിനെ ഉയർത്തിപ്പിടിക്കാനെന്നപേരിൽ സ്വതന്ത്ര–പരമാധികാര രാജ്യങ്ങളിൽ സൈനികമായ ഇടപെടൽ നടത്തുന്നു. സൈനിക ഇടപെടലുകളിലൂടെ സ്വന്തം ധിക്കാരപരമായ മനുഷ്യാവകാശ ലംഘനങ്ങളെ മൂടിവെയ്ക്കുമ്പോൾതന്നെ, മുൻ യുഗോസ്ലാവിയയെ തമ്മിൽ തല്ലുന്ന കൊച്ചുകൊച്ചു രാജ്യങ്ങളാക്കി പിളർത്താൻ അത് ഇടപെടുകയും ചെയ്തു. മുൻനിര മുതലാളിത്ത രാജ്യങ്ങളിലെ വളർന്നുവരുന്ന മുതലാളിവർഗം തങ്ങളുടെ വർഗ വാഴ്ച അരക്കിട്ടുറപ്പിക്കുന്നതിനായി മുമ്പ് ദേശീയ പരമാധികാരത്തെ പവിത്രമെന്നു പറഞ്ഞ് പൊക്കിപ്പിടിച്ചിരുന്നു. ഇന്ന് 'മനുഷ്യാവകാശ' സംരക്ഷണത്തിന്റെ പേരിൽ സ്വതന്ത്ര രാജ്യങ്ങളുടെ ദേശീയ പരമാധികാരത്തെ നിഷേധിക്കാനും തകിടംമറിക്കാനുംവേണ്ടി സാമ്രാജ്യത്വം സൈനികമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്.

4.9 ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്ററിനുനേരെ 9/11ന് നടന്ന ആക്രമണത്തെ തുടർന്ന് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച 'ഭീകരതയ്ക്കെതിരായ ആഗോള യുദ്ധം', ഇറാഖിലും അഫ്ഘാനിലും കണ്ടതുപോലെയും ഇറാനോടുള്ള ഭീഷണിയിൽ ഇന്ന് കാണുന്നതുപോലെയും ഉള്ള നിർലജ്ജമായ സൈനിക ഇടപെടലിനുള്ള ന്യായീകരണമായി ഉപയോഗിക്കപ്പെടുന്നു; ദേശീയ പരമാധികാരത്തെ ചവിട്ടിത്താഴ്ത്താനും സ്വന്തം താൽപര്യങ്ങൾക്കനുഗുണമായ രീതിയിൽ 'ഭരണമാറ്റം' അടിച്ചേൽപിക്കാനും ഉപയോഗിക്കപ്പെടുന്നു. സാമ്രാജ്യത്വം നടപ്പാക്കുന്ന ഭരണകൂട ഭീകരതയും മൗലികവാദികൾ കെട്ടഴിച്ചുവിടുന്ന വ്യക്തിപര ഭീകരതയും പരസ്പരം പോഷിപ്പിക്കുന്നു. ഈ രണ്ട് അപകടങ്ങൾക്കുമെതിരെ ഫലപ്രദമായി പോരാടിയില്ലെങ്കിൽ ഭീകരതയ്ക്കെതിരായ പോരാട്ടത്തിനു വിജയിക്കാനാവില്ല. സാമ്രാജ്യത്വ സൈനിക ഇടപെടലിനെ ന്യായീകരിക്കുന്നതിനായി ശീതയുദ്ധകാലത്ത് 'കമ്യൂണിസത്തിനെതിരായ യുദ്ധം' ഉപയോഗിക്കപ്പെട്ടതുപോലെ, 'ഭീകരതയ്ക്കെതിരായ യുദ്ധം' ഇന്ന് സ്വതന്ത്ര രാജ്യങ്ങളുടെ ദേശീയപരമാധികാരത്തെയും അവയിലെ ജനങ്ങളുടെ അടിസ്ഥാനപരമായ മാനുഷികാവകാശങ്ങളെയും ലംഘിക്കുന്നതിനായി ഉപയോഗിക്കപ്പെടുന്നു.

4.10 സാമ്രാജ്യത്വം അതിരൂക്ഷമായ കമ്യൂണിസ്റ്റ്വിരുദ്ധ പ്രചാരവേല അഴിച്ചുവിട്ടിരുന്നു. ഇപ്പോൾ കമ്യൂണിസത്തെ സമഗ്രാധിപത്യത്തിനും ഫാസിസത്തിനും സമാനമായി ചിത്രീകരിക്കുകയുമാണ്. യൂറോപ്യൻ പാർലമെന്റ് കമ്യൂണിസത്തെ ഫാസിസത്തിന് സമമായി കണക്കാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനായി ശ്രമിക്കുകയാണ്. ചെക് റിപ്പബ്ലിക്ക്, പോളണ്ട് തുടങ്ങിയ രാജ്യങ്ങളിലെന്നപോലേ പല കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും കമ്യൂണിസ്റ്റ് ചിഹ്നങ്ങളും പ്രവർത്തനങ്ങളും നിയമപരമായിത്തന്നെ നിരോധിച്ചിരിക്കുന്നു.

4.11 സോഷ്യലിസം ഏകാധിപത്യപരമാണെന്നും മനുഷ്യാവകാശങ്ങളുടെയും സാർവത്രിക മാനുഷിക മൂല്യങ്ങളുടെയും സാമ്രാജ്യത്വ നിർവചനത്തിന് വിരുദ്ധമാണെന്നും നിന്ദിക്കപ്പെടുന്നു. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കെതിരായ പ്രത്യയശാസ്ത്രപരമായ കടന്നാക്രമണം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് മനുഷ്യാവകാശലംഘനങ്ങൾ, വ്യക്തിപരമായ സ്വാതന്ത്ര്യങ്ങളുടെ നിഷേധം എന്നൊക്കെ വിളിക്കപ്പെടുന്നവയുടെ പേരിലാണ്. ഈ ഒഴിവുകഴിവിന്റെ പേരിൽ ക്യൂബയ്ക്കെതിരായ കുറ്റകരമായ സാമ്പത്തിക ഉപരോധം അമേരിക്കൻ സാമ്രാജ്യത്വം തുടരുകയാണ്.

4.12 സാമ്രാജ്യത്വത്തിന്റെയും നവലിബറലിസത്തിന്റെയും ബൗദ്ധികവും സാംസ്കാരികവുമായ മേൽക്കോയ്മ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള പ്രത്യയശാസ്ത്രയുദ്ധം ഇക്കാലയളവിൽ ആക്രമണോത്സുകമായിരുന്നു. ഈ ആഗോളവൽക്കരണ പ്രക്രിയയുടെയും സാങ്കേതികവിദ്യയുടെ വളരെ ഉയർന്ന നിലവാരത്തിന്റെയും സഹായത്തോടെ വിവരം, വിനിമയം, വിനോദം (ഐസിഇ) എന്നിവയുടെ സാങ്കേതിക വിദ്യകൾ ഏകോപിപ്പിച്ച് മെഗാ കോർപ്പറേഷനുകളായി തീർന്നിരിക്കുന്നു. **(20)** മനുഷ്യന്റെ ബൗദ്ധിക പ്രവർത്തനമേഖലയും വിവര വിനിമയ നിയന്ത്രണാധികാരവും കോർപ്പറേറ്റ് മാധ്യമങ്ങളാൽ കുത്തകാധിപത്യത്തിലാക്കപ്പെട്ടത് മുതലാളിത്തത്തെക്കുറിച്ചുള്ള വിമർശനത്തിനും അതിനുള്ള ബദലിനും എതിരായ പ്രത്യയശാസ്ത്ര ആക്രമണത്തിന്റെ കേന്ദ്രമായി തുടരുന്നുവെന്നത് ഈ കാലഘട്ടത്തിലെ ഒരു മുഖ്യ സവിശേഷതയാണ്. പൊതുവായ അഭിരുചിയുടെ ഏകീകരണം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യം പ്രകടിപ്പിക്കുന്നത് ഇത്തരമൊരു ആഗോളവൽക്കരണ പ്രക്രിയ ആഗ്രഹിക്കുന്ന സാംസ്കാരിക മേൽക്കോയ്മയെയാണ്. അഭിരുചി കൂടുതൽ ഏകീഭവിക്കുന്നതോടെ വിപുലമായ ജനവിഭാഗങ്ങൾക്കുവേണ്ടി 'സാംസ്കാരിക ഉൽപന്നങ്ങൾ' യാന്ത്രികമായി പുനരുൽപാദിപ്പിക്കുന്നതിനുവേണ്ട സാങ്കേതിക വിദ്യകൾ വികസിപ്പിക്കുന്നത് എളു

പ്പമാവും. അത്തരത്തിലുള്ള ആഗോളവൽക്കരണത്തിന്റെ സ്വാഭാവിക ഉപോൽപന്നമാണ് സംസ്കാരത്തിന്റെ വ്യാപാരവൽക്കരണം. വർഗ്ഗപരമായ മേൽക്കോയ്മയുടെ ഭാഷയിൽ നോക്കിയാൽ, ആഗോളവൽക്കരണത്തിന്റെ സംസ്കാരം ജനങ്ങളെ അവരുടെ ദൈനംദിന ജീവിത യാഥാർത്ഥ്യങ്ങളിൽനിന്ന് വേർപെടുത്താൻ ശ്രമിക്കുന്നു. സംസ്കാരം ഇവിടെ പ്രവർത്തിക്കുന്നത് സൗന്ദര്യാത്മകതയോടുള്ള ഒരു അഭ്യർത്ഥനയായല്ല, മറിച്ച് ദാരിദ്ര്യത്തിന്റെയും കഷ്ടപ്പാടുകളുടെയും അടിയന്തിര പ്രശ്നങ്ങളിൽനിന്നുള്ള ശ്രദ്ധ തിരിക്കലും വിനോദവുമായാണ്.

4.13 ഐസിഇ സാങ്കേതികവിദ്യകളുടെ വികസനവും അവയുടെ മേലുള്ള നിയന്ത്രണവും, മികച്ച പര്യവേക്ഷണ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിന് സാമ്രാജ്യത്വത്തെ അനുവദിക്കുന്നു. സാമ്രാജ്യത്വത്തിന്റെ മേൽക്കോയ്മയെ വെല്ലുവിളിക്കുന്ന ജനകീയ പ്രസ്ഥാനങ്ങളിൽ പലതിനെയും നിരീക്ഷിക്കാനും സ്വാധീനിക്കാനും തകർക്കാനുമായി ഇത്തരം സാങ്കേതികവിദ്യകൾ വർദ്ധമാനമായ തോതിൽ ഉപയോഗിക്കപ്പെടുന്നു.

4.14 സാമ്രാജ്യത്വം അതിന്റെ മേൽക്കോയ്മ ശക്തിപ്പെടുത്തുന്നതിനായി നടത്തിക്കൊണ്ടിരിക്കുന്ന മൊത്തത്തിലുള്ള ശ്രമങ്ങളുടെ ഭാഗമായി കെട്ടഴിച്ചുവിടുന്ന പ്രത്യയശാസ്ത്രപരമായ ആക്രമണത്തെ ദൃഢനിശ്ചയത്തോടെ എതിരിടേണ്ടത് മാനവരാശിയുടെ വിപ്ലവകരമായ മുന്നേറ്റം കൈവരിക്കുന്നതിനു ആവശ്യമാണ്.

# V
# പരിവർത്തനകാലവും ഇന്നത്തെ ലോക മുതലാളിത്തവും

5.1 ചില പ്രത്യയശാസ്ത്ര പ്രശ്നങ്ങളെപ്പറ്റി എന്ന പതിനാലാം കോൺഗ്രസിന്റെ പ്രമേയം, സോവിയറ്റ് യൂണിയന്റെയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും തകർച്ച മാർക്സിസം–ലെനിനിസത്തെയോ സോഷ്യലിസ്റ്റ് ആശയത്തെയോ നിഷേധിക്കുന്നില്ല എന്ന നിഗമനത്തിൽ എത്തിയിരുന്നു. കൂടാതെ മാനവ ജീവിതത്തെയും നാഗരികതയെയും ഇന്നേവരെ അജ്ഞാതമായിരുന്ന ഉയർന്ന തലങ്ങളിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിൽ സോഷ്യലിസം നിർണ്ണായകമായ പങ്ക് വഹിച്ചു എന്ന വസ്തുതയെ ഈ തിരിച്ചടികൾക്ക് തുടച്ചുമാറ്റാനുമാവില്ല. (21)

5.2 20–ാം നൂറ്റാണ്ടിൽ അഭൂതപൂർവ്വവും പുതിയ പാത വെട്ടിത്തുറന്നതുമായ മുന്നേറ്റങ്ങൾ സോഷ്യലിസം നടത്തി എങ്കിലും, കിഴക്കൻ യൂറോപ്പിലെ ചിലതൊഴികെ (എല്ലാമല്ല) നടന്ന സോഷ്യലിസ്റ്റ് വിപ്ലവങ്ങളെല്ലാം നടന്നത്, താരതമ്യേന കുറഞ്ഞ മുതലാളിത്ത വികാസം നേടിയ രാജ്യങ്ങളിലായിരുന്നു എന്ന വസ്തുതയും കാണേണ്ടതുണ്ട്. സോഷ്യലിസ്റ്റ് രാജ്യങ്ങൾ മുതലാളിത്തത്തിന്റെ ലോക വപണിയിൽനിന്ന് മൂന്നിലൊന്നിനെ ഇളക്കിമാറ്റി. എന്നാൽ, ഇത് ലോക മുതലാളിത്തം ഉൽപാദകശക്തികളെ വികസിപ്പിക്കുന്നതിൽ നേടിയെടുത്തിരുന്ന മുന്നേറ്റത്തിന്റെ നിലവാരത്തെയോ ശാസ്ത്ര–സാങ്കേതിക മുന്നേറ്റങ്ങളുടെ അടിസ്ഥാനത്തിൽ ഉൽപാദക ശക്തികളെ തുടർന്ന് വികസിപ്പിക്കുന്നതിൽ മുതലാളിത്തത്തിനുള്ള ശേഷിയേയോ നിർണായകമായി ബാധിച്ചിരുന്നില്ല. 20–ാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റ് വിപ്ലവങ്ങൾ ലോക മുതലാളിത്തത്തിന് ഉൽപാദകശക്തികളെ വികസിപ്പിക്കുന്നതിനും മുതലാളിത്ത വിപണിയെ തുടർന്ന് വിപുലപ്പെടുത്തുന്നതിനും ഉണ്ടാക്കിയ തിരിച്ചടികൾ മറികടക്കുന്നതിനും അവസരം നൽകി. അന്ന് അന്താരാഷ്ട്രതലത്തിൽ നിലനിന്നിരുന്ന വർഗ്ഗശക്തികളുടെ ബലാബലത്തിൽ സാമ്രാജ്യത്വം നവ കൊളോണിയലിസത്തിലൂടെ മുതലാളിത്ത വിപണിയുടെ വികാസം നേടിയെടുത്തു.

5.3 മറുവശത്താവട്ടെ, കുറഞ്ഞ കാലയളവിനുള്ളിൽ സോഷ്യലിസം നേടിയെടുത്ത കൂടിയ ഗതിവേഗവും ഗുണപരമായി ഉയർന്ന മുന്നേറ്റങ്ങളും, പ്രത്യേകിച്ച് സാമ്രാജ്യത്വം സൃഷ്ടിച്ച പ്രതികൂലമായ അന്താരാഷ്ട്ര പരിസരത്തിൽ, അത്തരം മുന്നേറ്റങ്ങൾ തിരിച്ചിടാനാവാത്തതാണെന്ന വിശ്വാസമുണ്ടാക്കുകയും ചെയ്തു. പരാജയപ്പെടുത്തപ്പെട്ട ബൂർഷ്വാസി നൂറുമടങ്ങ് ശക്തിയോടെ തിരിച്ചടിക്കുമെന്ന ലെനിന്റെ മുന്നറിയിപ്പിനെ കുറച്ചു മതിക്കുകയും ചെയ്തു.

5.4 മുതലാളിത്തത്തിന്റെ ശേഷികളെക്കുറിച്ച് അത്തരത്തിൽ താഴ്ത്തി മതിക്കലും സോഷ്യലിസത്തിന്റെ ശേഷികളെ കൂട്ടി മതിക്കലും ലോക കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിലയിരുത്തലിൽ പ്രതിഫലിച്ചു. 1960ൽ 81 കമ്യൂണിസ്റ്റ് പാർടികൾ പങ്കെടുത്ത സമ്മേളനം ചെയ്ത പ്രസ്താവനയിലെ ഇത്തരം മതിപ്പുകളെ 14–ാം പാർടി കോൺഗ്രസ്സിൽ നാം വീണ്ടും വിലയിരുത്തുകയുണ്ടായി. 81 പാർടികളുടെ നിഗമനം, 'പൊതു പ്രതിസന്ധിയുടെ മൂന്നാം ദശയിൽ' എത്തിയതുമൂലം മുതലാളിത്തം തകരുന്നത് ആസന്നമായ അനിവാര്യതയാണ് എന്നായിരുന്നു. സമകാലിക ലോക യാഥാർത്ഥ്യങ്ങളെ വിലയിരുത്തുന്നതിൽ വന്ന ഗുരു

തരമായ ആ തെറ്റ് ലോക സോഷ്യലിസത്തിന്റെ മുന്നേറ്റത്തിന്റെ വേഗം കുറച്ചു എന്നായിരുന്നു നമ്മുടെ നിഗമനം.

5.5 കൂടാതെ നേർ രേഖയിലൂടെ പുരോഗമിക്കുന്ന ഒന്നായാണ് സോഷ്യലിസം മനസ്സിലാക്കപ്പെട്ടിരുന്നത്. ഒരിക്കൽ സോഷ്യലിസം കൈവരിച്ചുകഴിഞ്ഞാൽ, വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് സമൂഹത്തിലേക്ക് തടസ്സങ്ങളില്ലാതെ നേർരേഖയിലൂടെ അത് മുന്നേറുമെന്ന് തെറ്റായി കരുതപ്പെട്ടു. അനുഭവം വ്യക്തമാക്കിയത് സോഷ്യലിസം, ഒരു പരിവർത്തനഘട്ടം, അല്ലെങ്കിൽ മാർക്സ് പറഞ്ഞതുപോലെ, കമ്യൂണിസത്തിന്റെ ആദ്യ ഘട്ടം ആണെന്നാണ്. വർഗ വിഭജിതമായ, ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥയ്ക്കും വർഗ്ഗരഹിതമായ കമ്യൂണിസ്റ്റ് വ്യവസ്ഥയ്ക്കും ഇടയിലുള്ള ഘട്ടം. പരിവർത്തനത്തിന്റേതായ ഈ ഘട്ടം, അതിനാൽ, നിർവ്വചനമനുസരിച്ച് സൂചിപ്പിക്കുന്നത് വർഗ വൈരുദ്ധ്യങ്ങൾ ഇല്ലാതാകുന്നു എന്നല്ല. അവ മൂർച്ഛിക്കുന്നു എന്നാണ്. ആ സമയത്ത് ലോക മുതലാളിത്തം അതിനു നഷ്ടമായ പ്രദേശം വീണ്ടെടുക്കുന്നതിനു ശ്രമിക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഈ കാലഘട്ടം ദീർഘവും സങ്കീർണ്ണവും ആകാൻ സാധ്യതയുണ്ട്; അത് നിരവധി വളവുതിരിവുകളുള്ളതുമായിരിക്കും. സോഷ്യലിസ്റ്റ് വിപ്ലവം നടക്കുമ്പോൾ മുതലാളിത്തപരമായി പിന്നോക്കം നിന്ന രാജ്യങ്ങൾക്കു ഇത് പ്രത്യേകിച്ചും ബാധകമായിരിക്കും. (22)

5.6 ഈ പരിവർത്തന ഘട്ടത്തിൽ, ഏത് സമയത്തും, ഈ സമരത്തിലെ ലോക സോഷ്യലിസ്റ്റ് ശക്തികളുടെ വിജയ പരാജയങ്ങൾ നിശ്ചയിക്കുന്നത്, സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ (23) നേടിയെടുത്ത വിജയങ്ങളും സാർവ്വദേശീയ–ദേശീയ തലങ്ങളിലെ വർഗ്ഗശക്തികളുടെ ബലാബലവും അവയുടെ ശരിയായ വിലയിരുത്തലുമാണ്. സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കകത്തും പുറത്തുമുള്ള വർഗശത്രുവിനെ കുറച്ചു മതിക്കുന്നതിലേക്ക് നയിക്കുന്ന തെറ്റായ മതിപ്പുകളും സോഷ്യലിസത്തെക്കുറിച്ചുള്ള കൂടിയ മതിപ്പും സോഷ്യലിസ്റ്റ് രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും ലോക മുതലാളിത്തത്തിനുണ്ടാകുന്ന മുന്നേറ്റവും ദൃഢീകരണവും അവഗണിക്കുന്ന സ്ഥിതിവിശേഷം സൃഷ്ടിച്ചിട്ടുണ്ടായിരുന്നു.

5.7 അതിനാൽ യുഎസ്എസ്ആറിലേയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലേയും അനുഭവങ്ങളിൽനിന്ന് 21–ാം നൂറ്റാണ്ടിൽ വിലമതിക്കാനാവാത്ത പാഠങ്ങൾ പഠിക്കുമ്പോൾ തന്നെ, 21–ാം നൂറ്റാണ്ടിൽ മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന പ്രക്രിയ ഈ അനുഭവങ്ങളുടെ ആവർത്തനമായിരിക്കില്ല എന്നു വ്യക്തമാണ്.

5.8 ഇരുപതാം നൂറ്റാണ്ടിലെ സോഷ്യലിസത്താൽ പ്രചോദിപ്പിക്കപ്പെട്ടതും ലോകമെമ്പാടും നടന്ന ജനകീയ പോരാട്ടങ്ങളുടെ പ്രധാനപ്പെട്ടതും മായ്ക്കാനാവാത്തതുമായ ആഘാതങ്ങളിലൊന്ന് ജനാധിപത്യാവകാശങ്ങളും സിവിൽ സ്വാതന്ത്ര്യവും ശക്തിപ്പെട്ടതും (ഉദാഹരണത്തിന്, മറ്റു പലതിന്റെയും കൂട്ടത്തിൽ സ്ത്രീകൾക്ക് വോട്ടവകാശം നൽകിയത്) അതോടൊപ്പം തൊഴിലാളിവർഗത്തിനും അധ്വാനിക്കുന്ന ജനങ്ങൾക്കും സാമൂഹ്യ സുരക്ഷയിലും ക്ഷേമത്തിലും മുതലാളിത്തം അനുവദിക്കാൻ നിർബന്ധിതമായ അതുവരെ അജ്ഞാതമായിരുന്ന നേട്ടങ്ങളുണ്ടാക്കിക്കൊടുത്തതും ആയിരുന്നു. അതിനാൽ, ഇന്ന് 'സാർവ്വത്രിക'മെന്ന് കരുതപ്പെടുന്ന ഈ അവകാശങ്ങൾ ബഹുജന പോരാട്ടങ്ങളുടെ ഫലമാണ്. അല്ലാതെ 'ബൂർഷ്വാസിയുടെ ദയാദാക്ഷിണ്യ'മല്ല.

5.9 21–ാം നൂറ്റാണ്ടിൽ സോഷ്യലിസത്തിലേക്കുള്ള പരിവർത്തനത്തിന്റേയും രൂപാന്തരീകരണത്തിന്റേതുമായ ഈ യുഗം, ആത്യന്തികമായി ചരിത്രപരമായ വീക്ഷണത്തിൽ അനിവാര്യമാണെങ്കിലും, തീർച്ചയായും നീണ്ടുനിൽക്കുന്ന സമരമായിരിക്കും. അത്തരമൊരു സാധ്യതയെ പിറകോട്ടടിപ്പിക്കുവാൻ സാമ്രാജ്യത്വം നിരന്തരമായ ശ്രമം നടത്തുമെങ്കിലും അതത് രാജ്യങ്ങളിൽ വർഗസമരങ്ങളെ തീവ്രമാക്കിക്കൊണ്ട് ഈ പ്രക്രിയയെ ത്വരിതപ്പെടുത്താൻ പ്രവർത്തിക്കേണ്ടത് കമ്യൂണിസ്റ്റുകാരുടെയും തൊഴിലാളിവർഗത്തിന്റെയും എല്ലാ പുരോഗമന വിഭാഗങ്ങളുടെയും കർത്തവ്യമാണ്.

5.10 21–ാം നൂറ്റാണ്ടിൽ സോഷ്യലിസത്തിനുവേണ്ടി നടത്തുന്ന പോരാട്ടം അതിനാൽ, മനുഷ്യൻ മനുഷ്യനെയും രാഷ്ട്രം രാഷ്ട്രത്തെയും ചൂഷണം ചെയ്യുന്നതിൽനിന്ന് മുക്തമായ ഒരു വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമരമായിരിക്കും. അത്തരമൊരു വ്യവസ്ഥ ജനങ്ങളുടെ ജനാധിപത്യാവകാശങ്ങളെയും സിവിൽ സ്വാതന്ത്ര്യങ്ങളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം. അത്തരമൊരു വ്യവസ്ഥ ഉൽപാദനക്ഷമതയെയും ഉൽപാദനശക്തികളെയും ഉയർന്ന തലത്തിലേക്ക് വളർത്തിക്കൊണ്ട് മുതലാളിത്തത്തിനുമേൽ മേന്മ സ്ഥാപിക്കുന്നതായിരിക്കും. ''ഓരോരുത്തനിൽനിന്നും അവനവന്റെ കഴിവിനനുസരിച്ചും ഓരോരുത്തനും അവനവന്റെ ജോലിക്കനുസരിച്ചും'' ലഭിക്കുന്ന, പരിവർത്തന തത്വത്തിൽനിന്ന് ''ഓരോരുത്തനും അവനവന്റെ ആവശ്യത്തിനനുസരിച്ച്'' ലഭിക്കുന്ന തത്വം നിലനിൽക്കുന്ന കമ്മ്യൂണിസ്റ്റ് സമൂഹത്തിലേക്ക് അത് ആത്യന്തികമായി നയിക്കുന്നതാണ്. അത്തരമൊരു മേന്മ സ്ഥാപിക്കുന്നത് ബഹുജന പങ്കാളിത്തം

സാമൂഹിക അസ്തിത്വത്തിന്റേതായ രാഷ്ട്രീയ–സാമൂഹിക–സാംസ്കാരിക മേഖലകളിൽ വർദ്ധിപ്പിച്ചുകൊണ്ടായിരിക്കും.

5.11 14–ാം കോൺഗ്രസ് പ്രമേയം സോഷ്യലിസത്തിനു കീഴിലെ ജനാധിപത്യം, സോഷ്യലിസത്തിനു കീഴിലെ സ്വത്തുടമാ ബന്ധത്തിന്റെ രൂപങ്ങൾ; ആസൂത്രണവും വിപണിയും തമ്മിലുള്ള ബന്ധം മുതലായ കാര്യങ്ങളിൽ നമ്മുടെ ധാരണ വ്യക്തമാക്കി. അവയിൽ പലതും നാം കാലോചിതമാക്കിയ പാർടി പരിപാടിയിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു. ഇവ നമ്മുടെ ധാരണകൾക്ക് തുടർന്നും വഴികാട്ടിക്കൊണ്ടിരിക്കുന്നു.

5.12 സോഷ്യലിസത്തിന് കീഴിലെ ഉൽപാദനോപാധികളുടെ സാമൂഹിക ഉടസ്ഥതയെ ഭരണകൂട ഉടമസ്ഥതയിലുള്ള മേഖലയായി മാത്രം, അതാണ് അതിന്റെ ആണിക്കല്ലെങ്കിലും, യാന്ത്രികമായി തുലനം ചെയ്യാനാവില്ല. വിവിധ രൂപങ്ങളിലുള്ള സ്വത്തുടമസ്ഥതകളുടെ നിലനിൽപിലൂടെ സോഷ്യലിസ്റ്റ് ഭരണകൂടം സാമ്പത്തിക ജീവിതക്രമം ഭരണകൂടത്തിന്റെ നിയന്ത്രണത്തിലാണ് എന്ന് ഉറപ്പാക്കണം. മറ്റൊരു തരത്തിൽ പറഞ്ഞാൽ, 21–ാം നൂറ്റാണ്ടിലെ സോഷ്യലിസം മുതലാളിത്തത്തിൻ കീഴിൽ ''സാമ്പത്തിക ശാസ്ത്രം (ലാഭം പരമാവധിയാക്കൽ) ആണ് രാഷ്ട്രതന്ത്രത്തെ നിർണ്ണയിക്കുന്നത്'' എന്ന തത്വത്തിന് പകരം ''രാഷ്ട്രതന്ത്രമാണ് സാമ്പത്തിക ശാസ്ത്രത്തെ നിർണ്ണയിക്കുന്നത്'' എന്ന് സ്ഥാപിക്കണം.

**ലോക സാമൂഹിക വൈരുദ്ധ്യങ്ങൾ**

5.13 സാമ്രാജ്യത്വത്തിന്റെ ഇപ്പോഴത്തെ ദശയിലെ ഈ പരിവർത്തന ഘട്ടം എല്ലാ മൗലിക ലോക സാമൂഹിക വൈരുദ്ധ്യങ്ങളും വ്യത്യസ്ത തോതുകളിലും വ്യത്യസ്ത മേഖലകളിലും മൂർച്ഛിക്കുന്ന ഘട്ടമാണ്. പ്രതിസന്ധിയുടേതും മാന്ദ്യത്തിന്റേതുമായ ഇന്നത്തെ സ്ഥിതിവിശേഷത്തിൽ മുതലാളിത്തത്തിന് കീഴിലെ അധ്വാനവും മൂലധനവും തമ്മിലുള്ള മൗലിക വൈരുദ്ധ്യം ഗുരുതരമായി മൂർച്ഛിക്കുന്നു. സ്വന്തം മേൽക്കോയ്മ ദൃഢീകരിക്കുന്നതിന് വേണ്ടി സാമ്രാജ്യത്വം ഒരു വശത്ത് വികസ്വര രാജ്യങ്ങളിലെ ഭരണവർഗങ്ങളെ സ്വന്തം രക്ഷാകർതൃത്വത്തിൻ കീഴിലേക്ക് കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തുന്നു. മറുവശത്ത് വികസ്വര രാജ്യങ്ങളിലെ ജനങ്ങളും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യം രൂക്ഷമാകുന്നതിലേക്ക് അവ നയിക്കുന്നു. ലാഭം പരമാവധിയാക്കുന്നതിനുവേണ്ടി ആഗോള ചൂഷണം ശക്തിപ്പെടുത്തുന്നതിനായി സാമ്രാജ്യത്വ രാജ്യങ്ങൾ തമ്മിലുള്ള വൈരുദ്ധ്യം ഇപ്പോൾ നിശ്ശബ്ദമാക്കപ്പെട്ടിരിക്കുകയാണെങ്കിലും, വിവിധ മേഖലകളിൽ വിവിധ രൂപങ്ങളിൽ പ്രകടമാവുന്നു. പരിവർത്തനത്തിന്റേതായ ഈ കാലഘട്ടത്തിലെ കേന്ദ്രവൈരുദ്ധ്യം ഇപ്പോഴും സാമ്രാജ്യത്വവും സോഷ്യലിസവും തമ്മിൽ തന്നെയായി തുടരുന്നു. ഈ കേന്ദ്രവൈരുദ്ധ്യത്തെ പ്രതിസ്ഥാപിക്കാതെ തന്നെ ലോകസംഭവ ഗതികളുടെ വളർച്ചയുടെ ഏത് സന്ധിയിലും ഇതിലേത് വൈരുദ്ധ്യവും മുൻപന്തിയിലേക്ക് വരാം.

5.14 ഏത് സമയത്തും നിലനിൽക്കുന്ന നിരവധി വൈരുദ്ധ്യങ്ങളിൽ, ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം മേൽപറഞ്ഞ നാല് ലോക സാമൂഹ്യവൈരുദ്ധ്യങ്ങളാണ് ഈ കാലഘട്ടത്തിലെ പരിവർത്തനത്തിന്റെ ഗതിവേഗം, സ്വഭാവം എന്നിവയെ സ്വാധീനിക്കുകയും നിർണയിക്കുകയും ചെയ്യുന്നതെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. എന്നാൽ, ഈയടുത്ത വർഷങ്ങളിലായി ഉൽപാദനത്തിന്റെ സാമൂഹിക സ്വഭാവവും സ്വായത്തമാക്കലിന്റെ സ്വകാര്യസ്വഭാവവും തമ്മിലുള്ള മുതലാളിത്തത്തിന്റെ മൗലിക വൈരുധ്യം ലാഭം പരമാവധിയാക്കുന്നതിന് വേണ്ടി ആഗോള പരിസ്ഥിതിക്ക് അതീവ ഗുരുതരമായ അധോഗതി ഉണ്ടാക്കുന്നതിലൂടെ പ്രകടമായിക്കൊണ്ടിരിക്കുന്നു. സാമ്രാജ്യത്വ ആഗോളവൽക്കരണ കാലത്ത് ഇത് കൂടുതൽ മൂർച്ഛിച്ചിരിക്കുന്നു. ഈ വൈരുദ്ധ്യം ആഗോള കാലാവസ്ഥാ മാറ്റങ്ങളിലൂടെ ഗുരുതരമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്ന അളവിലേക്കു വളരുമെന്ന് ഭീഷണിപ്പെടുത്തുകയും അത് മാനവരാശിയുടെ നിലനിൽപിന് തന്നെ ഗുരുതരമായ അപകടഭീഷണി ഉയർത്തുകയും ചെയ്യുന്നു. സാമ്രാജ്യത്വവും വികസ്വര രാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം തീവ്രതരമാക്കുന്നതിന് ഇടയാക്കുന്ന ഒരു പുതിയ ഘടകത്തെ, ആഗോളതാപനത്തേയും ഹരിതഗൃഹവാതക പുറന്തള്ളലിനേയും തടയുന്നതിനുള്ള ബാധ്യത വികസ്വര രാജ്യങ്ങളുടെ ചുമലിൽ വെച്ചുകെട്ടുന്നതിനുള്ള ശ്രമങ്ങളിലൂടെ തൊടുത്തുവിട്ടിരിക്കുന്നു. കാലാവസ്ഥ വ്യതിയാനത്തെ കുറിച്ചു ഇപ്പോൾ നടന്നുവരുന്ന ചർച്ചകളിൽ ഇതു പ്രതിഫലിച്ചു കാണാം. 'പൊതുവായതും എന്നാൽ വ്യത്യസ്ത തോതിലുള്ളതുമായ ഉത്തരവാദിത്വം' സ്വീകരിക്കാമെന്ന നേരത്തെയുള്ള വാഗ്ദാനത്തിൽ നിന്ന് വ്യവസായവൽകൃത രാജ്യങ്ങൾ ഒഴിഞ്ഞുമാറുന്നത് പ്രതിഫലിപ്പിക്കുന്നത് ലാഭം പരമാവധി ആക്കുന്നതിന് വേണ്ടി മുമ്പു നടത്തിവന്നിരുന്ന പ്രകൃതിയെ കൊള്ളയടിക്കുന്നത് തുടരുമെന്നും ഈ അസന്തുലിതാവസ്ഥ തിരുത്തുന്നതിന് ഉയർന്ന ഉത്തരവാദിത്വം കാണിക്കാൻ തയ്യാറല്ലെന്നും വ്യക്തമാക്കുന്നത് ഇതിന്റെ പ്രതിഫലനം തന്നെയാണ്. പാരിസ്ഥിതിക അധഃപതനത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ എല്ലാ മനുഷ്യർക്കും 'കാർബൺ സ്പെയ്സിൽ' ഉള്ള മൗലികമായ തുല്യതയെ നിഷേധി

ക്കാനാണ് അവർ ശ്രമിക്കുന്നത്. ഇന്നത്തെ അവസ്ഥയിൽ സാമ്രാജ്യത്വം മൂർച്ഛിപ്പിച്ചുകൊണ്ടിരിക്കുന്ന ആഗോള വർഗചൂഷണത്തിന്റെ ഭാഗമാണ് ആഗോളപരിസ്ഥിതി സംരക്ഷിക്കാനുള്ള ഭാരം വികസ്വര രാജ്യങ്ങൾക്ക് മേൽ കെട്ടിവെക്കാനുള്ള ഈ ശ്രമങ്ങൾ. സാമ്രാജ്യത്വത്തിന്റെ ഈ ശ്രമങ്ങൾക്കെതിരായി വികസ്വര രാജ്യങ്ങളിലെ ജനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന സമരങ്ങൾ ആഗോള മുതലാളിത്തത്തിനെതിരായ സാർവ്വദേശീയ വർഗസമരത്തിന്റെ ഒരു പ്രധാനപ്പെട്ട ഘടകം തന്നെയാണ്.

5.15 ഈ പരിതഃസ്ഥിതിയിൽ ലോകത്തിലെ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾ തങ്ങളുടെ ഭാവി ഭാഗധേയത്തെ രൂപപ്പെടുത്തുന്നതിനായി നിലനിൽക്കുന്ന യാഥാർത്ഥ്യങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടേണ്ടതുണ്ട്– ഈ വെല്ലുവിളികൾ നേരിടുന്നതിനായി എങ്ങനെ ജനകീയമായ ബഹുജനസമരങ്ങൾ ശക്തിപ്പെടുത്താമെന്ന് കണ്ടെത്തണം. സാമൂഹ്യപരിവർത്തനത്തിന് വേണ്ടിയുള്ള ജനകീയ സമരങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ അവർ എത്ര മാത്രം വിജയിക്കുന്നുവെന്നതിനെ ആശ്രയിച്ചായിരിക്കും ഈ പരിവർത്തനത്തിന്റെ ഗതിവേഗം നിർണയിക്കപ്പെടുക.

# VI
# സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ സംഭവ വികാസങ്ങൾ

6.1 സമകാലിക യാഥാർത്ഥ്യങ്ങളിൽ, സാമ്രാജ്യത്വത്തിന് അനുകൂലമായി വർഗശക്തികളുടെ ശാക്തിക ബലാബലത്തിൽ സാർവദേശീയമായിതന്നെ മാറ്റം വന്നതിനെ തുടർന്ന്, അന്താരാഷ്ട്ര ധനമൂലധനം നയിക്കുന്നതും നിയന്ത്രിക്കുന്നതുമായ ആഗോളവൽക്കരണം ഉയർത്തിയ വെല്ലുവിളി നേരിടുന്നതിനായി നിലവിലുള്ള സോഷ്യലിസ്റ്റ് രാജ്യങ്ങൾ ഒരുകൂട്ടം സാമ്പത്തിക പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിൽ ഏർപ്പെട്ടിരിക്കയാണ്. ലോകത്തെ രാജ്യങ്ങളെയെല്ലാം ഉദാരവൽക്കരണം അതിന്റെ ചുഴിയിലേക്ക് വലിച്ചടുപ്പിച്ചുകൊണ്ടിരിക്കെ ഈ പരിഷ്കാരങ്ങൾക്ക് അടിസ്ഥാനം അന്തർദേശീയ വിപണിയുമായി തങ്ങളുടെ സമ്പദ്‌വ്യവസ്ഥകളെ ഉദ്ഗ്രഥിക്കലായിരുന്നു. ഈ പരിവർത്തനത്തിന്റേതായ ഘട്ടത്തിൽ ഈ രാജ്യങ്ങൾ ഈ വെല്ലുവിളികൾ നേരിടുന്നത് ഏതു വിധത്തിലാണ് എന്നത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ട വിഷയമാണ്.

6.2 ഉൽപാദനോപാധികളുടെ ജനകീയ ഉടമസ്ഥതയും മിച്ചം സാമൂഹ്യമായി സ്വായത്തമാക്കുകയും ചെയ്യുന്ന സോഷ്യലിസത്തിന്റെ രീതി നിഷേധിച്ച് പകരം മിച്ചം വ്യക്തിഗതമായി സ്വായത്തമാക്കുന്നതിലേക്ക് പരിഷ്കാര പ്രക്രിയ കൊണ്ടെത്തിക്കുന്നുണ്ടോ? ഈ രാജ്യങ്ങളിലെല്ലാം സാമ്പത്തിക അസമത്വം അതിവേഗം വിപുലപ്പെടുക, അഴിമതി, സ്വജനപക്ഷപാതം മുതലായ നിഷേധാത്മക പ്രവണതകൾ ഈ പരിഷ്കരണ പ്രക്രിയക്കിടയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഭരിക്കുന്ന കമ്മ്യൂണിസ്റ്റ് പാർടികൾ ഇതെല്ലാം ശ്രദ്ധിക്കുക മാത്രമല്ല, ഇവ കൈകാര്യം ചെയ്യുന്നതിനും തടയുന്നതിനും തിരുത്തുന്നതിനും ഉള്ള പ്രകടമായ യത്നങ്ങൾ നടത്തിയിട്ടുമുണ്ട്. ഉയരുന്ന പ്രധാന ചോദ്യമിതാണ്: പരിഷ്കരണത്തിന്റേതായ ഈ പ്രക്രിയ ഭാവിയിൽ ഒരു പ്രതിവിപ്ലവം നടത്തി വിജയിപ്പിക്കാൻ കഴിയുന്ന ഒരു ചൂഷക മുതലാളിവർഗം ഉയർന്നു വരുന്നതിലേക്ക് നയിക്കുമോ? അതോ സമകാലിക പരിഷ്കാരങ്ങളിൽ ഈ ശക്തികളുടെ ബലാബലത്തിന്റെ പ്രക്രിയ ഇന്നത്തെ ലോകയാഥാർത്ഥ്യങ്ങളിൽ സോഷ്യലിസത്തെ കൂടുതൽ ശക്തിയാർജിക്കുന്നതിലേക്കും ദൃഢീകരിക്കുന്നതിലേക്കും നയിക്കുമോ?

6.3 മൂർത്തമായ സ്ഥിതിഗതികളുടെ മൂർത്തമായ വിശകലനത്തെ അടിസ്ഥാനമാക്കിയ ഓരോ സോഷ്യലിസ്റ്റ് വിപ്ലവവും മുതലാളിത്തത്തേക്കാൾ മെച്ചപ്പെട്ട വ്യവസ്ഥയായി സോഷ്യലിസത്തെ സ്ഥാപിക്കുന്നതിന് തൊഴിലാളിവർഗ ഭരണകൂടത്തിൻകീഴിൽ ഉൽപ്പാദനശക്തികളെ സാമൂഹ്യവൽക്കരിക്കുന്നതിനും അതിവേഗം വികസിപ്പിക്കുന്നതിനും തനതായ സമീപനം ആവിഷ്കരിക്കാൻ എന്നും ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സവിശേഷ വിപ്ലവവും വർഗങ്ങളുടെ ബലാബലങ്ങളും ആഭ്യന്തരമായും അന്തർദേശീയമായും നേരിടുന്ന മൂർത്തമായ യാഥാർത്ഥ്യങ്ങൾക്കൊത്തവിധമായിരിക്കും ഇത് എങ്ങനെ ചെയ്യാമെന്ന് നിർണയിക്കുക.

**ചൈന**

6.4 ഒരു പരിധിവരെ പരിഷ്കരണാനന്തര സോഷ്യലിസ്റ്റ് ചൈനയിൽ നാം കാണുന്നത് പുത്തൻ സാമ്പത്തികനയ കാലഘട്ടത്തിലെ സ്റ്റേറ്റ് മുതലാളിത്തത്തെകുറിച്ച് ലെനിൻ കൈക്കൊണ്ട സൈദ്ധാന്തിക നിലപാടുകളുടെ പ്രതിഫലനമാണ്. ഒരു പിന്നോക്ക സമ്പദ്‌വ്യവസ്ഥയിലെ ഉൽപാദന ശക്തികളെ വൻതോതിലുള്ള സോഷ്യലിസ്റ്റ് നിർമ്മാണത്തെ നിലനിർത്താവുന്ന നിലവാരത്തിലേക്ക് വർദ്ധിപ്പിക്കുന്നതെങ്ങനെ എന്നതാണ് ഇതിലടങ്ങിയിരിക്കുന്ന പ്രധാന പ്രശ്നം. ലെനിൻ തന്റെ കാലത്ത് സാർവ്വദേശീയവും ആഭ്യന്തരവുമായ സ്ഥിതിഗതികളെ

മൂർത്തമായി അടിസ്ഥാനപ്പെടുത്തിക്കൊണ്ട് പിന്നോക്ക ഉൽപാദന ശക്തികളും ഉയർന്ന സോഷ്യലിസ്റ്റ് ഉൽപാദന ബന്ധങ്ങളും തമ്മിലുള്ള വിടവ് നികത്തുന്നതിന് വേണ്ടി നിരന്തര മായി യത്നിച്ചിരുന്നു. (24) എന്നാൽ, സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റേതായ ഈ സോവി യറ്റ് ചരിത്രഗതി വ്യത്യസ്തമായ ചരിത്ര പശ്ചാത്തലത്തിലാണ് ഉണ്ടായത്. (25)

6.5 ഇന്നത്തെ ചൈനയിൽ ഉൽപാദനശക്തികളുടെയും സോഷ്യലിസത്തിൻ കീഴിലെ ഉൽപാ ദന ബന്ധങ്ങളുടെയും നിലവാരങ്ങൾ തമ്മിലുള്ള പൊരുത്തം നേടിയെടുക്കുന്നതിനാണ് ശ്രമിക്കുന്നത്. ഉയർന്ന സോഷ്യലിസ്റ്റ് ഉൽപാദന ബന്ധങ്ങളെ താഴ്ന്ന നിലവാരത്തിലുള്ള ഉൽപാദനശക്തികളെകൊണ്ട് സ്ഥായിയാക്കാൻ കഴിയില്ല. താഴ്ന്ന നിലവാരത്തിലുള്ള ഉൽപാദനശക്തികളുടേതായ ഒരു നീണ്ട കാലഘട്ടം സോഷ്യലിസത്തിന് കീഴിൽ ദൈനം ദിനം വികസിച്ചുവരുന്ന ഭൗതികവും സാംസ്കാരികവുമായ ജനങ്ങളുടെ ആവശ്യങ്ങളും പിൻനില ഉൽപാദന ശക്തികളും തമ്മിൽ ഒരു പ്രധാനപ്പെട്ട വൈരുദ്ധ്യം വളർന്നുവരുന്നതി നിടയാക്കും. ചൈനയുടെ കമ്മ്യൂണിസ്റ്റ് പാർടി (സി.പി.സി) എത്തിച്ചേർന്ന നിഗമനം ഈ വൈരുദ്ധ്യം പരിഹരിക്കാതെ തുടർന്നാൽ ചൈനയിലെ സോഷ്യലിസം തന്നെ ഭീഷണിയെ നേരിടും എന്നാണ്.

6.6 സി.പി.സിയുടെ പൊതുപരിപാടി അതിന്റെ കടമയെ ഇങ്ങനെ അടയാളപ്പെടുത്തിയിരി ക്കുന്നു: ''ചൈന സോഷ്യലിസത്തിന്റെ പ്രാഥമിക ഘട്ടത്തിലാണ്, ദീർഘകാലം അതങ്ങനെ തുടരുകയും ചെയ്യും. സാമ്പത്തികമായും സാംസ്കാരികമായും പിന്നോക്കം നിൽക്കുന്ന ചൈനയുടെ സോഷ്യലിസ്റ്റ് ആധുനികവൽകരണത്തിൽ ചാടിക്കടക്കാവുന്ന ഒരു ചരിത്രഘ ട്ടമല്ല ഇത്. നൂറ് കൊല്ലത്തിലധികമെടുത്താവും ഇത് അവസാനിക്കുക. സോഷ്യലിസ്റ്റ് നിർമ്മാണത്തിൽ നമ്മുടെ സവിശേഷ സ്ഥിതിഗതികളിൽ നിന്ന് നാം മുന്നേറുകയും ചൈനീസ് സവിശേഷതകളോടുകൂടിയ സോഷ്യലിസ്റ്റ് പാതയിലേക്ക് നീങ്ങുകയും വേണം.''

6.7 ചൈനീസ് കമ്മ്യൂണിസ്റ്റ് പാർടി സോഷ്യലിസത്തിന്റെ പ്രാഥമിക ഘട്ടത്തെക്കുറിച്ചുള്ള ഒരു താത്വിക സങ്കൽപനം മുന്നോട്ട് വെച്ചിരിക്കുന്നു. നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ, ഇത് വാസ്തവത്തിൽ മാർക്സും എംഗൽസും പറയുകയും പിന്നീടുള്ള മാർക്സിസ്റ്റുകാർ അംഗീകരിക്കുകയും ചെയ്തതിനോട് സദൃശമാണ്: സോഷ്യലിസം മുതലാളിത്തത്തിനും കമ്യൂണിസത്തിനും ഇടയിലുള്ള ഒരു അന്തരാള ഘട്ടമാണ്. അതിനാലത് കമ്മ്യൂണിസ്റ്റ് സമൂ ഹത്തിന്റെ ആദ്യഘട്ടമാണ്. എന്നാൽ സി.പി.സി ഒരടി കൂടെ മുന്നോട്ട് വെച്ച് ഈ അന്തരാള ഘട്ടത്തിൽ തന്നെ, വിപ്ലവ സന്ദർഭത്തിലെ ഉൽപാദനശക്തികളുടെ നിലവാരത്തിന്റെ അടി സ്ഥാനത്തിൽ, വ്യത്യസ്ത ദശകളുണ്ടാവുമെന്ന് സിദ്ധാന്തിച്ചിരിക്കുന്നു. ഇത് ചിട്ടയായി വ്യാഖ്യാനിച്ചത് സി.പി.സിയുടെ പതിമൂന്നാം കോൺഗ്രസിലാണ്. വിപ്ലവ സമയത്ത് ചൈന പിന്നോക്കം നിൽക്കുന്നതും, അർദ്ധ ഫ്യൂഡലും, അർദ്ധ കൊളോണിയലുമായ രാജ്യമായി രുന്നതിനാൽ അതിന് അതിന്റെ സമ്പദ്ഘടനയുടെ സോഷ്യലിസ്റ്റ് പരിവർത്തന ദശ വളരെ താഴ്ന്ന നിലവാരത്തിൽ നിന്ന് തുടങ്ങേണ്ടതായി വന്നു. ഈ പ്രക്രിയയെയാണ് അവർ ''ചൈനീസ് സവിശേഷതകളോടുകൂടിയ സോഷ്യലിസ്റ്റ് നിർമ്മാണം'' എന്ന് വിളിക്കുന്നത്.

6.8 അത്തരമൊരു പരിവർത്തനം നേടിയെടുക്കുന്നതിനായി, സോഷ്യലിസ്റ്റ് വിപണി സമ്പദ്വ്യ വസ്ഥ കെട്ടിപ്പടുക്കുക എന്ന മറ്റൊരു സൈദ്ധാന്തിക സങ്കൽപനം കൂടെ സി.പി.സി മുന്നോട്ട് വെച്ചു. ചരക്കുൽപാദനം നിലനിൽക്കുന്നേടത്തോളം കാലം ചരക്ക് കൈമാറ്റ ത്തിന് ഒരു വിപണി ആവശ്യമാമെന്ന കാര്യം ഇപ്പോൾ വ്യക്തമായിരിക്കുന്നു.

6.9 ഉൽപാദനോപാധികളുടെ പൊതുഉടമസ്ഥത പ്രധാന അവലംബമായി നിലനിർത്തുന്ന സോഷ്യലിസ്റ്റ് ഭരണകൂടത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ ചൈനയിൽ സൃഷ്ടിക്കാൻ ശ്രമി ച്ചത് ഒരു ചരക്ക് വിപണി സമ്പദ്വ്യവസ്ഥ രൂപപ്പെടുത്തലാണ്; അതുകൊണ്ട് സിപി.സി ഉദ്ദേ ശിക്കുന്നത്. 'ഒന്നാമതായി മൊത്തം സമൂഹ മൂലധനത്തിൽ പൊതുമൂലധനത്തിനായിരിക്കും മേൽക്കൈ. രണ്ടാമതായി സ്റ്റേറ്റ് സമ്പദ്വ്യവസ്ഥ സാമ്പത്തിക ജീവിതത്തെ നിയന്ത്രിക്കു കയും ദേശീയ സമ്പദ്വ്യവസ്ഥയിൽ മുഖ്യപങ്ക് വഹിക്കുകയും ചെയ്യുകയാണ്,'' ഇതിലൂടെ സാമ്പത്തിക ധ്രുവീകരണവും, സ്വകാര്യ വിപണി സമ്പദ്വ്യവസ്ഥയാൽ വർദ്ധിക്കുന്ന അസ മത്വങ്ങളും തടയാനാവുമെന്നും അധ്വാനിക്കുന്ന ജനങ്ങളുടെ പൊതുവായ ഐശ്വര്യം ഉറ പ്പുവരുത്താനാവുമെന്നുമാണ് അവർ കരുതുന്നത്.

6.10 ഈ പരിഷ്കാരങ്ങൾ തീർച്ചയായും ഗുണപരമായ ഫലങ്ങൾ ഉളവാക്കിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു ദശകങ്ങളായി ചൈനീസ് സമ്പദ്വ്യവസ്ഥ ആശ്ചര്യകരമായ തോതിൽ 9 ശത മാനത്തിലേറെ വളർച്ചയുണ്ടാക്കുകയും ദാരിദ്ര്യം പണാടിസ്ഥാനത്തിൽ കണക്കാക്കിയാൽ 1981 നും 2005 നും ഇടയിൽ 80 ശതമാനത്തിലേറെ താഴുകയും ചെയ്തിട്ടുണ്ട്. പരിഷ്കാര ങ്ങൾക്ക് തുടക്കംകുറിച്ചുകൊണ്ട് ചൈന 1980 ലെ ജി.എൻ.പി ഇരട്ടിയാക്കാനും ജനങ്ങളുടെ അടിസ്ഥാന ജീവിതാവശ്യങ്ങൾ ഉറപ്പുവരുത്താനുമുള്ള ആസൂത്രണമാണ് നടത്തിയത്.

രണ്ടാമത്തെ ചുവടുവെപ്പ് 1980 ലെ ഉൽപാദനം ഇരട്ടിയുടെ ഇരട്ടിയാക്കലും 20–ാം നൂറ്റാണ്ടിന്റെ അവസാനത്തോടെ പ്രാഥമിക സമൃദ്ധി നേടിയെടുക്കലുമായിരുന്നു. ഈ രണ്ടു ഘട്ടത്തിലേയും ലക്ഷ്യം നേടിയെടുക്കാൻ കഴിഞ്ഞു. ഈ നേട്ടങ്ങളെല്ലാം ചൈനയ്ക്ക് കൈവരിക്കാൻ കഴിഞ്ഞത് മാവോയിസ്റ്റ് കാലഘട്ടത്തിലെ നിലപാടിൽ നിന്ന് വ്യതിചലിച്ചതുകൊണ്ടായിരുന്നില്ല. മറിച്ച് ചൈനീസ് ജനകീയ റിപ്പബ്ലിക് അതിന്റെ ആദ്യമൂന്ന് ദശകങ്ങളിൽ കേന്ദ്രീകൃത ആസൂത്രണത്തിലൂടെ നേടിയ ശക്തമായ അടിത്തറ വികസിപ്പിച്ചുകൊണ്ടായിരുന്നു. മൂന്നാം ഘട്ടത്തിൽ അവർ ലക്ഷ്യമിടുന്നത് ''പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ശതാബ്ദി വാർഷികത്തിൽ അതായത് 2049 ൽ ആളോഹരി ജി.എൻ.പി ഇടത്തരം വികസിത രാജ്യങ്ങളിലേതിനോട് തുല്യമായ നിലവാരത്തിലേക്ക് എത്തിക്കുക'' എന്നതാണ്.

6.11 33 വർഷത്തെ പരിഷ്കാരങ്ങൾക്കുശേഷം 2010 ൽ ചൈനയുടെ മൊത്തം സാമ്പത്തിക ഉൽപാദനം 5.88 ലക്ഷംകോടി ഡോളറിലേക്കെത്തിയിരിക്കുന്നു. അത് 1978 ലേതിന്റെ പതിനാറിരട്ടിയാണ്. അതേപോലെ ലോകശരാശരിയുമായി തട്ടിച്ചുനോക്കുമ്പോൾ ചൈനയുടെ ആളോഹരി വരുമാനം 2005ലെ 24.9 ശതമാനത്തിൽനിന്ന് 2010ൽ 46.8 ശതമാനമായി ഉയർന്നിരിക്കുന്നു. രാജ്യത്തിന്റെ മൊത്തം കയറ്റിറക്കുമതി വ്യാപ്തം 1978 ൽ 2060 കോടി ഡോളറായിരുന്നത് 2010 ൽ 2.974 ലക്ഷംകോടി ഡോളറായി വർദ്ധിച്ചിരിക്കുന്നു. 1979 മുതൽ 2010 വരെ ഉപയോഗപ്പെടുത്തിയ വിദേശപ്രത്യക്ഷ നിക്ഷേപം മൊത്തം 1.048 ലക്ഷംകോടി ഡോളറാണ്.

6.12 ഈ ദശകങ്ങൾക്കിടയിൽ ചൈനയിലെ പരിഷ്കരണ പ്രക്രിയ തന്നെ നിരവധി മാറ്റങ്ങൾക്ക് വിധേയമായി. അവർ 1978 ലാണ് ആരംഭിച്ചതെങ്കിലും സോവിയറ്റ് യൂണിയന്റെ തകർച്ചയും ലോകത്ത് സോഷ്യലിസ്റ്റ് പ്രതിരോധ ശക്തിയുടെ അവസാനവും നാം മുമ്പ് വിലയിരുത്തിയത് പോലുള്ള ഒരു ആഗോള സ്ഥിതിവിശേഷം രൂപപ്പെടുത്തി. ഇതിനോടൊപ്പം തന്നെ ടിയനാൻമെൻ ചത്വര സംഭവ വികാസങ്ങൾ പോലുള്ള ആഭ്യന്തര അസ്വാസ്ഥ്യങ്ങളുമുണ്ടായി. ഈ സംഭവ വികാസങ്ങൾ, പരിഷ്കരണ പ്രക്രിയയിൽ നിരവധി 'ദിശാ തിരുത്തലു'കളിലേക്ക് നയിച്ചു. **(26)**

6.13 വിവിധ മേഖലകളിൽ സ്വകാര്യമേഖലയുടെ ദ്രുതഗതിയിലുള്ള വികാസവും ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ–വിദ്യാഭ്യാസ–സാമൂഹ്യസേവന മേഖലകളിൽ പൊതു വകയിരുത്തൽ ദുർബലപ്പെടുകയും ചെയ്തത് തൊണ്ണൂറുകളിലാണ്. 2005–ഓടെ വ്യവസായമേഖലയിൽ മൂല്യവർദ്ധിത പ്രവർത്തനം സ്വകാര്യമേഖലയുടേത് 50 ശതമാനമാവുകയും പൊതു –കൂട്ടു സംരംഭ മേഖലകളിൽ ജോലി ചെയ്യിക്കുന്നതിന്റെ ഇരട്ടി തൊഴിലാളികൾ പണിയെടുക്കുന്നത് സ്വകാര്യമേഖലയിലാവുകയും ചെയ്തു. എന്നിരുന്നാലും ഏറ്റവും അവസാന പഠനങ്ങൾ (അമേരിക്കൻ കോൺഗ്രഷണൽ കമ്മിറ്റി റിപ്പോർട്ടിനു വേണ്ടി തയ്യാറാക്കിയത്) കാണിക്കുന്നത് സർക്കാർ ഉടമയിലുള്ള സംരംഭങ്ങളുടെ ആസ്തി 2003 മധ്യത്തിൽ ജി.ഡി.പിയുടെ 60 ശതമാനമായിരുന്നത് 2010 മധ്യത്തോടെ 62 ശതമാനമായി വളർന്നുവെന്നാണ്. സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്ക് മേൽക്കൈയുള്ള മേഖലകൾ 2010 അവസാനത്തിൽ ആഭ്യന്തര ഓഹരി വിപണിയുടെ മൂലധനവൽക്കരണത്തിന്റെ 80 ശതമാനം നേടിക്കൊണ്ട് വ്യക്തമായ മേധാവിത്വം നേടി. അതേപോലെ സ്വകാര്യ ആഭ്യന്തര സ്ഥാപനങ്ങളിൽ നികുതി വരുമാനം മൊത്ത വരുമാനത്തിന്റെ 15 ശതമാനത്തിൽ താഴെയാണ്. 2010 ൽ ലോകത്തിലെ ഏറ്റവും വലിയ 500 സ്ഥാപനങ്ങളുടെ പട്ടിക ഫോർച്യൂൺ തയ്യാറാക്കിയതിൽപെട്ട 42 എണ്ണത്തിൽ 3 എണ്ണം ഒഴികെ മറ്റെല്ലാം ചൈനയിലെ ഗവൺമെന്റ് ഉടമസ്ഥതയിലാണ്. ഏറ്റവും വലിയ 500 ചൈനീസ് കമ്പനികളെ കുറിച്ചുള്ള ചൈനയുടെ പട്ടികയിൽ തന്നെ 75 വ്യവസായ സ്ഥാപനങ്ങളുണ്ട്. ഇതിൽ 29 എണ്ണത്തിൽ ഒരു സ്വകാര്യസ്ഥാപനം പോലുമില്ല. മറ്റ് പത്തെണ്ണത്തിലാവട്ടെ സ്വാകര്യമേഖലക്ക് അപ്രധാനമായ പങ്ക് മാത്രമാണുള്ളത്. ഈ 500 കമ്പനികളുടെ മൊത്തം ആസ്തിയിൽ 85 ശതമാനവും നിയന്ത്രിക്കുന്നത് ഈ 39 സ്റ്റേറ്റ് മേധാവിത്വമുള്ള മേഖലകളിലെ ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുമാണ്. മൊത്തം സംരംഭങ്ങളുടെ എണ്ണത്തിൽ 3.1 ശതമാനം മാത്രമേ വരൂ എങ്കിലും സ്റ്റേറ്റ് ഉടമസ്ഥതയിലുള്ള സംരംഭങ്ങളുടെ വലിപ്പത്തിന്റെ ശരാശരി സർക്കാർ ഇതര ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളേക്കാൾ ഉയർന്നതാണ്. ശരാശരി ആസ്തികളുടെ കണക്കെടുത്താൽ സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ സർക്കാർ ഇതര സ്ഥാപനങ്ങളുടെ 13.4 ഇരട്ടി വലുപ്പമുള്ളവയാണ്. 1999 ൽ സർക്കാർ ഉടമയിലുള്ള വ്യവസായ സംരംഭങ്ങളുടെ ശരാശരി ആസ്തി വലുപ്പം 13.4 കോടി റെൻമിൻബിയിൽ നിന്ന് 2008 ൽ 92.3 കോടിയായി വർദ്ധിച്ചു. ഒമ്പത് വർഷത്തിനകം 589 ശതമാനത്തിന്റെ വളർച്ച. ഇതിനിടയിൽ സർക്കാരിതര ഉടസ്ഥമതയിലുള്ള സംരംഭങ്ങളുടെ ശരാശരി ആസ്തികൾ 3.6 കോടിയിൽ നിന്ന് 6.0 കോടിയിലേക്ക് മിതമായ വളർച്ച നേടി– താരതമ്യേന ചെറിയ 67 ശതമാനം വളർച്ച.

6.14 അങ്ങനെ സേവനങ്ങളിലും വ്യവസായങ്ങളിലും സ്വകാര്യ മേഖലാ സംരംഭങ്ങൾ വർദ്ധിക്കുമ്പോൾ തന്നെ ശ്രദ്ധിക്കേണ്ട കാര്യം സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളാണ് തന്ത്രപ്രധാന മേഖലകളെ നിയന്ത്രിക്കുന്നത് എന്നതാണ്. സർക്കാർ ഉടമയിലുള്ള ഏറ്റവും മുൻപന്തിയിലുള്ള 50 സംരംഭങ്ങൾ, ദൃഢീകരിക്കപ്പെടുകയും അവ സമ്പദ്വ്യവസ്ഥയിൽ ഖനി, എണ്ണ, ഉരുക്ക്, ടെലികോം, ബാങ്കിംഗ്, ഊർജ്ജം, റെയിൽവേ, തുറമുഖങ്ങൾ മുതലായവയിൽ ഉന്നത ശൃംഗങ്ങൾ അലങ്കരിക്കുകയും ചെയ്യുന്നു.

6.15 പരിഷ്കാരങ്ങളുടെ രണ്ടാം ദശയിൽ ഗ്രാമപ്രദേശങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അത് നഗര–ഗ്രാമ അന്തരം വർധിപ്പിക്കുകയും ചെയ്തു. 2006 ന് ശേഷമാണ് ചൈനീസ് ഗവൺമെന്റ് കാർഷിക നികുതി ഒഴിവാക്കുവാനും ധാന്യവില സബ്സിഡി ഉയർത്തുവാനും ഗ്രാമീണ ആരോഗ്യ–വിദ്യാഭ്യാസ മേഖലകളിലെ ചെലവഴിക്കൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചത്. ചില അസന്തുലിതാവസ്ഥകൾ പരിഹരിക്കുന്നതിന് വേണ്ടി ഭരണകൂട ആസൂത്രണവും ഇടപെടലുകളും നടക്കുന്നുണ്ടെന്ന് ഇത് വ്യക്തമാക്കുന്നു.

6.16 എന്തൊക്കെയായാലും പുതിയ പ്രശ്നങ്ങളും അലോസരപ്പെടുത്തുന്ന പ്രവണതകളും ഈ സംഭവഗതികളുടെ ഭാഗമായി വളർന്നുവരുന്നുണ്ട്. വളർന്നുവരുന്ന അസമത്വങ്ങൾ, തൊഴിലില്ലായ്മ, അഴിമതി എന്നിവയാണവ.

6.17 **അസമത്വങ്ങൾ**: നഗരവും ഗ്രാമവുമടക്കം രാജ്യത്തെ മൊത്തത്തിലെടുത്താൽ, 2002 ആയപ്പോഴേക്ക് ഏറ്റവും ഉയർന്ന തലത്തിലുള്ള 10 ശതമാനത്തിന്റെ ശരാശരി വരുമാനം ഏറ്റവും താഴെ തട്ടിലുള്ള 10 ശതമാനത്തിന്റെ 22 ഇരട്ടി ആയെന്നും നാം കാണുന്നു. കഴിഞ്ഞ 18 വർഷത്തിനിടയിൽ കേവലമായ കണക്കുകളുടെ അടിസ്ഥാനത്തിൽ നോക്കിയാൽ നഗര–ഗ്രാമ വരുമാന വിടവ് 13 ഇരട്ടി വർദ്ധിച്ചതായി കാണാൻ കഴിയും. അമേരിക്കയൊഴികെ മറ്റേതൊരു രാജ്യത്തുമുള്ളതിനേക്കാൾ അധികം ശതകോടീശ്വരന്മാർ ഇന്നുള്ളത് ചൈനയിലാണ്. 1997 മുതലുള്ള പത്ത് വർഷക്കാലയളവിൽ, സാമ്പത്തിക രംഗത്ത് നിർണ്ണായകമായ തോതിൽ ഉണ്ടായ കുതിച്ചു ചാട്ടത്തിന്റെ കാലത്ത്, ദേശീയ വരുമാനത്തിൽ തൊഴിലാളികളുടെ വേതനത്തിന്റെ പങ്ക് ജി.ഡി.പിയുടെ 53 ശതമാനത്തിൽ നിന്ന് 40 ശതമാനത്തിലേക്ക് കുറഞ്ഞു.

6.18 ഈ അസന്തുലിതാവസ്ഥകളിൽ ചിലത് പരിഹരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ചൈനീസ് ഗവൺമെന്റ് സംഘടിതവും ആസൂത്രിതവുമായ രീതിയിൽ ഒരു വികസനാധിഷ്ഠിത ദാരിദ്ര്യ ലഘൂകരണ പദ്ധതി ഗ്രാമപ്രദേശങ്ങളിൽ ആരംഭിച്ചു. (27) സാമ്പത്തിക–സാമൂഹിക രംഗങ്ങളിലുണ്ടായ വികസന നിലവാരത്തിന് അനുസരിച്ചും വില സൂചികയിലുണ്ടായ മാറ്റങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഗവൺമെന്റ് ഗ്രാമങ്ങളിൽ ജീവിക്കുന്നവരുടെ ദേശീയ ദാരിദ്ര്യരേഖ 2000 ൽ 865 യുവാൻ ആയിരുന്നത് 2010 ൽ 1274 യുവാൻ ആയി വർദ്ധിപ്പിച്ചു. ഈ മാറ്റത്തിന്റെ അടിസ്ഥാനത്തിൽ 2000 അവസാനത്തിൽ ദാരിദ്ര്യം കൊണ്ട് കഷ്ടപ്പെട്ടിരുന്നവർ 9.422 കോടി ആയിരുന്നത് 2010 അവസാനത്തിൽ 2.688 കോടിയായി കുറഞ്ഞുവെന്നത് കൂടാതെ മൊത്തം ഗ്രാമീണ ജനസംഖ്യയിൽ അവരുടെ ശതമാനം 2000 ൽ 10.2 ശതമാനമായിരുന്നത് 2010 ൽ 2.8 ശതമാനമായി കുറകയും ചെയ്തു.

6.19 **അഴിമതി**: 2010 ലെ ആദ്യത്തെ 11 മാസങ്ങളിൽ ചൈനയിലെ അച്ചടക്ക മേൽനോട്ട അധികാരികൾ 1,19,000 അഴിമതികേസുകളിൽ അന്വേഷണം നടത്തി. അതിന് മുൻവർഷം അതേ കാലത്ത്, 1,15,000 ആയിരുന്നതിനേക്കാൾ അൽപം കൂടുതലാണിത്. 1,08,000 കേസുകളിൽ അന്വേഷണം പൂർത്തിയായതിൽ 1,13,000 വ്യക്തികൾ സി.പി.സിയുടെ അച്ചടക്കമോ ഭരണപരമായ അച്ചടക്കമോ ലംഘിച്ചതിനാൽ ശിക്ഷിക്കപ്പെടുകയും അതിൽ തന്നെ 4332 പേർ നിയമലംഘനം നടത്തിയതായി കണ്ടെത്തിയതിനാൽ ജുഡീഷ്യൽ അധികാരികളുടെ കസ്റ്റഡിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും ചെയ്തു.

6.20 **മറ്റ് പ്രശ്നങ്ങൾ**: നിർണയിക്കാനാവാത്ത മറ്റ് കാര്യങ്ങളുമുണ്ട്. പാർടിയിലേക്ക് മുതലാളിമാരെ കൊണ്ടുവരുന്നതിനുള്ള തീരുമാനമാണ്, 2002ൽ നടപ്പാക്കിയ മാറ്റങ്ങളിൽ ഒന്ന്. ഏതാനും വ്യവസായ സംരംഭകരും ബിസിനസ്സുകാരും ഇപ്പോൾ പാർടിയിൽ ചേർന്നിട്ടുണ്ട്. പാർടിയുടെ ഘടനയിൽ മാറ്റം വരുന്നതിനനുസരിച്ച് പാർടിയുടെ രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ദിശാബോധം പുതിയ സമ്മർദ്ദങ്ങൾക്ക് വിധേയമായിത്തീരാവുന്നതാണ്.

6.21 ചൈനീസ് കമ്യൂണിസ്റ്റ് പാർടിയുടെ ധാരണയിൽനിന്ന് സാമ്രാജ്യത്വം എന്ന സങ്കൽപനം വിട്ടുകളയുന്നതാണ് മറ്റൊരു പ്രശ്നം. സാമ്രാജ്യത്വവിരുദ്ധ ദിശാബോധത്തിന്റെ അഭാവത്തിൽ തൊഴിലാളിവർഗ സാർവദേശീയതയുടെ നേർപ്പിക്കൽ സംഭവിച്ചേക്കാം.

6.22 സംഗ്രഹിച്ചു പറഞ്ഞാൽ, മൂന്ന് പതിറ്റാണ്ടുകളിലെ പരിഷ്കാരങ്ങളുടെ കാലത്ത് ഉൽപാദനശക്തികളുടെ വികസനത്തിലും സാമ്പത്തിക വളർച്ചയിലും ചൈന വമ്പിച്ച കാൽവെയ്പുകൾ നടത്തിയിട്ടുണ്ട്. മൂന്നു പതിറ്റാണ്ടുകാലത്ത് ശരാശരി 10 ശതമാനത്തിലധികം വളർച്ചാനിരക്ക് സ്ഥിരമായി കൈവരിക്കുക എന്നത് മുതലാളിത്ത ചരിത്രത്തിലൊട്ടാകെ

ഏതൊരു രാജ്യത്തും അഭൂതപൂർവ്വമായ സംഭവം തന്നെയാണ്. പക്ഷേ, ഇതേ പ്രക്രിയതന്നെ ഇന്നത്തെ ചൈനയിൽ ഉൽപാദന ബന്ധങ്ങളിലും അതുകൊണ്ടുതന്നെ സാമൂഹ്യ ബന്ധങ്ങളിലും പ്രതികൂലമായ മാറ്റങ്ങൾ വളരെ വ്യക്തമായും മുന്നോട്ടുകൊണ്ടുവന്നിട്ടുണ്ട്.

6.23 ഈ വൈരുദ്ധ്യങ്ങളെ എത്രമാത്രം വിജയകരമായാണ് കൈകാര്യം ചെയ്യുന്നത്, അവയെ എങ്ങനെയാണ് പരിഹരിക്കുന്നത് എന്നതായിരിക്കും ചൈനയുടെ ഭാവി ഗതി നിർണയിക്കാൻ പോകുന്നത്. സോഷ്യലിസത്തെ ശക്തിപ്പെടുത്താനും അരക്കിട്ടുറപ്പിക്കാനുമുള്ള യത്നങ്ങൾക്ക് നമ്മളുടെയും ലോകമെങ്ങുമുള്ള കമ്മ്യൂണിസ്റ്റുകാരുടെയും ഐക്യദാർഢ്യം ലഭിക്കുന്നതായിരിക്കും.

6.24 തുടർന്ന് വിയത്നാമും ക്യൂബയും ഉത്തരകൊറിയയും നടപ്പാക്കിയ പരിഷ്കാരങ്ങളെ വിലയിരുത്തേണ്ടതും പ്രധാനംതന്നെയാണ്. അന്താരാഷ്ട്ര ധനമൂലധനവും ആഗോളവൽക്കരണവുമായി ഈ രാഷ്ട്രങ്ങൾ സ്വയം ബന്ധപ്പെടുന്നത് ഏതുവിധത്തിലാണ് എന്നതാണ് പ്രധാനമായും പരിഗണിക്കേണ്ടത്–മുമ്പ് സോവിയറ്റ് യൂണിയന്റെ നിർണായകമായ പിൻതുണയേയും സഹായത്തേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് വളർച്ച പ്രാപിച്ചിരുന്ന ഈ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ ഇപ്പോൾ ആഗോളവൽക്കരണത്താൽ നിർണയിക്കപ്പെടുന്ന അന്താരാഷ്ട്ര വിപണിയുമായി യോജിച്ചു പ്രവർത്തിക്കാൻ നിർബന്ധിതമായി തീർന്നിരിക്കുന്ന സന്ദർഭത്തിൽ പ്രത്യേകിച്ചും. ഈ രാഷ്ട്രങ്ങളിലെ സോഷ്യലിസത്തിന്റെ നിലനിൽപ്പിന്റെനേർക്കുതന്നെ സാമ്രാജ്യത്വ ആഗോളവൽക്കരണം ഉയർത്തിയിട്ടുള്ള വെല്ലുവിളിയെ നേരിടുകയാണ് ആവശ്യം.

## വിയത്നാം

6.25 1986 ഡിസംബറിൽ ചേർന്ന വിയത്നാം കമ്യൂണിസ്റ്റ്പാർടിയുടെ ആറാമത് ദേശീയ കോൺഗ്രസിൽ, 'ദോയ് മോയ്' (ഊീശ ങീശ) അഥവാ നവീകരണത്തിന്റെ പേരിൽ ജീവിതത്തിന്റെ മിക്ക തുറകളിലും, പ്രത്യേകിച്ചും സാമ്പത്തികനയത്തിൽ, പാർടി നേതൃത്വം മാറ്റങ്ങൾ ആവിഷ്കരിച്ചു.

6.26 1986ൽ ചേർന്ന വിയത്നാം കമ്യൂണിസ്റ്റ്പാർടിയുടെ ആറാമത് കോൺഗ്രസിന്റെ റിപ്പോർട്ടിൽ ഇങ്ങനെ പ്രസ്താവിക്കുന്നു. ''സാമ്പത്തികഘടന, പ്രത്യേകിച്ചും ഉൽപാദനത്തിന്റെയും നിക്ഷേപത്തിന്റെയും ഘടന, ക്രമപ്പെടുത്തുന്നതിനിടയിൽ, നാം പലപ്പോഴും, സത്വരമായി മുന്നേറുക എന്ന ആഗ്രഹത്തിൽ നിന്നാണ് ആരംഭിച്ചത്; പ്രായോഗിക പരിതഃസ്ഥിതികളും കഴിവുകളും കണക്കിലെടുക്കുകയുണ്ടായില്ല....'' പരിവർത്തനത്തിന്റെ അന്തരാളഘട്ടത്തിൽ സ്വത്തിന്റെ വിവിധ രൂപങ്ങൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അത് തുടർന്ന് വിശകലനം ചെയ്യുന്നു. **(28)** തുടർന്ന് ഏഴാം കോൺഗ്രസിൽ, ഉയർന്നുവരുന്ന നിരവധി പ്രശ്നങ്ങളേയും സോഷ്യലിസത്തിന് വിരുദ്ധമായ പ്രവണതകളെ ചെറുക്കേണ്ടതിന്റെ ആവശ്യകതയേയും വിയത്നാം കമ്യൂണിസ്റ്റ്പാർടി ഉയർത്തിക്കാണിച്ചിട്ടുണ്ട്.

## ക്യൂബ

6.27 ക്യൂബയും, തങ്ങളുടെ സാമ്പത്തിക നയങ്ങൾ പുനരവലോകനത്തിനും പുനരാവിഷ്കരണത്തിനും വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. സോവിയറ്റ് യൂണിയന്റെയും സോഷ്യലിസ്റ്റ് ചേരിയുടെയും തകർച്ചയ്ക്കുശേഷം, മുൻ സോവിയറ്റ് യൂണിയനിൽനിന്ന് ഉറപ്പായും ലഭിച്ചുകൊണ്ടിരുന്ന സാധന സാമഗ്രികളുടെ ചിട്ടയായ പ്രവാഹം പെട്ടെന്ന് നിലച്ചുപോയതായി ക്യൂബ കണ്ടു. ആധുനിക ലോകത്തിന്റെ ചരിത്രത്തിലെ ഏറ്റവും മനുഷ്യത്വരഹിതമായ സാമ്പത്തിക ഉപരോധങ്ങൾ അടിച്ചേൽപ്പിച്ചുകൊണ്ട് ക്യൂബയെ ശ്വാസംമുട്ടിക്കുന്നത് അമേരിക്കൻ സാമ്രാജ്യത്വം തുടരുകയാണ്. ഈ പശ്ചാത്തലത്തിലാണ്, ''ക്യൂബൻ സാമ്പത്തിക മാതൃക കാലോചിതമാക്കി തീർക്കുന്നതിനുവേണ്ടിയും സോഷ്യലിസത്തിന്റെയും രാജ്യത്തിന്റെ സാമ്പത്തിക വികാസത്തിന്റെയും ജനങ്ങളുടെ ജീവിത നിലവാരത്തിന്റെ പുരോഗതിയുടെയും നൈരന്തര്യവും തിരിച്ചിടാനാകാത്ത അവസ്ഥയും ഉറപ്പുവരുത്തുന്നത് ലക്ഷ്യംവെച്ചുകൊണ്ടും'', ''പാർടിയുടെ സാമ്പത്തികവും സാമൂഹ്യവുമായ നയങ്ങളെയും വിപ്ലവത്തേയും കുറിച്ചുള്ള മാർഗനിർദ്ദേശങ്ങളെ സംബന്ധിച്ച പ്രമേയം'' പാർടി 2011 ജനുവരിയിൽ അംഗീകരിച്ചത്.

6.28 വേതനവും പെൻഷനും സംബന്ധിച്ച നയം പുന:പരിശോധിക്കുന്നതിനും നഷ്ടം വരുത്തുന്ന സർക്കാർ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും അനർഹമായ സൗജന്യ ആനുകൂല്യങ്ങളും ആവശ്യത്തിലധികമുള്ള സബ്സിഡികളും റേഷൻകാർഡുകളും ക്രമേണ ഒഴിവാക്കുന്നതിനും ക്യൂബ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. സ്വതന്ത്രമായ കൃഷിയിടങ്ങൾ ഉണ്ടാക്കുന്നതിനും അവ ചെറിയ ഭൂവുടമകൾക്ക് കൃഷിക്കായി പാട്ടത്തിന് നൽകുന്നതിനും ചെറുകിട ഉൽപാദകർക്കായി വിപണി രൂപീകരിക്കുന്നതിനും കയറ്റുമതിക്കായുള്ള ഉൽപാദനത്തിന് പ്രോത്സാഹനം നൽകുന്നതിനും ക്യൂബ പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട്. തൊഴിലാളികളുടെ

ഉൽപാദനക്ഷമതയും അച്ചടക്കവും മെച്ചപ്പെടുത്തുന്നതിനും അധികമായുള്ള അധ്വാനശക്തിയെ പുന:ക്രമീകരിക്കുന്നതിനും നടപടികൾ ആരംഭിക്കുന്നതിനും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. ഉയർന്ന വരുമാനം ലഭിക്കുന്നവരുടെമേൽ ഉയർന്ന നിരക്കിൽ നികുതി ചുമത്തിക്കൊണ്ടുള്ള നികുതി വ്യവസ്ഥ നടപ്പാക്കുന്നതിനും ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നികുതി ആനുകൂല്യങ്ങൾ നൽകുന്നതിനും രാജ്യത്ത് നിലവിലുള്ള ഇരട്ട കറൻസി വ്യവസ്ഥ ഇല്ലാതാക്കുന്നതിനും **(29)** ഉള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്.

### ഉത്തര കൊറിയ

6.29 2011ൽ ഉത്തര കൊറിയ സാമ്പത്തികവികസനത്തിനായി ദശവത്സര ഭരണകൂടതന്ത്ര പദ്ധതി അംഗീകരിച്ചു; ഈ പ്രക്രിയയ്ക്ക് മേൽനോട്ടം വഹിക്കുന്നതിനായി, സാമ്പത്തിക വികസനത്തിനായുള്ള സ്റ്റേറ്റ് ജനറൽ ബ്യൂറോ സ്ഥാപിക്കുന്നതിനും തീരുമാനിച്ചു. **(30)**

6.30 അത്തരം പരിഷ്കാരങ്ങളിലൂടെ തങ്ങളുടെ സാമൂഹ്യ ഉൽപാദനശക്തികളെ മുന്നോട്ടു കൊണ്ടുപോകുന്നതിനാണ് ഡിപിആർകെ ശ്രമിക്കുന്നത്. അവയില്ലാതെ അത്യാവശ്യമായ സാമ്പത്തികവും സാമൂഹ്യവുമായ വികസനത്തിന്റെ ഉന്നത നിലവാരങ്ങൾ കൈവരിക്കുന്നതിനോ സോഷ്യലിസത്തിന്റെ മേന്മ സ്ഥാപിക്കുന്നതിനോ കഴിയില്ല. വ്യക്തിപ്രഭാവം പോലുള്ള വൈകല്യങ്ങൾക്കു പുറമെ, ഭക്ഷ്യദൗർലഭ്യം പോലെയുള്ള പ്രശ്നങ്ങളും പരിഹരിക്കേണ്ടതായുണ്ട്.

6.31 ചൈനയിലെ പരിഷ്കരണപ്രക്രിയയുടെ കാര്യത്തിൽ നാം സൂചിപ്പിച്ചപോലെ, സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിലെ പരിഷ്കാരങ്ങളുടെ ഈ അനുഭവങ്ങളിൽനിന്ന് ഉയർന്നുവരുന്ന പ്രധാന പ്രശ്നം, ഉയർന്നുവരുന്ന പുതിയ പ്രശ്നങ്ങളെയും വൈരുദ്ധ്യങ്ങളെയും അവയെങ്ങനെ കൈകാര്യംചെയ്യുന്നു, എങ്ങനെ പരിഹരിക്കുന്നു എന്നതാണ്. സോഷ്യലിസ്റ്റ് ദൃഢീകരണത്തിൻെറ ഭാവി പാത എന്തായിരിക്കുമെന്ന് തീരുമാനിക്കുന്നത് ഇതായിരിക്കും.

6.32 നമ്മുടെ 14–ാം കോൺഗ്രസ് പ്രമേയത്തിൽ പറഞ്ഞതുപോലെ, ''സോഷ്യലിസത്തെ നിലനിർത്താനും വികസിപ്പിക്കാനും ജനങ്ങളുടെ വളർന്നുവരുന്ന കൂട്ടായ ബോധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കഴിയൂ. അതാകട്ടെ ആശ്രയിച്ചിരിക്കുന്നത് സോഷ്യലിസ്റ്റ് നിർമ്മാണം സൃഷ്ടിച്ച ഭൗതിക സാഹചര്യങ്ങളെയാണ്. അത്തരം കൂട്ടായ ബോധത്തെ വളർത്തിയെടുക്കാൻ ഭരണത്തിലുള്ള കമ്മ്യൂണിസ്റ്റ് പാർടിയുടെ പ്രത്യയശാസ്ത്രപരമായ നിശ്ചയദാർഢ്യമില്ലാതെ കഴിയില്ല.''

## VII
## ചില വികസ്വര രാഷ്ട്രങ്ങൾ

### ലാറ്റിനമേരിക്ക

7.1 സാമ്രാജ്യത്വത്തിനും ലാറ്റിനമേരിക്കയിലെ അതിന്റെ നവലിബറൽ കടന്നാക്രമണങ്ങൾക്കും എതിരായി വമ്പിച്ച ജനകീയ മുന്നേറ്റങ്ങളുടെ തരംഗമായി ഉയർന്നുവരുന്ന ജനകീയ ഗവൺമെന്റുകളെ ''ഇളംചുവപ്പ് വേലിയേറ്റം–ഇടത്തോട്ടുള്ള ചായ്വ്'' എന്നാണ് ജനകീയമായി വിവരിക്കപ്പെടുന്നത്.

7.2 ജനാധിപത്യപരമായ തിരഞ്ഞെടുപ്പുകളിൽ വിജയം നേടിയതിനെ തുടർന്ന് ലാറ്റിനമേരിക്കയിലെ അനേകം രാജ്യങ്ങളിൽ ഭരിക്കുന്നത് ഇടതുപക്ഷ ദിശാബോധമുള്ള അഥവാ പുരോഗമന ഗവൺമെന്റുകൾ ആണ്. ഈ രാജ്യങ്ങളിൽ ഉയർന്നുവന്നിട്ടുള്ള കമ്യൂണിസ്റ്റ് പാർടികളടക്കമുള്ള ഇടതുപക്ഷ ദിശാബോധമുള്ള സഖ്യങ്ങൾ, സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനും മുതലാളിത്തത്തിനകത്തുതന്നെയുള്ള നവലിബറലസത്തിനും എതിരായ ബദലാണ് പ്രദാനംചെയ്യുന്നത്. ഈ ഗവൺമെന്റുകൾ സോഷ്യലിസ്റ്റ് ബദൽ ആവാതിരിക്കുമ്പോൾ തന്നെ, സാമ്രാജ്യത്വത്തിനും നവലിബറൽ മുതലാളിത്തത്തിനും എതിരായി നിർണ്ണായക വെല്ലുവിളി ഉയർത്താവുന്ന 'ആത്മനിഷ്ഠ ഘട്ടം' വികസിപ്പിക്കാനുള്ള സമരത്തിൽ അവ സൃഷ്ടിപരമായ സംഭവവികാസങ്ങളെ പ്രതിനിധീകരിക്കുന്നു. ഇടതുപക്ഷ സാഹസികതയുടെ നിഷ്പ്രയോജനത്വം ഒരിക്കൽകൂടി ഉയർത്തിക്കാണിച്ചുകൊണ്ട് പെറു, കൊളംബിയ പോലുള്ള രാജ്യങ്ങളിൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന സായുധ സമരങ്ങളോട് പ്രത്യക്ഷത്തിലുള്ള അന്തരമാണ് ഈ അനുഭവം കാണിക്കുന്നത്. പ്രധാനമായും വെനസ്വേലയെ ലക്ഷ്യംവെച്ചുകൊണ്ട് അമേരിക്ക, കൊളംബിയയിൽ ഏഴ് സൈനികത്താവളങ്ങളാണ് സ്ഥാപിച്ചിരിക്കുന്നത്. ''ഇടതുപക്ഷ രണോത്സുകത''യിൽനിന്ന് ''ജനാധിപത്യത്തെ സംരക്ഷിക്കുക'' എന്നതിന്റെ മറവിൽ വലതുപക്ഷ പിൻതിരിപ്പൻ വാഴ്ചയെ ഉപയോഗപ്പെടുത്തിക്കൊണ്ടാണ് അമേരിക്ക ഇതു ചെയ്യുന്നത്.

7.3 കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ സോഷ്യലിസ്റ്റ് ക്യൂബയുടെ ശക്തമായ സ്വാധീനത്തിൻ കീഴിൽ ഈ പുരോഗമന ഗവൺമെന്റുകൾ, അമേരിക്കയോടുള്ള അവയുടെ സാമ്പത്തിക ആശ്രിതത്വം ഗണ്യമായി കുറച്ചിട്ടുണ്ട്; ദക്ഷിണ രാഷ്ട്രങ്ങൾ തമ്മിൽത്തമ്മിലുള്ള വ്യാപാരം വർധിപ്പിച്ചിട്ടുണ്ട്. ഈ ഭൂഖണ്ഡത്തിലെ സാമ്പത്തിക പ്രതിസന്ധിയുടെ ആഘാതം ഒരളവോളം പരിമിതപ്പെടുത്തുന്നതിനും ദ്രുതഗതിയിൽ വീണ്ടെടുപ്പ് നടത്തുന്നതിനും ഇത് ആ രാഷ്ട്രങ്ങളെ സഹായിച്ചിരിക്കുന്നു- വെനസ്വേലയും ഇക്വഡോറും ബൊളിവിയയും കൂടുതൽ ദൃഢമായ സാമ്രാജ്യത്വവിരുദ്ധ നിലപാടുകളിൽ ഉറച്ചുനിൽക്കുന്നു. മുൻ ഗവൺമെന്റുകളുടെ കാലത്ത് സ്വകാര്യ നിയന്ത്രണത്തിന് കീഴ്പ്പെടുത്തിയിരുന്ന നിരവധി പൊതു ആസ്തികൾ ദേശസാൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. വെനസ്വലയിൽ നിരവധി ബാങ്കുകൾ ദേശസാൽക്കരിക്കപ്പെട്ടു. ബൊളീവിയ മുമ്പ് ചെയ്തപോലെ, ഇക്വഡോർ ഈയിടെ ഇന്ധന സ്രോതസ്സുകൾ ദേശസാൽക്കരിക്കുകയുണ്ടായി. സാമൂഹ്യചെലവുകൾക്ക് കൂടുതൽ ഊന്നൽ നൽകിക്കൊണ്ടും  സാമൂഹ്യ-സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിൽ ഭരണകൂടം സുപ്രധാന പങ്ക് വഹിച്ചുകൊണ്ടും ഈ രാജ്യങ്ങൾ ഈ ഭൂഖണ്ഡത്തിലെ മറ്റ് സാമ്രാജ്യത്വവിരുദ്ധ ഗവൺമെന്റുകൾക്ക് വഴികാണിച്ചുകൊണ്ടിരിക്കുകയാണ്.

7.4 ഈ ഭൂഖണ്ഡത്തിലെ രാജ്യങ്ങൾ തമ്മിൽത്തമ്മിലുള്ള മേഖലാതല വ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി 'മെർകോസുർ' (MERCOSUR), അൽബ (എഎൽബിഎ), സാവോ പോളോ ഫോറം തുടങ്ങിയ നിരവധി വേദികൾ ഊട്ടിയുണ്ടാക്കപ്പെട്ടിട്ടുണ്ട്. അവയിൽ ഏറ്റവും ഒടുവിലത്തേത്, പുതിയ മേഖലാതല സാമ്പത്തിക സംഘടനയാണ്- ലത്തീനമേരിക്കയിലെയും കരീബിയൻ പ്രദേശത്തെയും രാജ്യങ്ങളുടെ സമൂഹം (CELAC). ഈ രാജ്യങ്ങൾ തമ്മിൽത്തമ്മിൽ ദൃഢമായ ബന്ധം ഊട്ടിയുണ്ടാക്കുന്നതിനുവേണ്ടി മാത്രമല്ല, നവലിബറലിസത്തിന്റെ സമ്മർദ്ദങ്ങളെ ചെറുക്കുന്നതിന് കൂട്ടായ യത്നം കാഴ്ചവെയ്ക്കുന്നതിനുകൂടി ഇത്തരം എല്ലാ വേദികളും ഉപയോഗിക്കപ്പെടുന്നുണ്ട്. മുമ്പ് തങ്ങളുടെ പിന്നാമ്പുറത്തെ മുറ്റമായി പുച്ഛത്തോടെ കണക്കാക്കിയിരുന്ന ഈ ഭൂഖണ്ഡത്തിലെ തങ്ങളുടെ നഷ്ടപ്പെട്ട സ്വാധീനം വീണ്ടെടുക്കാൻ അമേരിക്ക തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഈ മേഖലയിൽ അമേരിക്ക, തങ്ങളുടെ സൈനിക സാന്നിധ്യം വർധിപ്പിക്കുകയാണ്. ഹോണ്ടുറാസിലെ അട്ടിമറിയിൽ അമേരിക്ക വഹിച്ച പങ്കിൽനിന്ന് വ്യക്തമാകുന്നപോലെ ഈ രാജ്യങ്ങളിലെ ആഭ്യന്തരകാര്യങ്ങളിൽ ഇടപെടുന്നത് അതിപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. മറ്റുചില രാജ്യങ്ങളിലെ വലതുപക്ഷ ഗവൺമെന്റുകളെ ഉപയോഗപ്പെടുത്താനും അമേരിക്ക ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. അമേരിക്കയുടെ പരമഹീനമായ തന്ത്രങ്ങളെ തുറന്നുകാണിച്ചുകൊണ്ടും സാമ്രാജ്യത്വ കടന്നാക്രമണത്തിനെതിരായി ജനങ്ങളെ അണിനിരത്തിക്കൊണ്ടും ഈ മേഖലയിലെ പുരോഗമന ഗവൺമെന്റുകളും ഇടതുപക്ഷ ശക്തികളും അമേരിക്കയ്ക്കെതിരായ ചെറുത്തുനിൽപിൽ അഗാധമായി ഏർപ്പെട്ടിരിക്കുകയാണ്.

7.5 സാമൂഹ്യ സൂചകാങ്കങ്ങളുടെ കാര്യത്തിൽ 1998നുശേഷം എടുത്തുപറയത്തക്കതായ പുരോഗതി ഉണ്ടായിട്ടുണ്ട് എന്നാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടുകാലത്തിനുള്ളിലെ വെനസ്വേലയുടെ അനുഭവം കാണിക്കുന്നത്. ദാരിദ്ര്യവും വരുമാനത്തിലുള്ള അസമത്വവും കുത്തനെ കുറഞ്ഞിട്ടുണ്ട്. വെള്ളം, ശുചീകരണ സംവിധാനം എന്നിവയുടെ ലഭ്യതയുടെ കാര്യത്തിലെന്നപോലെ, ആരോഗ്യം, വിദ്യാഭ്യാസ ലഭ്യത എന്നിവയുടെ സൂചകാങ്കങ്ങളും എടുത്തുപറയത്തക്കവിധത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്. 1999-2000 വിദ്യാഭ്യാസ വർഷത്തിൽനിന്ന് 2007-2008 വിദ്യാഭ്യാസവർഷമായപ്പോഴേക്ക് ഉന്നത വിദ്യാഭ്യാസത്തിലെ വിദ്യാർത്ഥികളുടെ എണ്ണം ഇരട്ടിയിലധികമായിരിക്കുന്നു. **(31)**

7.6 ''അമേരിക്കൻ രാജ്യങ്ങൾക്കുവേണ്ടിയുള്ള സ്വതന്ത്ര വ്യാപാര കരാർ''  (FTAA) എന്ന പേരിലുള്ള  സാമ്രാജ്യത്വ ഗൂഢതന്ത്രത്തെ പ്രത്യക്ഷത്തിൽ എതിർക്കുന്ന രാഷ്ട്രീയ പദ്ധതിയെന്ന നിലയിൽ, ''ലാറ്റിനമേരിക്കയ്ക്കുള്ള ബൊളീവാറിയൻ ബദൽ'' (ALBA എന്നാണ് അത് ജനകീയമായി അറിയപ്പെടുന്നത്) ഉയർന്നുവന്നിരിക്കുന്നു. എഫ്ടിഎഎയ്ക്കുള്ള ബദൽ നിർദ്ദേശം എന്ന നിലയിലാണ് അൽബ ജന്മംകൊണ്ടതെങ്കിലും ലാറ്റിനമേരിക്കൻ-കരീബിയൻ ജനതകളും സാമ്രാജ്യത്വവും തമ്മിലുള്ള പുരാതനവും സ്ഥിരവുമായ നേരിടലിനെയാണ് അത് പ്രതിഫലിപ്പിക്കുന്നത്. പരസ്പരവിരുദ്ധമായ ഈ രണ്ടു പദ്ധതികളെ അവതരിപ്പിക്കുന്നതിനുള്ള കൂടുതൽ മെച്ചപ്പെട്ട ഒരു മാർഗ്ഗം, ഒരുപക്ഷേ, 'മൺറോയിസത്തെയും ''ബൊളീവാറിയനിസ''ത്തേയും നേർക്കുനേർ നിർത്തി വീക്ഷിക്കുന്നതായിരിക്കും. ''അമേരിക്ക അമേരിക്കക്കാർക്ക്'' എന്ന് സാധാരണയായി സൂചിപ്പിക്കുന്ന ''മൺറോയിസം'', യഥാർഥത്തിൽ അമേരിക്കൻ ഭൂഖണ്ഡം യുഎസ്എക്ക്'' എന്നാണ് അർഥമാക്കുന്നത്. ഇത് സാമ്രാജ്യത്വ പദ്ധതിയാണ്-കൊള്ളയ്ക്കും കവർച്ചയ്ക്കും വേണ്ടിയുള്ള പദ്ധതി. മറിച്ച്, ബൊളീവാറിയനിസം'' എന്നത് ലാറ്റിൻ അമേരിക്കൻ ജനതകളും കരീബിയൻ ജനതകളും തമ്മിൽ ഐക്യമുണ്ടാക്കുന്നതിനുള്ള നിർദ്ദേശമാണ്-ആ പ്രദേശത്തെ റിപ്പബ്ലിക്കുകളുടെ ഒരു കോൺഫെഡറേഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിരുന്ന സൈമൺ ബൊ

ളീവറുടെ ആദർശങ്ങൾ അനുസരിച്ചുള്ളതാണത്. ചുരുക്കത്തിൽ, സാമ്രാജ്യത്വ നിർദ്ദേശത്തെ വിമോചനത്തിന്റെ നിർദ്ദേശംവെച്ച് നേരിടുകയാണത് ചെയ്യുന്നത്. എഫ്ടിഎഎയും എഎൽബിഎയും തമ്മിലുള്ള വൈരുദ്ധ്യത്തെയാണത് പ്രതിഫലിപ്പിക്കുന്നത്. **(32)**

7.7 ലാറ്റിനമേരിക്കയിലെ സാമ്രാജ്യത്വ വെല്ലുവിളികളെ നേരിടുകയും കീഴ്പ്പെടുത്തുകയും ചെയ്യുന്നത് തുടരുന്നതിലുള്ള അത്തരം ഗവൺമെന്റുകളുടെ വിജയം, അതിനാൽ, 'രാഷ്ട്രീയത്തെ നേതൃത്വത്തിൽ' നിലനിർത്തുന്നതിൽ ദൃഢത കാണിക്കുന്നത് എങ്ങനെ തുടരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. രാഷ്ട്രീയം അവരുടെ സാമ്പത്തിക നയങ്ങളെ നിർണയിക്കുന്നു എന്നു ഉറപ്പുവരുത്തുന്നതിനും സാമ്രാജ്യത്വത്തിന്റെ മേധാവിത്വപരമായ കുതന്ത്രങ്ങൾക്ക് യോജിച്ച വിധം അവയുടെ ആഭ്യന്തര നയങ്ങളെ നീക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വത്തിന്റെ നയങ്ങളെയും സാമ്പത്തികാവശ്യങ്ങളെയും പരാജയപ്പെടുത്തുന്നത് തുടരുന്നതിനും ആണ് ഇത്. **(33)**

7.8 സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനെതിരായി നടക്കുന്ന ലോക വ്യാപകമായ സമരത്തെ ശക്തിപ്പെടുത്തുന്നതിൽ, ഈ ജനകീയ–പുരോഗമന ശക്തികൾ ഇന്ന് ഒരു സുപ്രധാന ഘടകമായി വർത്തിക്കുന്നു. യുദ്ധത്തിനും സാമ്രാജ്യത്വത്തിനും സൈനികമായ കടന്നാക്രമണത്തിനും പരിസ്ഥിതി നശീകരണത്തിനും വിരുദ്ധമായ പ്രസ്ഥാനങ്ങളെ ആഗോളവൽക്കരണത്തിനെതിരായ പ്രസ്ഥാനങ്ങളുമായി കൂട്ടി യോജിപ്പിക്കുന്നതിലെ ഒരു സുപ്രധാന കണ്ണികൂടിയാണ് അവ. ഈ ഐക്യത്തെ, ശക്തമായ ഒരു ആഗോള സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനമാക്കി വളർത്തിയെടുക്കേണ്ടത് ആവശ്യമാണ്. ഭാവിയിൽ വിപ്ലവകരമായ പരിവർത്തനത്തിന് സാധ്യതയുള്ള ഒരു പ്രസ്ഥാനമായിരിക്കും അത്.

### ദക്ഷിണാഫ്രിക്ക

7.9 ദക്ഷിണാഫ്രിക്കൻ കമ്യൂണിസ്റ്റ്പാർടി (SACP) സവിശേഷമായി സ്വഭാവനിർണയം ചെയ്തപേലെ, അപ്പാർത്തീഡിനുമേൽ നേടിയ ഐതിഹാസികവും ധീരോദാത്തവുമായ വിജയത്തെയും ദേശീയ ജനാധിപത്യ വിപ്ലവത്തിന്റെ വിജയത്തെയും തുടർന്ന്, ആഫ്രിക്കൻ നാഷണൽ കോൺഗ്രസും ദക്ഷിണാഫ്രിക്കൻ കമ്യൂണിസ്റ്റ്പാർടിയും ദക്ഷിണാഫ്രിക്കൻ ട്രേഡ്യൂണിയനുകളുടെ കോൺഫെഡറേഷനും ചേർന്നുണ്ടാക്കിയ ത്രികക്ഷി സഖ്യത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ട എഎൻസി ഗവൺമെന്റ്, വളരെയധികം ചൂഷണാത്മകവും വംശീയമായി വിവേചനപരവുമായിരുന്ന അപ്പാർത്തീഡ് ഘടനകളെ പരിവർത്തനം ചെയ്യുന്നതിലും കറുത്തവർക്ക് പ്രാമുഖ്യമുള്ള ജനതക്ക് സാമ്പത്തിക ശാക്തീകരണം പ്രദാനംചെയ്യുന്നതിലും ഗൗരവബോധത്തോടെത്തന്നെ മുഴുകിയിരിക്കുകയാണ്. വളർച്ച, തൊഴിൽ, പുനർ വിതരണം (GEAR) എന്ന പേരിൽ അറിയപ്പെടുന്ന 1996ൽ അംഗീകരിച്ച ഒരു നയത്തിലൂടെയാണ് അവർ തുടക്കത്തിൽ ഇതിനായി ശ്രമിച്ചത്. പക്ഷേ, ഈ നയം മുന്നോട്ടുവെയ്ക്കുന്നത് നവലിബറൽ പരിഷ്കരണ പ്രക്രിയയാണെന്ന് പിന്നീട് ബോധ്യപ്പെട്ടു. ജിഡിപിയിലെ തൊഴിലാളികളുടെ വിഹിതം 1994ൽ 51 ശതമാനം ആയിരുന്നത് 2008 ആയപ്പോഴേക്ക് 42 ശതമാനമായി ഇടിയുന്നതിനും ജിഡിപിയുടെ അനുപാതമെന്ന നിലയിലുള്ള ലാഭവിഹിതം ഇതേ കാലയളവിൽ 25 ശതമാനത്തിൽനിന്ന് 33 ശതമാനമായി ഉയരുന്നതിനുമാണ് അതിടയാക്കിയത്. ഗൗരവമായ ഒരു തിരുത്തൽ മാർഗ്ഗത്തിന്റെ നടുവിലാണ് ഇന്ന് ദക്ഷിണാഫ്രിക്ക നിൽക്കുന്നത്. **(34)**

7.10 തങ്ങളുടെ സ്വന്തം ആഭ്യന്തര അനുഭവങ്ങളുടെ അടിസ്ഥാനത്തിലും ഇന്നത്തെ ലോക യാഥാർഥ്യങ്ങളുടെ പശ്ചാത്തലത്തിലും ദക്ഷിണാഫ്രിക്കൻ കമ്യൂണിസ്റ്റ്പാർടി എത്തിച്ചേർന്ന നിഗമനം, തൊഴിലാളിവർഗത്തിന്റെ മേൽക്കോയ്മക്കുകീഴിൽ മാത്രമേ അതിന് വിജയമുണ്ടാകാൻ കഴിയു എന്നാണ്. ആ പാർടി ഇങ്ങനെ പ്രസ്താവിക്കുന്നു: ''നമ്മുടെ ദേശീയ ജനാധിപത്യ സമരത്തിന്റെ ബഹുവർഗ സ്വഭാവത്തിനുള്ള ബദൽ അല്ല തൊഴിലാളിവർഗ മേൽക്കോയ്മക്കായുള്ള സമരം; മറിച്ച് അതിന്റെ വിജയകരമായ മുന്നേറ്റത്തിനും ദൃഢീകരണത്തിനും പ്രതിരോധത്തിനും ഉള്ള മുന്നുപാധിയാണത്.''

## VIII
## സോഷ്യലിസം ഇന്ത്യൻ പരിതഃസ്ഥിതികളിൽ

8.1 വിപ്ലവത്തിന്റെ ജനാധിപത്യ ഘട്ടം പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം, അതായത് ഇന്ത്യയുടെ സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ മുന്നോടിയായ ജനകീയ ജനാധിപത്യവിപ്ലവം പൂർത്തീകരിക്കുന്നതിനുള്ള ഉത്തരവാദിത്വം, നമ്മിൽ അർപ്പിച്ചുകൊണ്ടാണ് പാർടി പരിപാടി ഇന്ത്യൻ വിപ്ലവത്തിന്റെ തന്ത്രത്തെ നിർവചിക്കുന്നത്.

8.2 തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിൻകീഴിൽ ജനകീയ ജനാധിപത്യ വിപ്ലവത്തെ നയിക്കേണ്ട ജനകീയ ജനാധിപത്യമുന്നണിയുടെ രൂപീകരണത്തെക്കുറിച്ചും ജനകീയ ജനാധിപത്യമുന്നണിയുടെ പരിപാടിയെക്കുറിച്ചും കാലോചിതമാക്കപ്പെട്ട പാർടി പരിപാടി വിശദമാ

യി പ്രതിപാദിക്കുന്നുണ്ട്. ഇത് നേടിയെടുക്കുന്നതിൽ നിർണ്ണായകമായിട്ടുള്ളത് ''ആത്മനിഷ്ഠ ഘടകം'' ശക്തിപ്പെടുത്തുകയാണ്. ഇതാകട്ടെ, മറ്റ് പല കാര്യങ്ങളോടുമൊപ്പം, പാർലമെന്ററി സമര മാർഗങ്ങളും പാർലമെന്ററി ഇതര സമരമാർഗങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നതിനെയും തൊഴിലാളി–കർഷക സഖ്യം കെട്ടിപ്പടുക്കുന്നതിനെയും ആശ്രയിച്ചുമിരിക്കുന്നു. ജനകീയ ജനാധിപത്യ വിപ്ലവത്തിനായി വർഗ്ഗസമരങ്ങളെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി, ഇന്ത്യൻ ജനതയ്ക്കിടയിലെ ശാക്തിക ബലാബലങ്ങളെ മാറ്റിത്തീർക്കുക എന്ന നമ്മുടെ തന്ത്രപരമായ ലക്ഷ്യം സാധിക്കുന്നതിന് ആവശ്യമായ അടവുകൾ കാലാകാലങ്ങളിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു.

8.3 ജനകീയ ജനാധിപത്യം സ്ഥാപിക്കുകയും സാമ്രാജ്യത്വ വിരുദ്ധ–ഫ്യൂഡൽ വിരുദ്ധ–കുത്തക മൂലധന വിരുദ്ധ കടമകൾ പൂർത്തീകരിക്കുകയും ചെയ്തതിനുശേഷം മാത്രമേ, ഇന്ത്യൻ ജനതയ്ക്ക് സോഷ്യലിസത്തിലേക്ക് മുന്നേറാൻ കഴിയുകയുള്ളു. ഇന്ത്യൻ പരിതഃസ്ഥിതികളിൽ സോഷ്യലസം എന്നതുകൊണ്ട് എന്താണ് അർഥമാക്കുന്നത്? ജനകീയ ജനാധിപത്യ വിപ്ലവം വിജയകരമായി പൂർത്തീകരിക്കപ്പെടുന്നതുവരെ അതിന്റെ വ്യക്തമായ രൂപം വിശദമായി പ്രതിപാദിക്കാൻ കഴിയില്ല. നമ്മുടെ മുമ്പത്തെ പ്രത്യയശാസ്ത്ര രേഖകളിൽ അടങ്ങിയിട്ടുള്ള ധാരണയുടെ രൂപരേഖ വരയ്ക്കുകയും അതിനെ കൂടുതൽ വികസിപ്പിക്കുകയും ചെയ്യാനേ നമുക്ക് ഇപ്പോൾ കഴിയൂ.

- എല്ലാ ജനങ്ങൾക്കും ഭക്ഷ്യസുരക്ഷയും പൂർണ്ണമായ തൊഴിലും സാർവത്രികമായ വിദ്യാഭ്യാസാവസരവും ആരോഗ്യ പരിരക്ഷയും പാർപ്പിടവും നൽകുക എന്നതാണ് അതുകൊണ്ട് അർഥമാക്കുന്നത്. തൊഴിലാളികളുടെയും കൃഷിക്കാരുടെയും ഇത്ര കാലവും പ്രാന്തവൽക്കരിക്കപ്പെട്ടുകിടന്നിരുന്ന വിഭാഗങ്ങളുടെയും ജീവിത പരിതഃസ്ഥിതികൾ വിപുലമായി മെച്ചപ്പെടുത്തിക്കൊണ്ട്, ജനങ്ങളെ സാമ്പത്തികമായും രാഷ്ട്രീയമായും സാമൂഹ്യമായും ശാക്തീകരിക്കുക എന്നാണതിനർഥം.

- ജനങ്ങളുടെ അധികാരമാണ് പ്രഥമവും പ്രധാനവുമായി പരമമായിട്ടുള്ളത് എന്നാണ് അതിനർഥം. അങ്ങനെ ജനാധിപത്യം, ജനാധിപത്യാവകാശങ്ങൾ, സിവിൽ സ്വാതന്ത്ര്യങ്ങൾ എന്നിവ സോഷ്യലിസ്റ്റ് നീതിന്യായ–രാഷ്ട്രീയ–സാമൂഹ്യ വ്യവസ്ഥയുടെ അവിഭാജ്യ ഘടകങ്ങളായിരിക്കും. ബൂർഷ്വാ ജനാധിപത്യത്തിൻകീഴിൽ വ്യാമോഹമുണ്ടാക്കുന്ന ഔപചാരിക അവകാശങ്ങൾ നിലനിൽക്കുന്നുണ്ട് എന്നുവരാം; എന്നാൽ ഈ അവകാശങ്ങൾ അനുഭവിക്കുന്നതിനുള്ള ശേഷികൾ ഭൂരിപക്ഷം ജനങ്ങൾക്ക് നിഷേധിക്കപ്പെടുന്നു. മാനവ ജീവിതത്തിന്റെ ഗുണനിലവാരം തുടർച്ചയായി വികസിക്കുന്നതിനും അഗാധമായിത്തീരുന്നതിനും അടിസ്ഥാനപരവും അവശ്യം വേണ്ടതുമായ എല്ലാ ജനങ്ങളുടെയും സാമ്പത്തികവും വിദ്യാഭ്യാസപരവും സാമൂഹ്യവുമായ ശാക്തീകരണത്തെ അടിസ്ഥാനമാക്കിയായിരിക്കും, സോഷ്യലിസത്തിൻ കീഴിൽ ജനാധിപത്യം നിലകൊള്ളുക. അതിന്റെ അടിത്തറയിലാണ് സോഷ്യലിസ്റ്റ് ജനാധിപത്യം വളർന്ന് വികസിക്കുക. തൊഴിലാളിവർഗ ഭരണകൂടത്തിൻകീഴിൽ സോഷ്യലിസത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി സോഷ്യലിസത്തിൻകീഴിൽ വിയോജിക്കുന്നതിനുള്ള അവകാശവും അഭിപ്രായം പ്രകടിപ്പിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അഭിപ്രായ ബഹുത്വവും വളർന്നുവികസിക്കും.

- ജാതിവ്യവസ്ഥ ഇല്ലാതാക്കിക്കൊണ്ട് ജാതിപരമായ അടിച്ചമർത്തൽ അവസാനിപ്പിക്കുക എന്ന് അത് അർഥമാക്കുന്നു. ഭാഷാപരമായ എല്ലാ വിഭാഗങ്ങൾക്കും തുല്യതയും എല്ലാ ഭാഷകളുടെയും തുല്യമായ വികസനവും എന്നാണ് അതിനർഥം. എല്ലാ ന്യൂനപക്ഷങ്ങൾക്കും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും യഥാർത്ഥ തുല്യത എന്ന് അത് അർഥമാക്കുന്നു. ലിംഗപരമായ അടിച്ചമർത്തൽ അവസാനിപ്പിക്കുക എന്നും അത് അർഥമാക്കുന്നു.

- സാമൂഹ്യവൽക്കരിക്കപ്പെട്ട ഉൽപാദനോപകരണങ്ങളെയും കേന്ദ്രീകൃത ആസൂത്രണത്തെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതായിരിക്കും സോഷ്യലിസ്റ്റ് സാമ്പത്തിക നിർമ്മാണം എന്ന് അത് അർഥമാക്കുന്നു. ചരക്കിന്റെ ഉൽപാദനം നിലനിൽക്കുന്നിടത്തോളംകാലം വിപണി നിലനിന്നേ പറ്റൂ. പക്ഷേ, കേന്ദ്ര ആസൂത്രണത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൻകീഴിൽ വിപണി ശക്തികളെ ഒതുക്കി നിർത്താൻ കഴിയും. സ്വത്തുടമസ്ഥതയുടെ വിവിധ രൂപങ്ങൾ നിലനിൽക്കാൻ അനുവദിക്കപ്പെടും, അവ അങ്ങനെ നിലനിൽക്കുകയും ചെയ്യുമെങ്കിലും, ഉൽപാദനോപകരണങ്ങളുടെ സാമൂഹ്യമായ ഉടമസ്ഥതയുടേതുതന്നെയായിരിക്കും നിർണായകമായ രൂപം. ഇതിനെ അനിവാര്യമായും സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല എന്ന അർഥത്തിൽ മാത്രം എടുക്കേണ്ടതില്ല. ഇതിന് സുപ്രധാനമായ ഒരു പങ്കുള്ളപ്പോൾതന്നെ, സാമ്പത്തിക ജീ

വരേഖയെ നിയന്ത്രിക്കുന്ന കൂട്ടുടമസ്ഥതകളും സഹകരണ ഉടമസ്ഥതകളും സാമ്പത്തിക നയങ്ങളുടെമേലുള്ള സർക്കാർ നിയന്ത്രണം തുടങ്ങിയ മറ്റ് രൂപങ്ങളും അവശ്യമായും സഹവർത്തിക്കുന്നതാണ്.

8.4 ഇന്നത്തെ ലോക യാഥാർഥ്യങ്ങളുടെ വെല്ലുവിളികളെ നേരിടുന്നതിനായി സ്വന്തം മാർഗങ്ങൾ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്ന മറ്റ് രാജ്യങ്ങളുടെ അനുഭവങ്ങളിൽനിന്ന് ശരിയായ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും ഇന്ത്യയിലെ വിപ്ലവസമരങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള നമ്മുടെ ശ്രമത്തിന്റെ ഭാഗമായി, ലോക മുതലാളിത്ത വ്യവസ്ഥയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ആഗോളവൽക്കരണത്തിന്റെ ഇന്നത്തെ ദശാസന്ധി ഉയർത്തുന്ന വെല്ലുവിളികളെ ഇന്ത്യയിലുള്ള നമുക്ക് നേരിടേണ്ടതുണ്ട്; ആഗോളവൽക്കരണത്തിന്റെ അനന്തരഫലമായി ഉണ്ടാകുന്ന വ്യാപകമായ അളവിലുള്ള സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക മാറ്റങ്ങൾ പൊതുവിലും, ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയേയും ഇന്ത്യൻ ജനതയേയും സംബന്ധിച്ചിടത്തോളം ആഭ്യന്തര സാമ്പത്തിക പരിഷ്കാരങ്ങളിലൂടെ അതുണ്ടാക്കുന്ന ഗുരുതരമായ ഭവിഷ്യത്തുകൾ പ്രത്യേകിച്ചും ഉയർത്തുന്ന വെല്ലുവിളികളെയും ഇന്ത്യയിലുള്ള നമുക്ക് നേരിടേണ്ടതുണ്ട്. അതുകൊണ്ട്, തന്ത്രപരമായ നമ്മുടെ ലക്ഷ്യങ്ങൾ ശരിയായ വിധത്തിൽ ആവിഷ്കരിക്കുന്നതിനും സ്വാതന്ത്ര്യത്തിനും വിമോചനത്തിനുമുള്ള ഇന്ത്യൻ ജനതയുടെ സമരം മുന്നോട്ടുകൊണ്ടുപോകുന്നതിനും ആവശ്യമായ ശരിയായ അടവുപരമായ ലൈനിന് അതാതുകാലങ്ങളിൽ നമ്മുടെ പാർടി കോൺഗ്രസുകളിൽവെച്ച് രൂപം നൽകുന്നത് നമ്മുടെ ചുമതലയാണ്.

# IX
# ഇന്നത്തെ മാർക്സിസ്റ്റ് വിരുദ്ധ പിന്തിരിപ്പൻ പ്രത്യയശാസ്ത്ര വെല്ലുവിളികൾ

9.1 സാമ്രാജ്യത്വത്തിന് അനുകൂലമായി ശാക്തിക ബലാബലത്തിൽ ഉണ്ടായിട്ടുള്ള ഈ ദിശാമാറ്റത്തെത്തുടർന്ന്, മാർക്സിസത്തിനും കമ്യൂണിസത്തിനും എതിരായി പ്രത്യയശാസ്ത്രപരമായി മാത്രമല്ല, എല്ലാ മേഖലകളിലും സർവതോമുഖമായി ഭീകരമായ കടന്നാക്രമണം ഉണ്ടാകുമെന്ന് നാം മുൻകൂട്ടി കണ്ടിരുന്നു.

9.2 കഴിഞ്ഞ രണ്ടു ദശകക്കാലത്ത് അത്തരം പ്രവണതകൾ കൂടുതൽ രൂക്ഷമായിത്തീർന്നിരിക്കുന്നു. യുഎസ്എസ്ആറിന്റെ തകർച്ചയോടുകൂടി, മാർക്സിസത്തെ മറികടക്കേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു എന്ന് വാദിക്കാനാണ് അനിവാര്യമായും അവ ശ്രമിക്കുന്നത്. അതുകൊണ്ടാണ് മാർക്സിസത്തെ 'പുനഃസന്ദർശിക്കുക'', പുനർ വിലയിരുത്തൽ നടത്തുക'' ''പുനർ നിർമ്മിക്കുക'' തുടങ്ങിയ സിദ്ധാന്തങ്ങൾ ഉയർന്നുവന്നിട്ടുള്ളതും പുതുമോടിക്കാരായ ബുദ്ധിജീവികളുടെ വൃത്തങ്ങളിൽ പ്രചരിച്ചുകൊണ്ടിരിക്കുന്നതും, ജനങ്ങളിൽ ചില വിഭാഗങ്ങളെ അത് സ്വാധീനിക്കുകയും ആശയക്കുഴപ്പത്തിലാക്കുകയും ചെയ്യുന്നതും.

9.3 **ഉത്തരാധുനികത:** ആഗോള ധനമൂലധനം ഇന്ധനം പകർന്ന് സാമ്രാജ്യത്വത്താൽ ചലിപ്പിക്കപ്പെടുന്ന ആഗോളവൽക്കരണം, മാർക്സിസ്റ്റ്‌വിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഒരു പുത്തൻ നിരയെതന്നെ, പെറ്റുകൂട്ടിവെച്ചിട്ടുണ്ട്. എല്ലാ പുരോഗമന സാർവലൗകിക പ്രത്യയശാസ്ത്രങ്ങളുടെയും നിഷേധംകൊണ്ട് അടയാളപ്പെടുത്തപ്പെട്ടതാണത്. വർഗസമരം അപ്രത്യക്ഷമാകൽ, വർഗങ്ങൾ ഏക കേന്ദ്രീകൃതമാകൽ, തൊഴിലാളിവർഗത്തിന്റെ വിപ്ലവകരമായ പങ്കിന്റെ നിഷേധം തുടങ്ങിയ സിദ്ധാന്തങ്ങൾ ബൂർഷ്വാ പ്രത്യയശാസ്ത്രത്തിന്റെ ആയുധപ്പുരയുടെ ഭാഗമായിരിക്കുന്നു. ഇതിലേക്ക് ഇപ്പോൾ, ഉത്തരാധുനികതയുടെ വർത്തമാനകാല മാർക്സിസ്റ്റ് വിരുദ്ധ സിദ്ധാന്തം കൂടി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നു.

9.4 ഉത്തരാധുനികത ഒരു ബൂർഷ്വാ ദാർശനിക വീക്ഷണമാണ്. 20-ാം നൂറ്റാണ്ടിന്റെ അവസാനകാലത്ത് മുതലാളിത്തത്തിനുണ്ടായ വിജയങ്ങളിൽനിന്നും സോഷ്യലിസത്തിനേറ്റ തിരിച്ചടികളിൽനിന്നുമാണ് അത് ഉയർന്നുവന്നിട്ടുള്ളത്. സാർവത്രികമായ ഏത് ദർശനത്തെയും രാഷ്ട്രീയത്തെയും അത് തള്ളിക്കളയുന്നു. മാർക്സിസത്തെ അടക്കം അവ എല്ലാറ്റിനെയും സാകല്യമാക്കുന്ന സിദ്ധാന്തങ്ങൾ എന്നു പറഞ്ഞ് അത് നിരാകരിക്കുന്നു; മുതലാളിത്തത്തെയോ സോഷ്യലിസത്തെയോ ഒരു ഘടന എന്ന നിലയിലോ ഒരു വ്യവസ്ഥ എന്ന നിലയിലോ ഉത്തരാധുനികത അംഗീകരിക്കുന്നില്ല. അങ്ങനെ അത് ആഗോള മൂലധനത്തിന് ചേരുന്ന ദർശനമാണ്. അത് വർഗത്തേയും വർഗസമരത്തേയും നിഷേധിക്കുന്നു. സ്വത്വരാഷ്ട്രീയത്തെ വളർത്താനും ജനങ്ങളെ അരാഷ്ട്രീയവൽക്കരിക്കാനും ഏറ്റവും അനുയോജ്യമായ ദർശനമാണ് അത്.

9.5 **സോഷ്യൽ ഡെമോക്രസി:** മുമ്പ് സോഷ്യൽ ഡെമോക്രസി ഒരു പരിഷ്കരണവാദ പ്രത്യയശാസ്ത്രമായിരുന്നു-തൊഴിലാളിവർഗ പ്രസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ ഉയർന്നുവന്ന

ഒരു പ്രത്യയശാസ്ത്രം. മുതലാളിത്തവുമായി സമരസപ്പെട്ടുപോകാനും മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽ പരിഷ്കാരങ്ങൾ വരുത്തുവാനുമാണ് അത് വാദിച്ചത്. ആഗോളവൽക്കൃത ധന മൂലധനത്തിന്റെ യുഗത്തിൽ സോഷ്യൽ ഡെമോക്രസിക്ക് പരിവർത്തനം സംഭവിച്ചിട്ടുണ്ട്. ബൂർഷ്വാ വ്യവസ്ഥയ്ക്കുള്ളിലേക്ക് അത് ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നു. നവലിബറൽ നയങ്ങളെ സോഷ്യൽ ഡെമോക്രാറ്റുകൾ ന്യായീകരിക്കുന്ന അവസ്ഥയിലേക്ക് പരിഷ്കരണവാദംവഴി മാറിയിരിക്കുന്നു. പരിഗണനയ്ക്കായി മുന്നോട്ടുവെയ്ക്കപ്പെട്ടിട്ടുള്ള 'മൂന്നാംമാർഗ്ഗം'' ഇതിനുള്ള ഒരു ആവരണമല്ലാതെ മറ്റൊന്നുമായിരുന്നില്ല. മാർക്സിസ്റ്റുകാരെന്ന നിലയിൽ നാം, സോഷ്യൽ ഡെമോക്രസിയുടെ അത്തരം സിദ്ധാന്തങ്ങളെ ചെറുക്കണം; മൂലധനത്തിന്റെ വാഴ്ചയുടെ അനുബന്ധം എന്ന നിലയിലുള്ള അവരുടെ പങ്കിനെ തുറന്നു കാണിക്കണം.

9.6 മാർക്സിസം അനന്യമാണ്. എങ്ങനെയെന്നാൽ, വർഗരഹിതമായ ഒരു കമ്മ്യൂണിസ്റ്റ് സാമൂഹ്യ ക്രമത്തെ സാക്ഷാത്കരിക്കുക എന്ന അതിന്റെ അജണ്ട സാക്ഷാൽകരിക്കുമ്പോൾ മാത്രമേ അത് മറികടക്കപ്പെടുന്നുള്ളു. മുതലാളിത്തത്തിനപ്പുറം കിടക്കുന്ന ചരിത്രപരമായ സാധ്യതകളെ സമഗ്രമായി മനസ്സിലാക്കുന്നതിന് മുതലാളിത്തത്തെക്കുറിച്ചുള്ള മാർക്സിസത്തിന്റെ ധാരണമാത്രമാണ് വേണ്ടത്ര സമഗ്രമായിട്ടുള്ളത്-പ്രത്യേകിച്ചും മുതലാളിത്തത്തിൻകീഴിൽ. അതിനാൽ മുതലാളിത്തം തന്നെ നിരാകരിക്കപ്പെടുന്നതുവരെ, മുതലാളിത്തത്തിനുകീഴിൽ മാർക്സിസത്തെ ഒരിക്കലും അധികപ്പറ്റാക്കിത്തീർക്കാൻ കഴിയുകയില്ല. ഉത്തര മുതലാളിത്തവും മാർക്സിസ്റ്റ് ദർശനവും മർക്സിസ്റ്റ് ലോക വീക്ഷണവും സോഷ്യലിസ്റ്റ് നിർമ്മാണത്തിനും കമ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിനും ഉള്ള അടിസ്ഥാനവും ശാസ്ത്രീയ വഴികാട്ടിയുമായി തുടരും.

9.7 നമ്മുടെ എല്ലാ പ്രത്യയശാസ്ത്ര രേഖകളിലും മുമ്പ് വ്യക്തമാക്കിയിട്ടുള്ളപോലെ മാർക്സിസം ഒരു വരട്ടുതത്വവാദമല്ല; അത് രചനാത്മകമായ ശാസ്ത്രമാണ്. ''മൂർത്തമായ പരിതഃസ്ഥിതികളെക്കുറിച്ചുള്ള മൂർത്തമായ വിശകലനത്തെ''യാണ് മറ്റ് പലതിന്റേയും കൂട്ടത്തിൽ അത് അടിസ്ഥാനമാക്കിയിരിക്കുന്നത്. ചരിത്രത്തിന്റെ പൊതുവിലും, മുതലാളിത്തത്തിന്റെ പ്രത്യേകിച്ചും വിശകലനത്തിനുള്ള സമീപനമാണ് മാർക്സിസം. ഇതിന്റെ അടിസ്ഥാനത്തിലാണ്, മാർക്സ് ഇട്ടുതന്ന അടിത്തറയ്ക്കുമേൽ കെട്ടിപ്പടുത്തുകൊണ്ടാണ്, വർത്തമാനകാല ദശാസന്ധിയേയും ഭാവിയിലേക്ക് അത് വച്ചുനീട്ടുന്ന സാധ്യതകളേയും മനസ്സിലാക്കുന്നതിനുള്ള നമ്മുടെ സിദ്ധാന്തത്തെ നാം നിരന്തരം സമ്പുഷ്ടമാക്കിക്കൊണ്ടിരിക്കുന്നത്. കൊട്ടിയടയ്ക്കപ്പെട്ട ഒരു സൈദ്ധാന്തിക വ്യവസ്ഥയിൽ നിന്ന് വ്യത്യസ്തമായി സൈദ്ധാന്തികമായി നിരന്തരം സമ്പുഷ്ടമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രക്രിയയെയാണ് മാർക്സിസം പ്രതിനിധീകരിക്കുന്നത്.

9.8 വർത്തമാന കാലഘട്ടത്തിലെ മാർക്സിസ്റ്റ് വിരുദ്ധ പ്രത്യയശാസ്ത്രങ്ങളേയും ഭാവിയിൽ ഉയർന്നു വരാവുന്നവയെയും സൈദ്ധാന്തികമായും വർഗ ഐക്യത്തെ തകർക്കുന്ന അവയുടെ പ്രകടിത രൂപങ്ങളെ പ്രായോഗികമായും നമുക്ക് വ്യക്തമായും എതിരിടേണ്ടതുണ്ട്.

## X
## ഇന്ത്യൻ സാഹചര്യങ്ങൾ: ഏതാനും മൂർത്ത വിഷയങ്ങൾ

10.1 ഇന്ത്യൻ സാഹചര്യങ്ങളിൽ ശാക്തിക ബലാബലം പങ്കിടൽ സാമ്രാജ്യത്വത്തിനനുകൂലമായി തിരിഞ്ഞിരിക്കെ, ഈ പരിവർത്തന കാലഘട്ടത്തിൽ നമ്മുടെ വിപ്ലവ മുന്നേറ്റം ശക്തിപ്പെടുത്തുക എന്ന നമ്മുടെ കടമ ആവശ്യപ്പെടുന്നത് നമ്മുടെ തന്ത്ര പ്രധാന ലക്ഷ്യങ്ങൾ മുന്നോട്ടുനീക്കാൻ ഇന്ത്യൻ ജനതയ്ക്കിടയിലെ വർഗശക്തികളുടെ ബലാബലത്തിൽ മാറ്റം വരുത്തുന്നതിനുള്ള മൂർത്തമായ യത്നങ്ങളാണ്. ഇതിന്, സ്വാഭാവികമായി നാം നിലനിൽക്കുന്ന സമൂർത്ത സാഹചര്യങ്ങളിൽ നമ്മുടെ സമൂഹത്തിൽ വർഗസമരത്തിന് മൂർച്ച കൂട്ടുന്നതിന് ശക്തമായ ബഹുജന സമരങ്ങളും ജനകീയ പോരാട്ടങ്ങളും കെട്ടഴിച്ചുവിടേണ്ടത് ആവശ്യമാണ്.

10.2 **പാർലമെന്ററിയും പാർലമെന്ററി ഇതരവുമായ രൂപങ്ങൾ**: ഈ കടമ നിറവേറ്റുന്നതിന്, കാലോചിതമാക്കപ്പെട്ട *പരിപാടിയിൽ* ഇങ്ങനെ വ്യക്തമാക്കി: ''സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ ജനകീയ ജനാധിപത്യത്തിന്റെ സംസ്ഥാപനവും സോഷ്യലിസ്റ്റ് പരിവർത്തനവും കൈവരിക്കുന്നതിനാണ് കമ്യൂണിസ്റ്റ് പാർടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) പരിശ്രമിക്കുന്നത്. ശക്തമായ ബഹുജന വിപ്ലവ പ്രസ്ഥാനം വളർത്തിക്കൊണ്ടും പാർലമെന്ററിയും പാർലമെന്ററി ഇതരവുമായ സമരരൂപങ്ങൾ കോർത്തിണക്കിക്കൊണ്ടും പിന്തിരിപ്പൻ ശക്തികളുടെ ചെറുത്തുനിൽപിനെ അതിജീവിക്കാനും സമാധാനപരമായ മാർഗങ്ങളിലൂടെ ഈ പരിവർത്തനം സാധ്യമാക്കാനും തൊഴിലാളിവർഗവും അതിന്റെ സഖ്യശക്തികളും പരമാവധി

പരിശ്രമിക്കും. എന്നാൽ, ഭരണവർഗങ്ങൾ തങ്ങളുടെ അധികാരം ഒരിക്കലും സ്വമേധയാ കൈവെടിയുകയില്ലെന്ന് നാം സദാ ഓർത്തിരിക്കേണ്ടത് ആവശ്യമാണ്. അവർ ജനങ്ങളുടെ ഇച്ഛാശക്തിയെ തൃണവൽഗണിക്കാനും നിയമലംഘനവും അക്രമവും നടത്തി അതിനെ നേർവിപരീതമാക്കാനും ശ്രമിക്കുന്നു. ആയതിനാൽ, വിപ്ലവ ശക്തികളെ സംബന്ധിച്ചിടത്തോളം ജാഗ്രത പാലിക്കേണ്ടതും, ഏത് സന്ദിഗ്ധാവസ്ഥയെയും രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തിലുണ്ടാകുന്ന ഏത് വളവുതിരിവുകളെയും അഭിമുഖീകരിക്കാൻ കഴിയത്തക്കവിധം തങ്ങളുടെ പ്രവർത്തനത്തെ ചിട്ടപ്പെടുത്തേണ്ടതും ആവശ്യമായിരിക്കുന്നു.''

10.3 അങ്ങനെ, പ്രായോഗികമായി ഇപ്പോഴത്തെ സാഹചര്യത്തിൽ പാർലമെന്ററിയും പാർലമെന്ററി ഇതരവുമായ പ്രവർത്തനം കൃത്യമായി കൂട്ടി യോജിപ്പിക്കുന്നത് പാർടിക്കു മുന്നിലുള്ള പ്രധാന കടമയാണ്. നമ്മുടെ *പാർടി പരിപാടി* പ്രസ്താവിക്കുന്നു: ''ബൂർഷ്വാസിയുടെ വർഗവാഴ്ചയുടെ ഒരു രൂപമാണെങ്കിലും, ഇന്ത്യയിലെ ഇപ്പോഴത്തെ പാർലമെന്ററി സമ്പ്രദായം ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മുന്നേറ്റത്തെ കൂടി പ്രതിനിധാനം ചെയ്യുന്നതാണ്. തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും ഒരു പരിധിവരെ ഭരണകൂടത്തിന്റെ കാര്യങ്ങളിൽ ഇടപെടുന്നതിനും ജനാധിപത്യത്തിനും സാമൂഹ്യ പുരോഗതിക്കുംവേണ്ടിയുള്ള പോരാട്ടം മുന്നോട്ടുകൊണ്ടുപോകാൻ അവരെ അണിനിരത്തുന്നതിനും കുറെ അവസരങ്ങൾ ഈ വ്യവസ്ഥിതി സജ്ജമാക്കുന്നു.'' (ഖണ്ഡിക 5.22) എന്നാൽ വൻകിട മൂലധനത്തിന്റെ വർദ്ധിച്ചുവരുന്ന കരുത്തും രാഷ്ട്രീയത്തിലേക്കുള്ള വൻ പണക്കാരുടെ കടന്നുവരവും രാഷ്ട്രീയത്തിന്റെ വർദ്ധിച്ചുവരുന്ന ക്രിമിനൽവൽക്കരണവും ജനാധിപത്യപ്രക്രിയയെ വക്രീകരിക്കുകയും തകർക്കുകയുമാണ്.

10.4 വിജയവാഡയിൽ ചേർന്ന വിപുലീകൃത കേന്ദ്രകമ്മിറ്റി യോഗം അംഗീകരിച്ച രാഷ്ട്രീയ പ്രമേയം ചൂണ്ടിക്കാണിച്ചതുപോലെ, ''പാർലമെന്ററി ജനാധിപത്യംതന്നെ, നവലിബറലിസവും ആഗോള ധനമൂലധനവും മൂലം നശിപ്പിക്കപ്പെടുകയാണ്. പണവും രാഷ്ട്രീയത്തിലെ കുറ്റകൃത്യങ്ങളും കൊണ്ട് ജനാധിപത്യത്തെ അട്ടിമറിക്കുന്നതിനൊപ്പം ജനാധിപത്യാവകാശങ്ങൾക്കുമേലുള്ള നിയന്ത്രണങ്ങളും വർദ്ധിച്ചുവരികയാണ്. പ്രകടനങ്ങളും പൊതുയോഗങ്ങളും പൊതു പണിമുടക്കുകളും നടത്തുന്നതിനുള്ള അവകാശം ഭരണനടപടികളിലൂടെയും ജുഡീഷ്യൽ ഇടപെടലുകളിലൂടെയും പരിമിതപ്പെടുത്തുകയാണ്. ജനങ്ങളുടെ അവകാശങ്ങളെ ഇങ്ങനെ പരിമിതപ്പെടുത്തുന്നതിനെ ന്യായീകരിക്കാനും അതിന് പ്രചാരണം നൽകാനും കോർപ്പറേറ്റ് മാധ്യമങ്ങൾ ഉപയോഗിക്കപ്പെടുകയാണ്''. (ഖണ്ഡിക 2.35)

10.5 ജനാധിപത്യ വ്യവസ്ഥയെയും പൗരന്മാരുടെ ജനാധിപത്യാവകാശങ്ങളെയും സംരക്ഷിക്കാനും വിപുലീകരിക്കാനുമുള്ള പോരാട്ടം ബൂർഷ്വാ-ഭൂപ്രഭു ഭരണകൂടത്തിനെതിരായ അധ്വാനിക്കുന്ന ജനതയുടെ സമരത്തിന്റെ ഭാഗമാണ്; ജനകീയ ജനാധപത്യത്തിൻകീഴിൽ ജനാധിപത്യത്തിന്റെ കൂടുതൽ ഉയർന്ന രൂപങ്ങളിലേക്ക് പോകുന്നതിനുള്ള സമരത്തിന്റെ ഭാഗവുമാണ്. നമ്മുടെ *പാർടി പരിപാടി* പ്രസ്താവിക്കുന്നു: ''ഇത്തരം ഭീഷണികൾക്കെതിരായി ജനങ്ങളുടെ താൽപര്യാർത്ഥം പാർലമെന്ററി സ്ഥാപനങ്ങളെയും ജനാധിപത്യ സ്ഥാപനങ്ങളെയും പ്രതിരോധിക്കുന്നതും ഇത്തരം സ്ഥാപനങ്ങളെ പാർലമെന്ററി ഇതര പ്രവർത്തനങ്ങളുമായി കൂട്ടിയോജിപ്പിച്ച് സമർത്ഥമായി ഉപയോഗിക്കുന്നതും പരമപ്രധാനമാണ്.'' (ഖണ്ഡിക 5.23)

10.6 ഈ കാഴ്ചപ്പാടോടുകൂടി, ബഹുജന പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്താൻ പാർലമെന്ററി വേദികളിലെ പ്രവർത്തനത്തെ ഉപയോഗപ്പെടുത്തേണ്ടതാണ്. പാർലമെന്ററി പ്രവർത്തനത്തെ പാർലമെന്ററി ഇതര പ്രവർത്തനങ്ങളുമായും നിലവിലുള്ള ബൂർഷ്വാ-ഭൂപ്രഭു വ്യവസ്ഥിതിക്ക് ബദൽ കെട്ടിപ്പടുക്കുന്നതിന് ശക്തമായ പ്രസ്ഥാനം വികസിപ്പിക്കുന്നതിനുള്ള സമരങ്ങളുമായും കൂട്ടി യോജിപ്പിക്കേണ്ടതാണ്.

10.7 എന്നാൽ, സംഭവിക്കാനിടയുള്ള ശക്തമായ വ്യതിയാനങ്ങൾക്കെതിരെ നാം കരുതലോടെ ഇരിക്കണമെന്നതും അനുപേക്ഷണീയമാണ്. ഈ പ്രവണതകൾ പല രൂപത്തിൽ പ്രത്യക്ഷപ്പെടാം. പാർലമെന്ററി ജനാധിപത്യം തന്നെ ജനങ്ങൾക്കിടയിൽ ഒട്ടേറെ വ്യാമോഹങ്ങൾ സൃഷ്ടിക്കുന്നു. അത് വർഗസമരങ്ങളെയും ബഹുജന സമരങ്ങളെയും, വിശിഷ്യാ ഭരണകൂടത്തിന്റെ രക്ഷാധികാരിത്വത്തിൻ കീഴിൽ, ദുർബലപ്പെടുത്താനോ നിശ്ശബ്ദമാക്കാനോ ശ്രമിക്കുന്നു. ഇത്തരം വ്യാമോഹങ്ങളെ ചെറുക്കുകയും തങ്ങളുടെ വർഗവാഴ്ചയ്ക്ക് ജനങ്ങളെ വിധേയരാക്കാൻ ഇത്തരം വ്യാമോഹങ്ങളെ ഉപയോഗിക്കുന്ന ഭരണവർഗങ്ങളുടെ ഗൂഢതന്ത്രങ്ങളെ ഫലപ്രദമായി തുറന്നുകാണിക്കുകയും ചെയ്യുമ്പോൾതന്നെ, വിപ്ലവ പ്രവർത്തനങ്ങളിലേക്ക് ചൂഷിത ജനതയെ ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ശരിയായ അടവുകൾ നാം സ്വീകരിക്കേണ്ടതും അനുപേക്ഷണീയമാണ്.

10.8 അതിനും പുറമെ, സമാധാനപരമായ പരിവർത്തനത്തെക്കുറിച്ചുള്ള വ്യാമോഹങ്ങളും ശക്തിപ്പെടും. നമ്മുടെ കാലോചിതമാക്കപ്പെട്ട *പരിപാടി*യിൽ തീർപ്പുകൽപിക്കപ്പെട്ട സംഗതിയാണിത്. പാർടിയിൽ നാം സ്ഥിരമായി ഏറ്റെടുക്കുന്ന തെറ്റുതിരുത്തൽ ക്യാമ്പയിൻ

പാർലമെന്ററി അവസരവാദത്തിനെതിരായ നിരന്തരമുള്ള പോരാട്ടത്തിന് ഊന്നൽ നൽകുന്നു. പാർലമെന്ററി സത്തിനും പാർലമെന്ററി വ്യാമോഹങ്ങളുടെ പരിപോഷണത്തിനുമെതിരെ ജാഗ്രത പാലിക്കുന്നതിന് പാർലമെന്ററി പ്രവർത്തനവും പാർലമെന്ററി ഇതര പ്രവർത്തനവും തമ്മിൽ ഫലപ്രദമായി കൂട്ടി യോജിപ്പിക്കേണ്ടത് ആവശ്യമാണ്.

10.9 ഇപ്പോഴത്തെ സാഹചര്യത്തിൽ, ഇടത് അതിസാഹസിക വ്യതിയാനം എന്ന നിലയിൽ മാവോയിസം ഇന്ത്യൻ ജനതയുടെ വിപ്ലവകരമായ വർഗസമരങ്ങളുടെ മുന്നേറ്റത്തിന് പ്രത്യയശാസ്ത്രപരമായ വെല്ലുവിളി ഉയർത്തുന്നത് തുടരുകയാണ്. അതിന്റെ ധാരണകൾ തെറ്റാണെന്ന് തെളിയിക്കപ്പെട്ടിട്ടും, ഇന്ത്യൻ ഭരണവർഗങ്ങളെ കോമ്പ്രദോർ/ ബ്യൂറോക്രാറ്റിക് എന്ന നിലയിൽ ചിത്രീകരിക്കുന്നതും ഭരണകൂടത്തിനെതിരായി ഉടൻ സായുധ സമരം എന്ന തന്ത്രം പിന്തുടരുന്നതും അത് തുടരുകയാണ്. അത് സിപിഐ (എം)നെ പ്രത്യേകമായി ലക്ഷ്യംവെയ്ക്കുകയാണ്. സിപിഐ (എം) കാഡർമാർക്കും അനുഭാവികൾക്കും മേൽ ശാരീരികവും ഹത്യാപരവുമായ ആക്രമണങ്ങൾ നടത്തുന്നതിന് അത് ബൂർഷ്വാ പിന്തിരിപ്പൻ രാഷ്ട്രീയ പാർടികളുമായും ശക്തികളുമായും കൂട്ടുകൂടുന്നു. ഇത്തരം ഇടത് അതിസാഹസിക പ്രവണതയ്ക്കെതിരായ പ്രത്യയശാസ്ത്ര സമരം ശക്തിപ്പെടുത്തേണ്ടതും അതിനെ രാഷ്ട്രീയമായും സംഘടനാപരമായും ചെറുക്കേണ്ടതും ആവശ്യമാണ്. ശാസ്ത്രീയവും വിപ്ലവകരവുമായ അടിത്തറകളിന്മേൽ സോഷ്യലിസത്തിനായുള്ള ഇന്ത്യൻ ജനതയുടെ പോരാട്ടത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഇത് അനുപേക്ഷണീയമാണ്.

10.10 ഈ വ്യതിയാനങ്ങളിൽ ഒന്നിന് ഇരയാകുന്നതിലൂടെ പാർലമെന്ററി പ്രവർത്തനത്തെ മാത്രം ആശ്രയിക്കുകയും അങ്ങനെ ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള വർഗസമരത്തെ നിഷേധിക്കുകയും ചെയ്യുക എന്ന റിവിഷനിസ്റ്റ് വ്യതിയാനത്തിന്റെ കെണിയിൽപെടുക എന്ന അപകട മുണ്ട്. നേരെമറിച്ച്, മറ്റേതിന് ഇരയാകുന്നതാകട്ടെ, പാർലമെന്ററി ജനാധിപത്യത്തെ തന്നെ നിഷേധിക്കുന്ന ഇടത് അതിസാഹസിക വ്യതിയാനത്തിന്റെ കെണിയിൽ നമ്മെ തള്ളിവീഴ്ത്തും; ഇതൊരു ബാലാരിഷ്ടതയാണ്. 'എല്ലാം അടവുകൾ, തന്ത്രമേ വേണ്ട' എന്നത് റിവിഷനിസത്തിലെത്തിക്കും; 'എല്ലാം തന്ത്രം, അടവുകൾ ആവശ്യമില്ല' എന്നത് അതിസാഹസികതയ്ക്ക് ഇടയാക്കും. ഇവ രണ്ടിനുമെതിരെ നാം നിശ്ചയദാർഢ്യത്തോടെ ജാഗ്രത പാലിക്കണം. **(35)**

10.11 സിപിഐ (എം) പിറവിമുതൽ തന്നെ, ഇന്ത്യൻ വിപ്ലവത്തെ ശരിയായ ശാസ്ത്രീയ ലൈനിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനായി മറ്റു പലതിനുമൊപ്പം ഈ രണ്ട് വ്യതിയാനങ്ങളെയും ഊർജ്ജസ്വലമായും വിട്ടുവീഴ്ച കൂടാതെയും ചെറുത്തിട്ടുണ്ട്. സിപിഐ (എം) ന്റെ രൂപീകരണത്തോടെ ഈ പോരാട്ടം അവസാനിച്ചിട്ടില്ല. എന്നു മാത്രമല്ല, ഇന്ത്യൻ വിപ്ലവത്തിന്റെ വിജയത്തിനുശേഷംപോലും ഇത് അവസാനിക്കുകയുമില്ല. സോവിയറ്റ് യൂണിയന്റെയും പൂർവ്വ യൂറോപ്പിന്റെയും അനുഭവം വെളിപ്പെടുത്തുന്നത്, മാർക്സിസം –ലെനിനിസത്തിന്റെ വിപ്ലവപരമായ ഉള്ളടക്കത്തിൽ നിന്നുള്ള ഏത് വ്യതിയാനത്തിനും ഇരയായി മാറുന്നതിനെതിരെ നാം തികഞ്ഞ ജാഗ്രതയും കരുതലും പാലിക്കേണ്ടത് ആവശ്യമാണെന്നാണ്. അങ്ങനെ ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് ഇന്ന് 21–ാം നൂറ്റാണ്ടിൽ അതിന്റെ രൂപവും ഭാവവും ആവർത്തിക്കപ്പെടാൻ ആകാത്തവിധത്തിൽ സോവിയറ്റ് യൂണിയനിൽ സോഷ്യലിസത്തെ ക്ഷയിപ്പിച്ചത്. **(36)**

10.12 **തൊഴിലാളി–കർഷക സഖ്യം:** ഇന്ത്യൻ സാഹചര്യങ്ങളിലെ 'ആത്മനിഷ്ഠ ഘടക'ത്തെ ശക്തിപ്പെടുത്തുന്നത്, നമ്മുടെ തന്ത്രപരമായ ലക്ഷ്യത്തെ മുന്നോട്ടുപോകുവാൻ തൊഴിലാളി–കർഷക വർഗ സഖ്യത്തെ ശക്തിപ്പെടുത്തുന്നതിനെ നിർണായകമായി ആശ്രയിച്ചിരിക്കുന്നു. ഇപ്പോഴത്തെ സാഹചര്യത്തിൽ, വർഗ സമരങ്ങൾ ശക്തിപ്പെടുത്തുന്നതിനു ഈ സഖ്യം സാധ്യമാക്കുന്നതിലെ ദൗർബല്യങ്ങളെ അതിജീവിക്കേണ്ടത് അടിയന്തിരാവശ്യമായിരിക്കുന്നു. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന വസ്തുനിഷ്ഠ സാഹചര്യം ഇത്തരം ഒരു നീക്കത്തിന് അനുയോജ്യമാണ്. ആത്മനിഷ്ഠമായ ദൗർബല്യങ്ങളെ അതിജീവിക്കേണ്ടതുണ്ട്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം, നമ്മുടെ കർഷക ജനസാമാന്യത്തിലെ ഏറ്റവുമധികം ചൂഷിതരും അതുകൊണ്ടുതന്നെ വിപ്ലവകാരിയുമായ വിഭാഗത്തെ പ്രതിനിധാനം ചെയ്യുന്ന കർഷകത്തൊഴിലാളികളുടെയും ദരിദ്രകർഷകരുടെയും ഐക്യം ഊട്ടിയുറപ്പിക്കുന്നതാണ്.

10.13 **തൊഴിലാളിവർഗ ഐക്യം:** തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ജനതയുടെ മോചനം നേടാൻ പ്രതിജ്ഞാബദ്ധമായ പാർടി എന്ന നിലയിൽ, തൊഴിലാളിവർഗത്തിന്റെ വർഗ ഐക്യത്തെയും വിപ്ലവബോധത്തെയും ശക്തിയെയും വർഗപരമായ കടന്നാക്രമണം– ഇന്ത്യയിലെ മൂലധനവാഴ്ചയ്ക്കെതിരായ കടന്നാക്രമണം– ഉയർത്തിക്കൊണ്ടുവരുന്നതിൽ ഇന്ത്യയിലെ മറ്റെല്ലാ ചൂഷിത ജനവിഭാഗങ്ങളെയും നയിക്കാൻ അതിന് കഴിയത്തക്കവിധത്തിൽ ഉയർത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

10.14 എന്നാൽ, സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ സാഹചര്യത്തിൽ ഈ കടമ കൂടുതൽ സങ്കീർണമായിരിക്കുകയാണ്. നവലിബറൽ പരിഷ്കാരങ്ങളുടെ യുക്തിതന്നെ, അസംഘടിത വിഭാഗങ്ങൾ എന്ന് വിളിക്കപ്പെടുന്നതും വർദ്ധിച്ചതോതിൽ തരം താഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്നതുമായ തൊഴിൽ സേനയുടെ ദ്രുതഗതിയിലുള്ള വളർച്ചയ്ക്ക് ഇടയാക്കുന്നതും അതിനെ സ്ഥായിയാക്കുന്നതുമാണ്. സ്ഥിരം തൊഴിലുകളെ താൽക്കാലികവും കരാർ അടിസ്ഥാനത്തിലുള്ളതുമായ തൊഴിലുകളാക്കി മാറ്റുന്നതും അതിനുപുറമെ, ഉയർന്ന ലാഭം സൃഷ്ടിക്കുന്നത്, തൊഴിലാളിവർഗ ഐക്യം വിഭജിതവും ശിഥിലവുമായി തുടരുമെന്ന് ഉറപ്പുവരുത്താനുള്ള ഭരണവർഗത്തിന്റെ വർഗപരമായ നീക്കമാണ്. അധികമധികം ആളുകൾ അനൗപചാരിക-താൽക്കാലിക-തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും നിരയിലേക്ക് ചേർന്നുകൊണ്ടിരിക്കുകയാണ്. ഈ വെല്ലുവിളികളെ അതിജീവിക്കാനും വിപ്ലവകരമായ പ്രവർത്തനങ്ങളിലേക്ക് അസംഘടിത തൊഴിലാളികളുടെ വിപുലമായ വിഭാഗങ്ങളെ അണിനിരത്തിക്കൊണ്ട് തൊഴിലാളിവർഗത്തിന്റെ ഐക്യം ശക്തിപ്പെടുത്താനും അനുയോജ്യമായ അടവുകൾക്ക് രൂപം നൽകേണ്ടത് ആവശ്യമാണ്.

10.15 ട്രേഡ്‌യൂണിയൻ പ്രവർത്തനത്തിൽ സാമ്പത്തിക സമരമാത്രവാദത്തെ ചെറുക്കുന്നതിന് വിപ്ലവ പ്രസ്ഥാനങ്ങൾ എല്ലാകാലത്തും ഏർപ്പെട്ടിരുന്നു. ഈ കാര്യത്തിൽ, സോഷ്യലിസത്തിനായുള്ള 20-ാം നൂറ്റാണ്ടിലെ പോരാട്ടങ്ങളുടെ അനുഭവങ്ങൾ ഉൾക്കൊള്ളേണ്ടതും ഇപ്പോഴത്തെ സാഹചര്യത്തിൽ അവ മുന്നോട്ടു കൊണ്ടുപോകേണ്ടതും ആവശ്യമാണ്.

10.16 **സ്വത്വരാഷ്ട്രീയം:** മുതലാളിത്തത്തിന്റെ ഉദയത്തിനും മുമ്പുമുതൽ തന്നെ ഭരണവർഗങ്ങൾ സ്വത്വത്തെ എക്കാലത്തും ഉപയോഗിച്ചിട്ടുണ്ട്. തങ്ങളുടെ വർഗവാഴ്ചയെ താങ്ങിനിർത്താൻ വംശീയത തുടങ്ങിയുള്ള സ്വത്വങ്ങളെ അവർ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ദേശീയതയുടെ നിരവധി പുത്തൻ നിർമ്മിതികൾ സൃഷ്ടിക്കപ്പെട്ടിട്ടുമുണ്ട്. ഉദാഹരണത്തിന്, 19-ാം നൂറ്റാണ്ടിന്റെ ഒടുവിൽ സിയോണിസം ഉയർന്നുവന്നത് ആധുനികകാലത്ത് ഇത്തരത്തിൽ ഇസ്രയേൽ ഭരണകൂടത്തിന്റെ രൂപീകരണത്തിന് വഴിയൊരുക്കി. **(37)** സോവിയറ്റ് യൂണിയന്റെ ശിഥിലീകരണ വേളയിൽ പല മുൻ റിപ്പബ്ലിക്കുകളിലും തങ്ങളുടെ ഭരണം അരക്കിട്ടുറപ്പിക്കുന്നതിന് പിന്തിരിപ്പൻ ശക്തികൾ സ്വത്വത്തെയായിരുന്നു ഉപയോഗപ്പെടുത്തിയത്. മുൻ യുഗോസ്ലാവിയ ഇന്ന് ശകലീകരിക്കപ്പെട്ടിരിക്കുന്നതും ഈ അടിസ്ഥാനത്തിലാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വിഭജനത്തിനായി ബ്രിട്ടീഷ് സാമ്രാജ്യത്വവും തദ്ദേശീയ ഭരണവർഗങ്ങളും മതസ്വത്വങ്ങളെ ഫലപ്രദമായി വിനിയോഗിക്കുകയുണ്ടായി. മതപരവും ജാതീയവുമായ അണിനിരത്തലുകൾ ഇന്നും ചൂഷിത ജനവിഭാഗങ്ങൾക്കിടയിലെ വർഗപരമായ ഐക്യദാർഢ്യത്തെ ശിഥിലമാക്കുന്നത് തുടരുകയാണ്. ഇന്നത്തെ സാഹചര്യത്തിൽ, ബൂർഷ്വാസി വർഗ്ഗപരമായ ഐക്യദാർഢ്യത്തെ ശിഥിലമാക്കുന്നതിന് ഒരുവശത്ത് സ്വത്വരാഷ്ട്രീയത്തെ ഉപയോഗപ്പെടുത്തുന്നു; മറുവശത്ത് ഇത്തരത്തിലുള്ള സ്വത്വരാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നതിനും പൊതുവിൽ ജനങ്ങളെ അരാഷ്ട്രീയവൽക്കരിക്കുന്നതിനും എൻജിഒകളെയും ഉപയോഗിക്കുന്നു.

10.17 മാർക്സിസ്റ്റ് വിരുദ്ധ പ്രത്യയശാസ്ത്ര നിർമ്മിതിയായ ഉത്തരാധുനികത വാദിക്കുന്നത്, രാഷ്ട്രീയം 'സൂക്ഷ്മ' അഥവാ പ്രാദേശിക തലത്തിൽ മാത്രമേ സാധ്യമാകൂ എന്നാണ്; 'വ്യത്യാസ'ങ്ങളെയും 'സ്വത്വ'ത്തെയും ആധാരമാക്കി മാത്രമേ രാഷ്ട്രീയം സാധ്യമാകൂ എന്നുമാണ്. അങ്ങനെ അത് ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വത്വരാഷ്ട്രീയത്തിന് ഒരു പുതിയ അടിത്തറ പ്രദാനം ചെയ്യുന്നു.

10.18 ഉത്തരാധുനികതയുടെ ഉപജ്ഞാതാക്കൾ പ്രാവർത്തികമാക്കുന്ന സ്വത്വരാഷ്ട്രീയത്തിൽ, ഇന്നത്തെ സാഹചര്യത്തിൽ, വംശീയത, മതം, ജാതി, ഗോത്രം, ലിംഗഭേദം എന്നിവയെ ആധാരമാക്കിയ സ്വത്വം രാഷ്ട്രീയത്തിൻെറയും രാഷ്ട്രീയ അണിചേരലിന്റെയും അടിത്തറയായി വലിയ തോതിൽ മാറുന്നു. സ്വത്വത്തിന്റെ ഒരു അംശം മാത്രമായാണ് വർഗം പരിഗണിക്കപ്പെടുന്നത്. അങ്ങനെ സ്വത്വരാഷ്ട്രീയം തൊഴിലാളിവർഗം എന്ന സങ്കൽപനത്തെ തന്നെ നിഷേധിക്കുകയാണ്. സ്വത്വരാഷ്ട്രീയം, അതിന്റെ സ്വഭാവമനുസരിച്ച് ഒരു സ്വത്വത്തിൽപ്പെട്ടവരെ മറ്റുള്ളവയിൽ നിന്നും വേർതിരിച്ച് നിർത്തുകയും ഒഴിവാക്കുകയും ചെയ്യുന്നു. സ്വത്വരാഷ്ട്രീയം സ്വാധീനം ചെലുത്തുന്ന ഇടങ്ങളിൽ അത് ജനങ്ങളെ പോരടിക്കുകയും മത്സരിക്കുകയും ചെയ്യുന്ന വ്യത്യസ്തവും അസമാനവുമായ ഗ്രൂപ്പുകളായി ഭിന്നിപ്പിക്കുന്നു.

10.19 സ്വത്വരാഷ്ട്രീയം ആദർശപരമായി ബൂർഷ്വാ ഭരണവർഗത്തിന് അനുയോജ്യമായതാണ്. സ്വത്വത്തിന്റെ ശകലീകരണത്തെ വിപണിയാണ് ഉപയോഗപ്പെടുത്തുന്നത്. വാസ്തവത്തിൽ, വികസിത മുതലാളിത്ത സമൂഹങ്ങളിൽ, വ്യത്യസ്ത ജീവിതശൈലികളെ ആഘോഷിക്കുകയും ഉപഭോക്തൃ സമൂഹത്തിന്റെ ഭാഗമെന്ന നിലയിൽ, അവയുടെ ആഗ്രഹ പൂർത്തീകരണത്തിനായി ഫാഷനുകളും ചരക്കുകളും രൂപകൽപന ചെയ്യപ്പെടുകയുമാണ്. അത്ര തന്നെ വികസിതമല്ലാത്ത മുതലാളിത്ത രാജ്യങ്ങളുടെ കാര്യത്തിൽ,

ആഗോള ധനമൂലധനത്തിന്റെ നുഴഞ്ഞുകയറ്റത്തിനും വിപണി കീഴടക്കാനും അതിനെ നിയന്ത്രിക്കാനും സ്വത്വരാഷ്ട്രീയം സൗകര്യമൊരുക്കുന്നു; സ്വത്വഗ്രൂപ്പുകൾ തമ്മിലുള്ള 'വിഭിന്നത' വിപണിയുടെ ഏകതാനതയെയും അതിന്റെ പ്രയോഗങ്ങളെയും ബാധിക്കുന്നില്ല. വർഗഐക്യത്തെ നിഷേധിക്കുന്നതിനും ജനങ്ങളുടെ സംയുക്ത പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കുന്നതിനുമുള്ള തടസ്സം എന്ന നിലയിലും സ്വത്വരാഷ്ട്രീയം ഇടപെടുന്നു. എൻ.ജി.ഒകളിലൂടെയും സന്നദ്ധ സംഘടനകളിലൂടെയും സിവിൽ സമൂഹം എന്ന് വിളിക്കപ്പെടുന്നവയിലൂടെയുമാണ് സ്വത്വരാഷ്ട്രീയം സ്വഭാവാനുസരണേ നടപ്പാക്കപ്പെടുന്നത്. വേറിട്ടതും ശകലീകരിക്കപ്പെട്ടതുമായ യൂണിറ്റുകളായി സ്വയം പ്രവർത്തിക്കുന്ന ഇത്തരം എൻജിഒകളും സന്നദ്ധ സംഘടനകളുമാണ് വേറിട്ട സ്വത്വം എന്ന ആശയം മുന്നോട്ടുകൊണ്ടുപോകാനുള്ള മാതൃകാ വാഹനങ്ങൾ.

10.20 **സാമൂഹ്യ അടിച്ചമർത്തലിനെതിരായ സമരവും ജാതി അടിസ്ഥാനത്തിലുള്ള അണിനിരത്തലിനോടുള്ള പ്രതികരണവും:** സമൂഹത്തിലെ എല്ലാ ചൂഷിതരും മർദ്ദിതരുമായ വിഭാഗങ്ങളുടെയും ഐക്യം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നവരെ സംബന്ധിച്ചിടത്തോളം ജാതിയുടെ രാഷ്ട്രീയമായ അണിചേർക്കലിനെ ആധാരമാക്കിയുള്ള സ്വത്വരാഷ്ട്രീയം ഗൗരവതരമായ വെല്ലുവിളിയായിരിക്കുന്നു. തൊഴിലാളിവർഗത്തിന്റെ പാർടി ദളിതരുടെയും പിന്നോക്ക വിഭാഗങ്ങളുടെയും ഭൂമി, വേതനം, ഉപജീവനമാർഗം തുടങ്ങിയ വിഷയങ്ങൾ മൂർത്തമായി ഏറ്റെടുക്കേണ്ടതുണ്ട്; എന്നാൽ അതേസമയം തന്നെ, സാമൂഹ്യ അടിച്ചമർത്തലിനും ജാതീയമായ വിവേചനത്തിനും എതിരായി അത് പ്രക്ഷോഭം ആരംഭിക്കേണ്ടതുണ്ട്. വർഗപരമായ വിഷയങ്ങളും സാമൂഹ്യപ്രശ്നങ്ങളും കൂട്ടിച്ചേർത്ത് ഏറ്റെടുത്ത് കൊണ്ടു മാത്രമേ, സ്വത്വരാഷ്ട്രീയത്തിന്റെയും ജാതീയമായ ശകലീകരണത്തിന്റെയും ഹാനികരമായ പ്രഭാവത്തെ എതിരിടാനാകൂ. വർഗ ചൂഷണവും സാമൂഹ്യമായ അടിച്ചമർത്തലും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെ ആധാരമാക്കിയുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാടാണിത്. **(38)**

10.21 സമൂഹത്തിൽ വർഗപരമായ ചൂഷണവും സാമൂഹ്യമായ അടിച്ചമർത്തലും (ഒരേസമയം) ഉണ്ടെന്ന് അംഗീകരിക്കുന്നതിനെ അടിസ്ഥാനമാക്കിയുള്ളതാണ് സിപിഐ എം നിലപാട്. നമ്മുടെ രാജ്യത്തിലെ സാമൂഹ്യ-സാമ്പത്തിക രൂപവൽക്കരണം ഇങ്ങനെയായിരിക്കെ, മുതലാളിത്തപരവും അർദ്ധ ഫ്യൂഡലുമായ വർഗചൂഷണം നിലനിൽക്കുന്നതിനൊപ്പം തന്നെ ജാതിയെയും വംശത്തെയും ലിംഗഭേദത്തെയും ആധാരമാക്കിയ, വിവിധ രൂപങ്ങളിലുള്ള സാമൂഹ്യമായ അടിച്ചമർത്തലും നിലനിൽക്കുന്നു. ഭരണവർഗങ്ങൾ വർഗപരമായ ചൂഷണത്തിലൂടെ മിച്ചമൂല്യം ഊറ്റിയെടുക്കുന്നു; തങ്ങളുടെ അധീശത്വം നിലനിർത്തുന്നതിനായി അവർ വിവിധ രൂപങ്ങളിലുള്ള സാമൂഹ്യമായ മർദ്ദനങ്ങളെ ഉപയോഗപ്പെടുത്തുന്നു. ആയതിനാൽ, രണ്ട് രൂപങ്ങളിലുമുള്ള ചൂഷണത്തിനും മർദ്ദനത്തിനും എതിരായ പോരാട്ടം ഒരേസമയം സംഘടിപ്പിക്കേണ്ടതുണ്ട്.

10.22 **ലിംഗഭേദപ്രശ്നം:** ജാതി സമ്പ്രദായത്തിന്റെ സാമൂഹ്യ അടിച്ചമർത്തലിനോട് ചേർത്ത് ഫ്യൂഡൽ സ്വാധീനം ശാശ്വതമാക്കിയിരിക്കുന്നത്, ശക്തമായ പുരുഷാധിപത്യ പ്രത്യയശാസ്ത്ര മൂല്യങ്ങളെ പരിപോഷിപ്പിച്ചിട്ടുണ്ട്. നവലിബറൽ ചട്ടക്കൂട് ഇതിന് പിന്നെയും താങ്ങ് നൽകിയിരിക്കുന്നു. ലിംഗഭേദാധിഷ്ഠിത വിവേചനം ഒരു ഫ്യൂഡൽ അവശിഷ്ടം മാത്രമല്ല, വർഗാധിഷ്ഠിത സമൂഹങ്ങളിൽ വ്യവസ്ഥാനുസാരി കൂടിയാണ്. നവലിബറൽ നയങ്ങളും സാമൂഹ്യബാധ്യതകൾ നിറവേറ്റുന്നതിൽനിന്ന് ഭരണകൂടത്തിൻെറ വർദ്ധിച്ചുവരുന്ന പിന്മാറ്റവും കൂടി അസമമായ തൊഴിൽ വിഭജനത്തെയും കുടുംബ സമ്പദ്ഘടനയിൽ സ്ത്രീകൾ വഹിച്ചുകൊണ്ടിരിക്കുന്ന ആനുപാതികമല്ലാത്ത ഭാരങ്ങളെയും രൂക്ഷമാക്കിയിരിക്കുകയാണ്. എല്ലാ പ്രകട രൂപഭാവങ്ങളോടും കൂടിയുള്ള ലിംഗഭേദപരമായ അടിച്ചമർത്തലുകൾക്കും അസമത്വങ്ങൾക്കും എതിരായ പോരാട്ടം ശക്തിപ്പെടുത്തണം. തൊഴിലാളിവർഗത്തിന്റെ പാർടി എന്ന നിലയിൽ വർഗസമരങ്ങൾ ശക്തിപ്പെടുത്തുന്നതിൻെറ അവിഭാജ്യ ഭാഗമായി ലിംഗഭേദപരമായ അടിച്ചമർത്തലുകൾക്കെതിരെ ഇന്ത്യൻ ജനതയ്ക്കിടയിൽ വേണ്ടത്ര സാമൂഹ്യ അവബോധം വളർത്തിയെടുക്കാൻ നാം അവിരാമം പ്രവർത്തിക്കണം.

10.23 **വർഗീയത** – ഈ പശ്ചാത്തലത്തിലാണ് ഭൂരിപക്ഷ വർഗീയതയ്ക്കും ന്യൂനപക്ഷ മതമൗലികവാദത്തിന്റെ മറ്റെല്ലാ ഭാവപ്രകടനങ്ങൾക്കും എതിരായ പോരാട്ടത്തെ കാണേണ്ടത്. ആധുനിക ഇന്ത്യയുടെ മതനിരപേക്ഷ ജനാധിപത്യ അടിത്തറകളെ ശിഥിലമാക്കുന്നതിനും ദുർബലപ്പെടുത്തുന്നതിനും അപ്പുറം (ഭ്രാന്തമായ അസഹിഷ്ണുതയോടു കൂടിയ ഫാസിസ്റ്റ് സ്വഭാവമുള്ള 'ഹിന്ദുരാഷ്ട്രം' എന്ന ആർഎസ്എസ് വീക്ഷണം പോലുള്ളവ), നമ്മുടെ വർഗപരമായ അണിനിരത്തൽ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സുപ്രധാന മുന്നുപാധിയായ ജനാധിപത്യാവകാശങ്ങളുടെ നിർവഹണത്തിന് വലിയ തോതിൽ സൗകര്യമൊരുക്കുന്ന അടിത്തറ തകർക്കുന്നതിനപ്പുറം, നമ്മുടെ ജനങ്ങൾക്കിടയിലുള്ള മതപരമായ സ്വാധീനം ചൂഷണം ചെയ്തുകൊണ്ട് വർഗീയവികാരം ഇളക്കിവിട്ട് തൊഴിലാളിവർഗത്തിൻെറയും ചൂഷിത വിഭാഗങ്ങളുടെയും ഐക്യത്തെ ഈ ശക്തികൾ പ്രത്യക്ഷത്തിൽ ശിഥി

ലമാക്കുകയുമാണ്. ആയതിനാൽ, വർഗീയതയെ പരാജയപ്പെടുത്തുന്നതിനുള്ള അചഞ്ചലമായ പോരാട്ടം കൂടാതെ നമ്മുടെ രാജ്യത്ത് വിപ്ലവമുന്നേറ്റം അസാധ്യമാണ്.

10.24 **ദേശീയത** – ആധുനിക ദേശീയത ബൂർഷ്വാ വർഗത്തിന്റെ ഉദയവുമായും ഫ്യൂഡലിസത്തിനെതിരായി ദേശീയബോധത്തെ അത് ഉപയോഗിച്ചതുമായും ബന്ധപ്പെട്ടിരിക്കുന്നു. ഇരുപതാം നൂറ്റാണ്ടിൽ, കോളനിരാജ്യങ്ങളിലും അർദ്ധകോളനിരാജ്യങ്ങളിലും ദേശീയത ഉയർന്നുവന്നത് കൊളോണിയൽ–സാമ്രാജ്യത്വവാഴ്ചയ്ക്കെതിരായി പൊരുതുന്നതിനാണ്. ഈ മുൻകോളനികളിൽ ഭരണവർഗങ്ങൾ അധികാരം ഏറ്റെടുത്തതോടുകൂടി ദേശീയതയുടെ സാമ്രാജ്യത്വവിരുദ്ധ ഉള്ളടക്കത്തിൽ വെള്ളം ചേർക്കപ്പെട്ടു. സാമ്രാജ്യത്വ ആഗോളവൽക്കരണത്തിൻകീഴിൽ, ദേശീയ പരമാധികാരത്തിന്മേൽ ആസൂത്രിതമായ കടന്നാക്രമണം നടക്കുകയാണ്. എല്ലാ ദേശരാഷ്ട്രങ്ങളും അവയുടെ ദേശീയ പരമാധികാരം തങ്ങളുടെ ആജ്ഞകൾക്ക് കീഴ്പ്പെടുത്തണമെന്നാണ് സാമ്രാജ്യത്വ ധനമൂലധനം ആവശ്യപ്പെടുന്നത്.

10.25 നിരവധി പ്രാദേശികവും വംശീയവുമായ സ്വത്വങ്ങളെ ആധാരമാക്കിയുള്ള അണിചേർക്കലുകളിലൂടെ പുതിയ വെല്ലുവിളികൾ വർദ്ധിച്ചുവരികയാണ്. തെലങ്കാനയിലെയും ഡാർജിലിങ്ങിലെയും രാജ്യത്തിന്റെ മറ്റു അസംഖ്യം ഭാഗങ്ങളിലെയും പോലെ പ്രത്യേക സംസ്ഥാനങ്ങൾക്കായുള്ള പ്രസ്ഥാനങ്ങൾ ഇന്ന് ഇന്ത്യൻ ഭരണകൂടത്തിൻെറ ഭാഷാപരമായ സംഘാടനത്തിന്റെ അടിത്തറ ശിഥിലമാക്കുക മാത്രമല്ല, ചൂഷിതവർഗങ്ങളുടെ ഐക്യത്തെ തന്നെ ശിഥിലമാക്കുകയുമാണ് **(39)**.

10.26 ദേശരാഷ്ട്രങ്ങളുടെ പരമാധികാരത്തെയും അവിച്ഛിന്നതയെയും ദുർബലപ്പെടുത്തുന്നതിന് അന്താരാഷ്ട്ര ധനമൂലധനം വംശീയ ദേശീയതയെയും വിഘടനവാദത്തെയും പ്രോൽസാഹിപ്പിക്കുന്നു. സങ്കുചിത വിഭാഗീയതയുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്ന ഇത്തരം പിന്തിരിപ്പൻ വംശീയ ദേശീയതയെ, അവരുടെ ജനാധിപത്യപരമായ അഭിലാഷങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോൾ തന്നെ, നാം എതിർത്തു തോൽപ്പിക്കണം. അവർക്കെതിരായ ശരിക്കുള്ള അടിച്ചമർത്തലിനും വിവേചനത്തിനും എതിരായ സമരങ്ങളെ ശക്തിപ്പെടുത്തണം. ദേശീയ പരമാധികാരത്തിൻെറയും സാമ്രാജ്യത്വവിരുദ്ധ ദേശീയതയുടെയും സംരക്ഷണം ചൂഷിതവർഗങ്ങളുടെ ഐക്യദാർഢ്യം ഊട്ടി ഉറപ്പിക്കുന്നതിനും സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനെതിരായ പോരാട്ടത്തിൽ വർഗഐക്യം ശക്തിപ്പെടുത്തുന്നതിനുമുള്ള സുപ്രധാനമായ വശമാണ്.

10.27 ആഗോളമായി സമാനതകളില്ലാത്ത സാമൂഹ്യ–സാംസ്കാരിക വൈവിദ്ധ്യത്തോടുകൂടിയ ഇന്ത്യയെപ്പോലെയുള്ള ബഹുദേശീയ രാജ്യത്ത് ഇത്തരം പ്രവണതകൾ തുടരുന്നതിനുള്ള വാസനകൾ അസംഖ്യമായിരിക്കും. അവ ചൂഷിത വർഗങ്ങളുടെ ഐക്യത്തെ തകർക്കുന്നു; ആ പരിധിവരെ അത് നമ്മുടെ തന്ത്രപ്രധാന ലക്ഷ്യത്തിലേക്കുള്ള മുന്നേറ്റത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. വർഗപരമായ വിഷയങ്ങളിന്മേൽ ശക്തമായ ജനകീയ സമരങ്ങൾ കെട്ടിപ്പടുക്കുന്നതിലൂടെ ചൂഷിത വിഭാഗങ്ങളുടെ വർഗഐക്യം ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ ഇതിനെ എതിരിടാനാകൂ. ഇത്തരം ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഭാഷാപരമായ പുനഃസംഘടനയുടെ തത്വങ്ങളെ തകർത്തുകൊണ്ട് നിലവിലുള്ള ഇന്ത്യൻ സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനെതിരായ അടവുപരമായ സമീപനത്തിന് നാം രൂപം നൽകിയത്.

# XI
## ഉപസംഹാരം

**11.1** ലോകസോഷ്യലിസത്തിന് തിരിച്ചടിയേറ്റിട്ടുണ്ടെങ്കിലും, സാമ്രാജ്യത്വത്തിനനുകൂലമായി വർഗശക്തികളുടെ സാർവദേശീയ ബലാബലത്തിൽ ഗുണപരമായ ദിശാമാറ്റം ഉണ്ടായിട്ടുണ്ടെങ്കിലും, മാർക്സിസം–ലെനിനിസം എന്ന ക്രിയാത്മക ശാസ്ത്രത്തിൽ ഉറച്ചുനിന്നുകൊണ്ട്, യഥാർത്ഥത്തിലുള്ളതും സമ്പൂർണ്ണവുമായ മോചനത്തിനും സ്വാതന്ത്ര്യത്തിനുമായുള്ള ഇന്ത്യൻ ജനതയുടെ ലക്ഷ്യവും പോരാട്ടങ്ങളും മുന്നോട്ടുകൊണ്ടുപോകാൻ സിപിഐ എം പ്രതിജ്ഞാബദ്ധമാണ്. പോരായ്മകളും തിരിച്ചടികളും ഉണ്ടായിട്ടുണ്ടെങ്കിലും, 20–ാം നൂറ്റാണ്ടിലെ സംഭവവികാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്, ചരിത്രപരമായ വീക്ഷണത്തിൽ മാനവസാംസ്കാരിക മുന്നേറ്റത്തിന്റെ മൗലികമായ ദിശ അനിവാര്യമായും ദേശീയവും സാമൂഹ്യവുമായ വിമോചനത്തിലേക്കാണെന്നാണ്.

**11.2** ഇപ്പോഴത്തെ സാഹചര്യത്തിൽ, ശിഥിലീകരണ പ്രസ്ഥാനങ്ങൾ ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ടുകൊണ്ടും മാർക്സിസം–ലെനിനിസത്തിന്റെ വിപ്ലവകരമായ ഉള്ളടക്കത്തിൽനിന്നുള്ള ഏതു വ്യതിയാനത്തിനും ഇരയാകുന്നതിനെതിരെ ജാഗ്രത പാലിച്ചുകൊണ്ടും 'ആത്മനിഷ്ഠ ഘടക'ത്തെ ശക്തിപ്പെടുത്തുന്നതിന് സിപിഐ (എം) പ്രതിജ്ഞാബദ്ധമാണ്. പല പാർടി കോൺഗ്രസ്സുകളിലും, ഇത്തരം വെല്ലുവിളികളെ നേരിടുന്നതിനായുള്ള അടവുകൾ

ക്ക് നാം രൂപം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ഭാവിയിലേക്കായുള്ള ശരിയായ അടവുകൾ രൂപപ്പെടുത്തേണ്ടത് ആവശ്യമാണ്.

11.3 സിപിഐ (എം), അതിന്റെ ഉരുത്തിരിഞ്ഞു വരവിനെത്തന്നെയും, എല്ലാ വ്യതിയാനങ്ങളെയും ചെറുക്കുന്നതിലും മാർക്സിസം–ലെനിനിസത്തിന്റെ വിപ്ലവകരമായ ഉള്ളടക്കത്തെ വിട്ടുവീഴ്ച കൂടാതെ ഉയർത്തിപ്പിടിക്കുന്നതിലുമുള്ള അതിന്റെ അനുഭവങ്ങളെയും കണക്കിലെടുത്ത്, 20–ാം നൂറ്റാണ്ടിലെ മാനവ നാഗരികതയുടെ പരിണാമത്തിനുമേൽ മായ്ക്കാനാവാത്ത സ്വാധീനശക്തി അവശേഷിപ്പിച്ച സോഷ്യലിസത്തിന്റെ അനുഭവങ്ങളും സമകാലിക മുതലാളിത്തത്തിന്റെയും ഇന്നത്തെ ലോകത്തിലെ സോഷ്യലിസത്തിന്റെയും സാമൂഹ്യ–സാമ്പത്തിക വ്യവസ്ഥിതികളുടെ ശാസ്ത്രീയമായ വിലയിരുത്തലിന്റെ പരിണാമം സൃഷ്ടിക്കുന്നതിന്റെ അനുഭവങ്ങളും കണക്കിലെടുത്ത്, ഇന്ത്യൻ ജനതയുടെ അന്തിമവിജയം വരെ ഈ പ്രക്രിയയുമായി മുന്നോട്ടുപോകാൻ ബാധ്യസ്ഥമാണ്. സിപിഐ (എം) അതിന്റെ വിപ്ലവ കടമകളുമായി മുന്നോട്ടുപോകും; നമ്മുടെ ജനങ്ങൾക്കിടയിലെ വർഗശക്തികളുടെ വർത്തമാനകാല ബലാബലത്തിൽ മാറ്റം വരുത്തുന്നതിനായി ഇന്ത്യൻ ജനതയിലെ ചൂഷിത വിഭാഗങ്ങളെ അണിനിരത്തുകയും ജനകീയ ജനാധിപത്യവും അതിൻെറ അടിത്തറയിൽ മാനവ സ്വാതന്ത്ര്യത്തിന്റെയും മോചനത്തിന്റെയും ഒരേയൊരു അടിസ്ഥാനമായ സോഷ്യലിസവും സ്ഥാപിക്കുന്നതിനായുള്ള വിപ്ലവ കടന്നാക്രമണത്തിന് ഊക്ക് കൂട്ടുകയും ചെയ്യും.

# വിശദീകരണക്കുറിപ്പുകൾ

(1) **ഖണ്ഡിക 1.7:** മഹത്തായ തെലങ്കാന ജനകീയ സായുധസമരം, തേഭാഗാ പ്രസ്ഥാനം (ബംഗാൾ), പുന്നപ്ര– വയലാർ (കേരളം), വർളി ആദിവാസി സമരം (മഹാരാഷ്ട്ര), ത്രിപുര സായുധ സമരം, സുർമ താഴ്വരയിലെ സമരം (ആസ്സാം), ബെറ്റർമെന്റ് ലെവി വിരുദ്ധ സമരം (പഞ്ചാബ്), കിഴക്കൻ തഞ്ചാവൂരിലെ കാർഷിക അടിമത്ത വിരുദ്ധ പ്രസ്ഥാനം (തമിഴ്നാട്), അസംഖ്യം തൊഴിലാളിവർഗ സമരങ്ങൾ തുടങ്ങിയവ ഇവയിൽ ഉൾപ്പെടുന്നു.

(2) **ഖണ്ഡിക 2.3 :** സമീപകാലത്ത് 1990ൽ പോലും ഏറ്റവും വലിയ പത്ത് അമേരിക്കൻ ധനകാര്യസ്ഥാപനങ്ങൾക്ക് മൊത്തം ധനആസ്തിയുടെ 10 ശതമാനം മാത്രമാണ് സ്വന്തമായി ഉണ്ടായിരുന്നത്. 2009 ആയപ്പോൾ 50 ശതമാനവും അവയുടെ കൈവശമായി. ഏറ്റവും മുകൾത്തട്ടിലുള്ള 20 സ്ഥാപനങ്ങൾ ധന ആസ്തികളുടെ 70 ശതമാനവും കൈവശം വെച്ചിരിക്കുന്നു (2009). 1990ലെ 12 ശതമാനത്തിൽനിന്നാണ് ഇങ്ങനെ ഉയർന്നത്. 1985 അവസാനം അമേരിക്കയിൽ 18,000 ഫെഡറൽ ഡെപ്പോസിറ്റ് ഇൻഷ്വറൻസ് കോർപ്പറേഷനുകൾ– അംഗബാങ്കുകൾ– ഉണ്ടായിരുന്നു. 2007 അവസാനമായപ്പോൾ ഇവ 8534 ആയി കുറഞ്ഞു. അതിനുശേഷം ഇത് വീണ്ടും കുറഞ്ഞിട്ടുണ്ട്. 1991ലെ ഏറ്റവും വലിയ 15 അമേരിക്കൻ ബാങ്കുകളിൽ (ആ കാലത്ത് അവയ്ക്ക് എല്ലാം കൂടി 1.5 ലക്ഷം കോടി ഡോളറായിരുന്നു ആസ്തി) 2008 അവസാനമായപ്പോൾ അവശേഷിച്ചത് 5 എണ്ണം മാത്രമായിരുന്നു. (അവയുടെ ആസ്തിയാകട്ടെ 8.9 ലക്ഷം കോടി ഡോളറും).

(3) **ഖണ്ഡിക 2.7 :** ഹിൽഫെർഡിങ്ങിനെയും ഹോബ്സണെയും പോലുള്ളവരുടെ സാമ്രാജ്യത്വത്തെ സംബന്ധിച്ച്, നിലവിലുണ്ടായിരുന്ന കൃതികളിൽ ആകൃഷ്ടനായ ലെനിൻ അവരുടെ നിർവചനങ്ങൾക്ക് അപ്പുറം കടന്ന് മുതലാളിത്തത്തിൻെറ പരമോന്നത ഘട്ടം എന്ന് സാമ്രാജ്യത്വത്തെ വിശകലനം ചെയ്യുകയുണ്ടായി. അത് അന്താരാഷ്ട്ര ധനമൂലധനത്തിന്റെ അധീശത്വത്തിൻകീഴിൽ വലിയ തോതിൽ വന്നു കഴിഞ്ഞിരുന്നു. സാമ്രാജ്യത്വത്തിന്റെ അഞ്ച് അടിസ്ഥാന സവിശേഷതകളെ അദ്ദേഹം ഇങ്ങനെ വ്യക്തമാക്കുന്നു: ‘‘താഴെപ്പറയുന്ന അഞ്ച് അടിസ്ഥാന സവിശേഷതകളടങ്ങുന്നതാണ് സാമ്രാജ്യത്വത്തിന്റെ നിർവചനം: (1) സാമ്പത്തിക ജീവിതത്തിൽ നിർണായകമായ പങ്ക് വഹിക്കുന്ന കുത്തകകളെ സൃഷ്ടിക്കത്തക്കവണ്ണം ഉയർന്ന ഘട്ടത്തിലേക്ക് ഉൽപാദനത്തിന്റെയും മൂലധനത്തിന്റെയും സാന്ദ്രീകരണം വളർന്നിരിക്കുന്നു; (2) ബാങ്ക് മൂലധനവും വ്യാവസായിക മൂലധനവും തമ്മിൽ ലയിച്ചു ചേരുകയും ഈ ധനമൂലധനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ധന അൽപാധിപത്യം സൃഷ്ടിക്കപ്പെടുകയും ചെയ്തിരിക്കുന്നു; (3) ചരക്കുകളുടെ കയറ്റുമതിയിൽനിന്ന് വ്യത്യസ്തമായി മൂലധനത്തിന്റെ കയറ്റുമതി അസാമാന്യമായ പ്രാധാന്യം ആർജ്ജിക്കുന്നു; (4) അന്താരാഷ്ട്ര കുത്തക മുതലാളി കൂട്ടുകെട്ടുകൾ രൂപം കൊള്ളുകയും അവ ലോകം പങ്കിട്ടെടുക്കുകയും ചെയ്യുന്നു; (5) ഏറ്റവും വലിയ മുതലാളിത്ത ശക്തികൾ ലോകത്തെയൊട്ടാകെ പങ്കിട്ടെടുക്കുന്ന പ്രക്രിയ പൂർത്തിയായിരിക്കുന്നു. കുത്തകകളുടെയും ധനമൂലധനത്തിന്റെയും മേധാവിത്വം സ്ഥാപിക്കപ്പെടുകയും മൂലധനത്തിന്റെ കയറ്റുമതി പ്രകടമായ പ്രാധാന്യം ആർജിക്കുകയും അന്താരാഷ്ട്ര ട്രസ്റ്റുകൾ ലോകം പങ്കിട്ടെടുക്കാൻ തുടങ്ങുകയും ലോകത്താകെയുള്ള ഭൂപ്രദേശങ്ങൾ മുഴുവനും ഏറ്റവും വലിയ മുതലാളിത്ത ശക്തികൾക്കിടയിൽ വീതിക്കപ്പെടുന്നത് പൂർത്തിയാവുകയും ചെയ്ത വികാസദശയിലെത്തിയ മു

തലാളിത്തമാണ് സാമ്രാജ്യത്വം''. (ലെനിൻ, സമാഹൃത കൃതികൾ, വാള്യം 22, പേജ് 266–267).

(4) **ഖണ്ഡിക 2.8:** ചുവടെ ചേർക്കുന്ന വസ്തുതകൾ ഉദ്ധരിച്ചുകൊണ്ട്, 1913ൽ തന്നെ ധന മൂലധനത്തിന്റെ ആധിപത്യം ലെനിൻ അനുഭവത്തെ ആധാരമാക്കി സ്ഥാപിച്ചത് ശ്രദ്ധിക്കുക.

## ബാങ്കുകളുടെ ആസ്തികൾ

*(1913 ഒക്ടോബർ – നവംബർ മാസങ്ങളിലെ റിപ്പോർട്ടുകൾ പ്രകാരം – ലക്ഷം റൂബിൾ)*

| റഷ്യൻ ബാങ്കുകളുടെ ഗ്രൂപ്പുകൾ | നിക്ഷേപിച്ച മൂലധനം ഉൽപാദനപരമായി | നിക്ഷേപിച്ച മൂലധനം ഊഹക്കച്ചവടത്തിനായി | ആകെ |
|---|---|---|---|
| നാല് ബാങ്കുകൾ: സൈബീരിയൻ കമേഴ്സ്യൽ, റഷ്യൻ, ഇന്റർനാഷണൽ, ഡിസ്കൗണ്ട് ബാങ്ക് | 413.7 | 859.1 | 1272.8 |
| രണ്ട് ബാങ്കുകൾ: കമേഴ്സ്യൽ & ഇൻഡസ്ട്രിയൽ, റൂസോ – ബ്രിട്ടീഷ് | 239.3 | 169.1 | 408.4 |
| അഞ്ച് ബാങ്കുകൾ : റഷ്യൻ – ഏഷ്യാറ്റിക്, സെന്റ് പീറ്റേഴ്സ് ബെർഗ് പ്രൈവറ്റ്, അസോവ്–ഡോൺ, യൂണിയൻ മോസ്ക്കോ, റൂസോ –ഫ്രഞ്ച് കമേഴ്സ്യൽ | 711.8 | 661.2 | 1373.0 |
| **11 ബാങ്കുകൾ ആകെ** | **1364.8** | **1689.4** | **3054.2** |
| എട്ട് ബാങ്കുകൾ: മോസ്കോ മർച്ചന്റ്സ്, വോൾഗ – കാമ, യുങ്കർ ആൻഡ് കമ്പനി, സെന്റ് പീറ്റേഴ്സ്ബെർഗ് കമേഴ്സ്യൽ (മുമ്പത്തെ വാവെൽബെർഗ്), ബാങ്ക് ഓഫ് മോസ്ക്കോ (മുമ്പത്തെ ര്യബുഷിൻസ്ക്കി), മോസ്ക്കോ ഡിസ്ക്കൗണ്ട്, മോസ്ക്കോ കമേഴ്സ്യൽ, മോസ്ക്കോ പ്രൈവറ്റ് | 504.2 | 391.1 | 895.3 |
| **19 ബാങ്കുകൾ ആകെ** | **1869.0** | **2080.5** | **3949.5** |

ആധുനിക കാലത്ത് ഫിനാൻഷ്യൽ ഊഹക്കച്ചവട നടപടികളിൽനിന്നുള്ള ലാഭത്തിന്റെ ഉദാഹരണം ശ്രദ്ധിക്കുക:

1. ജി ഇ കാപ്പിറ്റൽ 2003ൽ ആ ഗ്രൂപ്പിന്റെ ലാഭത്തിന്റെ 42% ഉണ്ടാക്കി.
2. ജനറൽ മോട്ടോഴ്സും ഫോർഡും ഉപഭോക്തൃ വായ്പാ ഏർപ്പാടുകളിൽനിന്നായിരുന്നു അവയുടെ ലാഭത്തിന്റെ ഏകദേശം മുഴുവനും നേടിയത്. 2003ൽ പോലും അവയുടെ വിൽപന വരുമാനം ഏതാണ്ട് ചെലവിന് സമം മാത്രമായിരുന്നു.
3. 2004ൽ ജനറൽ മോട്ടേഴ്സ് അക്സെപറ്റൻസ് കോർപ്പറേഷൻ (GMAC) ഡിവിഷൻ 290 കോടി ഡോളർ സമ്പാദിച്ചു. ഇത് ജനറൽ മോട്ടേഴ്സിന്റെ മൊത്തം വരുമാനത്തിൻേറ ഏകദേശം 80 ശതമാനമായിരുന്നു.

(5) **ഖണ്ഡിക 2.18** : ഇന്ത്യയിലെ നമ്മുടെ സ്വന്തം അനുഭവത്തിനും അപ്പുറം, ഉന്നതങ്ങളിലെ അഴിമതി സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന്റെ സർവവ്യാപകമായ സവിശേഷതയായി മാറിയിരിക്കുകയാണ്. മുൻ ഫ്രഞ്ച് പ്രസിഡന്റ് ഴാക് ഷിറാക്, തക്സിൻ (തായ്‌ലണ്ട്), ബെർലുസ്കോണി (ഇറ്റലി), ഗ്ലോറിയ അക്വിനോ (ഫിലിപ്പൈൻസ്) തുടങ്ങിയവർ ലോകനേതാക്കളുടെ ഈ ശൃംഖലയിൽ ഏറ്റവും ഒടുവിൽ കുറ്റം ചുമത്തപ്പെട്ടവരാണ്.

1980കൾ മുതൽ ആഗോളവൽകൃതമായ കാർടെൽ പ്രവർത്തനങ്ങളുടെ ശക്തമായ പുത്തൻ തരംഗം ലോകത്തിലൂടെ അടിച്ചുകയറുകയാണെന്നും അതു പലപ്പോഴും പരക്കെ അറിയപ്പെടുന്ന ബ്രാൻഡ് പേരുകളെക്കൂടി അതിൽ അകപ്പെടുത്തുകയാണെന്നും അത് വിശേഷിച്ചും വികസ്വര രാജ്യങ്ങളെ പ്രതികൂലമായി ബാധിക്കുകയാണെന്നുമുള്ള ശക്തമായ തെളിവുകൾ 2009ലെ ആഗോള അഴിമതി റിപ്പോർട്ട് അവതരിപ്പിക്കുന്നു. ഭക്ഷ്യവസ്തുക്കളും വിറ്റാമിനുകളും മുതൽ പശ്ചാത്തല സൗകര്യ പ്രോജക്ടുകൾ വരെ, മലമ്പനിക്കെതിരായ മരുന്നുകൾ മുതൽ ഏറ്റവും അധികം മികവുറ്റ സംവിധാനങ്ങളുള്ള ഹൈടെക് ഉൽപന്നങ്ങളും ഉപഭോക്തൃസേവനങ്ങളും വരെയുള്ള അതിപ്രധാന വിപണി മേഖലകൾ ലോകമാകെ അഴിമതിയിൽ അകപ്പെട്ടിരിക്കുകയാണ്.

ബ്രിട്ടനിൽ രാഷ്ട്രീയ ബന്ധമുള്ള സ്ഥാപനങ്ങളാണ് വിപണി മൂലധനവൽക്കരണത്തിന്റെ ഏറെക്കുറെ 40 ശതമാനവും നടത്തിയിട്ടുള്ളത് എന്നാണ് മതിപ്പ് കണക്ക് – റഷ്യയിൽ ഇത് അവിശ്വസനീയമായ വിധം ഉയർന്ന് 80 ശതമാനത്തിൽ എത്തിയിരിക്കുന്നു. അതിനുപുറമെ, ലോബിയിങ്ങിന്റെ തോതും ദ്രുതഗതിയിലുള്ള വളർച്ചയും, തുല്യ അവസരം സം

ബന്ധിച്ചും ലോബിയിസ്റ്റുകളെ വാടകയ്ക്കെടുക്കാൻ ശേഷിയില്ലാത്ത പൗരന്മാരുടെ കാര്യങ്ങൾ ശ്രദ്ധിക്കപ്പെടുന്നതിനുള്ള അവകാശം സംബന്ധിച്ചും ഗൗരവതരമായ ആശങ്കകൾ ഉയർത്തുന്നു. ബ്രസ്സൽസിൽ യൂറോപ്യൻ യൂണിയന്റെ നയരൂപീകരണത്തെ സ്വാധീനിക്കുന്നതിന് 15,000 ലോബിയിസ്റ്റുകളുള്ള 2500 ലോബിയിങ് സംഘടനകൾ മല്ലിടുകയാണെന്നാണ് കണക്കാക്കപ്പെടുന്നത്. അമേരിക്കയിൽ, കമ്പനികളുടെ ലോബിയിങ് ചെലവ് കുത്തനെ ഉയർന്നിരിക്കുകയാണ്; സംസ്ഥാനാടിസ്ഥാനത്തിൽ ഓരോ നിയമനിർമ്മാണ സഭാംഗത്തിനുംവേണ്ടിയുള്ള ശരാശരി ചെലവ് 2 ലക്ഷം ഡോളറാണ്; അതേസമയം ഓരോ നിയമനിർമ്മാണ സഭാംഗത്തെയും ചാക്കിലാക്കാൻ അഞ്ച് ലോബിയിസ്റ്റുകൾ വീതം മൽസരിക്കുന്നു.

വികസ്വര രാജ്യങ്ങളിലും പരിവർത്തനം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലും മാത്രം, അഴിമതിക്കാരായ രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും കൂടി പ്രതിവർഷം 2000 കോടി മുതൽ 4000 കോടി വരെ ഡോളർ കൈക്കൂലിയായി കൈപ്പറ്റുന്നതായാണ് വിശ്വസിക്കപ്പെടുന്നത് – ഇത് ഔദ്യോഗിക വികസന സഹായത്തിന്റെ ഏകദേശം 20 മുതൽ 40 ശതമാനം വരെ വരും.

അടുത്ത കാലത്തായി ചുരുങ്ങിയത് 23 രാജ്യങ്ങളിലെങ്കിലും ഭരണകക്ഷികളോ അവയിലെ അംഗങ്ങളോ അഴിമതികളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ആ രാജ്യങ്ങളുടെ പട്ടികയിൽ, അമേരിക്ക, മെക്സിക്കോ, കൊളംബിയ, പെറു, അർജൻറീന, ബ്രസീൽ, അയർലണ്ട്, ഇറ്റലി, ഫ്രാൻസ്, റഷ്യ, സ്ലോവേനിയ, ജപ്പാൻ, ദക്ഷിണകൊറിയ, തായ്‌വാൻ, ഫിലിപ്പൈ
ൻസ്, ഇൻഡോനേഷ്യ, തായ്‌ലൻഡ്, അഫ്ഗാനിസ്താൻ, ഇന്ത്യ, പാകിസ്താൻ, ഉഗാണ്ട, കെനിയ എന്നിവ ഉൾപ്പെടുന്നു. ഇവയിൽ മൂന്ന് രാജ്യങ്ങളിൽ (ജപ്പാൻ, ദക്ഷിണകൊറിയ, ഫിലിപ്പൈൻസ്) സർക്കാരുകളുടെ രാജിക്കോ പതനത്തിനോ ഇടയാക്കിയ മുഖ്യവിഷയം അഴിമതി ആയിരുന്നു.

1998ൽ പ്രസിദ്ധീകരിച്ച ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ (എഡിബി) അഴിമതിവിരുദ്ധ റിപ്പോർട്ട് പ്രകാരം, ''പല രാജ്യങ്ങളുടെയും നികുതി വരുമാനത്തിന്റെ 50 ശതമാനത്തോളമെങ്കിലും അഴിമതിയിൽ നഷ്ടമായേക്കും. ഒരു ലാറ്റിൻ അമേരിക്കൻ രാജ്യത്തിലെ കസ്റ്റംസ് ഉദ്യോഗസ്ഥരെ, അവർ പിരിച്ചെടുക്കുന്നതിന്റെ ഒരു ശതമാനം സ്വന്തമാക്കാൻ സർക്കാർ അനുവദിച്ചപ്പോൾ, ഒരു വർഷത്തിനുള്ളിൽ ആ രാജ്യത്തിന്റെ കസ്റ്റംസ് വരുമാനത്തിൽ 60 ശതമാനത്തിന്റെ വർദ്ധനവുണ്ടായി... ഒരു യൂറോപ്യൻ രാജ്യത്ത് അഴിമതി വഹിക്കുന്ന പങ്കിനെക്കുറിച്ചുള്ള ചില മതിപ്പ് കണക്കുകൾ എത്തുന്ന നിഗമനം, അത് ആ രാജ്യത്തിന്റെ നിലവിലുള്ള മൊത്തം കടബാധ്യതയിൽ 15 ശതമാനത്തിന്റെ, അഥവാ 20,000 കോടി ഡോളറിന്റെ, വർദ്ധനവുണ്ടാക്കി എന്നാണ്.''

(6) **ഖണ്ഡിക 3.4** : 2010ലെ ഹ്യൂമൻ ഡെവലപ്പ്മെന്റ് റിപ്പോർട്ട് ഇങ്ങനെ വെളിപ്പെടുത്തി – ''110 രാജ്യങ്ങളിൽ 65 എണ്ണത്തിലും (ഏകദേശം 60%) മൊത്തം വരുമാനത്തിൽ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലധികമായി വേതന വിഹിതം കുറഞ്ഞുവരികയാണ്. വേതനവിഹിതം മാറ്റമില്ലാതെ തുടരുകയാണെന്ന മുമ്പത്തെ ധാരണയ്ക്ക് വിരുദ്ധമാണിത്. ചില വലിയ രാജ്യങ്ങളിൽ – പ്രത്യേകിച്ചും ഇന്ത്യയിലും അമേരിക്കയിലും – ഗണ്യമായ ഇടിവാണ് കണ്ടത്; 1990 മുതൽ 2008 വരെ 5 ശതമാനം കുറവ്; ഇത് ലോക വേതനവരുമാന വിഹിതത്തിൽ ശരാശരി 2 ശതമാനത്തിന്റെ കുറവിന് ഇടയാക്കി.

''ഒരു പഠനം അനുസരിച്ച്, 1988 മുതൽ ലോക ഗിനി കോയെഫിഷ്യന്റ് (സാർവത്രികമായി അംഗീകരിക്കപ്പെട്ട വരുമാന അസമത്വ അളവ്) ഏറെ മോശമായി വരികയാണ്; ഇപ്പോൾ അത് ഞെട്ടിപ്പിക്കുന്നവിധം 0.71ൽ എത്തിനിൽക്കുകയാണ്. (പൂജ്യം സമ്പൂർണ തുല്യതയെ പ്രതിനിധീകരിക്കുന്നു. സ്പെക്ട്രത്തിന്റെ മറുവശം പ്രതിനിധീകരിക്കുന്ന ഒന്ന് (1) മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും മൊത്തത്തിൽ സമ്പൂർണമായി സാമ്പത്തികമായ തകർച്ച നേരിടുന്ന അവസ്ഥയാണ്). രാജ്യങ്ങൾക്കുള്ളിൽ വരുമാന അസമത്വം വർദ്ധിച്ചുവരുന്നതാണ് ഇപ്പോഴത്തെ സ്ഥിതി. 1980കളിലേതിനേക്കാൾ കൂടുതൽ രാജ്യങ്ങളിൽ ഇപ്പോൾ ഉയർന്ന ഗിനി കോയെഫിഷ്യന്റാണുള്ളത്. പൂർവേഷ്യയിലെയും ശാന്ത സമുദ്രപ്രദേശങ്ങളിലെയും മിക്കവാറും രാജ്യങ്ങളിൽ ഏതാനും ദശകങ്ങൾക്കുമുമ്പ് ഉണ്ടായിരുന്നതിനേക്കാൾ വർദ്ധിച്ച അസമത്വം ഇന്നുണ്ട്. നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിലുള്ള വർദ്ധിച്ചുവരുന്ന അന്തരത്തിനു കാരണം ഭാഗികമായി ഇതാണെന്ന് വിശദീകരിക്കപ്പെടുന്നു. ദരിദ്രരായ ആളുകൾ ഇതിനൊപ്പം തന്നെ, പെട്ടെന്നും മറ്റു പല വിധങ്ങളിലുമുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇവയിൽ മറ്റുള്ളവയെക്കാൾ കൂടുതൽ രൂക്ഷമായത് ലിംഗവ്യത്യാസങ്ങളാണ്.

‘‘മുൻ സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന രാജ്യങ്ങളിലെ സ്ഥിതി വഷളായിവരുന്നതാണ് പ്രത്യേകിച്ചും ശ്രദ്ധേയമായത്. അവരിൽ തുടക്കത്തിൽ അസമത്വം വളരെ കുറവായിരുന്നതിനാൽ ഇപ്പോഴും താരതമ്യേന ഗിനി കോയെഫിഷ്യന്റ് കുറവാണ്. അവയിൽ വ്യവസ്ഥാമാറ്റം തൊഴിൽ ഉറപ്പ് ഇല്ലാതാക്കി; വ്യാപകമായി സർക്കാർ തൊഴിൽ അവസരങ്ങൾനിർത്തലാക്കി. ബെർലിൻ മതിലിന്റെ പതനത്തിനുമുമ്പ് സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ 10ൽ 9 പേരും സർക്കാർ ജോലിയിൽ ഏർപ്പെട്ടിരുന്നു. സാമ്പത്തിക സഹകരണത്തിനും വികസനത്തിനുമായുള്ള രാജ്യങ്ങളുടെ സംഘടന (OECD)യിൽ ഇത് 10ൽ 2 മാത്രമായിരുന്നു.

‘‘ചുരുക്കത്തിൽ, 104 രാജ്യങ്ങളിലെ ജനസംഖ്യയിൽ ഏകദേശം മൂന്നിൽ ഒന്നും, അഥവാ 175 കോടി ആളുകൾ, ബഹുവിധമായ ദാരിദ്ര്യം അനുഭവിക്കുന്നവരാണ് എന്നാണ് ഞങ്ങൾ കണക്കാക്കുന്നത്’’.

മറുവശത്ത്, ലോകത്തെ ശതകോടീശ്വരന്മാരുടെ എണ്ണം മുന്നൂറിലേറെ വർദ്ധിച്ച് മൊത്തം 1210 ആയിരിക്കുന്നു; അവരുടെയാകെ അസ്സൽ ആസ്തി 4.5 ലക്ഷം കോടി ഡോളറാണ്. 2008–2011 കാലഘട്ടത്തിലെ ശതകോടീശ്വരന്മാരുടെ സ്വത്തിന്റെ വർഷാവർഷമുള്ള താരതമ്യം വെളിപ്പെടുത്തുന്നത് ഏഷ്യാ – പെസഫിക്കിലെ സ്വത്ത്, ധനപ്രതിസന്ധിയ്ക്ക് മുമ്പുണ്ടായിരുന്നതിനേക്കാൾ ഏകദേശം 24 ശതമാനവും അമേരിക്കയിലേത് 41 ശതമാനവും അധികമാണെന്നാണ്.

ലോകജനസംഖ്യയിലെ അതിസമ്പന്നരായ 2 ശതമാനം പേരാണ് ലോകത്തിലെ സ്വത്തിന്റെ പകുതിയും കൈവശപ്പെടുത്തിയിരിക്കുന്നത്. 48 പരമദരിദ്ര രാജ്യങ്ങളിലെ ജിഡിപി (മൊത്തം ആഭ്യന്തര ഉൽപാദനം, ഓരോരുത്തരുടെയും വരുമാനത്തിന്റെ ആകെത്തുക) ലോകത്തിലെ അതിസമ്പന്നരായ മൂന്നുപേരുടെ ആകെ സ്വത്തിനേക്കാൾ കുറവാണ്. ലോകജനസംഖ്യയിലെ പരമദരിദ്രരായ 40 ശതമാനംപേർക്ക് ആഗോളവരുമാനത്തിന്റെ 5 ശതമാനം മാത്രമാണ് ലഭിക്കുന്നത്. ലോകജനസംഖ്യയിലെ അതിസമ്പന്നരായ 20 ശതമാനം പേർക്കാണ് ലോകവരുമാനത്തിന്റെ നാലിൽ മൂന്ന് ഭാഗവും ലഭിക്കുന്നത്. ലോകത്തിലെ അതിസമ്പന്നരായ 20 ശതമാനം ആളുകളുടെ ശരാശരി വാർഷികവരുമാനം പരമദരിദ്രരായ 20 ശതമാനം ആളുകളുടെ വാർഷിക വരുമാനത്തെക്കാൾ ഏകദേശം 50 ഇരട്ടിയാണ്.

അമേരിക്കയിൽ, വരുമാനത്തിനുപകരം സ്വത്തിന്റെ അടിസ്ഥാനത്തിൽ, ഏറ്റവും മുകൾത്തട്ടിലുള്ള ഒരു ശതമാനംപേർ 40 ശതമാനം സ്വത്തും കൈയടക്കിവെച്ചിരിക്കുന്നു. 25 വർഷത്തിന് മുമ്പ് ഇതിന് സമാനമായ സംഖ്യകൾ 12 ശതമാനവും 33 ശതമാനവുമാണ്. അതേസമയം തന്നെ ഏറ്റവും മുകൾത്തട്ടിലുള്ള ഒരു ശതമാനംപേരുടെ വരുമാനം കഴിഞ്ഞ ദശകത്തിൽ 18% വർദ്ധിച്ചിരിക്കുന്നു; ഇടത്തരക്കാരുടെ വരുമാനം ശരിക്കും ഇടിഞ്ഞപ്പോഴാണിത്. 2011 ആഗസ്ത് അവസാനത്തെ സ്ഥിതിയനുസരിച്ച്, അമേരിക്കയിലെ ഏറ്റവും മുകൾത്തട്ടിലുള്ള 400 പേർക്ക് ആകെക്കൂടിയുള്ള വ്യക്തിഗത സ്വത്ത് 1.53 ലക്ഷം കോടി ഡോളറാണ്; കഴിഞ്ഞ വർഷത്തേതിൽനിന്ന് മൊത്തം 12 ശതമാനം അധികമാണിത്. ഇത് എക്കാലത്തേയും ഉയർന്ന സ്വത്തിൽനിന്നും ഏറെ അകലെയുമല്ല – മഹാമാന്ദ്യം തുടങ്ങിയതിന് മുമ്പിലത്തെ വർഷം, 2007ലെ 1.57 ലക്ഷം കോടി ഡോളർ. 1982ലാകട്ടെ, ഫോർബ്സ് 400ന്റെ നിരയിൽ കടന്നുകൂടാൻ ശരാശരി അമേരിക്കക്കാരന് ചുരുങ്ങിയത് 7.5 കോടി ഡോളർ വേണമായിരുന്നു. 2011ലെ പട്ടികയിൽ കടന്നുകൂടാനാകട്ടെ, 105 കോടി ഡോളർ വേണം. 1982നും 2011നും ഇടയ്ക്ക് ഫോർബ്സ് 400 പട്ടികയിലുള്ളവരുടെ കൂട്ടായ മൊത്തം സമ്പത്ത് കുതിച്ചുയർന്നു – നാണയപ്പെരുപ്പം കണക്കിലെടുത്തശേഷമുള്ള തുകയാണിത്. കണ്ണഞ്ചിപ്പിക്കുംവിധം 612 ശതമാനത്തിന്റെ വർദ്ധനയാണുണ്ടായത്. 1983നും 2009നും മദ്ധ്യേ, അമേരിക്കയിലെ അതിസമ്പന്നരായ 5 ശതമാനം പേർ ആ രാഷ്ട്രത്തിലെ സമസ്ത സ്വത്തിന്റെയും ലാഭത്തിലെ 82 ശതമാനവും കൈവശപ്പെടുത്തി. ആ രാജ്യത്തിലെ ഏറ്റവും താഴെ തട്ടിലുള്ള 60 ശതമാനം കുടുംബങ്ങൾക്ക് യഥാർത്ഥത്തിൽ 1983 ലേതിനേക്കാൾ 2009 ആയപ്പോൾ സ്വത്ത് കുറയുകയാണുണ്ടായത്.

നമ്മുടെ രാജ്യത്ത്, ഇന്ത്യയിൽ, ദരിദ്രരും അഗതികളുമായവരുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് ഡോളർ അടിസ്ഥാനത്തിലുള്ള ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായാണ് നാം കാണുന്നത്. ഡോളർ ശതകോടീശ്വരന്മാരുടെ എണ്ണം 2010ൽ 52 ആയിരുന്നത് 2011ൽ 69 ആയി വർദ്ധിച്ചു. അവരുടെ എല്ലാ പേരുടെയും കൂടിയുള്ള ആസ്തി ഇന്ത്യൻ ജിഡിപിയുടെ 30 ശതമാനത്തിന് തുല്യമാണ്. നേരെമറിച്ച്, ഇന്ത്യൻ ജനതയിൽ ഏകദേശം 80 ശതമാനം പേരും കഴിഞ്ഞുകൂടുന്നത് പ്രതിദിനം 20 രൂപയിൽ കുറഞ്ഞ വരുമാനം കൊണ്ടാണ്.

7. **ഖണ്ഡിക 3.4: തൊഴിലില്ലായ്മ** – 2010ലെ മാനവ വികസന റിപ്പോർട്ട് പ്രകാരം ''തൊഴിലില്ലാ യ്മയും ദാരിദ്ര്യവും അതീവ ഗുരുതരാവസ്ഥയിലായി. 3.4 കോടി ആളുകൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെട്ടു. 6.4 കോടി ജനങ്ങൾ കൂടി പ്രതിദിനം 1.25 ഡോളർ വരുമാനമില്ലാത്ത ദരിദ്രരുടെ കൂട്ടത്തിൽ ചേർന്നു. ഉൽപന്നങ്ങളുടെ വിലവർദ്ധനമൂലം മുൻ വർഷങ്ങളിൽ 16 കോടി മുതൽ 20കോടിവരെ ജനങ്ങൾ ദാരിദ്ര്യത്തിലാഴ്ന്നതിനു പുറമെയാണിത്. 2010ൽ വി കസിത രാജ്യങ്ങളിൽ ശരാശരി തൊഴിലില്ലായ്മ 9 ശതമാനമായിരുന്നത് അമേരിക്കയിൽ പത്തു ശതമാനത്തിലെത്തുകയും സ്പെയിനിൽ 20 ശതമാനത്തിലെത്തുകയും ചെയ്തു. ''അന്താരാഷ്ട്ര തൊഴിൽ സംഘടന പ്രവചിക്കുന്നത് 2009ൽ ആഗോള സാമ്പത്തിക പ്രതി സന്ധിക്കാലത്ത് തൊഴിൽ നഷ്ടപ്പെട്ട 4.3 കോടി ജനങ്ങൾ ദീർഘകാലം തൊഴിലില്ലാത്തവരാ യിരിക്കുക എന്ന അപകടകരമായ സ്ഥിതിയിലേക്കെത്തുമെന്നാണ്.

8. **ഖണ്ഡിക 3.5:** മൂലധനം മൂന്നാം വാല്യത്തിൽ മാർക്സ് എഴുതിയതുപോലെ ''സമൂഹത്തി ന്റെ കേവലമായ ഉപഭോഗശേഷം മാത്രമാണ് പരിധി സൃഷ്ടിക്കുന്നത് എന്ന മട്ടിൽ ഉൽപാ ദനശക്തികളെ വികസിപ്പിക്കാനുള്ള മുതലാളിത്ത ഉൽപാദനത്തിന്റെ നീക്കമല്ല എല്ലാ പ്രതി സന്ധികളുടെയും ആത്യന്തിക കാരണം. എല്ലായ്പ്പോഴും അത് ബഹുജനങ്ങളുടെ ദാരിദ്ര്യ വും പരിമിതപ്പെടുത്തിയ ഉപഭോഗവും ആകുന്നു.''

9. **ഖണ്ഡിക 3.6: സബ്–പ്രൈം വായ്പകൾ** – വായ്പ വാങ്ങിക്കുന്നവരെ പ്രലോഭിപ്പിക്കുന്നതി നുവേണ്ടി ആദ്യം അംഗീകൃത നിരക്കുകളേക്കാൾ കുറഞ്ഞ പലിശനിരക്കിൽ വായ്പകൊ ടുക്കുകയും പിന്നീട് ഉയർന്ന നിരക്ക് ഈടാക്കുകയും ചെയ്യുന്ന വായ്പകളെയാണ് സബ് പ്രൈം വായ്പകൾ എന്നു പറയുന്നത്. തിരിച്ചടവ് വ്യവസ്ഥകൾ പാലിച്ചുകൊണ്ടുപോകാൻ ബുദ്ധിമുട്ടുള്ള ആളുകൾക്കാണ് മുഖ്യമായും ഇത്തരം വായ്പകൾ അനുവദിക്കുന്നത്. അല്ലാത്തവയിൽ വായ്പാ വിപണിയിലേക്ക് കടന്നുചെയ്യാൻ കഴിയാത്തവർക്ക് വായ്പ ലഭ്യമാക്കുന്നതിനുദ്ദേശിച്ചാണ് ഈ നടപടിക്രമം ആരംഭിച്ചത്.

10. **ഖണ്ഡിക 3.7:** ഉൽപാദനത്തെയും ഉപഭോഗത്തെയും കുറിച്ച് എഴുതുമ്പോൾ മാർക്സ് പറഞ്ഞിരിക്കുന്നു: ''ഉൽപാദനം ആവശ്യത്തെ തൃപ്തിപ്പെടുത്തുന്ന ഒരു വസ്തു പ്രദാനം ചെയ്യുക മാത്രമല്ല, ആ വസ്തുവിന് ആവശ്യം പ്രദാനംചെയ്യുക കൂടെ ചെയ്യുന്നുണ്ട്. സ്വാ ഭാവിക പരുക്കനവസ്ഥയുടെയും അത്യാവശ്യത്തിന്റെയും പ്രാഥമിക ഘട്ടത്തിൽനിന്ന് ഉപഭോഗം രൂപംകൊള്ളുമ്പോൾതന്നെ – അത് ആ ഘട്ടത്തിൽ നിൽക്കുന്നെങ്കിൽ അതി നുകാരണം ഉൽപാദനത്തെ അവിടെ പിടിച്ചുനിർത്തപ്പെട്ടിരിക്കുന്നതാണ്. അത് സ്വയം ഇടനിലയിൽ നിന്ന് മുന്നേറാൻ പ്രേരിപ്പിക്കപ്പെടും. വസ്തുവിനുവേണ്ടി ഉപഭോഗത്തിന് തോന്നുന്ന ആവശ്യത്തെ രൂപപ്പെടുത്തുന്നത് അതിനെക്കുറിച്ചുള്ള അവബോധമാണ്. ഒരു കലാരൂപം–മറ്റേതൊരു ഉൽപന്നത്തേയുംപോലെ–കലയെക്കുറിച്ച് ബോധമുള്ളവരും സൗ ന്ദര്യാസ്വാദകരുമായ ജനങ്ങളെയും സൃഷ്ടിക്കുന്നുണ്ട്. അങ്ങനെ *ഉൽപാദനം ഉപഭോക്താ വിനുവേണ്ടി ഒരു ഉൽപന്നത്തെ സൃഷ്ടിക്കുക മാത്രമല്ല ഉൽപന്നത്തിനുവേണ്ടി ഉപഭോക്താ വിനെയും സൃഷ്ടിക്കുന്നു.* അങ്ങനെ ഉൽപാദനം ഉപഭോഗത്തെ സൃഷ്ടിക്കുന്നു (1) അതിനാ വശ്യമായ പദാർത്ഥം സൃഷ്ടിച്ചുകൊണ്ട് (2) അതിന്റെ ഉപഭോഗരീതി നിശ്ചയിച്ചുകൊണ്ടും (3) ഉപഭോക്താവിന്റെ ആവശ്യത്തിന് ഉതകുന്നവിധത്തിൽ പ്രാഥമികമായും വസ്തു എന്ന രൂപത്തിൽ ഉൽപന്നങ്ങളെ രൂപപ്പെടുത്തി നിർമ്മിച്ചുകൊണ്ടും അങ്ങനെ അത് ഉപഭോഗത്തി നുള്ള വസ്തുവിനെയും ഉപഭോഗരീതിയേയും ഉപഭോഗ ലക്ഷ്യത്തെയും ഉൽപാദിപ്പിക്കു ന്നു. (ഗ്രൂണ്ട്റീസ് പേജ് 92)

11. **ഖണ്ഡിക 3.7** ഫ്യൂച്ചറുകൾ, ഓപ്ഷനുകൾ, വ്യാപാര അവധി എന്നിവ ഉൾക്കൊള്ളുന്ന നി ഴൽ ധനകാര്യ ഉപകരണങ്ങളാണ് ഡെറിവേറ്റീവുകൾ. ഒരാൾ ഓഹരി വിപണിയിൽ ഒരു ഓഹരി വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നുവെങ്കിൽ അത് യഥാർത്ഥ വ്യാപാരമാണ്. എന്നാൽ ഒരു ഓഹരി വാങ്ങുകയോ വാങ്ങാതിരിക്കുകയോ ചെയ്യാനുള്ള വരണാധികാരം വാങ്ങുകയോ വിൽക്കുകയോ ചെയ്താൽ അത് ഡെറിവേറ്റീവ് വ്യാപാരമാണ്. വിശ്വസിച്ചാ ലും ഇല്ലെങ്കിലും ആ വരണാധികാരം വിൽക്കുന്നയാൾ, ആ ഓഹരിയുടെ ഉടമസ്ഥനായിരി ക്കണമെന്നില്ല. അതേപോലെ വാങ്ങുന്നയാൾ ആ ഓഹരിക്കാവശ്യമായ മുഴുവൻ വിലയും നൽകണമെന്നില്ല. ആഗോള ചരക്ക് കൈമാറ്റ വിപണിയിൽ ഇത്തരത്തിലുള്ള ഊ ഹക്കച്ചവടമാണ് ഭക്ഷ്യ വസ്തുക്കളുടേയും എണ്ണയുടേയും വിലകൾ അമ്മാനമാടുന്നത്. ഈ ധനകാര്യ കോർപ്പറേഷനുകൾ ഊഹ വ്യാപാരത്തിന്റെ അത്തരം ഉപകരണങ്ങളെ 'കെട്ടുകളാക്കി' വിൽക്കുകയും വാങ്ങുകയും അങ്ങനെ ആഗോള ധനവ്യവസ്ഥയുമായി ഇത്തരം ധനകാര്യ ഇടപാടുകളെ ബന്ധപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ ഒരു ബാങ്ക് അതിന്റെ വായ്പകൾ തിരിച്ചടയ്ക്കാത്തതിനാൽ തകരുന്നതിനുപകരം സബ്പ്രൈം വായ് പാ വീഴ്ചകൾ മൊത്തം ധനകാര്യ വ്യവസ്ഥയെ ഒടുക്കി തകർച്ചയിലേക്ക് നയിച്ചു.

2008 അവസാനം സ്വിറ്റ്സർലന്റിലെ ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റിൽമെന്റ്സ് ലോകത്തിലാകെയുള്ള ഡെറിവേറ്റീവ് കരാറുകളുടെ മുഖവിലയായി കണക്കാക്കിയത് 680 ലക്ഷം കോടി ഡോളറായിരുന്നു. 2002ൽ ഇത് 106 ലക്ഷം കോടി ഡോളറായിരുന്നു. രണ്ടു ദശകം മുമ്പ് ഇത് നക്കാപ്പിച്ച സംഖ്യയ്ക്കുള്ളതായിരുന്നു. ഇതിൽനിന്ന് ഊഹ വ്യാപാരത്തിന്റെ ഭീമാകാരമായ വളർച്ച മനസ്സിലാക്കാം. ധന പ്രശ്നങ്ങളിലെ അപകട സാധ്യത തടുക്കാനും പരിമിതപ്പെടുത്താനുമാണ് സിദ്ധാന്തപരമായി ഇതുകൊണ്ട് ഉദ്ദേശിച്ചിരുന്നതെങ്കിലും, ഈ കരാറുകൾ അസ്ഥിരത വർദ്ധിപ്പിക്കുകയും യഥാർത്ഥത്തിൽ കമ്പനികൾ എങ്ങനെയാണ് അവയുടെ വില കണക്കാക്കുന്നതെന്ന സംശയത്താൽ അപകട സാധ്യത പരത്തുകയും ചെയ്തു. ഈ നിഴൽ സമ്പദ്വ്യവസ്ഥ ലോക ജിഡിപിയുടെ (65 ലക്ഷം കോടി ഡോളർ) പത്തിരട്ടി വലുതും ലോക ഓഹരി വിപണിയിലെ യഥാർത്ഥ ഓഹരി വ്യാപാരത്തിന്റെ (ലക്ഷം കോടി ഡോളർ) ആറിരട്ടി വലുതുമാണ്.

2007 ജനുവരിയിൽ ലോകത്ത് പരസ്യ വ്യാപാരം നടത്തുന്ന കമ്പനികളുടെ മൊത്തം വിപണി മൂലധനവൽക്കരണം 51.2 ലക്ഷം കോടി ഡോളറായിരുന്നത് 2008 സെപ്തംബറിൽ 40 ലക്ഷം കോടി ഡോളറായി കുറയുന്നതിനുമുമ്പ് 2008 മെയിൽ 57.5 ലക്ഷം കോടി ഡോളറായി ഉയർന്നു. 2011 ആഗസ്റ്റിൽ ലോക വിപണി മൂലധനവൽക്കരണം 51.61 ലക്ഷം കോടി ഡോളറാണ്. 2011 ആഗസ്തിലെ ഓഹരി വരുമാന മൂല്യം 44.47 ലക്ഷം കോടി ഡോളറാണ്. 2011 ജനുവരി മുതൽ ആഗസ്റ്റ്വരെയുള്ള നിക്ഷേപ ഒഴുക്ക് 15980 കോടി ഡോളറാണ്. ഇത്തരത്തിലാണ് സാമ്രാജ്യത്വ ആഗോളവൽക്കരണം അതിന്റെ ലാഭോൽപാദനം പരമാവധിയാക്കിയത്. അത് 2008ൽ ഈ ഊഹക്കുമിള പൊട്ടാനിടയാക്കി.

'മൂലധന'ത്തിൽ വ്യവസായ മൂലധനത്തിന്റെ ഉത്ഭവം സംബന്ധിച്ച അധ്യായം അവസാനിപ്പിച്ചുകൊണ്ട് മാർക്സ് പറഞ്ഞു ''അടിമുടി എല്ലാ രോമകൂപങ്ങളിൽനിന്നും ചോരയും ചലവും ഒലിപ്പിച്ചുകൊണ്ടാണ് മൂലധനം വരുന്നത്.'' തൊഴിലാളിയും ട്രേഡ് യൂണിയൻ നേതാവുമായ ടി ജെ ഡണ്ണിങ്ങിൽനിന്നുള്ള ഒരു ഉദ്ധരണി അടിക്കുറിപ്പായി ചേർത്തുകൊണ്ട് മാർക്സ് ഈ ആശയത്തെ ബലപ്പെടുത്തുന്നു (തന്റെ വിശകലനത്തിന് സ്ഥിരീകരണം നൽകാൻ മാർക്സ് തൊഴിലാളികളുടെ രചനകളിൽനിന്നും അവരുടെ അനുഭവങ്ങളിൽനിന്നും ബോധപൂർവ്വം ഉദ്ധരിക്കാറുണ്ട്) ''വേണ്ടത്ര ലാഭം ലഭിക്കുമെങ്കിൽ മൂലധനം ഏത് സാഹസത്തിനും തയ്യാറാവും. 10 ശതമാനം ലാഭം ഉറപ്പുണ്ടെങ്കിൽ അത് എവിടെയും വ്യവസായം സ്ഥാപിക്കും; 20 ശതമാനം ലാഭം ലഭിക്കുമെങ്കിൽ അത്അത്യാഗ്രഹം ഉണ്ടാക്കും; 50 ശതമാനമാണ് ലാഭമെങ്കിൽ എന്ത് അധികപ്രസംഗത്തിനും അത് തയ്യാറാകും ; 100 ശതമാനം ലാഭം കിട്ടുമെന്നുണ്ടെങ്കിൽ എല്ലാ മാനുഷിക നിയമങ്ങളെയും ചവിട്ടിമെതിക്കാൻ അത് തയ്യാറാകും. 300 ശതമാനം ലാഭം ലഭിക്കുമെങ്കിൽ ഒരു മനഃസാക്ഷിക്കുത്തും കൂടാതെ അത് എന്ത് കുറ്റകൃത്യവും ചെയ്യാൻ തയ്യാറാകും; വേണ്ടിവന്നാൽ സ്വന്തം ഉടമസ്ഥനെ തൂക്കിക്കൊല്ലാൻപോലും അത് മടിക്കില്ല.''

12. **ഖണ്ഡിക 3.12:** കോർപ്പറേഷനുകൾക്ക് മൂലധന സന്നിവേശനം, കടബാധ്യതയ്ക്ക് പിന്തുണ, മറ്റു ധനകാര്യ വാഗ്ദാനങ്ങൾ എന്നിവയ്ക്കായി അമേരിക്കൻ ഗവൺമെന്റ് മാത്രം രക്ഷാനടപടികൾക്കായി 12 ലക്ഷം കോടി ഡോളറിലേറെയാണ് 2009 തുടക്കത്തിൽ ചെലവഴിച്ചത്. 2007/2008ൽ രക്ഷപ്പെടുത്തൽ പണമായി അമേരിക്ക ചെലവഴിച്ച തുക മുഖ്യമായി കൈപ്പറ്റിയ 9 ധനകാര്യസ്ഥാപനങ്ങൾ 5000 വരുന്ന അവരുടെ വ്യാപാരികൾക്കും ബാങ്കർമാരുടെ ബോണസിനത്തിലും 2008 തുടക്കത്തിൽതന്നെ ഓരോരുത്തർക്ക് നൽകിയത് 10 ലക്ഷം ഡോളറിലേറെയാണ്. ഏകദേശം 5000 വരുന്ന അവരിൽ ഒരു ചെറുവിഭാഗം വ്യവസായങ്ങൾ 500 കോടി ഡോളറിലേറെ ബോണസായി നൽകിയിരുന്നു. ഗോൾഡ്മാനിൽ കൂട്ടായി 200 പേർക്ക് മൊത്തം 100 കോടി ഡോളറും മോർഗൻ സ്റ്റാൻലിയിൽ 57.7 കോടി ഡോളർ 101 പേർക്കും പങ്കുവെച്ചു നൽകുകയുണ്ടായി. ഈ 9 ബാങ്കുകൾക്ക് 8100 കോടി ഡോളർ നഷ്ടപ്പെട്ടപ്പോൾ ബോണസിനത്തിൽ രക്ഷപ്പെടുത്തൽ പണമായി 3260 കോടി ഡോളർ കിട്ടി. ഉദാഹരണത്തിന് മോർഗൻ സ്റ്റാൻലിയിൽ 2008ൽ കിട്ടിയ നഷ്ടപരിഹാരം ബാങ്കിന്റെ ലാഭത്തിന്റെ ഏഴിരട്ടിയിലേറെയായിരുന്നു. 2004–05ലും ഓഹരി വിപണികൾ നന്നായി നടന്നിരുന്നപ്പോൾ മോർഗൻ സ്റ്റാൻലി അവരുടെ ലാഭത്തിന്റെ 2 ഇരട്ടി മാത്രമാണ് നഷ്ടപരിഹാരമായി ചെലവഴിച്ചത്.

13 **ഖണ്ഡിക–3.13.** 2010ലെ മാനവ വികസന റിപ്പോർട്ടുപ്രകാരം ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങൾ ഇതാണ് ''ലാറ്റിനമേരിക്കയിലും കരീബിയയിലും ജിഡിപി വളർച്ച കുറഞ്ഞു. ചിലിയിലും മെക്സിക്കോയിലും പെറുവിലും നിർണ്ണായകമായ കുറവുണ്ടായി. സബ് സഹാറൻ ആഫ്രിക്കയിൽ 2008ലെ 5 ശതമാനത്തിലേറെ വളർച്ച 2009ൽ 2 ശതമാനമായി കുറഞ്ഞെങ്കിലും വളർച്ച നിലനിർത്തി. വികസിത രാജ്യങ്ങളിൽ വാർഷിക വളർച്ച 6 ശതമാനനിരക്കിൽനിന്ന്– 3.4 ശതമാനത്തിലേക്ക് 2009ൽ താഴ്ന്നു. യൂറോപ്പിലേയും മധ്യ ഏഷ്യയിലേയും ചില രാജ്യങ്ങളാണ് രൂക്ഷമായ ആഘാതത്തിന് വിധേയമാ

യത്. മുൻ സോവിയറ്റ് യൂണിയനിലെ ചില രാജ്യങ്ങളിൽ 2008ൽ 5 ശതമാനം വളർച്ചയുണ്ടായിരുന്നത് 2009ൽ 7 ശതമാനം ചുരുങ്ങലായി മാറി. ദാരിദ്ര്യം നിർണ്ണായകമായ തോതിൽ വർധിക്കുകയും ചെയ്തു. 40 ശതമാനം രാജ്യങ്ങൾ വളർച്ചാ മന്ദതയെ അഭിമുഖീകരിച്ചു. ഇവ 2009ൽ ഉയർന്നതോതിൽ ദാരിദ്ര്യമനുഭവിച്ചിരുന്നവയും സാമ്പത്തികമായ അസ്ഥിരത പരിഹരിക്കുന്നതിന് ധനപരമോ വ്യവസ്ഥാപരമോ ആയ ശേഷിയില്ലാത്തവയുമായിരുന്നു.

ദീർഘകാല വളർച്ച മുരടിപ്പിക്കുന്നവിധത്തിൽ പ്രതിസന്ധി ശൈശവമരണവും പോഷകാഹാരക്കുറവും വർധിപ്പിക്കുന്നതിനിടയാക്കി. കണക്കുകൾ വ്യക്തമാക്കുന്നത് ആഫ്രിക്കയിൽ ഈയിടെയുണ്ടായ ധന പ്രതിസന്ധിയുടെ ഭാഗമായി 30000 മുതൽ 50000 വരെ കുട്ടികൾ മരിക്കാനിടയുണ്ടെന്നാണ്. രൂക്ഷമായ പട്ടിണി അനുഭവിക്കുന്നവരുടെ കൂട്ടത്തിലേക്ക് 9 കോടി പേർകൂടെ കൂട്ടിച്ചേർക്കപ്പെടുകയും അവരുടെ എണ്ണം 100 കോടിയായി വർധിപ്പിക്കുകയും ചെയ്തു. നിരവധി രാജ്യങ്ങളിൽ ഭക്ഷ്യലഹളകൾ പ്രകടമായി, ഭക്ഷ്യവിലക്കയറ്റംകൊണ്ടാണിതുണ്ടായത്. ഇതും പ്രതിസന്ധിയുടെ പ്രത്യാഘാതങ്ങളിലൊന്നായിരുന്നു.

14. **ഖണ്ഡിക 3.14:** തുടർന്നുള്ള ദശകങ്ങളിൽ ഉൽപാദനക്ഷമതയിലും സമ്പത്തിലും വൻതോതിലുള്ള വർധനവുണ്ടായിട്ടും 2006ൽ അമേരിക്കയിലെ സ്വകാര്യ കാർഷികേതര തൊഴിലാളികളുടെ യഥാർത്ഥ വേതനം 1967ലേതിന് തുല്യമായിരുന്നു. 2000–07ൽ അമേരിക്കൻ സമ്പദ് വ്യവസ്ഥയിലെ ഉൽപാദനക്ഷമതാ വർധനവ് 2.2 ശതമാനമായിരുന്നപ്പോൾ മധ്യസ്ഥിതരുടെ മണിക്കൂർ അടിസ്ഥാന വേതന വർദ്ധനവ് –0.1 ശതമാനമായിരുന്നു. ജിഡിപിയുടെ ശതമാനാടിസ്ഥാനത്തിൽ കൂലി–ശമ്പളം കൊടുക്കൽ 1973ലെ 52 ശതമാനത്തിൽ 2005ൽ 46 ശതമാനമായി കുറഞ്ഞു. എന്നിട്ടും ഈ പ്രവണതയ്ക്ക് വിരുദ്ധമായി ഈ കാലഘട്ടത്തിലെ ഉപഭോഗം 1960ൽ ജിഡിപിയുടെ 60 ശതമാനമായിരുന്നത് 2007ൽ 70 ശതമാനമായി വർധിച്ചു.

15 **ഖണ്ഡിക 4.3:** പെന്റഗൺ പ്രസിദ്ധീകരിച്ച ഡിഫൻസ് പ്ലാനിംഗ് ഗൈഡൻസ് (ഡിപിജി) എന്ന തന്ത്രപ്രധാന രേഖയിലാണ് ആദ്യമായി ഈ കാര്യം വിശദീകരിക്കപ്പെട്ടത്. ലോകത്ത് അമേരിക്കയുടെ സ്ഥിര മേധാവിത്വം സ്ഥാപിക്കുന്നതിനുള്ള തന്ത്രമാണിത്. അതിൽ പറയുന്നു. ''*ഒരു പുതിയ ശത്രു വീണ്ടും ഉയർന്നുവരുന്നത് തടയുകയാണ് ഞങ്ങളുടെ ആദ്യ ലക്ഷ്യം... മുമ്പ് സോവിയറ്റ് യൂണിയൻ ഉയർത്തിയിരുന്ന വെല്ലുവിളിയുടെ തോതിലുള്ള ഒന്ന്. നാം (തീർച്ചയായും) ഏതെങ്കിലും ശത്രുശക്തി ഒരു മേഖലയിൽ ആധിപത്യം പുലർത്തുന്നത് തടയാൻ ശ്രമിക്കണം. അതിന്റെ വിഭവങ്ങൾ ദൃഢീകരിക്കപ്പെട്ട നിയന്ത്രണത്തിൻ കീഴിൽ ആഗോള ശക്തി ഉൽപാദിപ്പിക്കാൻ മതിയായിരിക്കും*''.

*ഫോറിൻ അഫയേഴ്സിലെ* ഏറെ പരാമർശിക്കപ്പെട്ട ലേഖനത്തിൽ, 2000–ൽപ്രസിഡൻറ് തെരഞ്ഞെടുപ്പു പ്രചാരണകാലത്ത് കോണ്ടലിസ റൈസ് ഈ നയം പ്രചരിപ്പിച്ചിരുന്നു–അതിൽ അവർ പറയുന്നു. ''ചൈന പരിഹരിക്കപ്പെടാത്ത മർമപ്രധാന താൽപര്യങ്ങളുള്ള ഒരു വൻശക്തിയാണ്. വിശേഷിച്ചും തായ്‌വാനെ സംബന്ധിച്ച് ഏഷ്യ–പസഫിക് മേഖലയിലെ അമേരിക്കയുടെ പങ്കിനെ സംബന്ധിച്ച് ചൈനക്ക് നീരസമുണ്ട്''. ഈ കാരണങ്ങൾകൊണ്ട് അവർ പറയുന്നു. ''ചൈന ഒരു 'തൽസ്ഥിതി' ശക്തിയല്ല. ഏഷ്യയിലെ അധികാര സന്തുലനം തങ്ങൾക്കനുകൂലമായി മാറ്റണമെന്നാഗ്രഹിക്കുന്ന ഒരു ശക്തിയാണവർ. അതുതന്നെ അവരെ ഒരു തന്ത്രപ്രധാന മത്സരാർഥിയാക്കി മാറ്റുന്നു. ക്ലിന്റൺ ഭരണം ഒരിക്കൽ വിളിച്ചതുപോലെ ''തന്ത്രപ്രധാന പങ്കാളി''യല്ല അവർ. ഒരു മേഖലാ ശക്തിയായി ചൈന വളർന്നുവരുന്നതിനെ തടയുന്ന തന്ത്രം പ്രയോഗിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അവർ വാദിക്കുന്നു. പ്രത്യേകിച്ചും''ജപ്പാനും തെക്കൻ കൊറിയയുമായി അമേരിക്ക അവരുടെ സഹകരണം ശക്തിപ്പെടുത്തുകയും ഈ മേഖലയിൽ ശക്തമായ സൈനിക സാന്നിധ്യം നിലനിർത്തുന്നതിന് പ്രതിബദ്ധത കാണിക്കുകയും വേണം. വാഷിംഗ്ടൺ ഈ മേഖലയിലെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിൽ ഇന്ത്യയുടെ പങ്കിനെ സസൂക്ഷ്മം ശ്രദ്ധിക്കുകയും അവരെ ചൈനീസ് വിരുദ്ധ സംവിധാനത്തിലേക്ക് കൊണ്ടുവരികയും വേണം.

അമേരിക്കയിൽ 9/11ന്റെ ഭീകരാക്രമണത്തിനുശേഷം ഈ നയപരമായ ദിശാ ബോധം കൂടുതൽ ശക്തിപ്പെട്ടു. നമ്മുടെ പാർടി കോൺഗ്രസ് പ്രമേയങ്ങൾ ദർശിച്ചതുപോലെ കമ്യൂണിസത്തിനെതിരായ യുദ്ധം എന്ന ശീതകാല മുദ്രാവാക്യം ഭീകരതയ്ക്കെതിരായ ആഗോളയുദ്ധംകൊണ്ട് പ്രതിസ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആക്രമണം തടയാനുള്ള യുദ്ധമെന്ന് തന്ത്രപ്രധാന സിദ്ധാന്തം അംഗീകരിച്ചുകൊണ്ട് ബുഷ് പ്രഖ്യാപിച്ചു. ''ഞങ്ങൾ ഞങ്ങളുടെ ശത്രുക്കൾക്കെതിരായി അവർ ഞങ്ങളുടെ രാജ്യത്ത് എത്തുന്നതിന് കാത്തുനിൽക്കാതെ

വിദേശത്തുവെച്ച് യുദ്ധംചെയ്യും. ഞങ്ങൾ ലോകത്താൽ രൂപപ്പെടുത്തപ്പെടാൻകാത്തുനിൽക്കുകയല്ല, ഞങ്ങൾ അതിനെ രൂപപ്പെടുത്തുന്നതിനാണ് ശ്രമിക്കുന്നത്.''

16. **ഖണ്ഡിക 4.3:** ഇന്ന് ലോകത്തിലെ 132 രാജ്യങ്ങളിലായി അമേരിക്കയ്ക്ക് 702 സൈനിക കേന്ദ്രങ്ങളുണ്ട്. അവരുടെ കൈവശം പതിനായിരത്തോളം സജീവവും പ്രവർത്തനക്ഷമവുമായ ആണവായുധങ്ങളുണ്ട്. ഇതിൽ 2000 എണ്ണം വളരെ പെട്ടെന്ന് വിക്ഷേപിക്കുന്നതിന് സദാ സജ്ജമായിട്ടുള്ളതാണ്. ബുഷ് ഭരണകാലത്ത് അദ്ദേഹത്തിന്റെ മുദ്രാവാക്യമിതായിരുന്നു ''അമേരിക്ക യുദ്ധമുഖത്താണ്''. അതാണ് അമേരിക്കൻ നയത്തിൽ മേധാവിത്വം വഹിച്ചിരുന്നത്. ഇത് സ്വാഭാവികമായും അവരുടെ സൈനിക ചെലവുകൾ കുതിച്ചുയരുന്നതിനിടയാക്കി. 1989ൽ അമേരിക്കയുടെ സൈനികച്ചെലവ് 30408 കോടി ഡോളറായിരുന്നു. 1999ൽ ഇത് 28096 കോടി ഡോളറായി കുറഞ്ഞു. എന്നാൽ ഇപ്പോഴത് 1.14 ലക്ഷം കോടി ഡോളറായി കുതിച്ചുയർന്നിരിക്കുന്നു. ശീത യുദ്ധാവസാനത്തിൽ അമേരിക്കയുടെ സൈനിക ചെലവ് ലോകത്തിലെ മൊത്തം സൈനിക ചെലവിന്റെ 36 ശതമാനവും സോവിയറ്റ് യൂണിയന്റേത് 23.1 ശതമാനവുമായിരുന്നു. 2008 ഓടെ അമേരിക്കയുടെ സൈനികച്ചെലവ് ലോക സൈനികച്ചെലവിന്റെ 41.5 ശതമാനമായി ഉയർന്നിരിക്കുന്നു.

17. **ഖണ്ഡിക 4.3:** ശീതയുദ്ധാനന്തരകാലത്തെ ലോകമേൽക്കോയ്മ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ''പുതിയ അമേരിക്കൻ ശതകത്തിന്'' വേണ്ടിയുള്ള പദ്ധതിയുടെ മുഖ്യ ഘടകമാണ് നാറ്റോ വികസനം. മൊത്തം ഗോളത്തെ ഉൾക്കൊള്ളിക്കുന്നതിനായി നാറ്റോയുടെ പ്രഖ്യാപനം വികസിപ്പിച്ചു. സാമ്രാജ്യത്വ മേൽക്കോയ്മ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള രാഷ്ട്രീയ സുരക്ഷാ വാഹനമായി അതിനെ അങ്ങനെ രൂപപ്പെടുത്തി. 1994ൽ മുഖ്യമായി രണ്ടു ലക്ഷ്യങ്ങളുള്ള തന്ത്രപരമായ ഒരു സിദ്ധാന്തം അത് അംഗീകരിച്ചു. ഒന്നാമത്തേത് നാറ്റോവിലേക്ക് മുൻ സോവിയറ്റ് റിപ്പബ്ലിക്കുകളേയും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെയും വലിച്ചടുപ്പിക്കുന്നതായിരുന്നു. രണ്ടാമത്തേത് ഭീഷണിയുണ്ടെന്ന് തോന്നിയാൽ അതിനെ അടിസ്ഥാനപ്പെടുത്തി ലോകത്തിലെവിടെയും ''ആദ്യം സൈനിക ശക്തി ഉപയോഗിക്കുവാനുള്ള'' അവകാശം അതിന് നൽകുക എന്ന സ്വയം പ്രഖ്യാപിത ലക്ഷ്യമായിരുന്നു.

(18) **ഖണ്ഡിക 4.4:** അമേരിക്ക അതിനാവശ്യമായ ക്രൂഡ് ഓയിലിന്റെ 51 ശതമാനവും ഇപ്പോൾ ഇറക്കുമതി ചെയ്യുന്നു. പ്രതിദിനം 195 ലക്ഷം ബാരൽ. എനർജി ഇൻഫർമേഷൻ അഡ്മിനിസ്ട്രേഷന്റെ മതിപ്പു കണക്ക് 2020 ഓടെ അമേരിക്ക അതിനാവശ്യമായതിന്റെ 64 ശതമാനം ക്രൂഡ് ഓയിൽ–പ്രതിദിനം 258 ലക്ഷം ബാരൽ – ഇറക്കുമതി ചെയ്യേണ്ടതായി വരും എന്നാണ്. ലോകത്തിൽ തന്നെ മൂന്നാമത്തെ വലിയ (പടിഞ്ഞാറൻ സൈബീരിയ, പേർഷ്യൻ ഉൾക്കടൽ എന്നിവയ്ക്ക് പിന്നിൽ) എണ്ണ ശേഖരമാണ് കാസ്പിയൻ മേഖലയിലേത്. വരുന്ന പത്തിരുപത് കൊല്ലത്തിനുള്ളിൽ അതിന് പേർഷ്യൻ ഉൾക്കടൽ പ്രദേശത്തെ പിന്തള്ളാവുന്നവിധം വലുതാവാനാകും. ഈ മേഖലയിലെ ഏക ഹൈഡ്രോ കാർബൺ ശേഖരമല്ല കാസ്പിയൻ കടലിലെ എണ്ണ – വാതക ശേഖരം തുർക്ക്മെനിസ്ഥാനിലെ കരാക്കും മരുഭൂമിയിലാണ് ലോകത്തെ മൂന്നാമത്തെ വലിയ പ്രകൃതിവാതക ശേഖരമുള്ളത്. മൂന്ന് ലക്ഷം കോടി ക്യൂബിക് മീറ്റർ വരും അത്. കൂടാതെ 600 കോടി ബാരൽ എണ്ണ ശേഖരവുമുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ വൻ വാതക ശേഖരത്തിന് പുറമെ കാസ്പിയൻ സമതലത്തിൽ 20,000 കോടി ബാരൽ എണ്ണ ശേഖരമുണ്ടാകാമെന്നാണ്. അലാസ്കാ വടക്കൻ ചരുവിൽ കണക്കാക്കപ്പെട്ടിട്ടുള്ളതിന്റെ 33 ഇരട്ടി വരുന്ന ഇതിന് ഇപ്പോഴത്തെ വില നാല് ലക്ഷം കോടി ഡോളർ വരും. വരുന്ന മുപ്പതോ അതിലധികമോ വർഷത്തെ അമേരിക്കയുടെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റുന്നതിന് അത് മതിയാവും. ഈ എണ്ണ ശേഖരങ്ങളുടെ സാന്നിധ്യവും അതിന്റെ കയറ്റുമതി സാധ്യതകളും അമേരിക്കക്കും പടിഞ്ഞാറൻ വ്യാവസായിക ശക്തികൾക്കും പുതിയ തന്ത്രപ്രധാനമായ ഉൽകണ്ഠകൾ ഉണർത്തുന്നു. എണ്ണകമ്പനികൾ ജപ്പാനും പടിഞ്ഞാറൻ രാജ്യങ്ങൾക്കും വിതരണം ചെയ്യുന്നതിനായി കാക്കസസിൽനിന്നും മധ്യേഷ്യയിൽനിന്നും പൈപ്പ് ലൈനുകൾ സ്ഥാപിക്കുമ്പോൾ ഈ തന്ത്രപ്രധാന ഉൽകണ്ഠകൾ സൈനിക വിവക്ഷകൾ കൂടി നേടുന്നു.

അഫ്ഗാനിസ്ഥാനെ സംബന്ധിച്ച 2000 ഡിസംബറിലെ അമേരിക്കൻ ഗവൺമെന്റിന്റെ എനർജി ഇൻഫർമേഷൻ വസ്തുതാ രേഖ ഇങ്ങനെ പറയുന്നു: ''ഊർജ്ജാധിഷ്ഠിത നിലപാടിൽ നിന്നുകൊണ്ട് അഫ്ഗാനിസ്ഥാന്റെ പ്രാധാന്യം നോക്കിയാൽ മധ്യേഷ്യയിൽനിന്ന് അറേബ്യൻ കടലിലേക്ക് എണ്ണ–പ്രകൃതി വാതക കയറ്റുമതി നടത്തുന്നതിന് ഏറ്റവും പറ്റിയ കടത്തുവഴിയിലാണ് അതിന്റെ ഭൂപരമായ കിടപ്പ് എന്ന് കാണാം.''

കാസ്പിയൻ സമുദ്രമേഖലയിൽ 4 ലക്ഷം കോടി ഡോളറിന്റെ എണ്ണ–പ്രകൃതി വാതക ശേഖരമുള്ളതായി കണക്കാക്കിയിട്ടുണ്ട്. അമേരിക്കയെ സംബന്ധിച്ചേടത്തോളം കാസ്പിയൻ പോലെ തന്ത്രപ്രാധാന്യമുള്ള മറ്റൊരു മേഖലയും ഇന്നു ഉയർന്നു വന്നിട്ടില്ല.

(19) **ഖണ്ഡിക 4.4:** അഫ്ഗാനിസ്ഥാനിലെ യുദ്ധത്തിന്റെയും അമേരിക്കയുടെ അഫ്പാക് നയത്തിന്റെയും മർമം ഇതാണ്. എന്തൊക്കെയായാലും ''ഭീകരതക്കെതിരായ യുദ്ധ''മെന്ന മുദ്രാവാക്യത്തിന് ഇത് സാധുത തേടുന്നു. അമേരിക്കയിലെ എണ്ണ ഭീമന്മാരുടെ താൽപര്യങ്ങൾ മുന്നോട്ട് കൊണ്ട് പോകുന്നതിനും ശതകോടിക്കണക്കിന് ഡോളർ നേടാവുന്ന എണ്ണ–പ്രകൃതി വാതക കയറ്റുമതി പൈപ്പ് ലൈനുകളുടെ അറേബ്യൻ കടൽവരെയുള്ള സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ഈ മേഖലയിലെ വിഭവങ്ങളുടെമേൽ ഫലപ്രദമായ നിയന്ത്രണം സ്ഥാപിക്കുന്നതിനും അമേരിക്കൻ സാമ്രാജ്യത്വത്തിന് ഏകീകൃത അഫ്ഗാനിസ്ഥാനിലെ ഗവൺമെന്റിനെ ശക്തമായ സഖ്യശക്തി ആക്കേണ്ടത് ആവശ്യമാണ് എന്നു വ്യക്തമാണ്.

(20) **ഖണ്ഡിക 4.12:** ഉദാഹരണത്തിന് വൻകിട കോർപ്പറേഷനായ ടൈം മുമ്പ് വിനോദ വ്യവസായ ഭീമനായ വാർനർ ബ്രദേഴ്സിൽ ലയിച്ചു. വിവര വിനിമയ ഭീമനായ അമേരിക്കൻ ഓൺ ലൈൻ ലിമിറ്റഡ് (എ.ഒ.എൽ) ഇപ്പോൾ 16.4 കോടി ഡോളറിന് ടൈം വാർനറെ ഏറ്റെടുക്കുകയും ലോകത്തിലെ തന്നെ ഏറ്റവും വലിയ ഐ.സി.ഇ സഞ്ചയം ആവുകയും ചെയ്തു. റൂപ്പെർട്ട് മർദോക് 6800 കോടി ഡോളർ വിലമതിക്കുന്ന ഒരു സംയുക്ത വാർത്താ –വിനോദ – ഇന്റർനെറ്റ് സംരംഭത്തെ നിയന്ത്രിക്കുന്നു. അതേപോലെ വാൾട്ട് ഡിസ്നി ഇപ്പോൾ മാർവെലി (സ്പൈഡർമാനാൽ പ്രസിദ്ധമായത്) നെ ഏറ്റെടുത്തിരിക്കുന്നു. അവിശ്വസനീയമായ തോതിലുള്ള ലാഭം നേടിക്കൊണ്ട് സാംസ്കാരിക ഉൽപന്നങ്ങൾ സാർവ്വത്രികമായിതന്നെ നിർമ്മിക്കപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈയിടെ 2011 ജനുവരിയിലാണ് കോംകാസ്റ്റ് കോർപ് എൻ.ബി.സി യൂണിവേഴ്സലിനെ ഏറ്റെടുക്കുന്നത് പൂർത്തിയാക്കിയത്. തന്മൂലം 3000 കോടി ഡോളറിന്റെ ഒരു മാധ്യമ ബഹുമുഖ ഭീമൻ രൂപപ്പെടുകയും അത് ടെലിവിഷൻ പ്രദർശനങ്ങളേയും സിനിമകളേയും നിർമിക്കുന്നതിനെ മാത്രമല്ല ഇപ്പോൾ ജനങ്ങളുടെ വീടുകളിലേക്ക് അവ വിതരണം ചെയ്യുന്നതിനെയും നിയന്ത്രിക്കുന്നു. അമേരിക്കയിൽ വീഡിയോയും ഇന്റർനെറ്റ് റസിഡൻഷ്യൽ സർവ്വീസും നൽകുന്നതിൽ ഒന്നാമനായ കോം കാസ്റ്റ് (അവർക്ക് 230 ലക്ഷത്തിലേറെ വീഡിയോ ഉപയോക്താക്കളും ഏതാണ്ട് 170 ലക്ഷം ഇന്റർനെറ്റ് ഉപയോക്താക്കളും ഉണ്ട്.) ജനറൽ ഇലക്ട്രിക് കമ്പനിയിൽ നിന്ന് എൻ.ബി.സി യൂണിവേഴ്സലിന്റെ 51 ശതമാനം ഓഹരികൾ ഏറ്റുവാങ്ങിയിരിക്കുന്നു. ഇപ്പോൾ പുതിയതായി രൂപീകരിക്കപ്പെട്ടിട്ടുള്ള സംയുക്ത സംരംഭം എൻ.ബി.സി യൂണിവേഴ്സൽ എൽ.എൽ.സി എന്നാണറിയപ്പെടുന്നത്. അതിന്റെ ആസ്തികളിൽ എൻ.ബി.സി സംപ്രേഷണ നിലയങ്ങൾ, ബ്രാവോ, യു.എസ്.എ & ഇ എന്നീ കേബിൾ ചാനലുകൾ, യൂണിവേഴ്സൽ മൂവി സ്റ്റുഡിയോ എന്നിവയും തീം പാർക്കുകളും മറ്റ് ആസ്തികളും ഉൾപ്പെടുന്നു.

**ഇന്ത്യൻ പശ്ചാത്തലത്തിൽ നിന്നുള്ള ചില ഉദാഹരണങ്ങൾ:**

റിലയൻസ് അനിൽ ധീരുഭായ് അംബാനി ഗ്രൂപ്പിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു സഹസ്ഥാപനമാണ് റിലയൻസ് എന്റർടെയിൻമെന്റ് (മുമ്പ് ഇത് റിലയൻസ് ബിഗ് എന്റർടെയ്ൻമെന്റ് എന്നാണ് അിറയപ്പെട്ടിരുന്നത്). മാധ്യമം, വിനോദവ്യവസായം, അതിന്റെ ഉള്ളടക്കം വിതരണം തുടങ്ങിയ വേദികളുടെ കാര്യങ്ങളാണത് കൈകാര്യം ചെയ്യുന്നത്. സിനിമകൾ, സംഗീതം, സ്പോർട്സ്, ഗെയ്മിംഗ്, ഇന്റർനെറ്റ്, മൊബൈൽ പോർട്ടലുകൾ എന്നിവയിലെല്ലാം നിർണ്ണായക ഉള്ളടക്ക മുൻകൈയുള്ള ഈ സ്ഥാപനം ഉയർന്നുവരുന്ന ഡിജിറ്റൽ സിനിമ, ഐ.പി.ടി.വി, ഡി.ടി.എച്ച്, മൊബൈൽ ടി.വി, മുതലായ ഡിജിറ്റൽ വിതരണ വേദികളിലെല്ലാം വിതരണത്തിന് നേരിട്ടുള്ള അവസരങ്ങൾ നേടുന്നതിൽ വിജയിച്ചിരിക്കുന്നു. ഫിലിം പ്രോസസിംഗ്, ഉൽപാദനം, പ്രദർശനം, ഡിജിറ്റൽ സിനിമ തുടങ്ങിയവയിലെല്ലാം താൽപര്യങ്ങളുള്ള ഇന്ത്യയിലെ ഏറ്റവും വലിയ എന്റർടെയ്ൻമെന്റ് കമ്പനികളിലൊന്നായ അഡ്‌ലാബ് ഫിലിംസ് ലിമിറ്റഡിനെ 2005 ൽ റിലയൻസ് എ.ഡി.എ ഗ്രൂപ്പ് ഏറ്റെടുത്തു.

2007 ഫെബ്രുവരി 28 ന് രാജ്യത്തൊട്ടാകെ 12 റേഡിയോ സ്റ്റേഷനുകളുള്ളതും ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ എഫ്.എം റേഡിയോ നെറ്റ്‌വർക്ക് ഉള്ളതും 45 സ്റ്റേഷനുകളെ ലേലത്തിൽ നേടിയതുമായ സ്ഥാപനമാണ് ബിഗ് 92.7 എഫ്.എം. ബിഗ് സിനിമാസ് ആണ് ഇന്ത്യയിലെ ഏറ്റവും വലിയ സിനിമാശൃംഖല. അവർക്ക് ഇന്ത്യ, അമേരിക്ക, മലേഷ്യ, നെതർലാന്റ്സ് എന്നിവിടങ്ങളിൽ 516 ലേറെ സ്ക്രീനുകളുണ്ട്. ഈ ശൃംഖല 350 ലക്ഷത്തിലേറെ ഉപയോക്താക്കൾക്ക് സേവനം നൽകുന്നു. ഇന്ത്യയിലെ ഫിലിം പ്രദർശനത്തിന്റെ കാര്യത്തിൽ 253 സ്ക്രീനുകളും വൻ സിനിമകളുടെ ബോക്സ് ഓഫീസ് വരുമാനത്തിന്റെ 10 മുതൽ 15 വരെ ശതമാനം വരെ നേടുന്ന ബിഗ് സിനിമാസ് ഫിലിം പ്രദർശനത്തിൽ ഇന്ത്യയിൽ നായകസ്ഥാനം നേടിയെടുത്തിരിക്കുന്നു.

ഇന്ത്യയിലെ ഉപയോഗപ്പെടുത്താതിരുന്ന വീഡിയോ വാടക വിപണി വൻതോതിൽ മുതലെടുത്തു കൊണ്ട് കമ്പനി ബിഗ് ഫ്ളിക്സിനെ ഏറ്റെടുക്കുകയും കൂടുതൽ വികസനം ആരംഭിക്കു

കയും ചെയ്തിരിക്കുന്നു. 2008 ഏപ്രിലിൽ കാലിഫോർണിയയിലെ ബർബാങ്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഡി.ടി.എസ് ഡിജിറ്റൽ ഇമേജസ് എന്ന ഫിലിം റെസ്റ്റോറേഷൻ കമ്പനി റിലയൻസ് ബിഗ് എന്റർ ടെയ്ൻമെന്റിനെ ഏറ്റെടുത്തു. 2009 ജൂലൈ 15 ന് റിലയൻസ് ബിഗ് എന്റർ ടെയ്ൻമെന്റും സ്റ്റീഫൻ സ്പിൽബർഗും 82.5 കോടി ഡോളറിന്റെ ഒരു സംയുക്ത സംരംഭത്തെക്കുറിച്ച് പ്രഖ്യാപിക്കുകയുണ്ടായി. സിംഗപൂരിൽ ജീവിക്കുന്ന ജനങ്ങളിൽ 8 ശതമാനം പേർ ഇന്ത്യക്കാരാണെന്ന കാര്യം കണക്കിലെടുത്തുകൊണ്ട് ഈയിടെ 92.7 ബിഗ് എഫ്.എം ഒരു റേഡിയോ സ്റ്റേഷൻ അവിടെ സ്ഥാപിക്കുന്നതായി പ്രഖ്യാപിച്ചു. 2010 ജനുവരി 15 ന് എം.ജി.എം. ലേലത്തിൽ റിലയൻസ് ചേർന്നതായി വാർത്ത വന്നിരുന്നു. 2010 ഏപ്രിൽ 5 ന് കോഡ്മാസ്റ്റേഴ്സിൽ 50 ശതമാനം ഓഹരി അവർ നേടിയെടുത്തു.

2012 ജനുവരി 3 ന് ടി.വി 18 ഗ്രൂപ്പിന്റെ നെറ്റ്വർക്ക് 18 മായി ഉള്ള ഉടമ്പടി സംബന്ധിച്ച പ്രഖ്യാപനം നടത്തുമ്പോൾ റിലയൻസ് ഈനാട് ഗ്രൂപ്പിന്റെ പ്രാദേശിക ടി.വി ചാനലുകളിൽ 2600 കോടി രൂപ നിക്ഷേപിച്ചിരുന്നു. അഞ്ച് ഇ.ടി.വി പ്രാദേശിക വാർത്താ ചാനലുകളിലും അഞ്ച് ഇ.ടി.വി പൊതുവിനോദ ചാനലുകളിലും റിലയൻസിന് 100 ശതമാനം സാമ്പത്തിക താൽപര്യമുണ്ട്. ഇ.ടി.വി തെലുങ്കിലും ഇ.ടി.വി തെലുങ്ക് ന്യൂസിലും അവർക്ക് 49 ശതമാനം സാമ്പത്തിക താൽപര്യമുണ്ട്.

(21) **ഖണ്ഡിക 5.1:** പതിനാലാം കോൺഗ്രസ് പ്രമേയം പറയുന്നു. ''**2.22** ഈ നൂറ്റാണ്ടിൽ മുതലാളിത്തം കോടിക്കണക്കിന് മനുഷ്യരുടെ ജീവൻ അപഹരിച്ച കിരാതമായ രണ്ട് യുദ്ധങ്ങളിലേക്ക് മാനവ സമൂഹത്തെ തള്ളിയിട്ടു. തങ്ങളുടെ മൃഗീയമായ മേധാവിത്വം കൊട്ടിഘോഷിക്കുന്നതിനായി അത് ആണവായുധങ്ങൾ ഉൽപാദിപ്പിക്കുകയും വിനാശകരമായ പ്രത്യാഘാതങ്ങളുളവാക്കിയ ഒരു ആണവായുധ പന്തയത്തിലേക്ക് ലോകത്തെ വലിച്ചിഴക്കുകയും ചെയ്തു. സോഷ്യലിസത്തിലേക്കുള്ള മാനവരാശിയുടെ മുന്നേറ്റത്തെ തടഞ്ഞു നിർത്താനായി നിരവധി യുദ്ധങ്ങളിൽ ഏർപ്പെട്ട അത് സ്വതന്ത്രരാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിലിടപെടുകയും, കൊട്ടാര വിപ്ലവങ്ങൾ സംഘടിപ്പിക്കുകയും, തങ്ങളുടെ താൽപര്യം സംരക്ഷിക്കുന്ന പിന്തിരിപ്പൻ - സ്വേച്ഛാധിപതി വാഴ്ചകളെ അവരോധിക്കുകയും ചെയ്തു. ഫാസിസ്റ്റ് ഏകാധിപത്യങ്ങൾ അതിന്റെ ഏറ്റവും കിരാത രൂപം വെളിവാക്കി.

''**2.23** ഇതിൽ നിന്ന് വ്യത്യസ്തമായി, നിരവധി രാജ്യങ്ങളിൽ അധ്വാനിക്കുന്ന ജനങ്ങൾക്ക് ദേശീയമായ അടിച്ചമർത്തൽ നേരിടാതെയും ചൂഷണത്തിൽ നിന്ന് വിമുക്തമായും ജീവിക്കാനുള്ള അവസരം സൃഷ്ടിക്കുക വഴി സോഷ്യലിസ്റ്റ് വിപ്ലവങ്ങളും ദേശീയ വിമോചന പോരാട്ടങ്ങളും സംസ്കൃതിക്ക് കൂടുതൽ സമ്പന്നമായ ഉൾകാമ്പ് നൽകി. ദേശീയവും -സാമൂഹ്യവുമായ വിമോചനത്തിലേക്കുള്ള മാനവ വികാസത്തിന്റെ ഭാവിപാതയെ ഇപ്പോഴും അതിന്റെ ആഘാതം വെട്ടിതുറന്നുകൊണ്ടിരിക്കുന്നു. എന്നാൽ വളരെ ദീർഘമായതും സങ്കീർണവും, വളവ് തിരവുകൾ നിറഞ്ഞതുമായിരിക്കും ഈ പ്രക്രിയ എങ്കിലും ഈ യുഗത്തിന്റെ അടിസ്ഥാന ദിശാബോധം മുതലാളിത്തത്തിൽ നിന്ന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തനം തന്നെയായി തുടരുന്നു''.

(22) **ഖണ്ഡിക 5.5** നമ്മുടെ പതിനാലാം കോൺഗ്രസ് പ്രമേയം ചൂണ്ടിക്കാണിച്ചു:

''**2.24** എന്നാൽ, പരിവർത്തനത്തിന്റേതാണ് ഈ കാലഘട്ടമെന്ന് പറയുമ്പോൾ മുതലാളിത്തം ഉടനടി തകർന്നു മണ്ണടിയുമെന്നും സോഷ്യലിസം ലോകത്തെമ്പാടും വിജയക്കൊടി നാട്ടുമെന്നുമുള്ള അതിലളിത ധാരണ തിരുത്തപ്പെടേണ്ടതാണ്. വർഗസമൂഹത്തിൽ നിന്ന് വർഗരഹിത സമൂഹത്തിലേക്കുള്ള പരിവർത്തന കാലഘട്ടമായ സോഷ്യലിസം ലോകവ്യാപകമായി ഒരേസമയം മുതലാളിത്തവും സോഷ്യലിസവും നീണ്ടകാലം നിലനിൽക്കുമെന്ന് അർത്ഥമാക്കുന്നു. ചൂഷണാധിഷ്ഠിതമായ മുതലാളിത്ത വ്യവസ്ഥ നിലനിർത്താൻ വെമ്പൽകൊള്ളുന്ന പ്രതിവിപ്ലവ ശക്തികളും മാനവ സമൂഹത്തെ വിമോചിപ്പിക്കാൻ പ്രതിജ്ഞാബദ്ധമായ വിപ്ലവശക്തികളും തമ്മിലുള്ള നിരന്തര സമരത്തിന്റെ കാലഘട്ടമാണത്. ഈ നിരന്തര സമരം ലോകവ്യാപകമായും സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കകത്തും നടക്കുന്നു.

''**5.3 (2)** എന്നാൽ, തൊഴിലാളി വർഗ സർവാധിപത്യത്തിന്റെ രൂപങ്ങൾ അചഞ്ചലമോ മാറ്റങ്ങൾക്ക് വിധേയമല്ലാത്തതോ അല്ല. സോഷ്യലിസ്റ്റ് സമൂഹം വളർന്നുവരുന്നതോടെ ഈ രൂപങ്ങൾ മാറിക്കൊണ്ടിരിക്കുന്നതും വ്യത്യസ്തവുമായ ഘട്ടങ്ങളിലൂടെ കടന്നുപോകുന്നതുമാണ്.

''**5.3 (3)** ഒരു ദശയിൽ നിന്ന് മറ്റൊന്നിലേക്ക് സംക്രമിക്കാനുള്ള കഴിവിനെ നിർണയിക്കുന്നത് ആഭ്യന്തരവും സാർവദേശീയവുമായ വർഗശക്തികളുടെ ബലാബലവും അതിന്റെ ശരിയായ വിലയിരുത്തലുമാണ്. സാമ്രാജ്യത്വ ഇടപെടലിന്റേയും ആഭ്യന്തര യുദ്ധത്തിന്റേയും നവജാത സോഷ്യലിസത്തെ നശിപ്പിക്കാനുള്ള രണ്ടും കൽപിച്ചുള്ള ശ്രമങ്ങളുടേയും പശ്ചാത്തലത്തിൽ തൊഴിലാളിവർഗ സർവാധിപത്യത്തിന് പ്രതിവിപ്ലവത്തെ അടിച്ച

മർത്തുകയും ചൂഷകശക്തികളെ നിർമ്മാർജ്ജനം ചെയ്യുകയും വേണ്ടി വന്നു. ഇതിന് ഭരണകൂടത്തിന്റെ കേന്ദ്രീകൃത രൂപം ആവശ്യമായിരുന്നു. ഒരു ആസൂത്രിത സമ്പദ്‌വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും അതാവശ്യമായിരുന്നു. എന്നാൽ, ഈ ഘട്ടം കഴിയുകയും സോഷ്യലിസ്റ്റ് വ്യവസ്ഥയും ഭരണകൂടവും ദൃഢമാകുകയും വർഗ ശക്തികളുടെ ബലാബലം അതിനനുകൂലമായി മാറുകയും ചെയ്തപ്പോൾ ജനാധിപത്യത്തെ വിപുലീകരിക്കാനും പുതിയ മുൻകൈകൾക്കുമുള്ള അവസരങ്ങൾ ഉയർന്നുവന്നു. നിർഭാഗ്യവശാൽ, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള തെറ്റായ വിലയിരുത്തലുകൾ ഭരണചക്രം തിരിക്കുന്നതിനുള്ള പഴയ രീതികൾ പിന്നീടുള്ള കാലഘട്ടത്തിലും തുടരുന്നതിനിടയാക്കി. സോഷ്യലിസ്റ്റ് ജനാധിപത്യത്തിന്റെ പരപ്പും ആഴവും വർദ്ധിപ്പിക്കാനും ജനകീയ പങ്കാളിത്തം വിപുലമാക്കാനുമുള്ള സാധ്യത പൂർണമായി യാഥാർത്ഥ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്നതിനും വർദ്ധിച്ചുവരുന്ന ഉദ്യോഗസ്ഥമേധാവിത്വം, സോഷ്യലിസ്റ്റ് നീതിയുടെ ലംഘനം, വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും മോചനത്തെയും അടിച്ചമർത്തൽ എന്നിവ പോലുള്ള വൈകല്യങ്ങൾക്കും ഇടയാക്കി. തൊഴിലാളിവർഗ സർവാധിപത്യ രൂപത്തിന്റെ ഉയർന്ന ദശകളിലേക്ക് നീങ്ങുക എന്നു പറഞ്ഞാൽ സോഷ്യലിസ്റ്റ് ജനാധിപത്യത്തെ പടിപടിയായി സമ്പന്നമാക്കലാണ്.

''5.3 (6) ഓരോ സോഷ്യലിസ്റ്റ് രാജ്യത്തിലെയും മൂർത്തമായ സംഭവവികാസങ്ങൾക്ക് അനുയോജ്യമായ വിധത്തിൽ രൂപങ്ങൾ നിരന്തരം മാറിക്കൊണ്ടിരിക്കുമ്പോൾ വിവിധ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് ഇവ ഒന്നാകണമെന്നില്ല, ഒന്നാകാൻ സാധ്യവുമല്ല. ഒരു സോഷ്യലിസ്റ്റ് രാജ്യത്ത് ഉരുത്തിരിഞ്ഞുവരുന്ന തൊഴിലാളിവർഗ സർവാധിപത്യത്തിന്റെ നിയതമായ രൂപം ആ രാജ്യത്തെ മൂർത്തമായ സാമൂഹിക–സാമ്പത്തിക സ്ഥിതിഗതികളെയും ചരിത്രപരമായ പശ്ചാത്തലത്തെയും ആശ്രയിച്ചിരിക്കും. '*ഭരണകൂടവും വിപ്ലവവും*' എന്ന ഗ്രന്ഥത്തിൽ ലെനിൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ''ബൂർഷ്വാ ഭരണകൂടങ്ങളുടെ രൂപങ്ങൾ ഏറെ വൈവിധ്യമാർന്നതാണ്. പക്ഷെ, അവയുടെ അന്തസ്സത്ത ഒന്നുതന്നെയാണ്. ഈ ഭരണകൂടങ്ങളെല്ലാം അവയുടെ രൂപമെന്തുതന്നെയായാലും അവസാന വിശകലനത്തിൽ അനിവാര്യമായി ബൂർഷ്വാസിയുടെ സർവാധിപത്യമാണ്. മുതലാളിത്തത്തിൽനിന്ന് കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനം രാഷ്ട്രീയ രൂപങ്ങളുടെ കാര്യത്തിൽ ഏറെ സമൃദ്ധിയും വൈവിധ്യവും കാണിക്കാതിരിക്കുക വയ്യ. എന്നാൽ, സത്ത അനിവാര്യമായി ഒന്നുതന്നെയായിരിക്കും– തൊഴിലാളിവർഗ സർവാധിപത്യം.''

(23) **ഖണ്ഡിക 5.6:** സോവിയറ്റ് യൂണിയന്റെ തകർച്ചയിലേക്കു നയിച്ച അതിന്റെ സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയയിലെ വീഴ്ചകളെ സംബന്ധിച്ചുള്ള നമ്മുടെ നിലപാട് നമ്മുടെ പതിനാലാം കോൺഗ്രസ് പ്രമേയത്തിൽ നൽകിയിരുന്നു. പ്രമേയത്തിന്റെ ഖണ്ഡിക 5.1 മുതൽ 5.6.4 വരെ വിശദമായി ഈ വീഴ്ചകളെ വിശദീകരിക്കുകയും ഇങ്ങനെ ഉപസംഹരിക്കുകയും ചെയ്തു. ''സോഷ്യലിസത്തിൻകീഴിൽ ഭരണകൂടത്തിന്റെ വർഗസ്വഭാവത്തിന്റെ പ്രവർത്തനം, സോഷ്യലിസ്റ്റ് ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നത് അഗാധമാക്കുന്നതും എന്നീ മേഖലകളിലെ വൈകല്യങ്ങൾ, സാമ്പത്തിക മാനേജ്മെന്റിന്റെ രീതികളിൽ തക്കസമയത്ത് മാറ്റങ്ങൾ വരുത്തുന്നതിനു കഴിയായ്ക, വിപ്ലവപരമായ ധാർമ്മികതയുടെ നിലവാരം ഇടിഞ്ഞത്, ആശയരംഗത്തെ ഗുരുതരമായ പാളിച്ചകൾ എന്നിവ പാർടിയിൽനിന്നും ഭരണകൂടത്തിൽനിന്നും ജനങ്ങൾ കൂടുതൽ കൂടുതൽ അകലുന്നതിനുള്ള അടിത്തറ പാകി. ഇത് രാജ്യത്തിനകത്തും പുറത്തുമുള്ള പ്രതിവിപ്ലവ ശക്തികൾക്ക് സോഷ്യലിസത്തെ പറിച്ചുകളയാൻ കൂട്ടായി പ്രവർത്തിക്കുന്നതിന് അവസരം നൽകി.''

(24) **ഖണ്ഡിക 6.4:** ലെനിൻ, *സമാഹൃത കൃതികൾ*, വാല്യം 33, പേജ് 38 ഊന്നൽ കൂട്ടിച്ചേർത്തത്. ലെനിൻ തുടർന്നു പറഞ്ഞു: ''സോഷ്യലിസവുമായി താരതമ്യപ്പെടുത്തുമ്പോൾ മുതലാളിത്തം മ്ലേച്ഛമാണ്. എന്നാൽ മധ്യകാല പരിതഃസ്ഥിതിയും ചെറുകിട ഉൽപ്പാദനവും ചെറുകിട ഉൽപ്പാദകർ ചിന്നിചിതറുമ്പോൾ അതിൽനിന്ന് ഉയർന്നുവരുന്ന ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിന്റെ തിന്മകളുമായി താരതമ്യപ്പെടുത്തുമ്പോൾ മുതലാളിത്തം ഒരനുഗ്രഹമാണ്. ചെറുകിട ഉൽപ്പാദനത്തിൽനിന്ന് നേരിട്ട് സോഷ്യലിസത്തിലെത്തുവാൻ നമുക്ക് കഴിയാത്തതുപോലെതന്നെ, ചെറുകിട ഉൽപ്പാദനത്തിന്റെയും വിനിമയത്തിന്റെയും പ്രാഥമിക സൃഷ്ടി എന്ന നിലയിൽ അൽപ്പം മുതലാളിത്തവും അനിവാര്യമാണ്. ചെറുകിട ഉൽപ്പാദനത്തിനും സോഷ്യലിസത്തിനും ഇടയിലുള്ള കണ്ണി എന്ന നിലയിൽ, ഉൽപ്പാദനശക്തികളെ വർദ്ധിപ്പിക്കുന്നതിനുള്ള ഒരു രീതിയും ഒരു മാർഗവും ഒരു ഉപാധിയും എന്ന നിലയിൽ മുതലാളിത്തത്തെ (വിശേഷിച്ചും സ്റ്റേറ്റ് മുതലാളിത്തത്തിന്റെ മാർഗങ്ങളിലൂടെ തിരിച്ചുവിട്ടുകൊണ്ട്) നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു''. (*സമാഹൃതകൃതികൾ*, വാള്യം 32)

എന്നാൽ ഇതിനർത്ഥം മുതലാളിത്തം പുനഃസ്ഥാപിക്കുകയെന്നാണോ? 'പുത്തൻ സാമ്പത്തിക നയ' (എൻ.ഇ.പി)ത്തിന്റെ കാലഘട്ടത്തിൽ ഈ ചോദ്യത്തിന് ലെനിൻ നിഷ്കളങ്കമായി മറുപടി നൽകുന്നു: ''നാം മുതലാളിത്തത്തെ പുനഃസ്ഥാപിക്കുകയെന്നാണ് ഒര

ഉവോളം അതിനർത്ഥം. അത് പരസ്യമായാണ് ചെയ്യുന്നത്. അത് സ്റ്റേറ്റ് മുതലാളിത്തമാണ്. എന്നാൽ, അധികാരം മൂലധനത്തിന്റെ വരുതിയിലായ ഒരു സമൂഹത്തിലെ സ്റ്റേറ്റ് മുതലാളിത്തവും തൊഴിലാളിവർഗ ഭരണകൂടത്തിൻ കീഴിലെ സ്റ്റേറ്റ് മുതലാളിത്തവും തികച്ചും വ്യത്യസ്തങ്ങളായ രണ്ട് സങ്കൽപനങ്ങളാണ്. ഒരു മുതലാളിത്ത രാജ്യത്തെ സ്റ്റേറ്റ് മുതലാളിത്തം എന്നതിനർത്ഥം ബൂർഷ്വാസിക്ക് പ്രയോജനകരമായും തൊഴിലാളിവർഗത്തിന് ഹാനികരമായും ഭരണകൂടം അതിനെ അംഗീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നുവെന്നാണ്. തൊഴിലാളിവർഗ രാജ്യത്ത് അതേ കാര്യങ്ങൾ ചെയ്യുന്നത് തൊഴിലാളിവർഗത്തിന്റെ നേട്ടത്തിനും അപ്പോഴും ശക്തമായ നിലയിൽ തുടരുന്ന ബൂർഷ്വാസിയെ അതിജീവിക്കുന്നതിനും അതിനെതിരെ പോരാടുന്നതിനുമാണ്. വിദേശ ബൂർഷ്വാസിക്ക്, വിദേശ മൂലധനത്തിനു നാം ഇളവുകൾ അനുവദിക്കണമെന്നത് എടുത്തുപറയേണ്ടതില്ലല്ലോ! ദേശസാൽക്കരണത്തിൽ തെല്ലുപോലും കുറവുവരുത്താതെതന്നെ നാം ഖനികളും വനങ്ങളും എണ്ണപ്പാടങ്ങളും വിദേശ മുതലാളിമാർക്ക് പാട്ടത്തിന് കൊടുക്കുകയും പകരമായി നിർമ്മിത ചരക്കുകൾ, യന്ത്രോപകരണങ്ങൾ മുതലായവ സ്വീകരിച്ച് അതുവഴി നമ്മുടെ സ്വന്തം വ്യവസായത്തെ പുനഃസ്ഥാപിക്കുകയും ചെയ്യണം.''

സ്റ്റേറ്റ് മുതലാളിത്തത്തെക്കുറിച്ചു സംസാരിക്കുകയും ഉൽപ്പാദനശക്തികളെ ത്വരിതഗതിയിൽ വികസിപ്പിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്യവെ ലെനിൻ പരിവർത്തനഘട്ടത്തിൽ സോഷ്യലിസ്റ്റ് ഭരണകൂടം നേരിടുന്ന ഇത്തരമൊരു വിപൽസാധ്യതകളെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയുണ്ടായി. സ്റ്റേറ്റ് മുതലാളിത്തം കെട്ടിപ്പടുക്കുന്ന പ്രക്രിയയെ ഒരു യുദ്ധമെന്ന നിലയിൽ ചിത്രീകരിച്ചുകൊണ്ട് ലെനിൻ പറയുന്നു: ''ഇപ്പോഴത്തെ യുദ്ധത്തിലെ പ്രശ്നം ഇതാണ്– ആരാണ് ജയിക്കുക, സ്ഥിതിഗതികൾ ആരാണ് ആദ്യം പ്രയോജനപ്പെടുത്തുക? പടി കടന്നുവരാൻ നാം അനുവദിച്ചതും പല വാതിലുകളിലൂടെയും കടന്നുവരുന്നതുമായ മുതലാളിയാണോ? (നമുക്ക് അറിവില്ലാത്തതും നമ്മളെ കൂടാതെ തന്നെ തുറന്നു പോകുന്നതും നമ്മെ കൂസാതെ തുറക്കുന്നതുമാണ് പല വാതിലുകളും) അതോ, തൊഴിലാളിവർഗ ഭരണാധികാരമോ?'' (ലെനിൻ, *സമാഹൃതകൃതികൾ,* വാള്യം 33, പേജ് 65)

അദ്ദേഹം തുടർന്നു പറയുന്നു: ''ഈ പ്രശ്നം സത്യസന്ധമായി കൈകാര്യം ചെയ്യണം– ആരാണ് മുകളിലെത്തുക? സംഘടിക്കുന്നതിൽ മുതലാളിമാരാണോ ആദ്യം ജയിക്കുക? അങ്ങനെയാണെങ്കിൽ അവർ കമ്മ്യൂണിസ്റ്റുകാരെ തുരത്തിയോടിക്കും. അതോടെ, അവസാനമാകും. എന്നാൽ ഈ മാന്യന്മാരെ, മുതലാളിമാരെ ശരിയായ കടിഞ്ഞാണിട്ട് നിയന്ത്രിക്കാൻ കൃഷിക്കാരുടെ പിൻബലത്തോടെ തൊഴിലാളിവർഗ ഭരണാധികാരത്തിന് സാധിക്കുമോ? സർക്കാരിനോട് വിധേയത്വമുള്ളതും രാജ്യത്തെ സേവിക്കുന്നതുമായ ഒരു മുതലാളിത്തം സൃഷ്ടിക്കുന്നതിന് സർക്കാരിന്റേതായ മാർഗങ്ങളിലൂടെ മുതലാളിത്തത്തെ തിരിച്ചുവിടാൻ സാധിക്കുമോ? (*സമാഹൃതകൃതികൾ*, വാള്യം 33, പേജ് 66)

ഒക്ടോബർ വിപ്ലവത്തിന്റെ നാലാം വാർഷികവേളയിൽ ലെനിൻ ചൂണ്ടിക്കാണിച്ചു: ''ആദ്യം ജനങ്ങളുടെ രാഷ്ട്രീയാവേശവും തുടർന്ന് സൈനികാവേശവും ഉണർന്നതോടെ ആവേശത്തിന്റെ തരംഗമാലകളിൽ ഉയർന്ന് നാം പ്രതീക്ഷിച്ചത് ഈ ആവേശത്തെ നേരിട്ട് ആശ്രയിച്ചുകൊണ്ട് രാഷ്ട്രീയവും സൈനികവുമായ കടമകൾ നിറവേറ്റിയതുപോലെ തന്നെ മഹത്തരമായ സാമ്പത്തിക കടമകളും നിറവേറ്റാൻ കഴിയുമെന്നാണ്. തൊഴിലാളിവർഗ ഭരണകൂടം അനുശാസിക്കുന്നതുപോലെ കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ പ്രകാരം ഭരണകൂട നിയന്ത്രിതമായ ഉൽപ്പാദനവും ഭരണകൂട നിയന്ത്രിതമായ വിതരണവും ചെറുകിട കാർഷിക സമ്പദ്ഘടന നിലവിലുള്ള ഒരു രാജ്യത്തും നേരിട്ടുതന്നെ സംഘടിപ്പിക്കുവാൻ സാധിക്കുമെന്ന് നാം പ്രതീക്ഷിച്ചു; മതിയായ പര്യാലോചനകൾ നടത്താതെ നാം അങ്ങനെ അനുമാനിച്ചുവെന്ന് പറയുന്നതാകും കൂടുതൽ സത്യസന്ധമാകുക. നമുക്ക് തെറ്റു പറ്റിയെന്ന് അനുഭവം തെളിയിച്ചിരിക്കുന്നു. കമ്മ്യൂണിസത്തിലേക്കുള്ള പരിവർത്തനത്തിന് അനേക വർഷങ്ങൾ നീളുന്ന പരിശ്രമങ്ങൾക്ക് തയ്യാറെടുക്കാനായി സ്റ്റേറ്റ് മുതലാളിത്തം, സോഷ്യലിസം എന്നിങ്ങനെ നിരവധി പരിവർത്തന ഘട്ടങ്ങൾ ആവശ്യമാണെന്ന് സ്പഷ്ടമാകുന്നു. ചെറുകിട കാർഷിക സമ്പദ്ഘടന നിലവിലുള്ള ഈ രാജ്യത്തിന് സോഷ്യലിസത്തിൽ എത്തുന്നതിന് സ്റ്റേറ്റ് മുതലാളിത്തം മുഖേന ഉറപ്പുള്ള കടത്തു പാത നിർമ്മിക്കുന്നതിന്, ആവേശത്തെ നേരിട്ട് ആശ്രയിക്കാതെ, എന്നാൽ മഹാവിപ്ലവം സൃഷ്ടിച്ച ആവേശത്തിന്റെ സഹായത്തോടെ, വ്യക്തിപരമായ താൽപ്പര്യത്തിന്റെയും വൈയക്തികമായ പ്രോത്സാഹനത്തിന്റെയും വ്യാപാര തത്വങ്ങളുടെയും അടിസ്ഥാനത്തിലും പ്രവർത്തിക്കാനൊരുങ്ങുകയാണ് നാം ആദ്യം ചെയ്യേണ്ടത്. അതല്ലെങ്കിൽ കമ്മ്യൂണിസത്തിലെത്തുവാനോ, ജനകോടികളെ കമ്മ്യൂണിസത്തിലേക്കു നയിക്കുവാനോ നമുക്ക് ഒരിക്കലും സാധിക്കുകയില്ല. അനുഭവം, വിപ്ലവ വികാസത്തിന്റെ വസ്തുനിഷ്ഠ പാത, അതാണ് പഠിപ്പിക്കുന്നത്''. (*സമാഹൃതകൃതികൾ,* വാള്യം 33, പേജ് 58)

(25) **ഖണ്ഡിക 6.4:** 14–ാം പാർടി കോൺഗ്രസ് അംഗീകരിച്ച *പ്രത്യയശാസ്ത്ര പ്രമേയം* വിശകലനം ചെയ്യുന്നു: ''സോഷ്യലിസ്റ്റ് നിർമ്മാണ പ്രക്രിയക്കു ആവശ്യമായ കാലപരിധി ഓരോ രാജ്യത്തും അതിന്റെ ആരംഭഘട്ടത്തിൽ നിലനിൽക്കുന്ന ചരിത്രപരമായ നിലവാരത്തെ ആശ്രയിച്ച് വ്യത്യസ്തമായിരിക്കും; ആ പ്രക്രിയയ്ക്കിടയിൽ ഉൽപ്പാദനോപാധികളുടെ സാമൂഹ്യവൽക്കരണ പ്രക്രിയ സുദീർഘമായ പല ദശകളിലൂടെയും കടന്നുപോകും. സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ, കൂട്ടായ്മകൾ, സഹകരണ സംഘങ്ങൾ, ചെറുകിട വ്യക്തിഗത സ്വത്തുടമസ്ഥത എന്നിങ്ങനെയുള്ള വ്യത്യസ്തങ്ങളായ രൂപങ്ങൾ നിലനിൽക്കും. ഉൽപ്പാദനോപാധികളുടെ സാമൂഹ്യവൽക്കരണത്തിന്റെ ഗതി, ഈ സോഷ്യലിസ്റ്റ് ഭരണകൂടത്തിന് പൈതൃകമായി ലഭിച്ച സാമ്പത്തിക പിന്നോക്കാവസ്ഥയുടെ തുടക്കത്തിലെ നിലവാരത്തെയായിരിക്കും നിർണ്ണായകമായി ആശ്രയിച്ചിരിക്കുന്നത്. അതിനും പുറമെ, ആഭ്യന്തരമായ വർഗശക്തികളുടെ സമൂർത്ത ബലാബലത്തെയും സാർവദേശീയമായി വർഗശത്രുക്കൾ ഉണ്ടാക്കുന്ന സമ്മർദ്ദങ്ങളെയും ആശ്രയിച്ചുമായിരിക്കും അത്. ആദർശപരമായി, ചരിത്രപരമായ സാഹചര്യങ്ങൾക്കും അതിനകം കൈവരിച്ചുകഴിഞ്ഞ ഉൽപ്പാദനശക്തികളുടെ നിലവാരത്തിനും അനുസരിച്ചായിരിക്കും അതിന്റെ ഗതി. ആഭ്യന്തരവും വൈദേശികവുമായ വർഗശത്രുക്കളുടെ ആസൂത്രിതമായ കടന്നാക്രമണങ്ങളുടെ കാലത്ത്, അത്തരം ഒരു പ്രക്രിയ സോഷ്യലിസത്തിന്റെ തന്നെ അതിജീവനത്തെ വേഗത്തിലാക്കേണ്ടതുണ്ട്. ഉൽപ്പാദനോപാധികളുടെ സാമൂഹ്യവൽക്കരണത്തിന്റെ ഗതി വേഗത്തിൽ ഇത്തരത്തിൽ തീവ്രത അടിച്ചേൽപ്പിക്കുന്ന വസ്തുനിഷ്ഠ ഘടകങ്ങൾ സ്വയമേ തന്നെ ചില ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നു. അവയുടെ അടിസ്ഥാനത്തിൽ ഈ പ്രക്രിയയിൽ വക്രീകരണങ്ങൾ സംഭവിക്കാം. അതേസമയംതന്നെ വർഗശക്തികളുടെ ബലാബലത്തെ തെറ്റായി വിലമതിക്കുന്നത്, ജനകീയ പങ്കാളിത്തത്തിലൂടെയല്ലാതെ, ഭരണകൂടത്തിന്റെ ബലപ്രയോഗത്തിലൂടെ സ്വത്തുടമസ്ഥതയുടെ വിവിധ രൂപങ്ങളുടെ അവകാശങ്ങളെ തകർക്കുന്ന ഗുരുതരമായ വക്രീകരണങ്ങൾക്ക് ഇടയാക്കും. അങ്ങനെ, ഇത് ജനങ്ങളുടെ അന്യവൽക്കരണത്തിനു അടിത്തറ പാകുക മാത്രമല്ല; ഭാവിയിലെ സാമ്പത്തിക സാധ്യതകളെ പരിമിതപ്പെടുത്തുകയും ചെയ്യുന്നു.''

(26) **ഖണ്ഡിക 6.12: ചൈനീസ് പരിഷ്കാരങ്ങളുടെ ദശകൾ:** ശ്രദ്ധാലുക്കളായ പാശ്ചാത്യ വിദ്യാർത്ഥികളും ചൈനീസ് സംഭവവികാസങ്ങളെ പിന്തുടരുന്നവരും ചുവടെ ചേർക്കുന്ന നിരീക്ഷണങ്ങൾ നടത്തുന്നു: ''ചൈനയിലെ പരിഷ്കാരങ്ങളെ അഞ്ചു ദശകളായി പൊതുവെ വിഭജിക്കാനാകും. ഒന്നാമത്തെ ദശ (1979–1986): സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾ എന്നു പൊതുവെ അറിയപ്പെടുന്നവയെ പദ്ധതിക്ക് ഉപരിയായി നീങ്ങാൻ അനുവദിച്ചു. ദശ–2 (1987–1992): ഭാഗികമായി വാണിജ്യാടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങൾ ഉയർന്നു വന്നു. ദശ–3 (1993–2001): സർക്കാർ മേഖല ചുരുങ്ങുന്നു; ശരിക്കുമുള്ള സ്വകാര്യ മേഖല വികസിക്കുന്നു. ദശ–4 (2002–2007): സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളുടെ പുനഃസംഘടന, ചുരുങ്ങൽ അവസാനിക്കുന്നു. ദശ–5 (2008 മുതൽ ഇപ്പോൾ വരെ): സർക്കാർ മേഖലയുടെ സജീവമായ പുനർവിപുലീകരണം. ഇതിനെ അടിസ്ഥാനപ്പെടുത്തി '*ന്യൂയോർക്ക് ടൈംസ്*' ഈ അഞ്ച് ദശകളെ പൊതുവെ മൂന്നാക്കി തിരിച്ചിരിക്കുന്നു: (1) 1978 മുതൽ 1990 വരെ– പരിഷ്കാരം സ്വകാര്യമേഖലയെ കെട്ടഴിച്ചുവിട്ടു (2) 1990 മുതൽ 2007 ലെ ആഗോള സാമ്പത്തിക പ്രതിസന്ധി വരെ. സർക്കാർ ഉടമസ്ഥതയിലുള്ള വലിയ വിഭാഗത്തെ പരിഷ്കരണം പൊളിച്ചടുക്കി. (3) ഇപ്പോഴത്തെ ദശ– അതിൽ മേൽ സൂചിപ്പിച്ചവയെല്ലാം പൊളിച്ചടക്കപ്പെടുന്നു.

(27) **ഖണ്ഡിക 6.18:** ചൈനീസ് കമ്മ്യൂണിസ്റ്റ് പാർടി സമീപകാലത്തായി ''ചൈനയുടെ ഗ്രാമപ്രദേശങ്ങൾക്കായുള്ള വികസനോന്മുഖമായ ദാരിദ്ര്യ ലഘൂകരണം'' (2011–2020) പ്രഖ്യാപിച്ചു. ദാരിദ്ര്യം ബാധിച്ച ആളുകൾക്ക് ആവശ്യമായത്ര ഭക്ഷണവും വസ്ത്രവും പ്രദാനം ചെയ്യുകയെന്നത് ലക്ഷ്യമായി സർക്കാർ അംഗീകരിച്ചു. അതേസമയംതന്നെ അവർക്ക് നിർബന്ധിത വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാന ചികിത്സാസൗകര്യങ്ങളുടെയും പാർപ്പിടത്തിന്റെയും ലഭ്യത 2020–ഓടുകൂടി ഉറപ്പാക്കണമെന്നും നിശ്ചയിക്കപ്പെട്ടു. ചൈനയിലെ നഗരപ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും സമ്പന്നരും ദരിദ്രരും തമ്മിലുമുള്ള വർദ്ധിച്ചുവരുന്ന വരുമാന അന്തരം വേവലാതിപ്പെടുത്തുന്നതാണ്. 2010–ൽ ചൈനയിലെ നഗരവാസികളുടെ ശരാശരി പ്രതിശീർഷ വരുമാനം ഗ്രാമീണരുടേതിന്റെ 3.23 ഇരട്ടിയായിരുന്നു.

2007–ൽ, വേണ്ടത്ര ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും പ്രശ്നം പരിഹരിക്കത്തക്ക വിധം നിശ്ചിത വരുമാനത്തിൽ താഴെ പ്രതിശീർഷ പ്രതിവർഷ അറ്റ കുടുംബ വരുമാനമുള്ള എല്ലാ ഗ്രാമവാസികൾക്കും ബാധകമാകത്തക്കവിധം ഗ്രാമപ്രദേശങ്ങളിലുടനീളം ഗ്രാമീണ ഉപജീവനബത്ത സമ്പ്രദായം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു. 2010 അവസാനമായപ്പോൾ, 2.5287 കോടി ഗ്രാമീണ കുടുംബങ്ങൾക്ക് ഇത് ബാധകമാക്കി; ഇതിൽ

മൊത്തം 5.214 കോടി ആളുകൾ ഉണ്ട്. 2010ൽ മൊത്തം 4450 കോടി യുവാൻ ഗ്രാമീണ ഉപജീവനബത്തയായി വിതരണം ചെയ്തു. പണിയെടുക്കാൻ പറ്റാത്തവരും കുടുംബപിന്തുണ ഇല്ലാത്തവരും ആയ ആളുകൾക്ക് ഉറപ്പാക്കപ്പെടുന്ന പിന്തുണയുടെ അഞ്ച് രൂപങ്ങളും (ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യപരിരക്ഷ, ശവസംസ്കാരച്ചെലവുകൾ) സർക്കാർ പ്രദാനം ചെയ്യുന്നു.

ഗ്രാമപ്രദേശങ്ങളിൽ നിർബന്ധിത വിദ്യാഭ്യാസം ശക്തമാക്കിയിട്ടുണ്ട്. 2010 അവസാനത്തോടുകൂടി, ദേശീയ വികസനോന്മുഖ ദാരിദ്ര്യ ലഘൂകരണ പരിപാടിയിൽ പ്രധാന പ്രവിശ്യകളിൽ 7–നും 15–നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളിലെ 97.7 ശതമാനവും സ്കൂളുകളിൽ ചേർന്നിട്ടുണ്ട്. യുവാക്കളും മധ്യവയസ്കരുമായ ആളുകൾക്കിടയിലെ നിരക്ഷരതാനിരക്ക് 7 ശതമാനമായി കുറഞ്ഞിട്ടുണ്ട്; 2002–ലേതിനെക്കാൾ 5.4 ശതമാനം കുറവാണിത്. അതിനു പുറമെ, ഗ്രാമവാസികൾക്കായുള്ള പുതിയ തരം സഹകരണ ആരോഗ്യ സംരക്ഷണ സമ്പ്രദായം മുഴുവൻ ഗ്രാമീണ ജനതയ്ക്കും ബാധകമായിട്ടുണ്ട്. 2010 അവസാനത്തോടുകൂടി, ദേശീയ വികസനോന്മുഖ ദാരിദ്ര്യ ലഘൂകരണ പരിപാടിയിൽ പ്രധാന പ്രവിശ്യകളിൽ ഗ്രാമീണ കുടുംബങ്ങളിൽ 93.3 ശതമാനം പേരും പുതിയ സഹകരണ ആരോഗ്യ സംരക്ഷണ സമ്പ്രദായത്തിൽ പങ്കാളികളായി; 91.4 ശതമാനം ഗ്രാമവാസികൾക്കും സമയാസമയങ്ങളിൽ ആരോഗ്യസേവനം ലഭിക്കാനായി; ഓരോ ടൗൺഷിപ്പിലും ഒരു ആശുപത്രി ഉണ്ട്. മിക്കവാറും എല്ലാ വില്ലേജുകളിലും ഒരു ക്ലിനിക്കുമുണ്ട്.

(28) **ഖണ്ഡിക 6.26:** വിയത്നാം കമ്മ്യൂണിസ്റ്റ് പാർടിയുടെ ആറാം കോൺഗ്രസ്സിന്റെ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു: ''സോഷ്യലിസ്റ്റ് വിപ്ലവത്തിൽ, ഒരു വശത്ത് രാജ്യത്തിനുവേണ്ടിയുള്ള പുത്തൻ സാമ്പത്തിക അടിത്തറകളെയും ശക്തികളെയും കെട്ടിപ്പടുക്കുന്നതിനുള്ള വലിയ പരിശ്രമങ്ങൾ നടത്തണം; മറുവശത്ത്, അനുയോജ്യമായ രൂപങ്ങളിലൂടെയും നടപടികളിലൂടെയും നിലവിലുള്ള സാമ്പത്തിക അടിത്തറകളെയും ശക്തികളെയും പരിവർത്തിപ്പിക്കുന്നതിനും നന്നായി ഉപയോഗിക്കുന്നതിനും വലിയ പ്രാധാന്യം കൽപ്പിക്കണം. പക്ഷേ, നാം ഇതേവരെ സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ പ്രവർത്തനത്തിന് വഴികാട്ടിയായ വീക്ഷണങ്ങളെയും സംവിധാനങ്ങളെയും നയങ്ങളെയും കുറിച്ച് വ്യക്തമായും പൂർവാപരബന്ധത്തോടെയും തീരുമാനിച്ചിട്ടില്ല. അമിതാവേശത്തിന്റെ പ്രകടരൂപങ്ങൾ കാണുന്നുണ്ട്: സോഷ്യലിസ്റ്റിതര സാമ്പത്തിക മേഖലകളെ ഉടൻതന്നെ ഇല്ലാതാക്കാൻ, സ്വകാര്യ മുതലാളിത്ത സാമ്പത്തിക മേഖലയെ സർക്കാർ ഉടമസ്ഥതയിലുള്ള മേഖലയാക്കി ദ്രുതഗതിയിൽ മാറ്റാൻ നാം ആഗ്രഹിക്കുന്നു.''

വീണ്ടും തുടരുന്നു: ''നമ്മുടെ അവബോധത്തിൽ എന്നപോലെ പ്രവർത്തനത്തിലും, നമ്മുടെ രാജ്യത്തെ ബഹുമേഖലാ സാമ്പത്തിക ഘടന നിലനിൽക്കുന്നത് താരതമ്യേന ദീർഘമായ കാലഘട്ടത്തേക്ക് ഇനിയും തുടരും എന്ന വസ്തുത നാം യഥാർത്ഥത്തിൽ അംഗീകരിക്കുന്നില്ല. ഉൽപ്പാദനശക്തികളുടെ സ്വഭാവവുമായും വികാസ നിലവാരവുമായും ഉൽപ്പാദന ബന്ധങ്ങൾക്കുള്ള പൊരുത്തം സംബന്ധിച്ച നിയമം നാം ഇപ്പോഴും ഉൾക്കൊള്ളുകയും ശരിയായി പ്രയോഗിക്കുകയും ചെയ്തിട്ടില്ല.

''അധ്വാനശക്തി, സാങ്കേതികവിദ്യ, മൂലധനം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള കഴിവ് എന്നീ നിലകളിൽ ജനങ്ങളുടെ അധീനതയിലുള്ള ചിന്നിച്ചിതറപ്പെട്ടതെങ്കിലും അതിപ്രധാനമായ ഇത്തരം സാധ്യതകളെ വിലയിരുത്തുന്നതിൽനിന്ന് തുടങ്ങി, പൊതുവും കൂട്ടായ്മയോടുകൂടിയതുമായ സാമ്പത്തിക മേഖലകളെ വികസിപ്പിക്കുന്നതിനും ഭരണകൂടത്തിന്റെ കേന്ദ്രീകൃത വിഭവ സഞ്ചയത്തെയും വിദേശത്തുനിന്നുള്ള മൂലധനത്തെ ആകർഷിക്കുന്നതിനെയും പ്രോത്സാഹിപ്പിക്കുന്നതിനുമൊപ്പം മറ്റു സാമ്പത്തിക മേഖലകളെയും കൃത്യമായി ഉപയോഗിക്കാനും പരിവർത്തിപ്പിക്കാനും വേണ്ടിയുള്ള നയങ്ങളും ഉണ്ടാക്കണം.

''ചെറുകിട ചരക്ക് ഉൽപ്പാദന സമ്പദ്ഘടന (കൈത്തൊഴിലുകാർ, വ്യക്തിഗത കർഷകർ, സ്വകാര്യ കച്ചവടങ്ങളിലും സേവനങ്ങളിലും ഏർപ്പെട്ടിട്ടുള്ളവർ), സ്വകാര്യ മുതലാളിത്ത സമ്പദ്ഘടന വിവിധ രൂപങ്ങളിലുള്ള സർക്കാർ – മുതലാളിത്ത സമ്പദ്ഘടന അതിന്റെ ഉയർന്ന രൂപമെന്ന നിലയിൽ സംയുക്ത സർക്കാർ – സ്വകാര്യ സംരംഭങ്ങൾ, മധ്യഭാഗത്തെ മേടുകളിലും മറ്റ് പർവത പ്രദേശങ്ങളിലുമുള്ള വംശീയ ന്യൂനപക്ഷങ്ങളുടെ സ്വാഭാവികവും നിലനിൽപിനുവേണ്ടിയുള്ളതുമായ സമ്പദ്ഘടന എന്നിവയാണ് മറ്റ് സാമ്പത്തിക മേഖലകൾ.

''കഴിഞ്ഞ പത്തുവർഷത്തിലേറെയായി, പാർടിയുടെ രണ്ട് ദേശീയ കോൺഗ്രസ്സുകളുടെയും പ്രമേയങ്ങൾ ഓരോ കോൺഗ്രസ്സിന്റെയും കാലാവധിക്കുള്ളിൽ സോഷ്യലിസ്റ്റ് പരിവർത്തനം അടിസ്ഥാനപരമായി പൂർത്തിയാക്കുകയാണ് കടമയെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്; എന്നിട്ടും, ഇനിയും ഈ കടമ നിർവ്വഹിക്കപ്പെട്ടിട്ടില്ല. യാഥാർത്ഥ്യം നമ്മെ കഠിന

മായ ഒരു പാഠം പഠിപ്പിച്ചിരിക്കുന്നു– അതായത്, വസ്തുനിഷ്ഠ നിയമങ്ങൾ മറികടന്നു പോകത്തക്കവിധം നാം അത്രത്തോളം അക്ഷമ കാണിക്കാൻ പാടില്ല. ഇപ്പോൾ താഴെ പറ യുന്ന തരത്തിൽ അതിനെ ശരിയായി രൂപപ്പെടുത്തിയിരിക്കുകയാണ്– ഉൽപ്പാദന ശക്തിക ളുടെ വികാസനത്തിനായുള്ള നിതാന്തമായ ചാലകശക്തിയായും ഉൽപ്പാദനശക്തികളുടെ വികാസ നിലവാരത്തിനും സ്വഭാവത്തിനും അനുയോജ്യമായ വിധം ഉൽപ്പാദന ബന്ധ ങ്ങൾ ഉണ്ടാക്കിക്കൊണ്ട്, സോഷ്യലിസ്റ്റ് പരിവർത്തനത്തിന് അനുയോജ്യമായ രൂപങ്ങളും നടപടികളും ചിട്ടപ്പെടുത്തുന്നതിന് സോഷ്യലിസത്തിലേക്കുള്ള പരിവർത്തന കാലഘട്ടത്തി ലുടനീളമുള്ള ശാശ്വതവും നിരന്തരവുമായ കടമയാണത്.

''ആസന്നമായ വർഷങ്ങളിൽ, ക്രമാനുഗതമായി സോഷ്യലിസ്റ്റ് പരിവർത്തനം നടപ്പാ ക്കുന്നതിനും ബഹുമേഖലാ സാമ്പത്തിക സംവിധാനത്തിന്റെ അനുകൂല പ്രത്യാഘാതം പൂർണ്ണതോതിൽ കൊണ്ടുവരാനും വേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം സോഷ്യലിസ്റ്റ് സമ്പദ്ഘടനയെ ശക്തിപ്പെടുത്തുകയും വികസിപ്പിക്കുകയുമാണ്. ഇതിന് ആദ്യമായി വേണ്ടത്, മറ്റുള്ളവയെ നിയന്ത്രിക്കാനും ശരിക്കുമുള്ള നേതൃത്വപരമായ പങ്ക് വഹിക്കാനും പൊതുമേഖലയെ പ്രാപ്തമാക്കലാണ്.

''സോഷ്യലിസ്റ്റ് സാമ്പത്തിക മേഖലയ്ക്ക് അനുകൂലമായ സാമ്പത്തിക നയങ്ങൾ (നി ക്ഷേപം, നികുതി ചുമത്തൽ, വായ്പ എന്നിങ്ങനെയുള്ളവ സംബന്ധിച്ച്) ഭരണകൂടം നടപ്പി ലാക്കുന്നു; എന്നാൽ, നിയമത്തെ സംബന്ധിച്ചിടത്തോളം തുല്യതയുടെ തത്വം പാലിക്കപ്പെ ടുകയും വേണം.

''ജോലിക്കനുസരിച്ചുള്ള വിതരണം' എന്ന തത്വത്തിന്റെ ശരിയായ പ്രയോഗം അധ്വാന ത്തിന്റെ പുനരുൽപ്പാദനം ഉറപ്പാക്കുന്ന വിധത്തിലും സമത്വവാദം കൈവെടിഞ്ഞും കൂലി വ്യവസ്ഥയിൽ അവശേഷിക്കുന്ന സബ്സിഡി നൽകിയുള്ള ഭാഗം പടിപടിയായി റദ്ദാ ക്കിയും അധ്വാനത്തിന്റെയും സാമ്പത്തികമായ കാര്യക്ഷമതയുടെയും ഫലങ്ങളുമായി ഉറ്റ ബന്ധം പുലർത്തുന്ന പ്രതിഫലം നൽകലിന്റെ രൂപങ്ങൾ പ്രയോഗിച്ചും നിലവിലുള്ള കൂലി വ്യവസ്ഥയിൽ സമൂലമായ പരിഷ്കരണം ആവശ്യപ്പെടുന്നു.''

ഏഴാം കോൺഗ്രസ് റിപ്പോർട്ടിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: ''സങ്കര സമ്പദ്വ്യവസ്ഥ യുടെ അളവറ്റ സാധ്യതകൾ വികസിപ്പിക്കുന്നതിനായി, നിയമത്തിന്റെ നിയന്ത്രണത്തിൽ **സർക്കാർ മാനേജ്മെന്റിൻകീഴിലുള്ള വിപണി വ്യവസ്ഥയിലേക്കുള്ള ചുവടുമാറ്റത്തോടു കൂടി, സർക്കാർ സബ്സിഡികളെയും ഉദ്യോഗസ്ഥ മേധാവിത്വ കേന്ദ്രീകരണത്തെയും ആധാരമാക്കിയുള്ള വ്യവസ്ഥിതിയുടെ നിഷ്കാസനം തുടരേണ്ടത്** ഒഴിവാക്കാനാവാത്ത താണ്..... സ്ഥൂല സാമ്പത്തിക നിയന്ത്രണങ്ങൾ സ്ഥാപിക്കുന്നതിലും വിപണിയെ നിയന്ത്രി ക്കുന്നതിലും പ്രതികൂല സംഭവങ്ങളെ തടയുന്നതിലും കൈകാര്യം ചെയ്യുന്നതിലും ഉൽപ്പാ ദന–വാണിജ്യ പ്രവർത്തനങ്ങൾക്കായുള്ള സാധാരണ പരിതഃസ്ഥിതിയും സാഹചര്യങ്ങളും സൃഷ്ടിക്കുന്നതിലും സാമൂഹ്യനീതിയോടും സാമൂഹ്യ പുരോഗതിയോടുമൊപ്പമുള്ള സാമ്പത്തിക വളർച്ചയുടെ പൊരുത്തപ്പെടൽ ഉറപ്പാക്കുന്നതിലും സർക്കാരിന് പ്രധാനപ്പെട്ട പങ്ക് വഹിക്കാനുണ്ട്.

''പ്രാദേശികവൽക്കരണത്തിന്റെയും ഏകോപനത്തിന്റെ അഭാവത്തിന്റെയും ഒറ്റപ്പെടലി ന്റെയും അവസ്ഥയെ അതിജീവിക്കുന്നതിനുള്ള നിരന്തരമായ പരിശ്രമങ്ങൾ ഉണ്ടാവണ മെന്ന് ഒരു വികസിത സമ്പദ്ഘടന ആവശ്യപ്പെടുന്നു. നമ്മുടെ സ്വാതന്ത്ര്യവും പരമാധികാ രവും തുല്യതയും പരസ്പര പ്രയോജനവും സുദൃഢമായി പരിപാലിക്കുകയെന്ന തത്വത്തെ ആധാരമാക്കിയുള്ള വിദേശ സാമ്പത്തിക ബന്ധങ്ങളെ വികസിപ്പിക്കുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും അനേക പങ്കാളിത്തമുള്ളതാക്കുന്നതിനും നമ്മുടെ ദേശീയ സാധ്യതകളെയും വിഭവങ്ങളെയും ഊർജ്ജസ്വലമായി വികസിപ്പിക്കുകയെന്ന കാഴ്ചപ്പാടോടെ വിദേശ വിഭവങ്ങളെ ആകർഷിക്കണം.

''നവീകരണത്തിന്റെ ആവശ്യകതയെക്കുറിച്ച്, വിശിഷ്യാ സമ്പദ്ഘടനയിൽ, നാം ഊന്നിപ്പറയുമ്പോഴും, ഈ കടമയുടെ മറുപുറത്തെക്കുറിച്ചും നാം കാണേണ്ടതുണ്ട്. ഉദ്യോ ഗസ്ഥ മേധാവിത്വ കേന്ദ്രീകരണത്തെയും സർക്കാർ സബ്സിഡികളെയും ആധാരമാക്കി യുള്ള അടിസ്ഥാനപരമായി പ്രാദേശികവും സ്വയംപര്യാപ്തവുമായ സമ്പദ്ഘടനയെ സർക്കാർ മാനേജ്മെന്റിൻകീഴിൽ വിപണി വ്യവസ്ഥിതി പ്രകാരം പ്രവർത്തിക്കുന്ന മിശ്ര ചരക്ക് സമ്പദ്ഘടനയിലേക്കു മാറ്റുന്നത് സമൂഹത്തിന്റെ ഉൽപ്പാദനപരമായ സാധ്യതകളെ തുറന്നുവിടുകയും വികസിപ്പിക്കുകയും ചെയ്യുകയെന്ന കാഴ്ചപ്പാടോടുകൂടിയുള്ള തികച്ചും ശരിയും ആവശ്യവുമായ പോംവഴിയാണ്. എന്നാൽ, വിപണി സമ്പദ്ഘടനയാണ് സർവരോഗ സംഹാരിയെന്ന് കരുതുന്നതും പിശകായിരിക്കും. ഉൽപ്പാദനത്തിന്റെ വികാസ ത്തിന് ഉത്തേജനമായിരിക്കുമ്പോൾത്തന്നെ, വിപണി സമ്പദ്ഘടന നിരവധി സാമൂഹ്യതിന്മ

കൾ ഉയർന്നുവരുന്നതിനും തഴച്ചുവളരുന്നതിനും വേണ്ട പരിതഃസ്ഥിതിയും പ്രദാനം ചെയ്യുന്നു''.

2011 ജനുവരിയിൽ ചേർന്ന 11–ാം കോൺഗ്രസ്സിലെ പാർടി റിപ്പോർട്ട്, 25 വർഷത്തെ നവീകരണ പ്രക്രിയയുടെ (1986–2011) അനുഭവങ്ങളെയും നേട്ടങ്ങളെയും അവലോകനം ചെയ്യുകയും അവ ''രാജ്യത്തെ സംബന്ധിച്ചിടത്തോളം വലിയ ശക്തിയും കൂടുതൽ സുരക്ഷിതമായ സ്ഥാനവും സൃഷ്ടിച്ച''തായി പ്രസ്താവിക്കുകയും ചെയ്തു. അത് തുടർന്ന് പറയുന്നു: ''എന്നിട്ടും ഗുണനിലവാരവും കാര്യക്ഷമതയും മത്സരക്ഷമതയും കുറഞ്ഞും വ്യവസായവൽക്കരണത്തിലേക്കും ആധുനികവൽക്കരണത്തിലേക്കുമുള്ള സാമ്പത്തിക പുനഃസംഘടന മന്ദഗതിയിലായും വിതരണസംവിധാനം യുക്തിപൂർണ്ണമല്ലാതെയും ധനിക–ദരിദ്ര അന്തരം വർദ്ധിച്ചുമാണ് സമ്പദ്ഘടന വളരുന്നത്. വിദ്യാഭ്യാസം, പരിശീലനം, ശാസ്ത്രം, സാങ്കേതികവിദ്യ, സാമൂഹ്യ–സാംസ്കാരിക–പരിസ്ഥിതി സംരക്ഷണം എന്നിവയിലെ ദൗർബല്യങ്ങളും ന്യൂനതകളും, ഉദ്യോഗസ്ഥ മേധാവിത്വം, അഴിമതി, ധൂർത്ത്, കുറ്റകൃത്യങ്ങൾ, സാമൂഹ്യ തിന്മകൾ, ധാർമ്മിക ജീവിതശൈലീ നിലവാരത്തകർച്ച എന്നിവയും ഇപ്പോഴും തടയപ്പെട്ടിട്ടില്ല. സാമ്പത്തിക സ്ഥാപനങ്ങൾ, മാനവവിഭവ ഗുണനിലവാരം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവ ഇപ്പോഴും ദുർബലമാണ്; അവ പരിഹരിക്കപ്പെടേണ്ടത് ആവശ്യമായിരിക്കുന്നു.''

വിയത്നാമിന്റെ സമ്പദ്ഘടനയിൽ സർക്കാർ വിഹിതം അതിന്റെ ജി.ഡി.പിയുടെ ഏകദേശം 40 ശതമാനം വരും.

പരിവർത്തന കാലഘട്ടത്തെക്കുറിച്ച് പറഞ്ഞുകൊണ്ട്, റിപ്പോർട്ട് പ്രസ്താവിക്കുന്നു: ''ഒരു പരിവർത്തന ഘട്ടത്തിലൂടെ മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേക്ക് മുന്നേറുന്നത്, വസ്തുനിഷ്ഠമായ ഒരാവശ്യമാണ്; ഈ കാലഘട്ടത്തിന്റെ ദൈർഘ്യം ഓരോ രാജ്യത്തിന്റെയും സാമ്പത്തിക–രാഷ്ട്രീയ–സാമൂഹ്യ സ്ഥിതിഗതികളെ ആശ്രയിച്ചായിരിക്കും..... ഉൽപ്പാദനശക്തികളുടെയും ഉൽപ്പാദനബന്ധങ്ങളുടെയും എന്നപോലെ ഉപരിഘടനയുടെയും അടിസ്ഥാനത്തിൽ പുതിയ സാമൂഹ്യവ്യവസ്ഥിതിയെ ആരംഭത്തിൽനിന്ന് കെട്ടിപ്പടുക്കുന്നത് ലക്ഷ്യമാക്കിയുള്ള അഗാധവും സമഗ്രവും സമ്പൂർണ്ണവുമായ വിപ്ലവ പരിവർത്തനത്തിന്റെ കാലഘട്ടമാണിത്. 'ഏത് വിജയിക്കും' എന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി സാമൂഹ്യജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും രണ്ട് പാതകൾ–സോഷ്യലിസവും മുതലാളിത്തവും– തമ്മിലുള്ള സങ്കീർണ്ണമായ വർഗസമരത്തിന്റെ കാലഘട്ടമാണിത്.''

**(29) ഖണ്ഡിക 6.28:** അടുത്ത കാലത്തെ ഒരു പ്രസംഗത്തിൽ റൗൾ കാസ്ട്രോ പറയുന്നു: ''ഇന്ന്, മുൻപ് എന്നത്തേയുംകാൾ, സാമ്പത്തികമായ പോരാട്ടമാണ് മുഖ്യ കടമ; കേഡർമാരുടെ പ്രത്യയശാസ്ത്രപരമായ പ്രവർത്തനത്തിന്റെ കേന്ദ്ര ബിന്ദുവാണത്. കാരണം, അതിനെ ആശ്രയിച്ചാണ് നമ്മുടെ സാമൂഹ്യവ്യവസ്ഥയുടെ സുസ്ഥിരതയും സംരക്ഷണവും സ്ഥിതിചെയ്യുന്നത്.''

2011 ജനുവരിയിൽ ചേർന്ന, ക്യൂബൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ ആറാം കോൺഗ്രസ്സിന്റെ റിപ്പോർട്ടിൽ പ്രസ്താവിക്കുന്നു: ''നിലവിലുള്ള സാമ്പത്തിക സാഹചര്യങ്ങളുടെയും പരിഹരിക്കപ്പെടേണ്ട വിഷയങ്ങളുടെയും ഒരു വിലയിരുത്തൽ ആവശ്യമായതും, കഴിഞ്ഞ പാർടി കോൺഗ്രസ്സിനുശേഷമുള്ള സാർവദേശീയവും ദേശീയവുമായ മുഖ്യ സംഭവങ്ങളും സാഹചര്യങ്ങളും കണക്കിലെടുത്തുള്ളതുമായാണ് സമർപ്പിക്കപ്പെട്ടിരിക്കുന്ന സാമ്പത്തിക നയ മാർഗരേഖ. ലോകത്താകെ, സാർവദേശീയ പശ്ചാത്തലത്തിന്റെ സവിശേഷത, അവികസിത രാജ്യങ്ങൾക്കുമേൽ ശക്തമായ പ്രത്യാഘാതം ഉണ്ടാക്കുന്ന സാമ്പത്തിക–ധന–പാരിസ്ഥിതിക–ഊർജ്ജ–ഭക്ഷ്യ പ്രതിസന്ധികൾ ഒരേസമയം ഒന്നിച്ച് ഘടനാപരവും വ്യവസ്ഥാപരവുമായ പ്രതിസന്ധിയായിരിക്കുന്നുവെന്നതാണ്. വിദേശ സാമ്പത്തിക ബന്ധങ്ങളെ ആശ്രയിക്കുന്ന ഒരു തുറന്ന സമ്പദ്ഘടനയാണ് ക്യൂബയിൽ നിലനിൽക്കുന്നത്. ആ നിലയിൽ ഈ രാജ്യത്തിന് ഈ പ്രതിസന്ധിയുടെ പ്രഹരത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല; അതിന്റെ അനന്തരഫലം ക്യൂബൻ കയറ്റുമതിയുടെ വിലകളിലെ അസ്ഥിരതയിലും ചരക്കുകളുടെയും സേവനങ്ങളുടെയും ക്യൂബൻ കയറ്റുമതിയുടെ ചോദനത്തിലും വിദേശ വായ്പ'' ലഭ്യതയ്ക്കുള്ള വലിയ നിയന്ത്രണങ്ങളിലും കാണാനാകും. കയറ്റുമതി വിലകളിലെയും ഇറക്കുമതി വിലകളിലെയും കയറ്റിറക്കങ്ങളുടെ ഫലമായി 1997–നും 2009–നും ഇടയ്ക്ക് ക്യൂബയ്ക്കുണ്ടായ അറ്റനഷ്ടം 1997–നോട് താരതമ്യപ്പെടുത്തുമ്പോൾ 1090 കോടി ഡോളറായിരുന്നു. ക്യൂബൻ കയറ്റുമതി ചരക്കുകളുടെ വാങ്ങൽശേഷിയിൽ ശരാശരി 15 ശതമാനത്തിന്റെ ഇടിവുണ്ടായി.

ഈ തത്വങ്ങളെ സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശം നൽകുന്നതുമായും മാനേജ്മെന്റിന്റെ മറ്റു രൂപങ്ങളുടെ വികാസവുമായും സമ്പ

യിപ്പിക്കേണ്ടതാണ്. മുഖ്യ ദേശീയ സാമ്പത്തിക സംവിധാനമായ സോഷ്യലിസ്റ്റ് സർക്കാർ ഉടമസ്ഥ തയിലുള്ള സ്ഥാപനങ്ങൾക്കു പുറമെ, വിദേശ നിക്ഷേപം, സഹകരണ സംഘങ്ങൾ, ചെറുകിട കൃഷി, ഫലവൃക്ഷങ്ങൾ, ഫ്രാഞ്ചൈസികൾ, സ്വയംതൊഴിൽ, തൊഴിൽ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്നതും പുതുതായി ഉയർന്നുവന്നേക്കാവുന്നതുമായ മറ്റു രൂപങ്ങൾ എന്നിങ്ങനെയുള്ള മറ്റു സമ്പ്രദായങ്ങളെയും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് ക്യൂബൻ മാതൃക...... സമത്വവാദത്തിനുപരിയായി എല്ലാ പൗരന്മാർക്കും തുല്യ അവകാശങ്ങളും തുല്യ അവസരങ്ങളും എന്ന സോഷ്യലിസത്തിന്റെ തത്വങ്ങളാണ് നിർദ്ദിഷ്ട സാമ്പത്തിക നയത്തിന്റെ വഴികാട്ടി. ജോലി അവകാശവും കർത്തവ്യവുമാണ്. അതോടൊപ്പം, ഓരോ പൗരന്റെയും സ്വയം നിപുണതയ്ക്കായുള്ള പ്രചോദന കേന്ദ്രവുമാണത്; ചെയ്യുന്ന തൊഴിലിന്റെ അളവും ഗുണവും അനുസരിച്ച് പ്രതിഫലം നൽകണം...... അതിനൂതന സാങ്കേതികവിദ്യയുടെ ലഭ്യത, മാനേജ്മെന്റ് വൈദഗ്ദ്ധ്യത്തിന്റെ കൈമാറ്റം, കയറ്റുമതി വിപണിയുടെ വൈവിധ്യവൽക്കരണവും വിപുലീകരണവും, ഇറക്കുമതിക്കുള്ള പകരം സംവിധാനം, ഒരു ഉൽപ്പാദനപദ്ധതിയുടെ നിർമ്മിതിക്കായുള്ള മധ്യകാല–ദീർഘകാല ധനലഭ്യത, പ്രവർത്തന മൂലധനം പ്രവർത്തനത്തിനായി ഉപയോഗിക്കാൻ വേണ്ട വ്യവസ്ഥ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ എന്നിവ ഉൾപ്പെടെയുള്ള ഒരുകൂട്ടം ലക്ഷ്യങ്ങൾ നേടാനാകുന്ന വിധത്തിലായിരിക്കണം വിദേശ മൂലധനത്തെ ആകർഷിക്കുന്നത് എന്ന് ഉറപ്പുവരുത്തണം.''

(30) **ഖണ്ഡിക 6.29:** സാമ്പത്തിക വികസനത്തിനായുള്ള ഒരു തന്ത്രപ്രധാന ലക്ഷ്യം പദ്ധതി മുന്നോട്ടുവച്ചു. പശ്ചാത്തല സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനും കൃഷിയും വിദ്യുച്ഛക്തി, കൽക്കരി, എണ്ണ, ലോഹവ്യവസായം എന്നിവ ഉൾപ്പെടെയുള്ള വ്യവസായങ്ങളും വികസിപ്പിക്കുന്നതിനും പ്രാദേശിക വികസനത്തിനും മുഖ്യ ഊന്നൽ നൽകുന്നതാണ് അത്. വിദേശ നിക്ഷേപത്തെ ഉത്തര കൊറിയൻ സമ്പദ്ഘടനയിലേക്ക് കടന്നുവരാൻ സഹായിക്കുന്നതാണ് ഈ ദശവത്സര പദ്ധതി. യാലു നദീമുഖത്ത് രണ്ട് അതിർത്തി ദ്വീപുകളിൽ ചൈനയുമായി ചേർന്ന് പുതുതായി ഒരു 'സംയുക്ത സാമ്പത്തിക മേഖല' കൊറിയ അടുത്ത കാലത്തായി ആരംഭിച്ചു. ഉത്തര കൊറിയൻ സമ്പദ്ഘടനയ്ക്ക് പുതിയ ദിശാബോധം ഉറപ്പിക്കുകയെന്ന ലക്ഷ്യമിട്ടതാണ് ഈ പദ്ധതി; പുതിയ വികസന കാമ്പെയിന് ഒരു കുതിച്ചുചാട്ടവും. 'സർക്കാർ വഴി കാട്ടുന്നതും സംരംഭകത്വാധിഷ്ഠിതവും വിപണി ഉന്മുഖവും' ആയ 'രണ്ട് സാമ്പത്തിക മേഖലകൾ കൊറിയൻ ജനകീയ ജനാധിപത്യ റിപ്പബ്ലിക്കിൽ (ഡി.പി.ആർ.കെ)' വികസിപ്പിക്കുന്നതിന് ഡി.പി.ആർ.കെയും ചൈനയും സമ്മതിച്ചു. ആദ്യത്തെ 'പ്രത്യേക സാമ്പത്തിക മേഖല'യുടെ ഭാഗമായി 'ഒരു സ്വതന്ത്ര വ്യാപാര മേഖലയും നികുതിരഹിത മേഖല'യും സ്ഥാപിക്കുന്നതിനും തീരുമാനിക്കപ്പെട്ടിട്ടുണ്ട്. ''ദേശസാൽക്കരിക്കപ്പെടുകയോ അധികൃതാവശ്യം ഉന്നയിക്കുകയോ ചെയ്യില്ലെന്ന ഉറപ്പ് വിദേശ നിക്ഷേപകരുടെ നിക്ഷേപങ്ങൾക്ക് ഉത്തര കൊറിയയിലെ സർക്കാർ വാഗ്ദാനം നൽകുന്നു. ഇത്തം ഡിമാന്റുകൾ ഉണ്ടാകുന്ന അനിവാര്യമായ സന്ദർഭങ്ങളിൽ ശരിയായ നഷ്ടപരിഹാരം നൽകും.'' വിദേശ നിക്ഷേപകരുടെ ആദായനികുതി ''ഉത്തര കൊറിയയിലെ മറ്റു പ്രദേശങ്ങളിലേതിനെക്കാൾ 11 ശതമാനം കുറവാണ്. പത്തുവർഷത്തിലേറെയുള്ള ബിസിനസ് പദ്ധതികളുള്ള കമ്പനികളെ സംബന്ധിച്ചിടത്തോളം, വിദേശ മൂലധന കമ്പനികൾക്ക് അവ ലാഭം നേടാൻ തുടങ്ങുന്ന വർഷം മുതലുള്ള മൂന്നുവർഷത്തേക്ക് നികുതിരഹിത ആനുകൂല്യം ലഭിക്കും; തുടർന്നുള്ള രണ്ടുവർഷം 50 ശതമാനം നികുതി നൽകിയാൽ മതി.''

എന്തൊക്കെയായാലും, ഇന്ന് വെനസ്വേലയുടെ സമ്പദ്ഘടന മുതലാളിത്ത മേധാവിത്വമുള്ള സമ്പദ്ഘടനയാണ്– നിശ്ചയമായും നവലിബറൽ അല്ല തന്നെ. മൂന്ന് വ്യത്യസ്ത തരത്തിലുള്ള ഉൽപ്പാദന ബന്ധങ്ങളും സാമൂഹ്യ ബന്ധങ്ങളുമുണ്ട്: സ്വകാര്യ മേഖല, സർക്കാർ മേഖല, സാമൂഹ്യ സമ്പദ്ഘടനാ മേഖല. ഇതിൽ ഏറ്റവും വലുത് സ്വകാര്യ മേഖലയാണ്– അതിനർത്ഥം അത് പ്രാഥമികമായും സംഘടിപ്പിക്കപ്പെട്ടിട്ടുള്ളത് ലാഭം പരമാവധിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് എന്നാണ്; മൂലധന–പണ ഘടനകൾ, ഉപകരണങ്ങളും ചരക്കുശേഖരവും എന്നിവ എല്ലാം സ്വകാര്യ ഉടമസ്ഥതയിലാണ് എന്നതാണ്. സമ്പദ്ഘടനയുടെ ഏകദേശം മൂന്നിൽ രണ്ട് ഭാഗവും മുതലാളിത്ത മേഖലയാണ്. ഉപഭോഗ ചരക്കുകളുടെയോ മൂലധന ചരക്കുകളുടെയോ ഇറക്കുമതിയിലൂടെയോ രാഷ്ട്രാന്തര കോർപ്പറേഷനുകളുടെ വെനസ്വേലയിലെ സബ്സിഡിയറികളിലൂടെയോ അവ അന്താരാഷ്ട്ര മൂലധനവുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

രണ്ടാമത്തെ മുഖ്യ മേഖല പൊതുമേഖലയാണ്– സർക്കാർ ഉടമസ്ഥതയിലുള്ള സംരംഭങ്ങളാണ് അവ; അവയിലെ ജീവനക്കാരാകട്ടെ സർക്കാർ ജീവനക്കാരും. സർക്കാർ ഉടമസ്ഥതയിലുള്ള കൂറ്റൻ എണ്ണക്കമ്പനികളായ പി.ഡി.വി.എസ്.എ ഉൾപ്പെടുന്നതാണ് പൊതുമേഖല. പി.ഡി.വി.എസ്.എയുടെ വരുമാനത്തിൽ ഏറിയ പങ്കും ഇപ്പോൾ പ്രത്യക്ഷമായോ പരോക്ഷമായോ ആരോഗ്യ–വിദ്യാഭ്യാസ പരിപാടികൾക്കും ഭവനനിർമ്മാണത്തിനും പശ്ചാ

ത്തല സൗകര്യങ്ങൾക്കുമുള്ള ഫണ്ടായാണ് പോകുന്നതെങ്കിലും, അതിലെ ജീവനക്കാർക്കിടയിൽ കൂലിയിലും ശമ്പളത്തിലും വലിയ വ്യത്യാസത്തോടുകൂടിയ ശ്രേണീബദ്ധമായി, മുകളിൽനിന്ന് താഴേക്ക് നിയന്ത്രിക്കുന്ന രീതിയിലാണ് അതിന്റെ പ്രവർത്തനം. ദേശീയ ശരാശരിയെക്കാൾ ഏറെ ഉയർന്നതാണ് അതിലെ വേതനം. സർക്കാർ മേഖലയിൽ അധികം എണ്ണത്തിലും തൊഴിലാളികളുടെ സ്വയം മാനേജ്മെന്റിലെ നാമമാത്രമാണ്. വെനസ്വേലയുടെ മൊത്തം ഉൽപ്പാദനത്തിന്റെ 30 ശതമാനം ഈ മേഖലയാണ് ഉൽപ്പാദിപ്പിക്കുന്നത്. 1998 ലെ വിഹിതത്തിൽനിന്നും ഇത് വളർന്നിട്ടുമില്ല.

മൂന്നാമത്തെ മേഖല സാമൂഹ്യ സമ്പദ്‌വ്യവസ്ഥയാണ്. പൊതുവായ ഉടമസ്ഥതയിലുള്ളതും സ്വയം നടത്തിക്കൊണ്ടുപോകുന്നതുമായ കൃഷിയിടങ്ങളെപ്പോലെയുള്ള, പലപ്പോഴും സോഷ്യലിസ്റ്റ് സ്ഥാപനങ്ങൾ എന്ന് വിളിക്കപ്പെടുന്നവ ഇതിൽ ഉൾപ്പെടുന്നു. സഹകരണ സംഘങ്ങളും തൊഴിലാളികളും ഗവൺമെന്റും കൂടി സംയുക്തമായി നടത്തിക്കൊണ്ടുപോകുന്നതും സംയുക്തമായ ഉടമസ്ഥതയിലുള്ളതുമായ സ്ഥാപനങ്ങളും ഈ മേഖലയിൽ ഉൾപ്പെടുന്നു. ഈ സാമൂഹ്യ സമ്പദ്‌വ്യവസ്ഥ മൊത്തം സമ്പദ്‌വ്യവസ്ഥയുടെ ഏതാണ്ട് 2 ശതമാനത്തോളമേ വരൂ.

**(31) ഖണ്ഡിക 7.5:** ***വെനസ്വേലയുടെ സാമ്പത്തിക സാമൂഹ്യ സൂചകങ്ങൾ***

| വിഭാഗം | വർഷം | ശതമാനമോ മറ്റ് അളവോ | വർഷം | ശതമാനമോ മറ്റ് അളവോ |
|---|---|---|---|---|
| ദാരിദ്ര്യം (വ്യക്തികൾ) | 1998 | 52 % | 2008 | 31.5 % |
| കൊടും ദാരിദ്ര്യം | 1998 | 20.1 % | 2008 | 9.5 % |
| ഗിനി സൂചിക (അസമത്വത്തിന്റെ അളവ് 0 = സമ്പൂർണ്ണ തുല്യത; 1 = സമ്പൂർണ്ണ അസമത്വം ) | 1998 | .48 | 2008 | .41 |
| ശിശു മരണം/100,000 | 1998 | 21.4 | 2006 | 14 |
| പോഷകവുമായി ബന്ധപ്പെട്ട മരണം/100,000 | 1998 | 4.9 | 2007 | 2.3 |
| ശുദ്ധജല ലഭ്യത | 1998 | 80 % | 2007 | 92 % |
| ശുചീകരണ ലഭ്യത | 1998 | 62 % | 2007 | 82 % |
| സാമൂഹ്യസുരക്ഷ ജനസംഖ്യയുടെ ശതമാനം | 1998 | 1.7 % | 2008 | 4. 4 % |
| തൊഴിലില്ലായ്മ നിരക്ക് | 1998 | 11.3 % | 2008 | 7.8 % |

*കുറിപ്പ്: വിവരം ലഭ്യമായ ഒടുവിലത്തെ വർഷത്തെയാണ് അന്തിമ വർഷമായി എടുത്തത്. 2007–ഓ 2008–ഓ ആണ് പലതിനെയും സംബന്ധിച്ച്.*

**(32) ഖണ്ഡിക 7.6:** കരീബിയൻ രാജ്യങ്ങളുടെയും ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെയും രാഷ്ട്രീയ-സാമ്പത്തിക-സാമൂഹ്യ സമന്വയത്തിന്റെ മാതൃകയിൽ മൗലികമായും അധിഷ്ഠിതമായതാണ് അമേരിക്കയിലെ രാജ്യങ്ങൾക്കായുള്ള ബൊളിവേറിയൻ ബദൽ (അൽബ). വികസിത രാജ്യങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ മേഖലയിലെ അത്രയെന്നും വികസിതമല്ലാത്ത രാജ്യങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ അസമത്വങ്ങളും പ്രതികൂലാവസ്ഥയും തിരുത്തുന്നതിനുവേണ്ടിയാണ്, അൽബ പ്രാഥമികമായും ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

**അൽബയെ നയിക്കുന്ന തത്ത്വങ്ങൾ താഴെ കൊടുക്കുന്നു:**

1. വ്യാപാരവും നിക്ഷേപങ്ങളും ഉദാരവൽക്കരിക്കുന്നതിന് നവലിബറൽ സംയോജനം മുൻഗണന കൽപ്പിക്കുന്നു. ദാരിദ്ര്യത്തിനും സാമൂഹ്യമായ ഒഴിവാക്കലിനും എതിരായിട്ടുള്ള സമരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിർദ്ദേശമാണ് അൽബയുടേത്.
2. അൽബയുടെ നിർദ്ദേശങ്ങളിൽ മനുഷ്യാവകാശങ്ങൾക്കും തൊഴിൽ അവകാശങ്ങൾക്കും സ്ത്രീകളുടെ അവകാശങ്ങൾക്കും അന്തരീക്ഷത്തിന്റെ സംരക്ഷണത്തിനും ഭൗതികമായ ഉദ്ഗ്രഥനത്തിനും നിർണ്ണായക പ്രാധാന്യം നൽകപ്പെട്ടിരിക്കുന്നു.
3. വ്യവസായവൽക്കൃത രാജ്യങ്ങളിലെ സംരക്ഷണ നയങ്ങൾക്കും വിനാശകരമായ സബ്സിഡികൾക്കും എതിരായ സമരത്തിൽ, അൽബയിൽ, തങ്ങളുടെ കൃഷിക്കാരെയും കാർഷിക ഉൽപ്പാദകരെയും രക്ഷിക്കുന്നതിനുള്ള ദരിദ്ര രാജ്യങ്ങളുടെ അവകാശം നിഷേധിക്കപ്പെടാൻ പാടില്ല.
4. കാർഷിക പ്രവർത്തനം അടിസ്ഥാനപരമായിട്ടുള്ള ദരിദ്രരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം, ഇറക്കുമതി ചെയ്യപ്പെട്ട കാർഷിക ചരക്കുകൾ ആഭ്യന്തര വിപണികളിൽ വന്ന് കുമിയുകയാണെങ്കിൽ (സബ്സിഡി നിലവിലില്ലാത്ത രാജ്യങ്ങളിൽ ഇത് കൂടുതൽ പ്രകട

മാണ്) ദശലക്ഷക്കണക്കിന് കൃഷിക്കാരുടെയും നാട്ടുകാരുടെയും ജീവിതത്തെ അത് തിരിച്ചുകൊണ്ടുവരാനാവാത്തവിധം ദോഷകരമായി ബാധിക്കും.

5. കാർഷികോൽപ്പാദനം വ്യാവസായികോൽപ്പാദനത്തെക്കാൾ എത്രയോ കൂടുതലായിട്ടുള്ള രാജ്യങ്ങളിൽ സാംസ്കാരികമായ വരണാധികാരം സംരക്ഷിക്കുന്നതിനുള്ള അടിസ്ഥാനമാണ് കൃഷി; ആ മേഖലയിലെ ഒരു ജീവിതരീതിയാണത്; പ്രകൃതിയുമായുള്ള ബന്ധത്തിന്റെ നടപടിക്രമങ്ങളെ നിർവചിക്കുന്നത് അതാണ്. സ്വാശ്രിതത്വം വളർത്തിയെടുക്കുന്നതുമായും സുരക്ഷിതത്വമായും അതിന് നേരിട്ട് ബന്ധമുണ്ട്. ഈ രാജ്യങ്ങളിൽ കൃഷി ഏറെക്കുറെ ഒരു ജീവന മാർഗം തന്നെയാണ്. മറ്റേതെങ്കിലും സാമ്പത്തിക പ്രവർത്തനത്തെപ്പോലെ അതിനെ കണക്കാക്കാൻ കഴിയുകയില്ല.

6. ഉദ്ഗ്രഥനത്തിനു മുന്നിലുള്ള തടസ്സങ്ങളെ അവയുടെ അടിവേരിൽ വച്ചുതന്നെ, അൽബ ആക്രമിക്കേണ്ടതുണ്ട്– അതായത്,

   (എ) ജനങ്ങളിൽ മിക്കവരുടെയും ദാരിദ്ര്യം.

   (ബി) രാജ്യങ്ങൾ തമ്മിലുള്ള അഗാധമായ അസമത്വങ്ങളും പരസ്പരം പൊരുത്തമില്ലായ്മയും.

   (സി) അസമമായ കൈമാറ്റങ്ങളും അന്താരാഷ്ട്ര ബന്ധങ്ങളുടെ അസമമായ സ്ഥിതിഗതികളും.

   (ഡി) 'തിരിച്ചടയ്ക്കാൻ വയ്യാത്ത' വായ്പയുടെ ഭാരം.

   (ഇ) ഐ.എം.എഫും ലോകബാങ്കും കെട്ടിയേൽപ്പിച്ച ഘടനാപരമായ നീക്കുപോക്കുകളെ സംബന്ധിച്ച നയങ്ങളും സാമൂഹ്യ-രാഷ്ട്രീയ പിന്തുണയുടെ അടിത്തറകളെത്തന്നെ അട്ടിമറിക്കുന്ന ലോക വ്യാപാരസംഘടനയുടെ കർശനമായ നിയമങ്ങളും.

   (എഫ്) ബൗദ്ധിക സ്വത്തവകാശത്തെ സംബന്ധിച്ച ഇന്നത്തെ കരാറുകൾ കാരണം വിജ്ഞാനവും വിവരവും സാങ്കേതികവിദ്യയും ലഭ്യമാക്കുന്നതിനു മുന്നിലുള്ള തടസ്സങ്ങൾ.

   (ജി) യഥാർത്ഥ ജനാധിപത്യം ദൃഢീകരിക്കുന്നതിനെ ബാധിക്കുന്ന കുത്തകവൽക്കരിക്കപ്പെട്ട സാമൂഹ്യ ബഹുജന മാധ്യമങ്ങളെപ്പോലെയുള്ള പ്രശ്നങ്ങളിൽ ശ്രദ്ധിക്കൽ.

7. നിയന്ത്രണം നീക്കൽ, സ്വകാര്യവൽക്കരണം, പൊതു ഭരണത്തിന്റെ പ്രവർത്തനക്ഷമതയെ തകർക്കൽ തുടങ്ങിയ ന്യായരഹിതമായ പ്രക്രിയകളിലേക്ക് മാത്രം നമ്മെ നയിക്കുന്ന സർക്കാരിന്റെ 'പരിഷ്കരണാ'ഹ്വാനങ്ങൾക്കെതിരായി ഉറച്ചു നിൽക്കുക.

8. നവലിബറൽ അധീശത്വത്തിന്റെ ഒരു പതിറ്റാണ്ടിലധികം കാലത്ത് സർക്കാർ അനുഭവിക്കേണ്ടിവന്ന, പൈശാചികമായ വിധത്തിൽ സർക്കാരിനെ ഇല്ലാതാക്കുന്ന നടപടിക്കുള്ള മറുപടി എന്ന നിലയിൽ, പൊതു കാര്യങ്ങളിൽ പൗരന്മാർക്കുള്ള പങ്കാളിത്തത്തിന്റെ അടിസ്ഥാനത്തിൽ ഭരണകൂടത്തെയും ഗവൺമെന്റുകളെയും ശക്തമാക്കൽ.

9. സ്വതന്ത്ര വിപണിയെയും സ്വതന്ത്ര വ്യാപാരത്തെയും ന്യായീകരിക്കുന്നതിനെ ചോദ്യം ചെയ്യേണ്ടത് ആവശ്യമാണ്. കൂടുതൽ ഉയർന്ന നിലവാരത്തിലുള്ള വളർച്ചയിലേക്കും കൂട്ടായ ക്ഷേമത്തിലേക്കും മുന്നേറുമെന്ന് യാന്ത്രികമായി ഉറപ്പിക്കുന്നതിന് ഈ സങ്കൽപ്പനങ്ങൾ മാത്രം മതി എന്ന നിലയ്ക്കാണ് വാദം.

10. രാജ്യങ്ങൾ തമ്മിൽ തമ്മിലുള്ള അസമത്വങ്ങൾ കുറയ്ക്കുന്നതിന് സർക്കാരിന്റെ ആഭിമുഖ്യത്തിലുള്ള വ്യക്തമായ ഇടപെടൽ ഉണ്ടാകുന്നില്ലെങ്കിൽ അസമമായ രാജ്യങ്ങൾ തമ്മിലുള്ള സ്വതന്ത്ര മത്സരം, ഏറ്റവും ദുർബലമായ രാജ്യങ്ങളെ ഏറ്റവും കൂടുതൽ ബാധിക്കുന്നതിനിടയാക്കും.

11. ലാറ്റിനമേരിക്കൻ ഉദ്ഗ്രഥനം കൂടുതൽ അഗാധമാക്കിത്തീർക്കുന്നതിന്, അന്താരാഷ്ട്ര സംഘടനകളുടെ അശുഭസൂചകമായ സ്വാധീനത്തിൽനിന്നെല്ലാം പുറത്തു കടന്ന്, പരമാധികാര രാജ്യങ്ങളാൽ നിർവചിക്കപ്പെട്ടിട്ടുള്ള ഒരു സാമ്പത്തിക അജണ്ട ആവശ്യമാണ്.

ബൊളിവേറിയൻ പീപ്പിൾസ് കോൺഗ്രസ്സിന്റെ സംഘടനാകാര്യ സെക്രട്ടറി ഇങ്ങനെ പ്രസ്താവിക്കുന്നു: ''വിമോചനത്തിനായുള്ള ഒരു രാഷ്ട്രീയ ആയുധമായിരിക്കണം അൽബ. മറ്റേതൊരു ആയുധത്തെയും പോലെതന്നെ അതും, മാറിക്കൊണ്ടിരിക്കുന്ന പരിതഃസ്ഥിതികൾക്കു മുന്നിൽ കാര്യക്ഷമവും എന്നാൽ, അയവുള്ളതും ആയിരിക്കണം. നാം എന്തിനാണിത് സൂചിപ്പിക്കുന്നത്? നമുക്കുമേൽ അധീശത്വം സ്ഥാപിക്കുന്നതിനുള്ള സാമ്രാജ്യത്വത്തിന്റെ പുതിയ അടവുകളെ തടഞ്ഞുനിർത്തുന്ന ഒരു ഭിത്തിയായി അൽബ പ്രവർത്തിക്കേണ്ടിയിരിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. ഉദാഹരണത്തിന്, എഫ്.ടി.എ.എ പരാജയപ്പെട്ടപ്പോൾ, എത്രയോ 'ചെറിയ എഫ്.ടി.എ.എകൾ' പ്രത്യക്ഷപ്പെടുന്നതായി നാം കണ്ടു. ഈ വാണിജ്യ നിർദ്ദേശത്തെ, ഈ മേഖലയെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിന് പരോക്ഷമായി നിർബന്ധിക്കുന്നതിനുവേണ്ടിയായിരുന്നു അത്.

''ലാറ്റിനമേരിക്കൻ–കരീബിയൻ രാജ്യങ്ങൾ പ്രകടിപ്പിക്കുന്ന ഏറ്റവും ചെറിയ ദൗർബല്യത്തിൽനിന്നുപോലും മുതലെടുക്കാമെന്നാണ് അമേരിക്ക (യു.എസ്.എ) ആശിക്കുന്നത്. എന്തെങ്കിലും ഭിന്നത അവർ മണക്കുന്നുവെങ്കിൽ, പിന്നീട് നമ്മെ പരാജയപ്പെടുത്തുന്നതിനായി, നമ്മെ അന്യോന്യം എതിരാക്കി നിർത്താൻ അവർ ശ്രമിക്കും.

"അൽബയിലെ ജനതകളായ നമ്മൾ, അമേരിക്കൻ ഭൂഖണ്ഡത്തിലെ ജനതകളായ നമ്മൾ, നമ്മുടെ പുരോഗമന ഗവൺമെന്റുകളുടെയും ജനകീയ സംഘടനകളുടെയും പിന്തുണയോടെ, പുതിയ കോളനിവാഴ്ച കെട്ടിയേൽപ്പിക്കുന്നതിനെ – ഒരു 'ചെറിയ എഫ്.ടി.എ.എ' അല്ലെങ്കിൽ നിരവധി എണ്ണം – അംഗീകരിക്കാൻ വിസമ്മതിക്കും. നേരെമറിച്ച്, അവർക്ക് നമ്മുടെ അൽബയേയും 'ചെറിയ അൽബ'കളെയും നേരിടേണ്ടിവരും. അൽബയുടെ ചട്ടക്കൂടിനുള്ളിൽ ഒപ്പുവയ്ക്കപ്പെട്ട കരാറുകളിൽ ഓരോന്നും ലാറ്റിനമേരിക്കൻ–കരീബിയൻ റിപ്പബ്ലിക്കുകളുടെ ഒരു കോൺഫെഡറേഷൻ നിർമ്മിക്കുന്നതിന് സഹായകമായിത്തീരുന്ന ഉറച്ച ഇഷ്ടികയെപ്പോലെ പ്രവർത്തിക്കും. ഉദ്ഗ്രഥനത്തിനായുള്ള ജനകീയ ശക്തികളുടെ വർത്തമാനകാല ഉത്തരവാദിത്വം ഇതാണ്.''

(33) **ഖണ്ഡിക 7.7:** സാമ്രാജ്യത്വത്തിന്റെ രാഷ്ട്രീയ വശത്തിന്റെ സ്വാധീനത്തെ കുറച്ചുകാണുന്നതിനെക്കുറിച്ച്, അതായത് ''രാഷ്ട്രീയത്തെ നായകത്വത്തിൽ'' നിർത്തുന്നതിനെക്കുറിച്ച് '*സാമ്രാജ്യത്വം: മുതലാളിത്തത്തിന്റെ ഏറ്റവും ഉയർന്ന ഘട്ടം*' എന്ന തന്റെ കൃതിയിൽ ലെനിൻ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കേണ്ടത്, ഈ സന്ദർഭത്തിൽ ആവശ്യമാണ്. അടിച്ചമർത്തലിന്റെ കാലത്താണ് ഈ ലഘുലേഖ എഴുതപ്പെട്ടത് എന്ന കാര്യം നാം ഓർക്കണം. അതുകൊണ്ട് സാറിസ്റ്റ് അധികാരികളിൽനിന്ന് രക്ഷപ്പെടുന്നതിനായി രാഷ്ട്രീയമായ ഊന്നലിനെ സമർത്ഥമായി മറച്ചുവെക്കേണ്ടതുണ്ടായിരുന്നു. അത്തരം കൗശലങ്ങൾ കണ്ടെത്തുന്നതിനുള്ള അധികാരികളുടെ കഴിവുകളെ, ലെനിൻ എല്ലായ്പ്പോഴും അവജ്ഞയോടെയാണ് വീക്ഷിച്ചിരുന്നത്. അത് ഇവിടെ ശരിയാണെന്ന് തെളിയുന്നു.

(34) **ഖണ്ഡിക 7.9:** ദക്ഷിണാഫ്രിക്കയിൽ അവലംബിച്ചുവരുന്ന സാമ്പത്തിക നയങ്ങളുടെ സ്വഭാവ സവിശേഷത, ദ്രുതഗതിയിൽ വിപണികൾ തുറന്നിടുന്നതും താരിഫ് കുത്തനെ വെട്ടിക്കുറയ്ക്കുന്നതിലൂടെയും വിനിമയ നിയന്ത്രണങ്ങൾ ഉപേക്ഷിക്കുന്നതിലൂടെയും ഉള്ള ഉദാരവൽക്കരണവും ആണ്. ദേശീയ വ്യവസായ നയം വികസിപ്പിക്കുന്നതിനേക്കാൾ കൂടുതൽ പ്രധാനമായി കണ്ടത്, വിദേശ നിക്ഷേപകരെ പ്രീതിപ്പെടുത്തുന്നതിനാണ്. സാമ്പത്തിക നയങ്ങൾക്ക് വളർച്ച, തൊഴിൽ, പുനർവിതരണം '(ഗിയർ) തന്ത്രം' എന്നാണ് പേരിട്ടിരുന്നതെങ്കിലും ഔപചാരികമായ തൊഴിൽ ഇടിഞ്ഞുകൊണ്ടേയിരുന്നു; രാജ്യത്തിന്റെ സമ്പത്ത് വംശീയാടിസ്ഥാനത്തിൽ അസമമായി വിതരണം ചെയ്യപ്പെട്ടിരുന്നത് തുടർന്നുകൊണ്ടേയിരുന്നു. സാമ്പത്തിക വളർച്ച മെച്ചപ്പെട്ടുവെങ്കിലും 'ഗിയറി'ന്റെ ശ്രദ്ധാകേന്ദ്രം കർശനമായ ധന–പണ ലക്ഷ്യങ്ങളിലായിരുന്നതുകൊണ്ട്, ജോലി സൃഷ്ടിക്കുന്നതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള വളർച്ച, ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റൽ, ദാരിദ്ര്യം കുറയ്ക്കൽ, കൂടുതൽ തുല്യമായ രീതിയിൽ സമ്പത്തിന്റെ വിതരണം തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ അത് പരാജയപ്പെട്ടു.

ജനങ്ങളെ അണിനിരത്തി പ്രവർത്തനനിരതരാക്കുന്നതിനേക്കാൾ പരിവർത്തനത്തിന്റെ പുതിയ ചാലകശക്തിയായിത്തീർന്നത് വിപണിയാണ്. ''വിൽക്കാൻ തയ്യാറുള്ള ദശലക്ഷക്കണക്കിനാളുകളെയും വാങ്ങാൻ തയ്യാറുള്ള ദശലക്ഷക്കണക്കിനാളുകളുടെയും അദൃശ്യമായ കരങ്ങൾ മാറ്റത്തിലേക്കു നയിക്കും" എന്നാണ് വിശ്വസിക്കപ്പെട്ടിരുന്നത്. "സ്വാതന്ത്ര്യ പ്രഖ്യാപന ''ത്തിൽനിന്ന് മൗലികമായും വ്യത്യസ്തമായ വിനാശകരമായ ഈ സാമ്പത്തിക നയങ്ങളെ ദക്ഷിണാഫ്രിക്കൻ കമ്മ്യൂണിസ്റ്റ് പാർടി (എസ്.എ.സി.പി) '1996 പദ്ധതി' എന്നാണ് വിളിക്കുന്നത്. ''ചില ആഗോള–ആഭ്യന്തര മൂലധന വിഭാഗങ്ങളും രാഷ്ട്രത്തിനുള്ളിലെ ഒരു പ്രത്യേക കാഡർ വിഭാഗവും ഉയർന്നുവരുന്ന കറുത്ത ബൂർഷ്വാസിയും തമ്മിലുള്ള വർഗസഖ്യത്തിന്റെ ഫലമാണ് ഇത്'' എന്നാണ് കമ്മ്യൂണിസ്റ്റ് പാർടി അതിനെ വിശേഷിപ്പിച്ചത്. അടിത്തട്ടിലുള്ള സജീവ പ്രവർത്തകരേക്കാൾ, മുതലാളിത്ത സമ്പദ്വ്യവസ്ഥയെ 'കൈകാര്യം ചെയ്ത' പുതിയ സാങ്കേതിക മേധാവിത്വ വരേണ്യവിഭാഗമാണ് എ.എൻ.സിയുടെ പുതിയ പ്രമുഖ കേഡർമാരായി ഉയർന്നുവന്നത്. എ.എൻ.സിയും എസ്.എ.സി.പിയും സി.ഒ.എസ്.എ.ടി.യുവും തമ്മിലുള്ള ത്രികക്ഷി സഖ്യമായിരുന്നില്ല നിർണ്ണായക സഖ്യം; മറിച്ച്, വ്യവസ്ഥാപിതമായ വെള്ള മൂലധനവും എ.എൻ.സിയോട് കൂട്ടുകൂടിയിട്ടുള്ളതും ഉയർന്നുവരുന്നതുമായ കറുത്ത മുതലാളിത്ത വിഭാഗവും തമ്മിലുള്ള കൂട്ടുകെട്ടായിരുന്നു. തങ്ങളുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ഈ പദ്ധതി, എ.എൻ.സിയുടെയും സർക്കാരിന്റെയും മേലുള്ള നിയന്ത്രണത്തെ വൻതോതിൽ ആശ്രയിച്ചു. തങ്ങളുടെ ലക്ഷ്യം നേടുന്നതിനായി ഗവൺമെന്റ് കൈക്കൊള്ളുന്ന നിർണ്ണായകവും തന്ത്രപ്രധാനവുമായ തീരുമാനങ്ങളിൽനിന്ന് സഖ്യകക്ഷികളെയും പലപ്പോഴും എ.എൻ.സിയെത്തന്നെയും 1996 ലെ പദ്ധതി അകറ്റി നിർത്തി. കോളനിവാഴ്ചയ്ക്കുശേഷമുള്ള ഭരണകൂടത്തിൽ തങ്ങളുടെ ആധികാരി

കത മുദ്രകുത്തുന്നതിനും തങ്ങളുടെ താൽപ്പര്യങ്ങൾക്ക് യോജിച്ച നയങ്ങൾ നടപ്പാക്കുന്നതിനും ഉള്ള മുതലാളിവർഗത്തിന്റെ ഒരു ശ്രമമായിരുന്നു ഇത്.

ഈ പദ്ധതി നടപ്പാക്കുന്നതിന്, ഗവൺമെന്റിന്റെയും എ.എൻ.സിയുടെയും പ്രവർത്തനത്തിൽ ഗണ്യമായ മാറ്റങ്ങൾ ആവശ്യമായിരുന്നു. എ.എൻ.സിയുടെ ജനാധിപത്യ പാരമ്പര്യങ്ങൾക്ക് വിരുദ്ധമായി, ഒഴിഞ്ഞുനിൽക്കുന്നതും രഹസ്യാത്മകവുമായ ഒരു ശൈലി അതിനാവശ്യമായിരുന്നു. ''സ്വാതന്ത്ര്യ പ്രഖ്യാപന''ത്തോട് പ്രതിജ്ഞാബദ്ധതയുള്ള എല്ലാ വിഭാഗങ്ങൾക്കും ഇടം നൽകുന്ന ഒരു വിശാല വേദിയുടെ രൂപത്തിലേക്ക് എ.എൻ.സിയെ മാറ്റിത്തീർക്കേണ്ടതുണ്ടായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അവരെ അണിനിരത്തുന്നതിനും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിനും ഉള്ള എ.എൻ.സിയുടെ കഴിവിന്റെ മൂർച്ച തകർക്കേണ്ടതും ആവശ്യമായിരുന്നു. എ.എൻ.സി തകർക്കപ്പെടുന്നതിലേക്കും സഖ്യം പ്രവർത്തനരഹിതമാക്കുന്നതിലേക്കും സംഘടനകൾക്കുള്ളിൽ ഗുരുതരമായ ഭിന്നിപ്പ് ഉണ്ടാകുന്നതിലേക്കും പ്രസ്ഥാനമാകെ അഴിമതിയിലും അപവാദത്തിലും വിഭാഗീയതയിലും ചെന്നു കുടുങ്ങുന്നതിലേക്കും ആണ്, ഇതെല്ലാം നയിച്ചത്. ഇതൊന്നും പ്രത്യയശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരുന്നില്ല, മറിച്ച് ഇടപാടുകൾക്കും ടെണ്ടറുകൾക്കും മേലുള്ള തർക്കങ്ങളെസംബന്ധിച്ചുള്ളതായിരുന്നു.

എ.എൻ.സിയുടെ നേതൃത്വത്തിലെ ഒരു വിഭാഗവും ഗവൺമെന്റും അനുവർത്തിച്ചുവന്ന ഈ പദ്ധതി, ജനങ്ങളിലും എ.എൻ.സിയുടെ അംഗങ്ങളിലും അസംതൃപ്തി ജനിപ്പിച്ചു– എ.എൻ.സിയുടെ വിശ്വസ്ത സഖ്യകക്ഷികളായ എസ്.എ.സി.പിയുടെയും സി.ഒ.എസ്.എ.ടി.യുവിന്റെയും കാര്യം പിന്നെ പറയേണ്ടതില്ലല്ലോ. ദേശീയ ജനാധിപത്യ വിപ്ലവത്തിന് (എൻ.ഡി.ആർ) ആഘാതമാണെന്ന് കണക്കാക്കപ്പെട്ട ഈ ശ്രമങ്ങൾക്കെതിരായി ഈ സംഘടനകൾ തങ്ങളുടെ അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കാനും അവയെ ചെറുക്കാനും ആരംഭിച്ചു. തൊഴിലാളിവർഗം, അതിന്റെ പ്രത്യയശാസ്ത്രപരമായ വമ്പിച്ച കടന്നാക്രമണം, ഏറ്റവും ആവശ്യമായിടത്തെല്ലാം സംഘടിപ്പിച്ചു– സഖ്യത്തിന്റെ പ്രാദേശിക ഘടകങ്ങളിലും ബഹുജന ഘടനകളിലും എല്ലാം. അതേ അവസരത്തിൽ തങ്ങളുടെ സ്വന്തം കാമ്പെയ്നുകളും തങ്ങളുടെ സ്വാതന്ത്ര്യവും ഉപേക്ഷിക്കാതെയാണ് ഇങ്ങനെ ചെയ്തത്. ഇതിന്റെയെല്ലാം ഫലമായിട്ടാണ് എ.എൻ.സിയുടെ 2005 ലെ നാഷണൽ ജനറൽ കൗൺസിലിലും തുടർന്ന് പൊളോക്‌വേനിൽ ചേർന്ന അതിന്റെ കോൺഗ്രസ്സിലും അസംതൃപ്തി 'പൊട്ടിപ്പുറപ്പെട്ട'ത്. എ.എൻ.സി.യുടെ അടിത്തട്ടിലുള്ള അംഗങ്ങൾ 1996 ലെ വർഗപദ്ധതിക്കെതിരായി നടത്തിയ വമ്പിച്ച കലാപം കൊണ്ട് ശ്രദ്ധേയമായിത്തീർന്നു പൊളോക്‌വേൻ സമ്മേളനം.

2007 ഡിസംബറിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ 52–ാമത് സമ്മേളനം നടത്തി – പൊളോക്‌വേൻ സമ്മേളനം. സംഘടനാ തെരഞ്ഞെടുപ്പിൽ നിലവിലുള്ള പ്രസിഡന്റ് താബോ എംബെക്കിയെ ജേക്കബ് സുമ പരാജയപ്പെടുത്തിയത് ആ സമ്മേളനത്തിൽ വച്ചാണ്. ആ സമ്മേളനം പല നിലയ്ക്കും, യഥാർത്ഥത്തിൽ ചരിത്രപ്രധാനം തന്നെയായിരുന്നു. എ.എൻ.സിയുടെ ജനാധിപത്യ പാരമ്പര്യങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടവയെ പ്രയോഗത്തിൽ എടുത്തു കാണിക്കുന്നതിനു പുറമെ, അതിന്റെ നേതൃത്വത്തിലെ മൗലികമായ മാറ്റം കൊണ്ടും 2007 മധ്യത്തിലെ നയ കോൺഫറൻസ് ശുപാർശ ചെയ്ത നിരവധി പുരോഗമന നയങ്ങൾ അംഗീകരിക്കുന്നതിലൂടെയും അത് ശ്രദ്ധേയമായി. എ.എൻ.സിക്കുള്ളിലെ 1996 ലെ പദ്ധതിയെ കടുത്തു രീതിയിൽ ബഹിഷ്കരിക്കുന്നതിലൂടെയും (പൂർണ്ണമായും പരാജയപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും) ആ സമ്മേളനം അടയാളപ്പെടുത്തപ്പെട്ടു. എ.എൻ.സിയും എസ്.എ.സി.പിയും സി.ഒ.എസ്.എ.ടി.യുവും തമ്മിലുള്ള സഖ്യത്തെ തകർക്കുന്നതിനും എൻ.ഡി.ആറിന്റെ മാർഗത്തിൽനിന്നും സ്വാതന്ത്ര്യപ്രഖ്യാപനത്തിൽ നൽകിയ വാഗ്ദാനങ്ങളിൽനിന്നും എ.എൻ.സിയെ പിന്തിരിപ്പിക്കുന്നതിനും മുതലാളിവർഗം നടത്തിയ ശ്രമം പരാജയപ്പെട്ടു. അവരുടെ പരാജയപ്പെട്ട ഈ ശ്രമം കൊണ്ടും അടയാളപ്പെടുത്തപ്പെട്ടതാണ് ഈ സമ്മേളനം. റാഡിക്കൽ ദേശീയ ജനാധിപത്യ വിപ്ലവം ദൃഢവും അഗാധവുമായിത്തീർക്കുന്നതിന് എ.എൻ.സിക്ക് ഒരു പൊളോക്‌വേൻ സമ്മേളനം വേണ്ടിവന്നു എന്ന്, യഥാർത്ഥത്തിൽ വ്യാഖ്യാനിക്കപ്പെടുകയുണ്ടായി.

(35) **ഖണ്ഡിക 10.10:** കമ്മ്യൂണിസ്റ്റ് ഇന്റർനാഷണലിന്റെ രണ്ടാം കോൺഗ്രസ്സിൽ പ്രസംഗിച്ചുകൊണ്ട് ലെനിൻ ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി: ''പാർലമെന്ററി സമരങ്ങളിൽ പങ്കെടുക്കുന്നത് സമയം നഷ്ടപ്പെടുത്തലാണെന്ന് ഇവിടെ അവകാശപ്പെടുകയുണ്ടായി. പാർലമെന്റിൽ എന്ന പോലെ എല്ലാ വർഗങ്ങൾക്കും താൽപ്പര്യമുള്ള മറ്റേതെങ്കിലും സ്ഥാപനത്തെക്കുറിച്ച്, ആർക്കെങ്കിലും സങ്കൽപ്പിക്കാൻ കഴിയുമോ? ഇത് കൃത്രിമമായി ഉണ്ടാക്കാൻ കഴിയുന്നതല്ല. പാർലമെന്ററി സമരത്തിലേക്ക് എല്ലാ വർഗങ്ങളും ആകർഷിക്കപ്പെടുന്നുവെങ്കിൽ, വർഗതാൽപ്പര്യങ്ങളും സംഘർഷങ്ങളും എല്ലാം പാർലമെന്റിൽ പ്രതിഫലിക്കപ്പെടുന്നതുകൊണ്ടാണത്. മുതലാളിത്തത്തെ ഒരൊറ്റയടിക്ക് അട്ടിമറിക്കാൻ കഴിയുന്ന വിധത്തിൽ നിർണ്ണായകമായ ഒരു പൊതുപണിമുടക്ക് എല്ലായിടത്തും പെട്ടെന്ന് സംഘടിപ്പിക്കാൻ കഴി

യുമായിരുന്നുവെങ്കിൽ ഏതാനും രാജ്യങ്ങളിൽ വിപ്ലവം ഇതിനകംതന്നെ നടന്നുകഴിഞ്ഞിട്ടുണ്ടാകുമായിരുന്നു. എന്നാൽ, നാം വസ്തുതകൾ കണക്കിലെടുക്കുകയും വർഗസമരത്തിന്റെ ഒരു വേദിയാണ് പാർലമെന്റ് എന്ന് മനസ്സിലാക്കുകയും വേണം.'' (സമാഹൃതകൃതികൾ, വാല്യം 31)

നമുക്ക് ബൂർഷ്വാ പാർലമെന്റ് പിരിച്ചുവിടാൻ കഴിയാത്തിടത്തോളം കാലം, നാം അതിനുള്ളിൽ നിന്നുകൊണ്ടും പുറത്തുനിന്നുകൊണ്ടും അതിനെതിരായി പ്രവർത്തിക്കണം. തൊഴിലാളികളെ വഞ്ചിക്കുന്നതിനായി ബൂർഷ്വാസി നിയോഗിച്ചിട്ടുള്ള ബൂർഷ്വാ ജനാധിപത്യ ഉപകരണങ്ങളിൽ അധ്വാനിക്കുന്ന ജനങ്ങളിൽ (തൊഴിലാളിവർഗം മാത്രമല്ല, അർദ്ധതൊഴിലാളിവർഗത്തിൽപ്പെട്ടവരും ചെറുകിട കൃഷിക്കാരും) ഏറെക്കുറെ ഗണ്യമായ ഒരു വിഭാഗത്തിന് ഇപ്പോഴും വിശ്വാസമുള്ളിടത്തോളം കാലം, തൊഴിലാളികളിൽ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾ (പ്രത്യേകിച്ചും തൊഴിലാളിവർഗമല്ലാത്ത അധ്വാനിക്കുന്ന ജനങ്ങൾ) ഏറ്റവും സുപ്രധാനമെന്നും ആധികാരികമെന്നും കണക്കാക്കുന്ന അതേ വേദിയിൽനിന്നുകൊണ്ട് നാം ആ വഞ്ചനയെ തുറന്നുകാണിക്കണം.'' (വാല്യം 31, പേജ് 268–269)

അതെന്തായാലും ലെനിൻ മുന്നറിയിപ്പ് നൽകുകയും ഊന്നിപ്പറയുകയും ചെയ്യുന്നു: ''വിപ്ലവ തൊഴിലാളിവർഗത്തിന്റെ പാർടി ബഹുജനങ്ങളെ പ്രബുദ്ധരാക്കുന്നതിനുവേണ്ടി ബൂർഷ്വാ പാർലമെന്റുകളിൽ പങ്കെടുക്കണം. തെരഞ്ഞെടുപ്പുകളുടെ കാലത്തും പാർലമെന്റിൽ പാർടികൾ തമ്മിലുള്ള സമരത്തിനിടയിലും ഇത് ചെയ്യാവുന്നതാണ്. എന്നാൽ, വർഗസമരത്തെ പാർലമെന്ററി സമരത്തിലേക്ക് പരിമിതപ്പെടുത്തിനിർത്തുന്നതോ പാർലമെന്ററി സമരമാണ് ഏറ്റവും ഉയർന്നതും നിർണ്ണായകവുമായ രൂപമെന്ന് കണക്കാക്കുന്നതോ (മറ്റെല്ലാ സമരരൂപങ്ങളും ഇതിന് കീഴിലായിരിക്കണം എന്ന് കരുതുന്നതോ) യഥാർത്ഥത്തിൽ തൊഴിലാളിവർഗത്തിനെതിരെ, ബൂർഷ്വാസിയുടെ ഭാഗത്തേക്കുള്ള ഒളിച്ചോട്ടമാണ്.'' (വാല്യം 30, പേജ് 272)

''ജർമ്മനിയിലെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം പാർലമെന്ററിസം 'രാഷ്ട്രീയമായി കാലഹരണപ്പെട്ടതായി'ക്കഴിഞ്ഞുവെന്നതു ശരി തന്നെ. എന്നാൽ, നമ്മെ സംബന്ധിച്ചിടത്തോളം കാലഹരണപ്പെട്ടത്, ഒരു വർഗത്തെ സംബന്ധിച്ചിടത്തോളം, ബഹുജനങ്ങളെ സംബന്ധിച്ചിടത്തോളം കാലഹരണപ്പെട്ടതാണ് എന്ന് നാം കരുതരുത്– അതാണ് കാര്യം. ഒരു വർഗത്തിന്റെ പാർടി എന്ന നിലയിൽ, ബഹുജനങ്ങളുടെ പാർടി എന്ന നിലയിൽ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത് എന്ന്, എങ്ങനെയാണ് യുക്തിയുക്തമായി വാദിക്കേണ്ടതെന്ന് 'ഇടതുപക്ഷ'ക്കാർക്ക് അറിയില്ല എന്ന് ഇവിടെ നാം വീണ്ടും മനസ്സിലാക്കുന്നു. ബഹുജനങ്ങളുടെ നിലവാരത്തിലേക്ക്, ബഹുജനങ്ങളിൽനിന്നും പിന്നോക്കം നിൽക്കുന്നവരുടെ തലത്തിലേക്ക് നിങ്ങൾ താഴ്ന്നുപോകരുത്. ആ കാര്യത്തിൽ തർക്കമുണ്ടാവാൻ ഇടയില്ലാത്തതാണത്. നിങ്ങൾ അവരോട് കയ്പ്പേറിയ സത്യം പറയുകതന്നെ വേണം. അവരുടെ ബൂർഷ്വാ ജനാധിപത്യ–പാർലമെന്ററി മുൻവിധികളെ, അവയെന്താണോ അങ്ങനെ വിളിക്കാൻ നിങ്ങൾക്ക് ബാധ്യതയുണ്ട്– അതായത് മുൻവിധികൾ എന്നു തന്നെ. എന്നാൽ, അതേസമയംതന്നെ, മുഴുവൻ വർഗത്തിന്റെയും (അതിന്റെ മുന്നണിപ്പടയായ കമ്മ്യൂണിസ്റ്റുകാരുടെ മാത്രമല്ല) അധ്വാനിക്കുന്ന എല്ലാ ജനങ്ങളുടെയും (അവരിൽ മുന്നണിയിൽ നിൽക്കുന്ന വിഭാഗങ്ങളുടെ മാത്രമല്ല) വർഗബോധത്തിന്റെയും പ്രവർത്തന സന്നദ്ധതയുടെയും യഥാർത്ഥ അവസ്ഥയെക്കുറിച്ച് നമ്മൾ സമചിത്തതയോടുകൂടി പരിഗണിക്കുകയും വേണം. (വാല്യം 31, പേജ് 58–59)

**(36) ഖണ്ഡിക 10.11:** ഈ സന്ദർഭത്തിൽ നമുക്ക് ലെനിനെ അനുസ്മരിക്കാം. ''എല്ലാ രാജ്യങ്ങളിലെയും സോഷ്യലിസ്റ്റുകാരെ തന്നിലേക്ക് സ്വയം അടുപ്പിക്കുന്ന ഈ സിദ്ധാന്തത്തിന്റെ അപ്രതിരോധ്യമായ ആകർഷണം കിടക്കുന്നത്, കർശനമായും പരമമായും ശാസ്ത്രീയമായിരിക്കുക എന്ന ഗുണവിശേഷത്തെ (സാമൂഹ്യശാസ്ത്രത്തിലെ അവസാന വാക്ക് അതായതുകൊണ്ട്) വിപ്ലവകാരിയായിരിക്കുക എന്ന ഗുണവിശേഷവുമായി അത് സമന്വയിപ്പിക്കുന്നു എന്ന വസ്തുതയിലാണ്. അവയെ അത് ആകസ്മികമായി സമന്വയിപ്പിക്കുകയല്ല ചെയ്യുന്നത്; ഈ സിദ്ധാന്തത്തിന്റെ സ്ഥാപകൻ വ്യക്തിപരമായിത്തന്നെ ശാസ്ത്രജ്ഞന്റെയും വിപ്ലവകാരിയുടെയും ഗുണവിശേഷങ്ങൾ തന്നിൽ സമന്വയിപ്പിച്ചു എന്ന കാരണത്താൽ മാത്രമല്ല അത്; മറിച്ച് തികച്ചും നൈസർഗികമായും അവിഭാജ്യമായും അങ്ങനെ ചെയ്യുന്നുവെന്നതിനാലാണ്.''

**(37) ഖണ്ഡിക 10.6:** '*പുതിയ നൂറ്റാണ്ട്*' എന്ന തന്റെ ഗ്രന്ഥത്തിൽ എറിക് ഹോബ്സ്ബാം ഇങ്ങനെ പ്രസ്താവിക്കുന്നു: ''ജനങ്ങളുടെ യഥാർത്ഥ അനുഭവങ്ങളിൽനിന്ന് സ്വയമേവ ദേശീയ മിത്തുകൾ ഉയർന്നുവരുന്നില്ല. മറ്റെന്തിൽനിന്നോ ജനങ്ങൾ ആർജ്ജിക്കുന്ന മറ്റെന്തോ ആണത്– പുസ്തകങ്ങളിൽനിന്നോ ചരിത്രകാരന്മാരിൽ നിന്നോ സിനിമകളിൽ നിന്നോ ഇപ്പോഴിതാ ടെലിവിഷൻ ഉണ്ടാക്കുന്ന ജനങ്ങളിൽ നിന്നോ. പൊതുവിൽ അവ

ചരിത്ര സ്മരണയുടേയോ പൈതൃകങ്ങളുടേയോ ഭാഗമല്ല. ചില പ്രത്യേക സന്ദർഭങ്ങളിലെ അപവാദങ്ങളൊഴിച്ച്. അത്തരം സന്ദർഭങ്ങളിൽ കാലക്രമേണ ഒരു ദേശീയ മിത്തായി തീരുന്നത്. മതത്തിന്റെ ഒരു ഉൽപന്നമാണ്. ജൂതന്മാരുടെ ഉദാഹരണം നമ്മുടെ മുന്നിലുണ്ട്. ഇസ്രയേൽഭൂമിയിൽ നിന്ന് പുറത്താക്കപ്പെട്ടതും അവിടേയ്ക്ക് ഉറപ്പായുമുള്ള തിരിച്ചുവരവും മതചടങ്ങുകളുടെയും സാഹിത്യത്തിന്റെയും ഭാഗമായിത്തീർന്നിരിക്കുന്നു. ചില പരിമിതികളോടെ ഇത് സെർബുകളെ സംബന്ധിച്ചിടത്തോളം ശരിയാണ്. കാരണം മധ്യകാല ഘട്ടത്തിൽ സെർബിയൻ രാഷ്ട്രം നഷ്ടപ്പെട്ടത്, ഓർത്തഡോക്സ് മത ചടങ്ങുകളുടെ ഭാഗമായി തീർന്നിരിക്കുന്നു; സെർബിയൻ രാജാക്കന്മാരിൽ ഏതാണ്ടെല്ലാവരും ഓർത്തഡോക്സ് വിശ്വാസത്തിന്റെ പ്രതീകങ്ങളായി തീർന്നിരിക്കുന്നു. അതൊരു പ്രത്യേക കേസാണ്. എന്നാൽ ഇവിടെയും ജനങ്ങൾ നിരന്തരം അത് അനുസ്മരിച്ചുകൊണ്ടിരിക്കുന്നതല്ല പ്രശ്നം. അവരത് ഓർമിക്കുന്നത്, അവരെ ആരോ നിരന്തരം ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാലാണ്''

(38) **ഖണ്ഡിക 10.20:** ഇന്ത്യൻ പരിതഃസ്ഥിതികളിൽ ചൂഷിത വർഗങ്ങളുടെ ഐക്യത്തെ തകർക്കുന്നതിനുള്ള അത്തരം യത്നങ്ങളെക്കുറിച്ച് സി.പി.ഐ (എം) ന് ബോധ്യമുണ്ട്. തുടർച്ചയായി നടന്ന പാർടി കോൺഗ്രസുകൾ അംഗീകരിച്ച റിപ്പോർട്ടുകളിൽ അവയെകുറിച്ച് പരാമർശിച്ചിട്ടുമുണ്ട്– പ്രത്യേകിച്ചും 14–ാം കോൺഗ്രസിന് ശേഷം. തങ്ങളുടെ അവകാശങ്ങളും സ്വയംഭരണാധികാര കൗൺസിലുകളും സംരക്ഷിക്കുന്നതിനുവേണ്ടി ഗോത്ര സ്വത്വത്തിന്റെ അഭിലാഷങ്ങൾ വളർന്നുവന്നതിനെക്കുറിച്ചുള്ള പരാമർശങ്ങൾ. 15–ാം പാർടി കോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയ സംഘടനാ റിപ്പോർട്ടിലെ, ''പ്രത്യേക സ്വത്വത്തിനുവേണ്ടിയുള്ള പ്രസ്ഥാനങ്ങളോടുള്ള സമീപനം'' എന്ന പ്രത്യേക വിഭാഗത്തിൽ, ഇതിനെകുറിച്ചും അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഐക്യം തകർക്കുന്നതിനുവേണ്ടി ജാതി–മത–വംശീയ സ്വത്വങ്ങളെ ഉപയോഗിക്കാൻ പിന്തിരിപ്പൻ ശക്തികൾ നടത്തികൊണ്ടിരിക്കുന്ന മറ്റെല്ലാ വിഘടന ശ്രമങ്ങളെക്കുറിച്ചും ഉള്ള നമ്മുടെ നിലപാട് വിശദമായി പ്രതിപാദിക്കുന്നുണ്ട്.

15–ാം കോൺഗ്രസിന്റെ രാഷ്ട്രീയ–സംഘടനാ റിപ്പോർട്ടിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു: ''സാമൂഹ്യമായ അടിച്ചമർത്തൽ ഒഴിവാക്കുന്നതിനും ജാതികൊണ്ട് വിണ്ടുകീറിയ സമൂഹത്തിൽ തങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുന്നതിനും ഉള്ള ദളിതരുടെയും പിന്നോക്ക വർഗങ്ങളുടെയും ത്വരയും അവരിലെ വളർന്നുവരുന്ന അവബോധവും ആണ്, ഈ പ്രതിഭാസത്തിന്റെ ഒരു വശം. സാമൂഹ്യനീതി എന്ന മുദ്രാവാക്യത്തിന് ശക്തമായ ആകർഷകത്വം ലഭിക്കുന്നുണ്ട്. ഗ്രാമീണ മേഖലകളിലെ ദളിതരിലും ചവിട്ടിയരയ്ക്കപ്പെട്ടവരിലും ഉള്ള വലിയ വിഭാഗങ്ങളെ അണിനിരത്തുന്നതിൽ ഈ മുദ്രാവാക്യം വിജയം കൈവരിച്ചിരിക്കുന്നു. മേൽജാതിക്കാർ നടത്തുന്ന അടിച്ചമർത്തലിന്റെ പ്രശ്നത്തിലായാലും ശരി, ജോലി സംവരണത്തിന്റെ പ്രശ്നത്തിലായാലും ശരി, പഴയ വ്യവസ്ഥയെ വെല്ലുവിളിക്കാൻ ഈ വിഭാഗങ്ങൾ മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. സമൂഹത്തിലെ ഏറ്റവും അധികം അടിച്ചമർത്തപ്പെടുന്ന വിഭാഗങ്ങളുടെ അഭിലാഷങ്ങളെ പ്രതിഫലിപ്പിക്കുന്ന ഈ ഉണർത്തെഴുന്നേൽപിന് ജനാധിപത്യപരമായ ഒരു ഉള്ളടക്കമുണ്ട്.

''അതേ അവസരത്തിൽ തന്നെ, വോട്ട് ബാങ്കിനെ ദൃഢീകരിക്കുകയും അടിച്ചമർത്തപ്പെടുന്ന ഈ വിഭാഗങ്ങളെ പൊതു ജനാധിപത്യ പ്രസ്ഥാനത്തിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യുക എന്ന സങ്കുചിത ലക്ഷ്യത്തിനുവേണ്ടി ജാതിപരമായ വിഭജനങ്ങളെ ശാശ്വതമാക്കി നിലനിർത്താൻ ശ്രമിക്കുന്ന തനി ജാതീയമായ ആഹ്വാനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ജാതിയുടെ അടിസ്ഥാനത്തിലുള്ള ധ്രുവീകരണത്തെ തങ്ങളുടെ സങ്കുചിതമായ തിരഞ്ഞെടുപ്പ് നേട്ടങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താൻ പല ജാതി നേതാക്കളും ശ്രമിക്കുന്നു; എല്ലാ ജാതികളിലുംപെട്ട, അടിച്ചമർത്തപ്പെട്ടവരുടെ പൊതുവായ പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനോട് അവർ ശത്രുത പുലർത്തുകയും ചെയ്യുന്നു.

''അടിച്ചമർത്തപ്പെടുന്നവർ ഏത് ജാതിയിലോ, മതത്തിലോ പെടുന്നവരാണെങ്കിലും ശരി, അവരുടെയെല്ലാം ഐക്യത്തിനുവേണ്ടി നിലകൊള്ളുന്ന അവസരത്തിൽ തന്നെ നമ്മുടെ പാർടി, അത്തരം ജാതിരാഷ്ട്രീയത്തെ വേർതിരിച്ചുകാണുകയും എതിർക്കുകയും ചെയ്യേണ്ടതുണ്ട്. ജാതീയമായ പൈശാചിക കൃത്യങ്ങളേയും സാമൂഹ്യമായ അടിച്ചമർത്തിലിനേയും എതിർക്കുന്നതിൽ നേതൃത്വം വഹിക്കുന്ന അവസരത്തിൽ തന്നെ കമ്മ്യൂണിസ്റ്റുകാരെ സംബന്ധിച്ചിടത്തോളം, സാമൂഹ്യനീതി എന്ന മുദ്രാവാക്യം സംവരണത്തിലേക്കും വോട്ടുകൾ അണിനിരത്തുന്നതിലേക്കും ചുരുക്കി കൂട. ഭൂപരിഷ്കരണങ്ങളുടേയും കർഷതൊഴിലാളികളുടെ കൂലിയുടെയും ഭൂപ്രഭുത്വത്തിന്റെ ശക്തിയുടെ അടിസ്ഥാനത്തിലുള്ള സാമ്പത്തിക–സാമൂഹ്യ അടിച്ചമർത്തലിനെതിരായ ചെറുത്തുനിൽപിന്റേയും വർഗപരമായ ഉള്ളടക്കം അതിന് ഉണ്ടായിരിക്കണം.'' ഇത്തരത്തിലുള്ള മറ്റെല്ലാ സ്വത്വങ്ങളെ സംബന്ധിച്ചി

ടത്തോളം ഇന്നും ഈ ധാരണ ശരിയായി തന്നെ നിൽക്കുന്നു–ഓരോന്നിന്റേയും സ്വഭാവ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണെന്ന കാര്യം ശരി തന്നെ.

(39) **ഖണ്ഡിക 10.25:** ദേശീയതയെ സംബന്ധിച്ച പ്രശ്നത്തെക്കുറിച്ച് കർക്കശമായ മാർക്സിസ്റ്റ് വിശകലനം നടത്തിയതിനുശേഷം സ്റ്റാലിൻ, ഇങ്ങനെ നിർവചിക്കുന്നു: ''പൊതുവായ ഭാഷയുടേയും ഭൂവിഭാഗത്തിന്റേയും സാമ്പത്തിക ജീവിതത്തിന്റേയും പൊതുവായ സംസ്കാരത്തിലൂടെ പ്രത്യക്ഷവൽക്കരിക്കപ്പെടുന്ന മാനസിക നിർമിതിയുടെയും അടിസ്ഥാനത്തിൽ രൂപീകൃതമായ, ചരിത്രപരമായി സംഘടിതമായ, സ്ഥിരതയുള്ള ഒരു ജനസമൂഹമാണ് ഒരു രാഷ്ട്രം. വികാരം ആളിക്കത്തിക്കുന്നതിനും തങ്ങളുടെ വർഗഭരണത്തെ താങ്ങിനിർത്തുന്നതിനായി ഒരു പ്രസ്ഥാനത്തെ വളർത്തിയെടുക്കുന്നതിനും വേണ്ടി'' പിന്തിരിപ്പൻ ശക്തികൾ ദേശീയതയുടെ ഈ ഘടകത്തെ അതായത്, ''പൊതുവായ സംസ്കാരത്തിലൂടെ പ്രത്യക്ഷവൽക്കരിക്കപ്പെടുന്ന മാനസിക നിർമിതിയെ'' എല്ലായ്പ്പോഴും പ്രയോജനപ്പെടുത്തികൊണ്ടിരിക്കുന്നു. സ്റ്റാലിൻ ഇങ്ങനെ പ്രസ്താവിക്കുന്നു: ''അടിച്ചമർത്തപ്പെട്ട ഒരു രാജ്യത്തിലെ ബൂർഷ്വാസി, (വ്യത്യസ്തമായ ഒരു വംശീയ ഉൽപത്തിയോടുകൂടിയതോ അഥവാ മറ്റേതെങ്കിലും സ്വത്വത്തിൽ ഉൾപ്പെട്ടതോ ആയ പിന്തിരിപ്പൻ ശക്തികളാൽ) എല്ലാ വിധത്തിലും മർദ്ദിച്ചമർത്തപ്പെടുമ്പോൾ, സ്വാഭാവികമായും ക്ഷോഭിച്ച് പ്രക്ഷോഭത്തിലേക്കിറങ്ങുന്നു. തങ്ങളുടേതുമാത്രമായ ലക്ഷ്യം രാഷ്ട്രത്തിന്റെയാകെ ലക്ഷ്യമാണെന്ന് അവകാശപ്പെട്ടുകൊണ്ട്, അത് തങ്ങളുടെ ''തദ്ദേശീയരോട്'' ആഹ്വാനം ചെയ്യുന്നു, ''പിതൃഭൂമിയെ'' കുറിച്ച് ഒച്ചവെയ്ക്കാൻ തുടങ്ങുന്നു. ''പിതൃഭൂമിയുടെ താൽപര്യത്തിനുവേണ്ടി അത് ''തങ്ങളുടെ'' നാട്ടുകാർക്കിടയിൽനിന്ന് ഒരു സേനയെ റിക്രൂട്ട് ചെയ്യുന്നു..... അവരുടെ ''സ്വന്തക്കാർ'' എല്ലായ്പ്പോഴും അതിന്റെ അഭ്യർത്ഥനകളോട് പ്രതികരിക്കാതിരിക്കുന്നുമില്ല..... അതിന്റെ കൊടിക്കൂറയ്ക്ക് കീഴിൽ അവർ അണിനിരക്കുന്നു. മുകളിൽ നിന്നുള്ള മർദ്ദനം അവരേയും ബാധിക്കുന്നുണ്ട്; അവരുടെ അസംതൃപ്തിയെ പ്രകോപിപ്പിക്കുന്നു.... അങ്ങനെ ഒരു ദേശീയ പ്രസ്ഥാനം ആരംഭിക്കുന്നു.''

സ്റ്റാലിൻ തുടർന്നിങ്ങനെ പ്രസ്താവിക്കുന്നു: ''ബൂർഷ്വാ ദേശീയതയുടെ കൊടിക്കൂറയ്ക്ക് കീഴിൽ തൊഴിലാളിവർഗം അണിനിരക്കുമോ എന്നത്, വർഗശത്രുതയുടെ വികാസത്തിന്റെ അവസ്ഥയേയും തൊഴിലാളിവർഗത്തിന്റെ വർഗബോധത്തേയും അവരുടെ സംഘടനയുടെ അവസ്ഥയേയും ആശ്രയിച്ചിരിക്കുന്നു. വർഗബോധമുള്ള തൊഴിലാളിവർഗത്തിന് അവരുടേതായ സുപരിക്ഷിതമായ കൊടിക്കൂറയുണ്ട്. ബൂർഷ്വാസിയുടെ കൊടിക്കൂറയ്ക്ക് പിന്നിൽ അണിനിരക്കേണ്ട ആവശ്യം അവർക്കില്ല.''